ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന

പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ജനുവരി 3-ാം തീയതി ഈ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. പ്രതിപക്ഷ ബഞ്ചിൽ പലരേയും കാണുന്നില്ല. അവരൊക്കെ പുറത്തിരിക്കുകയാണ്. ഇവിടെ പ്രതിപക്ഷ നേതാവാണ് പുറത്തിരിക്കൽ സമരം ഉദ്ഘാടനം ചെയ്തത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കണമെന്ന് പറഞ്ഞത് അദ്ദേഹമല്ലേ? അതിനെക്കുറിച്ച് നിങ്ങൾ എന്തു പറയുന്നു? അദ്ദേഹം ഇന്നും പറഞ്ഞത് അതുതന്നെയാണ്. കസ്തൂരി രംഗൻ റിപ്പോർട്ട് കൊള്ളില്ല, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടാണ് നല്ലതെന്ന്. പ്രതിപക്ഷ നേതാവുതന്നെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കണമെന്ന് പറഞ്ഞിടത്തു നിൽക്കുന്നു. എന്തിനാണ് ജനങ്ങളെ പറ്റിക്കുന്നത്? പാവപ്പെട്ട കർഷകരിൽ ആശങ്കയുണ്ടാക്കി വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ 10 വോട്ടുകിട്ടുമോ എന്നറിയാനല്ലേ അദ്ദേഹത്തെക്കൊണ്ട് നിങ്ങൾ ഈ കളി കളിപ്പിക്കുന്നത്. ഇത് ശരിയാണോ; ഇതിനെയല്ലേ ശരിക്കും വഞ്ചനയെന്നുപറയുന്നത്. ഈ ഗവൺമെന്റ് വളരെ വ്യക്തമായി പല കാര്യങ്ങളും പറഞ്ഞു. ഇനിയും ചെയ്യാവുന്ന കാര്യങ്ങളേയുള്ളൂ. നിങ്ങൾ ഇപ്പോൾ നടത്തിയ സമരങ്ങളോട് എനിക്ക് എതിർപ്പൊന്നുമില്ല. നിങ്ങൾ നടത്തിയ ചില സമരങ്ങൾ ജനവിരുദ്ധമായിരുന്നു. അതുകൊണ്ടുതന്നെ ജനങ്ങൾ അതിനെ തള്ളിപ്പറഞ്ഞു. നിങ്ങളുടെ പാർട്ടിക്ക് ഉണ്ടായ ചില പ്രശ്നങ്ങൾ മനസ്സിലാക്കാവുന്നതേ

യുള്ളൂ. ടി.പി. ചന്ദ്രശേഖരൻ വധത്തിനുശേഷം നിങ്ങളുടെ പാർട്ടിക്കെതിരായി ഉണ്ടായ ചില പ്രശ്നങ്ങൾ, അതിൽ വലിയ പങ്കുവഹിച്ച ആളാണ് പ്രതിപക്ഷ നേതാവ്. അത് മറച്ചുവയ്ക്കാൻ നിങ്ങൾ നടത്തിയ സോളാർ സമരത്തിൽ നിന്നും നിങ്ങൾക്കുതന്നെ പിന്തിരിയേണ്ടിവന്നു. ഈ ഗവൺമെന്റ് ഒത്തിരി നല്ല കാര്യങ്ങൾ നടത്തിയ ഗവൺമെന്റാണ്. ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ 2011-2012 –ൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പിയാണ് എന്റെ കൈവശമുള്ളത്. ബഡ്ജറ്റ് പ്രസംഗത്തിന്റെ തുടക്കത്തിൽ അദ്ദേഹം ശ്രീ. ഒ.എൻ.വി.യെക്കൊണ്ട് ഒരു കവിത എഴുതിച്ചു.

“പാലിച്ചുവാഗ്ദാനമേറെ, യെന്നാകിലും
പാലിക്കാനുണ്ടിനിയേറെ!
പിന്നിട്ടുദൂരങ്ങളേറെയെന്നാകിലും
പിന്നിടാനുണ്ടിനിയേറെ!
അന്നവും വസ്ത്രവും പാർക്കാനിടവുമീ
മന്നിൽപ്പിറന്നവർക്കെല്ലാം –
ഒന്നേ നിയമവും നീതിയുമേവർക്കു –
മെന്നുറപ്പാകും വരേയും
പോവുക ധീരമായ് മുന്നോട്ട് – വാഗ്ദത്ത –
ഭൂവിലേയ്ക്കാവട്ടെ യാത്ര! ”

പക്ഷേ ആ വാഗ്ദത്ത ഭൂമിയിലേയ്ക്ക് ഡോ. തോമസ് ഐസക്കിന് പോകാൻ കഴിഞ്ഞില്ല. മോശയ്ക്ക് ദൈവം വാഗ്ദത്ത ഭൂമി കാണിച്ചുകൊടുത്തു. എന്നി

ട്ടുപറഞ്ഞു നിനക്കവിടെ പോകാൻ കഴിയില്ലയെന്ന്. അവിടെ അദ്ദേഹത്തിന് പിന്നാലെ വന്നവരാണ് പോയത്. അതുപോലെ അങ്ങയുടെ വാഗ്ദത്ത ഭൂമി യിൽ അങ്ങേയ്ക്ക് പോകാൻ കഴിഞ്ഞില്ല. അവിടേയ്ക്ക് വന്നത് ശ്രീ. ഉമ്മൻ ചാണ്ടിയാണ്. നിങ്ങൾ പ്രഖ്യാപിച്ച, നിങ്ങൾക്ക് പാലിക്കാൻ കഴിയാത്ത ആ അന്നം ഞങ്ങൾ കൊടുത്തു, അതാണ് ഒരു രൂപയ്ക്ക് ഒരു കിലോ അരി എന്ന നിരക്കിൽ ഞങ്ങൾ കൊടുത്തത്. അതിനെക്കുറിച്ച് നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടോ? അങ്ങ് വസ്ത്രവും പാർക്കാനിടവും എന്നു പറഞ്ഞു. അതാണ് സീറോ ലാന്റ് പദ്ധതി. അങ്ങ് അന്ന് ശ്രീ. ഒ.എൻ.വി.കുറിപ്പിനെ ക്കൊണ്ട് എഴുതിച്ച കവിതയാണ് ഇന്ന് നടപ്പിലാക്കുന്നത്. ഞങ്ങളിവിടെ അടുത്ത നാലുവർഷംകൊണ്ട് സീറോ ലാന്റ് പദ്ധതിയിലൂടെ കേരളത്തിൽ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുമെന്ന് പ്രഖ്യാപനം നടത്തി. ആ പ്രഖ്യാപനം ഞങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതൊന്നും ഞങ്ങൾ ഗവർണ്ണറെ ക്കൊണ്ട് വെറുതെ പറയിപ്പിക്കുന്നതല്ല. അതുപോലെ നീതി നിഷേധിക്കപ്പെട്ട ധാരാളാംപേർ നമ്മുടെ സംസ്ഥാനത്തിപ്പോഴുമുണ്ട്. അവർക്ക് നീതി കൊടു ക്കുന്നതിനുവേണ്ടിയാണ് നമ്മുടെ മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടി ആരംഭി ച്ചത്. ഇന്നലെ ശ്രീ. എ. എ. അസീസ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെ കളിയാക്കി പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞത് മുഖ്യമന്ത്രി കൊല്ലത്ത് 1300 പോലീസുമായി പോയെന്നാണ്. എന്തുകൊണ്ടാണ് മുഖ്യമന്ത്രിക്ക് അങ്ങനെ പോകേണ്ടിവന്നത്? ഓട്ടോറിക്ഷയിൽപോലും കയറാൻ മടിയില്ലാത്ത ആളാണ് നമ്മുടെ മുഖ്യമന്ത്രി. ഞായറാഴ്ച റെയിൽവേ ഗേറ്റ് പൂട്ടിക്കിടന്നപ്പോൾ താമസിച്ചുപോകുമെന്നുകരുതി ഓട്ടോറി ക്ഷയിൽ കയറിയാണ് അദ്ദേഹം ജനസമ്പർക്ക പരിപാടി നടക്കുന്ന സ്ഥലത്ത്

പോയത്. അത്രയേറെ ജനകീയനായ മുഖ്യമന്ത്രിക്ക് എന്തുകൊണ്ട് 1300 പോലീസുകാരെക്കൂടെ കൊണ്ടുവരേണ്ടിവന്നു. നിങ്ങൾ നടത്തിയ അക്രമ സമരമല്ലേ അതിനുകാരണം. കണ്ണൂരിൽ അദ്ദേഹത്തിന് ഏറുകിട്ടിയില്ലേ. നിങ്ങൾ അക്രമം നടത്തി ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം ഹനിക്കുകമാത്രമല്ല, ഒരു ഭരണാധികാരിക്ക് ജനങ്ങളെ കാണാനുള്ള അവകാശംപോലും നിഷേധിക്കുന്ന സന്ദർഭത്തിൽ സ്വാഭാവികമായും പോലീസിന് ഇടപെടാതിരിക്കാൻ കഴിയുമോ? നിങ്ങൾ ഓരോ കാര്യം പറഞ്ഞും നടത്തിയ സമരങ്ങളൊക്കെ ഇപ്പോൾ പാഴ്വേലയായില്ലേ. ലക്ഷ്യബോധമുള്ള ഒരു ഗവൺമെന്റാണ് ഗവർണ്ണറെക്കൊണ്ട് നയപ്രഖ്യാപനം നടത്തിയിട്ടുള്ളത്. സംസ്ഥാനത്തെ മിക്കവാറും എല്ലാ കാര്യങ്ങളെക്കുറിച്ചും ഈ നയപ്രഖ്യാപന പ്രസംഗത്തിൽ വന്നിട്ടുണ്ട്. നയപ്രഖ്യാപനത്തിലെ 15 മുതൽ 20 വരെയുള്ള ഖണ്ഡികയിൽ കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ മേഖലയിൽ അടുത്ത കാലങ്ങളിൽ ചെയ്യാൻ പോകുന്ന കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. അടുത്ത വർഷം 23023 ഹെക്ടർ ഭൂമി കൃഷിഭൂമിയാക്കി മാറ്റാൻ ഈ ഗവൺമെന്റ് നബാർഡിന്റെ സഹായത്തോടെ പദ്ധതി ആവിഷ്ക്കരിക്കുകയാണ്. നമ്മുടെ കൃഷിമേഖലയിൽ കാര്യമായ പുരോഗതി ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇപ്പോൾ അതിന് കുറെയേറെ മാറ്റം വരുത്തി. അതുപോലെ 9, 10 ഖണ്ഡികകളിൽ പരമ്പരാഗത വ്യവസായങ്ങൾ, മൈക്രോ, സ്മാൾ ആന്റ് മീഡിയ എന്റർപ്രൈസസ് എന്നിവയെക്കുറിച്ചും പറഞ്ഞിരിക്കുന്നു. 11, 12, 13 ഖണ്ഡികകളിൽ ഐ.റ്റി. മേഖലയിൽ വരുത്താനുദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ സമഗ്രമായ പാർപ്പിട

പദ്ധതിക്കുള്ള തുക 50000 എന്നത് ഈ ഗവൺമെന്റ് 2 ലക്ഷമാക്കി എന്നുമാത്രമല്ല കടാശ്വാസ നിയമത്തിന്റെ കാലാവധി ഓർഡിനൻസിലൂടെ നീട്ടിക്കൊടുത്തിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ശ്രീ. എസ്. ശർമ്മ ഇന്നലെ ഇവിടെ പറഞ്ഞു. ഞാനും അതിനെ ശക്തമായി പിന്താങ്ങുകയാണ്. കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച പണം ഇപ്പോഴും കൊടുത്തിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇരിപ്പുണ്ട്. ഞാൻ അദ്ദേഹത്തോട് പറയുകയാണ് കമ്മീഷൻ പ്രഖ്യാപിച്ച ആ പണം അടിയന്തരമായി കൊടുക്കണമെന്നും അതുവഴി മത്സ്യത്തൊഴിലാളികളെ രക്ഷിക്കണമെന്നും ആവശ്യപ്പെടുകയാണ്. അതുപോലെ അവർക്ക് മണ്ണെണ്ണയ്ക്ക് സബ്സിഡി കൊടുക്കുന്നുണ്ട്. ഇപ്പോൾ അവർക്ക് മണ്ണെണ്ണ കാര്യമായി കൊടുക്കാൻ കഴിയുന്നില്ല. കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണ തരുന്നത് രണ്ടുകാര്യത്തിനാണ്. ഒന്ന്, വിളക്കുകത്തിക്കാനും രണ്ട്, കുക്കിംഗ് പർപ്പസിനുമാണ്. ഈ രണ്ടുകാര്യത്തിലും കേരളം വളരെ മുന്നിലാണ്. ഏറ്റവുംകൂടുതൽ ഗ്യാസ് കണക്ഷനുള്ള സംസ്ഥാനമാണ് കേരളം. വൈദ്യുതി ലഭ്യമല്ലാത്ത വീടില്ല. സ്വാഭാവികമായും മത്സ്യത്തൊഴിലാളികൾക്ക് കിട്ടുന്ന മണ്ണെണ്ണ കുറയുന്നു. അവർക്ക് കിട്ടുന്ന മണ്ണെണ്ണയുടെ ഒരംശമെടുത്താണ് ഇവിടെ കൊടുക്കുന്നത്. അതുകൊണ്ട് മണ്ണെണ്ണ സബ്സിഡി കൊടുക്കാൻ നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്നലെ ശ്രീ. ശർമ്മ പ്രസംഗിച്ചപ്പോൾ ഹൈക്കോടതിയുടെ ചില പരാമർശങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഹൈക്കോടതിയിലെ ജഡ്ജിമാർ പലപ്പോഴും ആർഗ്യുമെന്റ്സ് നടക്കുമ്പോൾ കാഷ്വൽ കമന്റ്സ് പാസ്സാക്കും. അത് വിധിയാണോ? ഹൈക്കോടതിയിൽ മിനിഞ്ഞാന്ന് ഒരു

ജഡ്ജി സലീംരാജുമായി ബന്ധപ്പെട്ട ഭൂമികേസിൽ ചില പരാമർശം നടത്തി. ആ കേസ് സി.ബി.ഐ.ക്ക് വിടുന്നതിൽ ഞങ്ങൾക്ക് വിരോധമില്ലായെന്ന് ഒരാഴ്ചമുമ്പുതന്നെ അഡ്വക്കേറ്റ് ജനറൽ എഴുതിക്കൊടുത്തതാണ്. ഒരു കേസും സി.ബി.ഐ.ക്ക് വിടുന്നതിൽ ഞങ്ങൾക്ക് എതിർപ്പില്ല. എന്നാൽ നിങ്ങൾ അത് അംഗീകരിക്കുന്നുണ്ടോ? നിങ്ങൾ ഇപ്പോഴും ഷുക്കൂർ വധ ക്കേസ് സി.ബി.ഐ.ക്ക് വിടുന്നതിനെ ചോദ്യം ചെയ്യുന്നവരാണ്. നിങ്ങളെ ബാധിക്കുന്ന പ്രശ്നമാണെങ്കിൽ അത് സി.ബി.ഐ.ക്ക് വിടേണ്ടെന്നാണ്. പക്ഷേ ഞങ്ങളുടെ നിലപാട് അങ്ങനെയല്ല. ഏതു കോടതി തീരുമാനമെടു ത്താലും അതിനെ അംഗീകരിക്കുന്നവരാണ് ഞങ്ങൾ. വിധിയെക്കുറിച്ച് ഡിസന്റുണ്ടെങ്കിൽ ഞങ്ങൾ അപ്പീൽ കൊടുക്കും.

ഈ ഹൈക്കോടതി ജഡ്ജി മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട ഒരു കേസ്സിൽ മുഖ്യമന്ത്രിക്കനുകൂലമായ കമന്റ് പാസ്സാക്കിയെന്നുപറഞ്ഞ് അന്നത്തെ ചാനൽ ചർച്ചയിൽപ്പോയി ആ ജഡ്ജിയുടെ പാരമ്പര്യമെല്ലാം വിളി ച്ചുപറഞ്ഞ ആളാണ് ശ്രീ. വി. എസ്. സുനിൽകുമാർ. ഞങ്ങൾക്ക് ആ സംസ്ക്കാരമില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, .............

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ശ്രീ. വി. എസ്. സുനിൽകുമാർ ചാനൽ ചർച്ചയിൽ ആ ജഡ്ജിയെക്കുറിച്ച് പറഞ്ഞു. ഞാൻ കേട്ടതല്ലേ. ഞങ്ങൾക്ക് ആ നിലപാടില്ല. ഏത് കോടതി വിധി വന്നാലും ആ കോടതി വിധി അംഗീക രിക്കുന്നവരാണ് ഞങ്ങൾ. ഇന്നലെ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകനെ തിരായ റിപ്പോർട്ടിന്മേൽ വിജിലൻസ് ഡയറക്ടർ നടപടിയെടുക്കണമെന്ന്

ഹൈക്കോടതി പറഞ്ഞു. നിങ്ങൾ ഈ വിധിയെ അംഗീകരിക്കുന്നുണ്ടോ? ഹൈക്കോടതി പല കാര്യങ്ങളും പറയും.

ശ്രീ. റ്റി. വി. രാജേഷ്: സർ, ......(മൈക്ക് ഓഫ്)...... ജഡ്ജിയായ ശ്രീ.ഹനീഫയെക്കുറിച്ച് പറഞ്ഞത് ഞങ്ങളാണോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ഞങ്ങളാരും ഒന്നും മിണ്ടിയിട്ടില്ല. അത് അംഗീകരിക്കുന്നുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഞങ്ങൾ ഒരിക്കലും കോടതികളെ തള്ളിപ്പറയുന്ന പ്രശ്നമുദിക്കുന്നില്ല. എന്നും കോടതി വിധിയെ മാനിച്ച പാരമ്പര്യമേ ഞങ്ങൾക്കുള്ളൂ. എതിർവിധി വരുമ്പോൾ അതിനെ അംഗീകരിക്കാത്ത സംസ്ക്കാരമല്ല ഞങ്ങൾക്കുള്ളത്. ഞങ്ങളൊരിക്കലും ആ നിലപാടെടുത്തിട്ടില്ല. ജനങ്ങൾക്കുവേണ്ടി ഏറ്റവുമധികം കാര്യങ്ങൾ ചെയ്യുന്ന ഒരു ഗവൺമെന്റാണിത്. ആരോഗ്യ പരിപാലന രംഗത്ത് വളരെ യേറെ കാര്യങ്ങൾ ചെയ്തുവരുന്നു. അടുത്ത തലമുറയെന്ന് പറയുന്നത് നമ്മുടെ കുട്ടികളാണ്. ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതി നുവേണ്ടി ആരോഗ്യപരിപാലന കാര്യത്തിൽ വളരെയേറെ ശ്രദ്ധിക്കുന്ന ഗവൺമെന്റാണിത്. നമ്മുടെ സർക്കാർ ആശുപത്രികളിൽ വളരെയേറെ ഫെസിലിറ്റീസ് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള കാര്യങ്ങ ളിൽ ശ്രദ്ധിച്ചുപോകുന്ന ഈ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനം ഒത്തിരിയേറെ കാര്യങ്ങളിൽ നമ്മളെ മുന്നോട്ടുകൊണ്ടുപോകുകയാണ്. ഇന്നലെ ശ്രീ. എ. എ. അസീസ്, ഇടതുപ ക്ഷത്തിന് നിർണ്ണായകമായ സ്വാധീനമുള്ള ഗവൺമെന്റ് ഇവിടെ വരുമെന്ന് പറഞ്ഞു. 20 സീറ്റിൽ കൂടുതൽ എവിടെയെങ്കിലും കിട്ടുമോ? അതുതന്നെ പലരും ദാനം ചെയ്യുന്നതാണ്. ബംഗാളിൽ എത്ര സീറ്റുകിട്ടും? സി.പി.ഐ., സി.പി.എം., ആർ.എസ്.പി., ഫോർവേഡ് ബ്ലോക്ക് എന്നിവർക്കെല്ലാംകൂടി

കിട്ടാവുന്ന സീറ്റ് 15 അല്ലേ? '*അരിമണിയൊന്ന് കൊറിക്കാനില്ല, തരിവളയിട്ട് നടക്കാൻ മോഹം*' എന്നൊരു പാട്ടുണ്ട്. ശ്രീ. എ. എ. അസീസ്, ശ്രീ. കോവൂർ കുഞ്ഞുമോന്റെ കാര്യം ആദ്യം ശരിയാക്കൂ എന്നിട്ട് ഞങ്ങളുടെ കാര്യത്തിൽ ഇടപെടാം. നിങ്ങൾ ഈ ദിവാസ്വപ്നവുമായി നടക്കുകയേയുള്ളൂ.

ശ്രീ. റ്റി. വി. രാജേഷ്: സർ, ......(മൈക്ക് ഓഫ്)...... യു.പി.-യിൽ എത്രയാണ് ഇപ്പോഴത്തെ സീറ്റ്?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: യു.പി-യിൽ ഞങ്ങൾക്ക് 22 സീറ്റുണ്ട്. ഇപ്രാവശ്യം അതിനെക്കാൾ കൂടുതൽ കിട്ടും. അക്കാര്യത്തിൽ ഒരു സംശയവുമില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: യു.പി-യിൽ ബി.ജെ.പി-ക്ക് പത്തും കോൺഗ്രസ്സിന് 22-ഉം സീറ്റാണെന്നും ബി.ജെ.പി. കോൺഗ്രസ്സിന്റെ പുറകിലാണെന്നുമുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അതിനെക്കാൾ കൂടുതൽ സീറ്റ് ഇപ്രാവശ്യം ലഭിക്കും. നിങ്ങൾ എവിടെയാണ് നിൽക്കുന്നത്? കോൺഗ്രസ്സ് തോറ്റാൽ ആരാണ് ജയിച്ചുവരാൻ പോകുന്നത്; ബി.ജെ.പി-യല്ലേ? ഞങ്ങൾ എന്തുകൊണ്ടാണ് ഡൽഹിയിൽ ആം ആദ്മി പാർട്ടിയെ പിന്തുണച്ചത്; ബി.ജെ.പി. അധികാരത്തിൽ വരാതിരിക്കാൻവേണ്ടിയാണ് പിന്തുണച്ചത്. ഞങ്ങൾ അവരെ പിന്താങ്ങാൻ കാരണം ഞങ്ങളുടെ ശത്രു ഇപ്പോഴും ബി.ജെ.പി. ആണ്. കേരളത്തിൽ നമ്മൾ തമ്മിൽ ഫൈറ്റാണ്. പക്ഷെ അഖിലേന്ത്യാതലത്തിൽ ബി.ജെ.പി.യാണ് ഏറ്റവും വിഷലിപ്തമായ പാർട്ടി. ഇന്ത്യയിലെ മതേതരത്വം തകർക്കുന്ന പ്രസ്ഥാനമാണ് ബി.ജെ.പി. അതുകൊണ്ടുതന്നെ

അവർക്കെതിരെ ശക്തമായി പ്രതികരിക്കാൻ ഞങ്ങൾ ബാധ്യസ്ഥരാണ്. നിങ്ങൾ ഞങ്ങളോടുള്ള വിദ്വേഷംകൊണ്ട് കോൺഗ്രസ്സ് തോൽക്കട്ടെ എന്നാണ് കരുതുന്നതെങ്കിൽ അതിന്റെ അർത്ഥം നിങ്ങൾ ഇൻഡയറക്ടായി ബി.ജെ.പി.-യെ സഹായിക്കുന്നു എന്നാണ്. നിങ്ങളുടെ രാഷ്ട്രീയം അതാണോ? നമ്മൾ തമ്മിൽ ഇവിടെ ഫൈറ്റുണ്ടാകും, പക്ഷെ അഖിലേന്ത്യാ തലത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെപ്പോലെ മതേതരത്വം മുറുകെ പ്പിടിക്കുന്ന കക്ഷി നയിക്കുന്ന ഗവൺമെന്റല്ലേ വരേണ്ടത് എന്നുകൂടി പ്രതിപക്ഷം ആലോചിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. എം. എ. ബേബി: സർ, ഗവർണ്ണറുടെ പ്രസംഗത്തിന്മേൽ ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ശ്രീ. ബെന്നി ബെഹനാൻ എന്റെ സുഹൃത്താണെങ്കിലും ഗവർണർ ബഹുമാനിക്കപ്പെടേണ്ട വ്യക്തിയാണെങ്കിലും ഈ പ്രമേയത്തെ എതിർക്കേണ്ടി വന്നിരിക്കുന്നത് വളരെ തെറ്റായ നയങ്ങളെ തെറ്റായ വാചകങ്ങൾകൊണ്ട് പൊതിഞ്ഞവതരിപ്പിച്ചിരിക്കുന്നു എന്നുള്ളതുകൊണ്ടാണ്. അവസാനം സംസാരിച്ച ശ്രീ. ഡൊമിനിക് പ്രസന്റേഷൻ കോൺഗ്രസ്സ് ക്ഷീണിച്ചാൽ ബി.ജെ.പി.യാണ് ശക്തിപ്പെടുന്നതെന്നും ഇടതുപക്ഷം ഒരിടത്തുമില്ലെന്നുമെല്ലാം പറഞ്ഞതിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് ഇന്ത്യയെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകമാണ്. യു.ഡി.എഫ്.-ന്റെ നയപ്രഖ്യാപനമാണ് ഗവർണറെക്കൊണ്ട് നടത്തിച്ചിരിക്കുന്നത്. കോൺഗ്രസ്സ് 2014-ലെ തെരഞ്ഞെടുപ്പിൽ എങ്ങനെയായിരിക്കും ദേശീയ രാഷ്ട്രീയത്തിൽ ജനപിന്തുണ നേടുകയെന്നതിനെപ്പറ്റി കോൺഗ്രസ്സിന്റെ

നേതാക്കന്മാർതന്നെ ആത്മപരിശോധന നടത്തേണ്ടതാണ്. ഞാൻ ഒന്നുരണ്ടു കാര്യങ്ങൾ കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.ന്റെയും നേതാക്കന്മാരുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. 1984-ലെ ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം കോൺഗ്രസ്സ് നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ പലതവണ വന്നിട്ടുണ്ടെങ്കിലും കോൺഗ്രസ്സിന് തനിച്ചോ കോൺഗ്രസ്സിന്റെ മുന്നണിക്കോ കേന്ദ്രത്തിൽ ഭൂരിപക്ഷം നേടാൻ കഴിഞ്ഞിട്ടില്ല. അതിൽ ഒരു ഗവൺമെന്റ് ഇടതുപക്ഷംകൂടി പിന്തുണ കൊടുത്തിട്ടുള്ള ഒന്നാം യു.പി.എ. ഗവൺമെന്റായിരുന്നു. മറ്റൊന്ന് 1991-ലെ നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. ബി.ജെ.പി.യെ ഒഴിവാക്കാൻവേണ്ടി നിങ്ങളിപ്പോൾ വളരുന്നില്ലെന്ന് പറഞ്ഞ് പരിഹസിച്ച ഇടതുപക്ഷപ്പാർട്ടികൾ എടുത്ത നിലപാട് നിമിത്തമാണ് നരസിംഹറാവു ഗവൺമെന്റ് നിലവിൽവന്നത്. കോൺഗ്രസ്സ് ഭിന്നിച്ച് തീവ്ര വലതുപക്ഷം ഇന്ത്യൻ രാഷ്ട്രീയത്തിൽ ശക്തിപ്പെടാൻ ശ്രമിച്ച സന്ദർഭത്തിൽ, 1969-ൽ, അവിടെയിരിക്കുന്നവരുടെ പാർട്ടിയുടെ പേരിനോട് ചേർത്തിട്ടുള്ള ഇന്ദിരാഗാന്ധിയുടെ പേരിലുള്ള പാർട്ടിയുടെ നേതാവായ ഇന്ദിരാഗാന്ധിക്ക് ലോക്സഭയിൽ ഭരണത്തിൽ തുടരാൻ കഴിഞ്ഞത് ഇടതുപക്ഷത്തിന്റെ പിന്തുണകൊണ്ടാണ്. ഞങ്ങൾ വലിയ പാർട്ടിയൊന്നുമായിരിക്കില്ല. ഈ ചരിത്രമെല്ലാം മറന്ന് വെറുതേ വാചകമടിക്കരുത്. ഇപ്പോൾ എന്താണ് കോൺഗ്രസ്സിന് പറ്റിക്കൊണ്ടിരിക്കുന്നത്? ഉത്തരേന്ത്യയിൽ നടന്ന തെരഞ്ഞെടുപ്പുകളുടെ ഫലത്തെപ്പറ്റി നിഷ്പക്ഷ വിശകലന വിദഗ്ധന്മാർ പറയുന്നതിനെ മൂന്ന് അക്ഷരങ്ങളിൽ ചുരുക്കാം – എ.ബി.സി. എന്താണ് എ.ബി.സി?

എ ബി സി എന്നാൽ എനിബഡി ബട്ട് കോൺഗ്രസ്. കോൺഗ്രസ്സല്ല വേറെയാരു വന്നാലും ഞങ്ങൾ പിന്താങ്ങും. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെ

ടുപ്പ് ഫലത്തിന്റെ ഒരു ചെറിയ സ്ഥിതിവിവരക്കണക്ക് എന്റെ സുഹൃത്ത് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ മനസ്സിലാക്കുന്നത് നല്ലതാണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ നൂറ് പേർ വോട്ട് ചെയ്യാൻ പോയപ്പോൾ ഇരുപത്തെട്ട് പേർ കോൺഗ്രസ്സിന് വോട്ട് ചെയ്തു. പതിനെട്ടേമുക്കാൽ ആളുകൾ ബി.ജെ. പി.ക്ക് വോട്ട് ചെയ്തു. കേന്ദ്ര ഭരണത്തിന് വേണ്ടി മത്സരിച്ച ഈ രണ്ട് പ്രബല രാഷ്ട്രീയ പാർട്ടികൾക്കും കൂടി കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്തവരുടെ അമ്പത് ശതമാനത്തിൽ താഴെ മാത്രമേ വോട്ട് കിട്ടിയി ട്ടുള്ളൂ എന്നു പറഞ്ഞാൽ കോൺഗ്രസ്സിനും ബി.ജെ.പിക്കും പുറത്തു നിൽക്കുന്ന പാർട്ടികൾക്കാണ് ഇന്ത്യയിൽ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടു പ്പിൽ അമ്പത് ശതമാനത്തിൽ കൂടുതൽ വോട്ടുകൾ ഉണ്ടായിരുന്നത്. ഒരു കാര്യം കൂടി പറയാം. ഇടതുപക്ഷത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞുകൊണ്ടിരു ന്നുകൊള്ളൂ, ബാക്കി വോട്ട് കോൺഗ്രസ്സുമായും ബി.ജെ.പി.യുമായും ചില നീക്ക്പോക്കുകൾ ഉണ്ടാക്കിയവർക്കുൾപ്പെടെ കിട്ടിയതാണ്. അത് നമ്മൾ കാണാതിരിക്കണ്ട. അത് തട്ടിക്കിഴിച്ച് പോകും. കോൺഗ്രസ്സിന്റെയും ബി.ജെ. പിയുടെയും കുറച്ച് വോട്ട് അങ്ങോട്ട് പോയിട്ടുണ്ടെങ്കിൽ കുറച്ച് ഇങ്ങോട്ടും കിട്ടിയിട്ടുണ്ട്. ഇപ്പോൾ നാല് സംസ്ഥാനങ്ങളുടെ തെരഞ്ഞെടുപ്പാണ് മുഖ്യമായുമുള്ളത്. വടക്കു കിഴക്കൻ സംസ്ഥാനത്തിന്റെ കാര്യം നമ്മൾ അധികം പറയണ്ട. ഈ നാല് സംസ്ഥാനങ്ങളുടെ പ്രത്യേകത, നമ്മൾ ഗൗരവ മായി പഠിക്കണം, കോൺഗ്രസ്സുകാർ നന്നായി പഠിക്കണം. കാരണം കോൺഗ്രസ്സിനെ തോൽപ്പിക്കാനാണ് ഇടതുപക്ഷം ആഗ്രഹിക്കുന്നത്. അതിന് ഞങ്ങൾ തുടർന്നും ശ്രമിച്ചുകൊണ്ടിരിക്കും. പക്ഷെ ഞങ്ങൾക്ക് തോൽപ്പി ക്കാൻ പറ്റാത്ത സ്ഥലത്ത് ബി.ജെ.പി കോൺഗ്രസ്സിനെ തോൽപ്പിക്കുന്നത് അധികം സന്തോഷകരമായ കാര്യമല്ല. കോൺഗ്രസ്സിന്റെ പ്രശ്നം നിങ്ങൾ

ബി.ജെ.പിക്ക് ദയനീയമായി തോറ്റുകൊടുക്കുന്നുവെന്നതാണ്. അതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. മഹാത്മാഗാന്ധിക്ക് ജൻമം നൽകിയ ഗുജറാത്തിൽ മൂന്ന് തവണ പേര് പറയാൻ ഞാൻ ഇഷ്ടപ്പെടാത്ത നമ്മുടെ രാഷ്ട്രീയ മേഖലയുടെ അപമാനം, അദ്ദേഹം തുടർച്ചയായി ജയിച്ചു കൊണ്ടിരിക്കുന്നത് ആരുടെ ചെലവിലാണ്. ഇടതുപക്ഷം അവിടെ സഹായിച്ചിട്ടാണോ, ഞങ്ങൾ അവിടെ ഇല്ലല്ലോ. ഞങ്ങൾ വളരെ ദുർബലമല്ലേ. അപ്പോൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറ്റവും ആപത്കരമായ ഒരു പ്രവണത തീവ്രവർഗ്ഗീയത എന്ന പ്രവണത, അതിനെക്കുറിച്ച് ഗവർണറുടെ നന്ദിപ്രമേയ പ്രസംഗത്തിൽ നിങ്ങൾ എഴുതിയിട്ടുണ്ടോ? അതിന്റെ അവസാനം പറഞ്ഞിരിക്കുകയാണ് നമ്മുടെ രാജ്യത്ത് മതനിരപേക്ഷതയുടെ ചട്ടക്കൂടിനുമേൽ ഭീഷണി വർദ്ധിച്ചു കൊണ്ടിരിക്കുന്ന വിഷമഘട്ടമാണ് ഇത്. വർഗ്ഗീയതയെ പേരെടുത്തു പറഞ്ഞ് വിമർശിക്കാൻ നിങ്ങൾക്ക് ധൈര്യമില്ല. മതനിരപേക്ഷതയ്ക്ക് ഭീഷണിയുണ്ടെന്ന് സംസ്കൃതത്തിൽ പറഞ്ഞിരിക്കുകയാണ്. ചില വീടുകളിൽ ചിലർ ഭർത്താക്കൻമാരുടെ പേര് പറയില്ല. കുട്ടികളുടെ അച്ഛനെന്നേ പറയുകയുള്ളൂ. തീവ്രവർഗ്ഗീയതയെ നേരിടാൻ തയ്യാറാകാതെ മൃദുവർഗ്ഗീയതകൊണ്ടാണ് കോൺഗ്രസ് നേതൃത്വം നേരിട്ടത്. ബാബറി മസ്ജിദിൽ ഒരു വിഗ്രഹം കൊണ്ടുവയ്ക്കാൻ ശ്രമിച്ചപ്പോൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് ആ വിഗ്രഹം എടുത്ത് തോട്ടിൽ കളഞ്ഞു. പിന്നീട് വന്ന ഒരു പ്രധാനമന്ത്രി, XXXXXXXXXX അത് മറക്കാൻ പറ്റുമോ? നമ്മുടെ മഹത്തായ രാഷ്ട്രത്തിന്റെ അഖണ്ഡതയ്ക്കും ഐക്യത്തിനും ജനങ്ങളുടെ സാഹോദര്യത്തിനും ഭീഷണി മുഴക്കികൊണ്ട് തീവ്രവാദശക്തികൾ വളർന്നു വരുമ്പോൾ ആ തീവ്രവാദ ശക്തികളുടെ വളർച്ചയെ തടയേണ്ടത് യഥാർത്ഥത്തിൽ

നമ്മുടെ പൊതുവായ താത്പര്യമാണ്. കോൺഗ്രസ് മതേതര മൂല്യങ്ങൾ മുറുകെ പിടിക്കുന്നുണ്ടെങ്കിൽ വർഗ്ഗീയതക്കെതിരായുള്ള ഉറച്ച നിലപാടെടുക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ക്രമപ്രശ്നം ഉന്നയിക്കുന്നു. വളരെ ബഹുമാന്യനായ ഒരു മെമ്പറാണ് ശ്രീ. എം.എ. ബേബി. അദ്ദേഹത്തിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്താൻ വേണ്ടിയല്ല. വലിയൊരു factual error ഉണ്ട്. XXXXXXXXX അത് രേഖയിലുണ്ടാകാൻ പാടില്ല. അങ്ങനെ നരസിംഹറാവുവിന്റെ ഗവൺമെന്റ് സഹായിച്ചിട്ടില്ല. അത് factual error ആണ്.

മി. സ്പീക്കർ: അത് നോക്കാം....യെസ്....യെസ്.....

ശ്രീ. എം.എ. ബേബി: ഇന്ത്യ നേരിടുന്ന വർഗ്ഗീയ ഭീഷണിയെക്കുറിച്ച് പൊതുവിൽ അഭിപ്രായ ഐക്യമുള്ളൊരു സഭയാണ് ഇത്. നമ്മൾ വിമർശിക്കുന്ന തീവ്രവർഗ്ഗീയ ശക്തികൾ ഈ സഭയിൽ കടന്നുകൂടിയിട്ടില്ല. അത് നമുക്കെല്ലാം അറിയാം. രാജ്യത്തിന്റെ പൊതുവിപത്തിനെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ഉത്തരവാദിത്ത ബോധത്തോടെ ചർച്ച ചെയ്യണം. ഇടതുപക്ഷത്തെ ആക്രമിക്കുന്നവർ, ബി.ജെ.പി–തീവ്രവർഗ്ഗീയത ഇന്ത്യയിൽ ഒരു ഭീഷണിയായി ഉയർന്നു നിൽക്കുമ്പോൾ വളരെ സമചിത്തതയോടുകൂടി ഒരു നിമിഷമൊന്ന് ആലോചിക്കൂ. കർണ്ണാടകയിൽവരെ ഈ ശക്തികൾ ഭൂരിപക്ഷം നേടി മന്ത്രിസഭ രൂപീകരിച്ചില്ലേ. നിങ്ങൾ ഒരു നിമിഷം ആലോചിക്കൂ. തീവ്രവർഗ്ഗീയ ശക്തികൾക്ക് രാജ്യത്തെ അമ്പരപ്പിക്കുന്ന ബഹുജന സ്വാധീനം നേടിയെടുക്കാൻ ഇപ്പോഴും കഴിയാത്തതായിട്ടുള്ള സംസ്ഥാനങ്ങൾ ഏതാണ്. ഇടതുപക്ഷത്തിന് സ്വാധീനമുള്ള സംസ്ഥാനങ്ങൾ മാത്രമാണ്; ബംഗാളും ത്രിപുരയും കേരളവുമാണ്. എന്തുകൊണ്ട് കാണാൻ കഴിയുന്നില്ല? ഇടതു

പക്ഷ പുരോഗമന ശക്തിയുടെ പ്രവർത്തകർ, സമര സന്നദ്ധ ഭടൻമാർ ന്യൂന പക്ഷത്തിൽപ്പെട്ടവരെ സംരക്ഷിക്കാൻ, മതേതര മൂല്യങ്ങൾ സംരക്ഷിക്കാൻ പ്രത്യയശാസ്ത്രപരമായി വർഗ്ഗീയതയെ തുറന്നു കാണിച്ചു കൊണ്ടും വർഗ്ഗീയ ശക്തികൾ സായുധമായ അക്രമി സംഘങ്ങളെ ഉണ്ടാക്കുമ്പോൾ ജീവൻ കൊടുത്ത് ആ അക്രമി സംഘങ്ങളെ നേരിട്ടുമാണ് തീവ്രവർഗ്ഗീയ ശക്തികൾ ബംഗാളിലും, ത്രിപുരയിലും, കേരളത്തിലും വളരാതിരിക്കുന്നത്. ഇതിൽനിന്നും പഠിക്കേണ്ട രാഷ്ട്രീയ പാഠം പഠിക്കണം. ഇവിടെ ഐക്യജനാധിപത്യ മുന്നണിക്ക് വേണ്ടിയാണ് നയപ്രഖ്യാപന പ്രസംഗം നടത്തിയത്. ഐക്യമോ ജനാധിപത്യമോ ഉണ്ടോ ഈ മുന്നണിക്ക്. ഈ മുന്നണിയുടെ പ്രധാന പാർട്ടിയായ കോൺഗ്രസ്സിന്റെ കെ.പി.സി.സി പ്രസിഡന്റ് ഗവൺമെന്റിൽ ചേരാൻ തയ്യാറായി നിന്നിട്ട് മുഖ്യമന്ത്രി എന്തെല്ലാം ശ്രമങ്ങൾ നടത്തി അദ്ദേഹത്തെ തടസ്സപ്പെടുത്താൻ. ഒടുവിൽ അദ്ദഹം പറഞ്ഞു ഞാൻ ഇനി ഉമ്മൻ ചാണ്ടി ഗവൺമെന്റിലേക്കില്ല. എല്ലാ പത്രങ്ങളിലും നമ്മൾ വായിച്ചതാണ്. ഇപ്പോൾ അദ്ദേഹം ആഭ്യന്തര മന്ത്രിയായത് മുഖ്യമന്ത്രികൂടി സമ്മതിച്ചിട്ടാണ്. ഞാൻ ഉമ്മൻ ചാണ്ടി ഗവൺമെന്റിലേക്കില്ല എന്ന് പറഞ്ഞിട്ട് അദ്ദേഹം ആഭ്യന്തരമന്ത്രിപദം ഏറ്റെടുത്തപ്പോൾ ഇനി ഉമ്മൻ ചാണ്ടി തുടരില്ല എന്നൊരു ധ്വനി അതിനകത്തുണ്ടോയെന്നൊരു സംശയം. പണ്ട് ശ്രീമാൻ എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തോട് ശ്രീ. ഉമ്മൻ ചാണ്ടി ചെയ്തത് ശ്രീ. ഉമ്മൻ ചാണ്ടിയോട് ശ്രീ. രമേശ് ചെന്നിത്തല ചെയ്യുമോ എന്നുള്ള സംശയം നമ്മുടെ അന്തരീക്ഷത്തിൽ ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ ഈ മുന്നണിയിൽ ഐക്യമുണ്ടെന്ന് പറയാൻ കഴിയുമോ. ഈ മുന്നണിയിലെ പ്രധാനപ്പെട്ട പാർട്ടികളുടെ സ്ഥിതി എന്താണ്. പുന:സംഘടയുണ്ടായിക്കഴിഞ്ഞപ്പോൾ മുൻ ആഭ്യന്തരമന്ത്രി മന്ത്രിസഭാ

യോഗത്തിന് ചെന്നില്ല. മുഖ്യമന്ത്രിക്ക് വിളിക്കേണ്ടി വന്നു. മന്ത്രിസഭാ യോഗം ബഹിഷ്ക്കരിക്കുന്ന സഹപ്രവർത്തകരുമായാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഗവൺമെന്റിനെ മുന്നോട്ട് കൊണ്ടുപോകുന്നത്. അദ്ദേഹത്തിന് ഇതെല്ലാം കൈകാര്യം ചെയ്യാനുള്ള പ്രാപ്തിയുണ്ടെന്നാണ് കരുതപ്പെടുന്നത്. അദ്ദേഹത്തിന്റെ സഹപ്രവർത്തകരായിട്ടുള്ള രാഷ്ട്രീയ പാർട്ടികളിൽ ഇപ്പോൾ ഏതെല്ലാം പാർട്ടികളാണ് യു.ഡി.എഫിനെ അനുകൂലിക്കുന്നത്. ഗൗരിയമ്മയുടെ പാർട്ടിയുടെ നിലപാടെന്താണ്. ശ്രീ. എം. വി. രാഘവന്റെ പാർട്ടിയുടെ നിലപാടെന്താണ്

മി. സ്പീക്കർ: ഇതൊന്നും നയപ്രഖ്യാപന പ്രസംഗത്തിലില്ല.

ശ്രീ. എം. എ ബേബി: ഈ ഗവൺമെന്റിന് വേണ്ടിയാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് വേണ്ടിയാണ്. ഈ ഗവൺമെന്റിൽ ഐക്യമില്ല, ഈ മുന്നണിയിൽ ഐക്യമില്ല എന്നതാണ് എന്റെ വാദഗതി. നിയമസഭയിൽ ഭൂരിപക്ഷത്തിന്റെ താത്പര്യമാണോ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് പരിരക്ഷിക്കുന്നത്. നിയമസഭയിലെ ഭൂരിപക്ഷത്തെ പുച്ഛിക്കുന്ന ഒരു ഗവൺമെന്റിനാണ് ശ്രീമാൻ ഉമ്മൻ ചാണ്ടി നേതൃത്വം കൊടുക്കുന്നത്. ഈ നിയമസഭയിലെ ഭൂരിപക്ഷം അംഗങ്ങൾ നടപ്പാക്കാൻ പാടില്ലെന്നു പറയുന്ന ആറൻമുള വിമാനത്താവള പദ്ധതി നടപ്പാക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. അത് നിയമലംഘനങ്ങളുടെ പദ്ധതിയാണ്. ആ പദ്ധതി നടപ്പാക്കാൻ പാടില്ലെന്നു പറഞ്ഞുകൊണ്ട് സാംസ്കാരിക കേരളം, ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, ശ്രീ. ഒ.എൻ. വി. കുറുപ്പ് , ശ്രീമതി സുഗത കുമാരി ടീച്ചർ ഇവരെല്ലാം പിന്നെ അവിടെയിരിക്കുന്ന എന്റെ പ്രിയ സുഹൃത്ത് ശ്രീ. റ്റി. എൻ പ്രതാപൻ ശ്രീ. വി. ഡി. സതീശൻ മുൻ കെ.പി.സി.സി പ്രസിഡന്റ് ശ്രീ. കെ. മുരളീധരൻ എന്നിവർ വ്യക്തമായ നില

പാടെടുത്തുകൊണ്ട് നിയമസഭയിലെ ഭൂരിപക്ഷം ഒരു പദ്ധതി പാടില്ലെന്നു പറയുമ്പോൾ ഈ ഗവൺമെന്റ് ആ പദ്ധതി നടപ്പാക്കാൻ പോകുന്നത് തെറ്റാണെന്ന് മാത്രമല്ല നിയമലംഘന പദ്ധതിയിൽ പത്ത് ശതമാനം പങ്കാളിത്തം സംസ്ഥാന ഗവൺമെന്റ് എടുക്കുമ്പോൾ എങ്ങനെയാണ് ജനാധിപത്യ തത്വങ്ങൾ പാലിക്കുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്ന് പറയാൻ കഴിയുക. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് ഈ പദ്ധതി വരാൻ കാരണമെന്ന്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഇതിൽ ഒരു തെറ്റ് പറ്റിയിട്ടുണ്ട്. ആ തെറ്റ് ഞങ്ങൾ ഏറ്റ് പറയുന്നു. ഞങ്ങൾക്ക് ഒരു തെറ്റ് പറ്റിയാൽ ഞങ്ങൾ അത് സമ്മതിച്ചാൽ നിങ്ങൾ ആ തെറ്റ് ചെയ്തുകൊണ്ട് ഞങ്ങൾക്ക് അതിലപ്പുറം ചെയ്യാൻ അവകാശമുണ്ട് എന്ന് പറയുന്നതിൽ അർത്ഥമുണ്ടോ. ഞങ്ങൾ ചെയ്ത തെറ്റ്, അവിടുത്തെ എം.എൽ.എ ഒരു നിവേദനം കൊണ്ടുവന്നു. അത് പരിശോധിച്ച് വേണ്ട നടപടിയെടുക്കണമെന്ന് പറഞ്ഞ് കളക്ടർക്ക് അയച്ചു കൊടുത്തു. കളക്ടർ പരിശോധിക്കുമ്പോഴാണ് ഇതിൽ നിയമലംഘനമുണ്ടോ തുടങ്ങിയ കാര്യങ്ങൾ അറിയുക. എങ്കിൽപ്പോലും ഞങ്ങൾ വാദത്തിനുവേണ്ടി സമ്മതിക്കുകയാണ്. സത്യമാണ് ഞങ്ങൾക്കൊരു തെറ്റുപറ്റി. ആ തെറ്റ് തിരുത്തണം. ആറൻമുള വിമാനത്താവളം എന്ന നിയമലംഘന പദ്ധതി കേരളത്തിൽ നടപ്പാവുകയാണെങ്കിൽ ചരിത്രം കേരളീയ സമൂഹത്തിന് മാപ്പ് നൽകുകയില്ല. തണ്ണീർത്തട സംരക്ഷണ നിയമം, നെൽവയൽ സംരക്ഷണ നിയമം, ഭൂപരിധി നിയമം, അങ്ങനെ എട്ടോളം നിയമം ലംഘിച്ചുകൊണ്ട് എങ്ങനെയാണ് ഈ ഗവൺമെന്റിന്, അതും നിയമസഭയിലെ ഭൂരിപക്ഷം അംഗങ്ങളും വേണ്ടെന്നുപറയുന്ന പദ്ധതി നടപ്പിലാക്കാൻ കഴിയുക. നമ്മുടെ സമ്പത്തും

പ്രകൃതി വിഭവങ്ങളും സ്വകാര്യ ചൂഷകൻമാർക്ക് കൊള്ളയടിക്കാൻ വിട്ടുകൊടുക്കുന്ന ഒരു ഗവൺമെന്റാണ് ഇത്.

വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ സർവ്വകലാശാല വരാൻ പോകുകയാണ്. സ്വയംഭരണം എന്നു പറഞ്ഞാൽ കോളേജുകൾക്ക് അക്കാദമികമായ സ്വയംഭരണം നൽകണം, അതിന്റെ തുടക്കമെന്ന നിലയിലാണ് കഴിഞ്ഞ ഗവൺമെന്റ് ക്ലസ്റ്റർ ഓഫ് കോളേജസ് ആരംഭിച്ചത്. ശാസ്ത്രീയമായ അത്തരം നടപടികൾ സ്വീകരിക്കുന്നതിനു പകരം ഇന്നുള്ള ഭൂരിപക്ഷം സ്വകാര്യ എയ്ഡഡ് കോളേജുകൾക്ക് ഒന്നാംഘട്ടമായി 13 കോളേജുകൾക്കാണ് സ്വയംഭരണം നൽകുന്നതിനായി തീരുമാനിച്ചിട്ടുള്ളത്. ഇതിൽ രണ്ടു കോളേജുകൾ ഒഴികെ മറ്റെല്ലാ കോളേജുകളും സ്വകാര്യ എയ്ഡഡ് കോളേജുകളാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ സഭയിൽ നടത്തിയ ഒരു നിയമലംഘനത്തെ പരസ്യമായി ന്യായീകരിക്കാൻ ലജ്ജയോ സങ്കോചമോ ഇല്ലാത്ത ഒരാളാണ് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്ന് പറയാൻ എനിക്ക് ദുഃഖമുണ്ട്. ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം കിട്ടിയ ഒരു വിദ്യാർത്ഥിക്ക് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കാനുള്ള അവസരമുണ്ടാക്കി കൊടുക്കാൻ ഞാനാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്നും അതിൽ ഞാൻ അഭിമാനിക്കുന്നുവെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറയുകയാണ്. ആർക്കെങ്കിലും നിയമം ലംഘിക്കാൻ കഴിയുമോ? ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കാൻ അവകാശമില്ലാത്ത ഒരാൾക്ക് വിദ്യാഭ്യാസ മന്ത്രിയോ ഗവർണ്ണറോ ഇന്ത്യൻ പ്രധാനമന്ത്രിയോ വിചാരിച്ചാൽപ്പോലും അവിടെ അവസരം കൊടുക്കാൻ സാധിക്കില്ല. അദ്ദേഹം കൊടുത്ത ഉത്തരവ് നടപ്പാക്കാൻ

സാധിച്ചോ? ജനാധിപത്യ സമൂഹത്തിന്റെ സമരത്തെ തുടർന്ന് മുഖ്യമന്ത്രി നടത്തിയ നിയമലംഘനം തിരുത്തിക്കൊണ്ട് ആ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ച വിദ്യാർത്ഥിയെ അവിടെ നിന്ന് മാറ്റേണ്ടി വന്നു. നിങ്ങൾ നടത്തിയ ഏതെങ്കിലും സമരം വിജയിച്ചോ എന്ന് ഞങ്ങളോട് ചോദിച്ചു? ജയിച്ച സമരമാണിത്. ഇതു മാത്രമല്ല, വിദ്യുച്ഛക്തി മേഖലയെ സ്വകാര്യവൽക്കരിക്കാൻ നിങ്ങൾ തീരുമാനിച്ചില്ലേ? കേന്ദ്ര ഗവൺമെന്റിന് കത്തയച്ചില്ലേ? സഖാവ് എ. കെ. ബാലൻ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച് വസ്തുതകൾ തുറന്നു കാണിച്ചു. മറുഭാഗത്തുള്ളവരടക്കം ഇത് തെറ്റാണെന്ന് മനസ്സിലാക്കി. ആ സന്ദർഭത്തിൽത്തന്നെ നിയമസഭ കൂടിക്കൊണ്ടിരിക്കുമ്പോൾ, ക്യാബിനറ്റ് യോഗം കൂടിയാണോ അല്ലയോ എന്ന് എനിക്കറിയില്ല – ഈ അടിയന്തര പ്രമേയം അവതരിപ്പിച്ച ദിവസം തന്നെ യു.ഡി.എഫ്. നേരത്തെ അയച്ച കത്ത് പിൻവലിച്ചുകൊണ്ട് വീണ്ടും കത്തയക്കേണ്ടി വന്നു. നിയമസഭയ്ക്കകത്തും പുറത്തും ഞങ്ങൾ നടത്തിയ സമരത്തിന്റെ വിജയമാണത്. മാത്രമല്ല കുടിവെള്ളം സ്വകാര്യവൽക്കരിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചില്ലേ? വിദ്യുച്ഛക്തി മേഖലയിലും കുടിവെള്ള മേഖലയിലുമുള്ള സ്വകാര്യവൽക്കരണത്തിനെതിരെ നിയമസഭയ്ക്കകത്തു മാത്രമല്ല ഞങ്ങൾ സമരം ചെയ്തത്, സെക്രട്ടേറിയറ്റിന്റെ നടയിലും ജില്ലാ കളക്ട്രേറ്റിന്റെ മുമ്പിലും സമരം നടത്തിയിരുന്നു. കുടിവെള്ളം സ്വകാര്യവൽക്കരണത്തിനെതിരായി......, അങ്ങും ഇടപെട്ടിട്ടുണ്ട്. ഇവിടെ ചില ഭേദഗതികൾ കൊണ്ടുവന്നപ്പോൾ സർക്കുലേഷനു വേണ്ടി പോകണം എന്നു പറഞ്ഞപ്പോൾ തയ്യാറായില്ല. നിയമസഭയ്ക്കകത്ത് ഞങ്ങൾ പോരാട്ടം നടത്തിയപ്പോൾ ഇക്കാര്യങ്ങളെല്ലാം മനസ്സിലാകുന്ന കുറേ ബഹുമാനപ്പെട്ട അംഗങ്ങൾ ഭരണപക്ഷത്തുമുണ്ടെന്നറിഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അത് ജനാ

ധിപത്യകേരളത്തിന്റെ ഭാഗമാണ്. അപ്പുറത്തുള്ള അംഗങ്ങൾ ഉൾപ്പെടെ ഇട പെട്ടുകൊണ്ട് കുടിവെള്ളമേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള ഈ ഗവൺമെന്റ് നയത്തെ തിരുത്തുന്ന ഒരു സമീപനമുണ്ടായി.

മുഖ്യമന്ത്രി ഒന്നു പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന ആളാണെന്ന് ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. സ്വാശ്രയ മേഖല യിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഒരു സർവ്വകക്ഷി യോഗം ചേർന്നു. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഞങ്ങൾ തീരുമാനമെടു ക്കുമ്പോൾ പ്രതിപക്ഷ നേതാവുമായും മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയു മായി ചർച്ച ചെയ്യുമെന്ന് ആ യോഗത്തിനുശേഷം അദ്ദേഹം പറഞ്ഞു. അന്ന് അദ്ദേഹം ദൃശ്യ മാധ്യമങ്ങളോട് പറഞ്ഞപ്പോൾ എന്റെ പേര് പരാമർശിച്ച് തന്നെയാണ് ചർച്ച ചെയ്യുമെന്ന് പറഞ്ഞത്. എന്നിട്ട് എന്തെങ്കിലും ചർച്ച ചെയ്തോ? ഒരു ചർച്ചയും നടന്നിട്ടില്ല. എന്നുമാത്രമല്ല, യു.ഡി.എഫ്. സർക്കാരിന്റെ ആദ്യ വർഷത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റു കൾക്ക് 22 കോടി രൂപ അധികവരുമാനമുണ്ടാക്കുന്ന കരാറിലാണ് ഒപ്പിട്ടത്. ഇത്തരം നയങ്ങൾ കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിന്റെയും കേന്ദ്ര ത്തിൽ രണ്ടാം യു.പി.എ. ഗവൺമെന്റിന്റെയും പൊതുസമീപനമാണ്. എല്ലാ സമ്പത്തും സ്വകാര്യവൽക്കരിക്കുക, എല്ലാ സമ്പത്തും മാർക്കറ്റിന്റെ പിടിയിൽ വിട്ടുകൊടുക്കുക. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വലിയ ബഹുമാനമുള്ള ആളാണ് ഫ്രാൻസിസ് മാർപാപ്പ. ഇന്നേയ്ക്ക് 44 ദിവസം മുമ്പ് **അപ്പോ സ്തലിക് പോണ്ടിഫിക്കേഷൻ** എന്ന സുദീർഘമായ ഒരു പ്രഭാഷണം അദ്ദേ ഹം നടത്തി. അതിന്റെ കോപ്പി എന്റെ കൈവശമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിയും മാണി സാറും കണ്ടിട്ടുണ്ടാകും. അതിൽ പറഞ്ഞിരിക്കുന്നത്,

'പണത്തെ ആരാധിക്കുന്ന ഒരു ലോകമായി നമ്മൾ മാറിക്കൊണ്ടിരിക്കുന്നു. ചൂഷണവ്യവസ്ഥയെ ന്യായീകരിക്കുന്ന ഒരു സമൂഹമായി നമ്മൾ മാറിക്കൊണ്ടിരിക്കുന്നു.' മുതലാളിത്ത വ്യവസ്ഥക്കെതിരായിട്ടുള്ള ഒരു വലിയ ശക്തമായ താക്കീതാണ് ഫ്രാൻസിസ് മാർപാപ്പയുടെ ഈ പ്രഭാഷണം. ധനകാര്യവകുപ്പുമന്ത്രി മാണി സാറിന്റെ അധ്വാനവർഗ്ഗ സിദ്ധാന്തത്തിലെ ആശയങ്ങളും ഫ്രാൻസിസ് മാർപാപ്പയുടെ ഈ പ്രസംഗത്തിലെ ആശയങ്ങളും തമ്മിൽ വലിയ പൊരുത്തമുണ്ടോ എന്നെനിക്കറിയില്ല. പക്ഷേ പൊരുത്തമുണ്ടെന്നാണ് ഞാൻ കാണുന്നത്. മാണി സാറിന്റെ നേതൃത്വത്തിലുള്ള പാർട്ടിക്ക് ഫ്രാൻസിസ് മാർപാപ്പയെ ആദരിക്കുന്നവർക്ക് യു.ഡി.എഫ്-ന്റെയും കേന്ദ്രസർക്കാരിന്റേയും നയങ്ങളുമായി മുന്നോട്ടു പോകാൻ കഴിയില്ല.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെക്കുറിച്ച് ഇവിടെ പറഞ്ഞു. തീരെ എഴുന്നേൽക്കാൻ സാധിക്കാത്ത ആളുകളെ താങ്ങിപ്പിടിച്ചുകൊണ്ടുവന്ന് ഇങ്ങനെ പ്രദർശന വസ്തുക്കളാക്കുന്ന ക്രൂരത എന്ത് സങ്കടകരമാണ്. പുനലൂർ അഞ്ചലിൽ തളർന്നു കിടക്കുന്ന സുശീലൻ എന്നയാളിനെ ജനസമ്പർക്ക പരിപാടിയിലേക്ക് താങ്ങിപിടിച്ചുകൊണ്ടുവന്നു. പക്ഷേ അദ്ദേഹത്തിന് നൽകുമെന്നുപറഞ്ഞ കുടുംബാശ്വാസം ഇതുവരെ ചെന്നിട്ടില്ല. പക്ഷേ സുശീലൻ ആത്മഹത്യ ചെയ്തതിനുശേഷം ജനങ്ങളിൽ നിന്നും പിരിച്ചെടുത്ത അഞ്ചു ലക്ഷം രൂപ സഖാവ് പിണറായി വിജയനും ശ്രീ. സി. ദിവാകരനും ഇന്നലെ കൊണ്ടുപോയി കൊടുത്തു. മുമ്പ് കരുനാഗപ്പള്ളിയിൽ ടാങ്കർ ലോറി അപകടമുണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രി സഖാവ് വി. എസ്. അച്ചുതാനന്ദൻ ഇടപെട്ട് 48 മണിക്കൂറിനുള്ളിൽ അവർക്ക് ആശ്വാസം എത്തിച്ചിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ തെറ്റായ സമീപനത്തിന്റെ

രക്തസാക്ഷിയാണ് സുശീലൻ. ഇത്തരത്തിലുള്ള കപടനാടകങ്ങൾ യു.ഡി. എഫ്. അവസാനിപ്പിക്കണം എന്നു പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി: സർ, ഈ നന്ദിപ്രമേയത്തെ സന്തോഷത്തോടു കൂടി സ്വാഗതം ചെയ്യുകയാണ്. ദേശീയ-അന്തർദേശീയ തലത്തിൽ മിന്നുന്ന പ്രകടനം കാഴ്ചവച്ച ഉമ്മൻ ചാണ്ടി ഗവൺമെന്റിനെ രാജ്യമെമ്പാടും ആദരിക്കുമ്പോൾ സ്വാഭാവികമായുള്ള മാനസിക വിഭ്രാന്തിയാണ് പലപ്പോഴുമിവിടെ പലരും പ്രകടിപ്പിച്ചിട്ടുള്ളത്. ഒരുപാട് ആദരവുകൾ ലോകത്തു നിന്നും ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഡോ. അമർത്യാ സെന്നിന് നോബൽ സമ്മാനം ലഭിച്ചതുമുതൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ലഭിച്ചതുവരെ സ്വാഭാവികമായും സമരങ്ങളുടെ ഒരു നീണ്ട നിരയാണ് കേരളത്തിൽ കാണാൻ സാധിച്ചത്. ഇന്ത്യാ ടുഡേ മുക്തകണ്ഠം പ്രശംസിച്ച ഒരു മുഖ്യമന്ത്രിയാണ് അദ്ദേഹം. അതിനുശേഷം രണ്ടരവർഷക്കാലമായി നിരന്തരമായ സമരങ്ങളാണ്. ഏതെങ്കിലും സമരം ഇവിടെ ക്ലച്ച് പിടിച്ചിട്ടുണ്ടോ? ഒരു ഗവൺമെന്റ് എന്താണ്, എന്താകണം, എങ്ങനെയാകണം എന്നതിന്റെ അസന്നിഗ്ദ്ധമായ പ്രഖ്യാപനമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഇന്നത്തെ കൂട്ടുത്തരവാദിത്വം. അതുകൊണ്ടാണ് ഈ സമരങ്ങൾ ഓരോന്നോരോന്നായി ചീറ്റിപ്പോയത്. പങ്കാളിത്ത പെൻഷൻ സമരം കഴിഞ്ഞു, അടുപ്പുകൂട്ടി സമരം കഴിഞ്ഞു, ഭൂസമരം കഴിഞ്ഞു, രാപ്പകൽ സമരം കഴിഞ്ഞു, കുടുംബശ്രീ സമരം കഴിഞ്ഞു, അവസാനം ക്ലിഫ് ഹൗസ് സമരത്തോടു കൂടി ഇത് അവസാനിക്കുകയാണ്. ഒരു വീട്ടമ്മ കുറ്റിച്ചൂലെടുത്തപ്പോൾ ഓടി ഒളിക്കാനുള്ള ആർജ്ജവം മാത്രമാണ് ഈ ഗവൺമെന്റിനെതി

രെ നയിക്കുന്ന എൽ.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളമുള്ളത്. വാസ്തവത്തിൽ ഇത് നാണക്കേടല്ലേ? ഒരു ഗവൺമെന്റിന്റെ നേട്ടമെന്നു പറയുന്നത് എന്താണ്? അടിസ്ഥാന വർഗ്ഗത്തിന്റെ മോചനമാണ്; പട്ടിണി പാവങ്ങളുടെ താല്പര്യങ്ങളാണ്. അതുകൊണ്ട് തന്നെയാണ് ഇവർ ജനസമ്പർക്ക പരിപാടിയെ എതിർക്കുന്നതും. അവകാശങ്ങൾക്കുവേണ്ടി കണ്ണുനീരോടു കൂടി കടന്നുവരുന്ന പതിനായിരക്കണക്കിനാളുകളെ തടയുന്നത് വലിയ കാര്യമായാണ് ഇവർ കരുതുന്നത്. എന്ത് ന്യായീകരണമാണ് ഇക്കാര്യത്തിലുള്ളത്? ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ, സാങ്കേതികത്വത്തിന്റെ നൂലാമാലകളിൽ കുടുങ്ങി കിടന്നിരുന്നതിനാൽ നിരവധി കാര്യങ്ങൾ ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ടായിരുന്നു. അതിന് പരിഹാരമായി 45-ഓളം പുതിയ നിയമങ്ങളാണ് ഈ സംസ്ഥാനത്ത് പുതിയതായി ഉണ്ടായിട്ടുള്ളത്.

ഒരു ഗവൺമെന്റ് എന്താണെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പു മന്ത്രി തെളിയിച്ചു. നമുക്കറിയാവുന്നതുപോലെ, മരണശയ്യയിൽ കിടക്കുന്ന പട്ടിണിപാവങ്ങളായ രോഗികളുടെ പ്രാർത്ഥനയാണ് ഈ ഗവൺമെന്റ്. അതാണ് ശ്രീ. കെ. എം. മാണി സാറിന് ലഭിച്ചിട്ടുള്ള അംഗീകാരം. കാരുണ്യ ബനവലന്റ് ഫണ്ട് സ്കീമിലൂടെ 25000 പേർക്ക് 250 കോടി രൂപയാണ് നൽകിയത്. കാരുണ്യ ലോട്ടറി ഈ സംസ്ഥാനത്തിന് മാത്രമല്ല രാജ്യത്തിന് മാതൃകയായി മാറുമ്പോൾ സാന്റിയാഗോ മാർട്ടിന്റെയും ലിസ് ചാക്കോയുടെയും ലോട്ടറി വിവാദങ്ങൾ മാത്രമാണ് ഇവർക്ക് അഭിമാനിക്കാനുള്ളത്. ഈ ഗവൺമെന്റ് അങ്ങനെയല്ല, ജനങ്ങളോടൊപ്പം നിൽക്കുകയാണ്. അഞ്ചുകോടി രൂപ അസറ്റ് ഫണ്ടായി ഓരോ എം.എൽ.എ.മാർക്കും ലഭിച്ചു. ഞങ്ങൾക്കും

ലഭിച്ചു അവർക്കും ലഭിച്ചു. എന്ത് വിവേചനമാണ് ഒരു ഗവൺമെന്റെന്ന നിലയിൽ ഇവിടെ കാണിക്കാൻ സാധിച്ചത്. കാരുണ്യ ലോട്ടറി ചെറിയ കാര്യമാണോ? കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ആനുകൂല്യങ്ങൾ നൽകി. കൂടുതൽ മെഡിക്കൽ ഷോപ്പുകൾ വഴി മരുന്നുകൾ ന്യായവിലയ്ക്ക് നൽകുന്നു. കൂടുതൽ മരുന്നുകൾ ഇനിയും നൽകണം. മരുന്നിന്റെ വില കുതിച്ചുയരുകയാണ്. അവിടെ കൂടുതൽ നിയന്ത്രണം കൊണ്ടുവന്ന് ആ രംഗത്ത് കൂടുതൽ ഇടപെടൽ ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. മുൻ പഞ്ചവത്സര പദ്ധതിയേക്കാൾ 150 ശതമാനത്തിലധികം വരുന്ന ഫണ്ടാണ് വരുംകാലങ്ങളിൽ ചെലവിനായി കണ്ടെത്തുന്നത്. അതൊരു ഗവൺമെന്റിന്റെ എക്കണോമിക്കൽ മാനേജ്മെന്റിന്റെ നിതാന്തമായ നിദർശനമാണിത്. അത് ആ രൂപത്തിൽ കാണുവാൻ വേണ്ടി സാധിക്കണം. കാലത്തിനനുസരിച്ച് 30 മാസം കൊണ്ട് മൂന്നിരട്ടിയാണ് ക്ഷേമപദ്ധതികൾ വർദ്ധിപ്പിച്ചിരിക്കുന്നത്.

ഇന്നത്തെ ഏറ്റവും പൊള്ളുന്ന വിഷയമായ കസ്തൂരി രംഗൻ റിപ്പോർട്ടിനെക്കുറിച്ചാണ് എനിക്ക് വളരെ പ്രധാനമായും പറയാനുള്ളത്. മലയോര കുടിയേറ്റ മേഖലയിൽ നിന്നാണ് ഞാൻ വരുന്നത്. നാൽപ്പതുകളിലും അൻപതുകളിലും പശിമയുള്ള കറുത്ത മണ്ണ് തേടി കടന്നുവന്നിട്ടുള്ള പട്ടിണി പാവങ്ങളാണവിടെ താമസിക്കുന്നവർ. അവർ ഈ രാജ്യത്ത് കൃഷി ചെയ്ത് അദ്ധ്വാനിച്ച് പലരും ആ മണ്ണിൽ മരിച്ചുവീണു. അവർ നിരന്തരമായി ദീർഘകാലമായി കഠിനാദ്ധ്വാനം ചെയ്യുകയാണ്. അവർ മണ്ണ് പൊന്നാക്കി, കയ്യാല കെട്ടി, മണ്ണ് സംരക്ഷിച്ച് ആ മണ്ഡലത്തെ തീർച്ചയായും കേരളത്തിലെ ഏറ്റവും നല്ല കാർഷിക മേഖലയാക്കി വളർത്തിയിട്ടുള്ള മണ്ണാണ്. എന്റെ മണ്ഡലത്തിൽ മാത്രമല്ല 123 വില്ലേജുകളിലും ഈ വിഷയമുണ്ട്. 35 ശത

മാനത്തിലധികം വരുന്ന ആളുകൾ കുടിയേറ്റ കർഷകരാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ ആശങ്ക പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഒരു സബ് കമ്മിറ്റി വരാൻ പോകുന്നുണ്ടെന്നും ആ സബ് കമ്മിറ്റിയുടെ പഠനത്തിന്റെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ ഉണ്ടാകൂവെന്ന കാര്യത്തിൽ ഉറപ്പുനൽകുകയും പ്രതീക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നവംബർ 13–ാം തീയതി ദർബാർ ഹാളിൽ അഫക്ടഡ് ഏരിയയിലുള്ള ഞങ്ങളെയൊക്കെ വിളിച്ചുകൂട്ടുകയും ഡോ. ഉമ്മൻ.വി.ഉമ്മൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ അസന്നിഗ്ദ്ധമായി ഞങ്ങളുടെ പ്രദേശത്തിന്റെ വികാരങ്ങൾ പ്രതിഫലിപ്പിക്കാൻ സാധിക്കുകയും ചെയ്തു. ഇപ്പോൾ എന്താണ് അവിടത്തെ സ്ഥിതി? കൈവണ്ണമുള്ള മരം പോലും മുറിച്ചുവിൽക്കുകയാണ്. വമ്പിച്ച ആശങ്കയിലാണ് ആ പ്രദേശത്തെ ജനങ്ങൾ കഴിഞ്ഞുകൂടുന്നത്. വസ്തു പകുതി വിലയ്ക്കും അതിന്റെ പകുതി വിലയ്ക്കും വിൽക്കുകയാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും കേന്ദ്ര വനംപരിസ്ഥിതി വകുപ്പുമന്ത്രി ശ്രീമതി ജയന്തി നടരാജനും ശ്രീ. വീരപ്പമൊയ്‌ലിയും ശ്രീമതി സോണിയ ഗാന്ധിയടക്കമുള്ളവർ ഇടപെട്ടുകൊണ്ട് ഇക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ടായെന്ന ഉറപ്പ് ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ഇതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. എന്നാൽ ആശങ്ക ഇപ്പോഴും ബാക്കി നിൽക്കുകയാണ്. ഒരു സംശയവും വേണ്ട, ഇവിടെ സൂചിപ്പിച്ചതുപോലെ കർഷകന്റെ കാലിൽ കൂച്ചുവിലങ്ങിടുന്ന നിയമനിർമ്മാണങ്ങൾ അടിയന്തരമായി പുന:പരിശോധിക്കാൻ തീർച്ചയായും കേരളത്തിലെ കോൺഗ്രസ് നേതൃത്വത്തിന് സാധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സാറ്റലൈറ്റ് സർവ്വേയും

റിമോട്ട് സർവ്വേയും നടത്തി റബ്ബർ തോട്ടങ്ങളെല്ലാം കാടായി കണ്ടുകൊണ്ട് മനുഷ്യനെ ബുദ്ധിമുട്ടിക്കുന്ന കാലിൽ കൂച്ചുവിലങ്ങിടുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഈ നിയമ നിർമ്മാണത്തിനെതിരായി ശക്തമായി രംഗത്തു വരണമെന്നാണ് എനിക്ക് പറയാനുള്ളത്. പരിസ്ഥിതിലോല പ്രദേശങ്ങളെ കണ്ടെത്തുന്നതിനുവേണ്ടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ വനംവകുപ്പും റവന്യൂ വകുപ്പും അതോടൊപ്പം തന്നെ മറ്റ് വകുപ്പുകളുംകൂടി സഹകരിച്ചുകൊണ്ടുള്ള അഞ്ചംഗങ്ങളുള്ള ഒരു കമ്മിറ്റി രൂപീകരിച്ചതിൽ സന്തോഷമുണ്ട്. പക്ഷേ, അതേ സന്ദർഭത്തിലാണ് റെഗുലേറ്ററി കമ്മിറ്റി നിലവിൽ വരികയും കൂടുതൽ ഭീഷണികൾ ഫിസിക്കൽ വെരിഫിക്കേഷനെ തുടർന്ന് കൂടുതൽ പ്രയാസങ്ങൾ നമുക്ക് ഉണ്ടാകാൻ പോകുന്നുവെന്നുള്ള ആശങ്ക ഇവിടെ നിലനിൽക്കുന്നത്. ഒരു കാരണവശാലും ഈ റിപ്പോർട്ട് അംഗീകരിക്കരുതെന്ന് മാത്രമല്ല അതിലുൾപ്പെടുന്ന 123 വില്ലേജുകളിൽ നാല് വില്ലേജുകൾ എന്റെ മണ്ഡലത്തിലാണുള്ളത്. അമ്പതും അറുപതും കൊല്ലമായി പട്ടിണി പാവങ്ങൾ നട്ടുനനച്ച് വളർത്തി കൊണ്ടുവന്നിട്ടുള്ള കൃഷി അവരുടെ പ്രതീക്ഷകൾ തുടങ്ങിയവയെല്ലാം അസ്തമിക്കുകയാണ്. പകുതി വിലയ്ക്ക് പോലും ഭൂമി വിൽക്കുന്ന സാഹചര്യം ഇവിടെ നിലവിലുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി മുഖ്യമന്ത്രി ഇടപെടുകയും വളരെ ശക്തമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്യണം. അതോടൊപ്പം സ്വാഭാവികമായും ഈ വനപ്രദേശത്തുള്ള ഏറ്റവും ഭീതിജനകമായ അവസ്ഥാവിശേഷത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീ. സണ്ണി ജോസഫ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാട്ടുമൃഗങ്ങൾ വൻ ഭീഷണിയായി മാറുകയാണ്. കാട്ടാനയും കാട്ടുപന്നിയും നിരവധി ആളുകളെയും കൃഷിയെയും നശിപ്പിച്ചുകൊണ്ട് മുന്നോട്ട് പോവുകയാണ്.

Uncorrected/Not for publication

അടിയന്തരമായി ഇലക്ട്രിക്കൽ ഫെൻസിംഗ് ആയാലും സോളാർ ഫെൻസിംഗ് ആയാലും കിടങ്ങുകൾ തീർത്തിട്ടായാലും നട്ടുനനച്ച് വളർത്തി കൊണ്ടുവരുന്ന കൃഷി സംരക്ഷിക്കുന്നതിനും ആ പാവപ്പെട്ട കർഷകർക്ക് ആത്മവിശ്വാസം പകരുന്നതിനുംവേണ്ടി അടിയന്തരമായി സർക്കാരും വനം വകുപ്പും ഇടപെടണം. തീർച്ചയായും മനുഷ്യരെക്കാൾ വലുത് മൃഗമല്ല. അതു കൊണ്ടുതന്നെ മനുഷ്യൻ തീർച്ചയായും അംഗീകരിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകണം. അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടുന്നതോടൊപ്പം കൃഷി നാശം സംഭവിച്ച ആളുകൾക്ക് നല്ല രീതിയിലുള്ള നഷ്ടപരിഹാരം കൃത്യ മായും സമയബന്ധിതമായും നൽകുന്നതിനുവേണ്ടി തയ്യാറാകണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും വനം വകുപ്പ് മന്ത്രിയോടും കൃഷി വകുപ്പ് മന്ത്രിയോടും എനിക്ക് പറയാനുള്ളത്. അതോടൊപ്പം മറ്റ് നിരവധിയായ മേഖലകളിൽ മിന്നുന്ന പ്രകടനം കാഴ്ചവച്ചുകൊണ്ട് നമ്മുടെ വകുപ്പുകൾ മുന്നോട്ട് പോവുകയാണ്. ആരും പ്രതീക്ഷിക്കാത്ത തരത്തിൽ വെള്ളാനയാ യിരുന്ന പൊതുമേഖലാ സ്ഥാപനത്തിൽനിന്നും 34 കോടി രൂപ ലാഭവിഹിത മായി നൽകാൻ വ്യവസായ വകുപ്പിന് സാധിച്ചത് അഭിനന്ദനാർഹമാണ്. നടുവൊടിഞ്ഞ, ഒരുപാട് പ്രശ്നങ്ങളും പ്രയാസങ്ങളും നേരിടുന്ന നാളികേര കർഷകനെ ഒരുപരിധിവരെ രക്ഷിക്കാൻ ശ്രീ. കെ പി. മോഹനന്റെ നേതൃത്വ ത്തിൽ സാധിച്ചിട്ടുണ്ട്. തൊണ്ട് സംഭരണം പുതിയ പ്രതീക്ഷ നൽകുകയാണ്. തൊണ്ട് സംഭരണ മേഖലയിൽ പുതിയ വ്യവസായങ്ങൾ കൊണ്ടുവരുന്ന സന്ദർഭത്തിൽ തീർച്ചയായും കേരളത്തിലെ ഏറ്റവും നല്ല കേര കർഷക എന്ന അവാർഡ് നേടിയിട്ടുള്ള തിരുവമ്പാടിക്ക് അത് നൽകണമെന്നുകൂടി സൂചിപ്പി ക്കുകയാണ്. മൃഗസംരക്ഷണ വകുപ്പിൽ ഒരു നിർദ്ദേശമുള്ളത്, മലബാറിൽ,

ഏറ്റവും കൂടുതൽ പാൽ അളക്കുന്ന ഞങ്ങളുടെ പ്രദേശത്ത് ഒരു വർഷമായി ഡോക്ടർമാരില്ലായെന്ന പരാതി ഉയർത്തുകയാണ്. അവിടെ അടിയന്തരമായി ഡോക്ടർമാരെ നൽകണം. പൗൾട്രി ഫാമും ഹാച്ചറിയും ഏറ്റവും അനിവാര്യമായ മലയോര കുടിയേറ്റ മേഖലയിൽ അനുവദിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അപേക്ഷിക്കുകയാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിൽ മായം കലർത്തുകയാണ്. ചെക്ക്പോസ്റ്റിൽ പരിശോധന നടത്തിയാൽ മാത്രംപോരാ, ഒരു മൊബൈൽ യൂണിറ്റ് ഏർപ്പെടുത്തിക്കൊണ്ട് സ്ക്വാഡിന്റെ ചെക്കിംഗ് ആ രംഗത്ത് തീർച്ചയായും ഉറപ്പുവരുത്തണമെന്നുകൂടി അപേക്ഷിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് ഒന്നുംതന്നെ പറയേണ്ടതില്ല. പ്രതിപക്ഷ അംഗങ്ങൾ അങ്ങേയറ്റം മുക്തകണ്ഠം പ്രശംസിക്കുന്ന വകുപ്പെന്ന നിലയിൽ ബെസ്റ്റ് മിനിസ്റ്ററായി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് രംഗത്തുവന്ന സാഹചര്യത്തിൽ തീർച്ചയായും ആ പരാതി ആർക്കും ഉണ്ടാകില്ലായെന്നാണ് എന്റെ അഭിപ്രായം. ഡോ. എം. കെ. മുനീറിന്റെ ഗ്രാമയാത്ര വാസ്തവത്തിൽ ഇളക്കിമറിക്കുകയാണ്, അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഗ്രാമ പഞ്ചായത്ത് അദ്ധ്യക്ഷന്മാർക്ക് തദ്ദേശഭരണകൂടത്തിന് ആത്മവിശ്വാസം പകരാനും അവർക്ക് മതിയായ ഫണ്ട് നൽകാനും ആ രംഗത്ത് തീർച്ചയായും ഒരു പ്രതീക്ഷ ഉണർത്താനും ബഹുമാന്യനായ ഡോ. എം.കെ. മുനീറിന്റെ വകുപ്പിന് സാധിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ കാഴ്ച നഷ്ടപ്പെട്ടവർ, കേൾവി നഷ്ടപ്പെട്ടവർ, മന്ദബുദ്ധികൾ അവരെയെല്ലാം കൈപിടിച്ച് ഉയർത്തുന്നതിനും ഭിന്നശേഷിയുള്ള പാർശ്വവൽക്കരിക്കപ്പെട്ട അത്തരം ആളുകളെ രക്ഷിക്കുന്നതിനും വേണ്ടിയുള്ള നിരവധി പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്. നാല് ശതമാനം പലിശയ്ക്ക് കുടംബശ്രീ അംഗങ്ങൾക്ക് വായ്പ നൽകാൻ മാത്രം കുടുംബശ്രീയെ

വളർത്തിക്കൊണ്ടുവരുവാൻ സാധിച്ചു. രാഷ്ട്രീയ നേതൃത്വം ആ കാര്യത്തിൽ ഇടപെട്ടെങ്കിലും തീർച്ചയായും കുടുംബശ്രീയെ കേരളത്തിന്റെ അഭിമാന മാക്കി ഉയർത്തിക്കൊണ്ടുവരാനും കക്ഷി രാഷ്ട്രീയത്തിനതീതമായി അവ രുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാനും ഗവൺമെന്റ് മുന്നോട്ടുവന്നുവെന്നു ള്ളതാണ് ഏറ്റവും പരമപ്രധാനമായ പ്രശ്നം. അതോടൊപ്പം ഭൂരഹിതരെയും ഭവനരഹിതരെയും കണ്ടെത്താനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഇതുപോലെ താൽപ്പര്യം കാണിച്ച ഗവൺമെന്റില്ല. കയറിക്കി ടക്കാൻ ഒരു കൂരപോലുമില്ലാത്ത രണ്ട് ലക്ഷത്തിൽപ്പരം പട്ടിണി പാവ ങ്ങളുണ്ട്. ഒരുലക്ഷം ആളുകൾക്കാണ് ഇവിടെ ഭൂമി നൽകുന്നത്. തീർച്ച യായും അത് അഭിമാനകരമല്ലേ. നമുക്കറിയാം കണ്ണൂർ രാഷ്ട്രീയ ശ്മശാന ഭൂമിയായ ചോരകലർന്നിട്ടുള്ള മണ്ണ്, ഭൂമിയില്ലാത്ത പാവങ്ങൾക്ക് കേരള ത്തിൽ ആദ്യമായി സീറോ ലാൻഡ് പ്രദേശമായി അവിടെ പ്രഖ്യാപിച്ചിരിക്കു ന്നത് അങ്ങേയറ്റം സന്തോഷകരമാണ്. ഒരാൾപോലും ഭൂമിയില്ലാത്തവരായി അവിടെയില്ലായെന്ന പ്രഖ്യാപനം കണ്ണൂർ ജില്ലയിൽ ആയതുകൊണ്ട് തീർച്ച യായും അപ്പുറത്തുള്ള ആളുകൾ ഗൗരവത്തോടെ കാണണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. പാവപ്പെട്ടവർക്ക് ഭൂമി നൽകുകയെന്നത് നിങ്ങൾക്ക് കേവലം ഒരു മുദ്രാവാക്യം മാത്രമായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് യാഥാർത്ഥ്യബോധത്തോടുകൂടി സമയബന്ധിതമായി ഈ വിഷയങ്ങൾ കണ്ട റിഞ്ഞ് പരിഹരിക്കുകയാണ്. എസ്.സി./എസ്.റ്റി. വിഭാഗങ്ങളെ ഇതുപോലെ ആശ്വസിപ്പിച്ച ഗവൺമെന്റുണ്ടോ? എന്റെ മണ്ഡലത്തിൽ മാത്രം രണ്ട് കോള നികൾക്ക് രണ്ട് കോടി രൂപ അനുവദിക്കുന്നതിനുവേണ്ടി ബഹുമാന്യനായ മന്ത്രി തയ്യാറായി. അതോടൊപ്പം ഒരുകാര്യം കൂടി എനിക്ക് പറയാനുള്ളത് എത്രയോ പതിറ്റാണ്ടുകളായി ഇവരെ കൈപിടിച്ച് ഉയർത്താൻ നാം നടത്തിയി

ട്ടുള്ള ശ്രമങ്ങൾക്കൊക്കെ തടസ്സമായി മാറുന്നത് അവർക്ക് ഇന്ന് നിലവിലുള്ള മദ്യാസക്തിയാണ്. അത് ഏത് രൂപത്തിലെങ്കിലും ആ വിഷയത്തിൽ പ്രായോഗികമായ ഇടപെടലിലൂടെ ആ സമൂഹത്തെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി നമുക്കൊരുമിച്ച് മുന്നോട്ടുപോകേണ്ട ബാധ്യതയുണ്ട്. വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് കൂടുതലൊന്നും പറയേണ്ടതില്ല. വ്യക്തമായ ദിശാബോധത്തോടുകൂടി നല്ല പാക്കേജ് കൊണ്ടുവന്ന് അദ്ധ്യയന കാലഘട്ടത്തിൽ തന്നെ പാഠപുസ്തകം നൽകി അതോടൊപ്പംതന്നെ വിദ്യാഭ്യാസ വിചക്ഷണനുമായി നിരന്തരമായി ബന്ധപ്പെട്ടുകൊണ്ട് എസ്.സി./എസ്.റ്റി വിഭാഗങ്ങൾക്ക് ഒട്ടേറെ ആനുകൂല്യങ്ങളും വസ്ത്രങ്ങളും വാഹനങ്ങളും ഭക്ഷണവും നൽകി പഠിപ്പിച്ച് ഉയർത്തുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഇവിടെ നടന്നുവരികയാണ്. എൽ.പി. തലത്തിൽ ടാലന്റിനെ കണ്ടെത്തി ടാലന്റ് ഫണ്ടിന് സ്കൂളിൽ തുടക്കം കുറിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഈ വർഷം സംസ്ഥാനത്തെ കുട്ടികൾക്ക് യൂണിഫോം ലഭിച്ചിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. സി. മോയിൻകുട്ടി: സർ, ശ്രീ. എ.കെ. ബാലൻ, എം.എൽ.എ. യുടെ മണ്ഡലത്തിൽ യൂണിഫോം കിട്ടിയിട്ടില്ലെങ്കിൽ അത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ അറിയിക്കണം. എന്റെ മണ്ഡലത്തിൽ കിട്ടിയിട്ടുണ്ട്. എന്റെ മണ്ഡലത്തിന്റെ സ്ഥിതിവിവര കണക്കുവച്ചാണ് ഞാൻ പറയുന്നത്. എന്റെ മണ്ഡലത്തിലെ കുട്ടികളെ സ്കൂളിൽ കൊണ്ടുപോകാനുള്ള വാഹനത്തിനാവശ്യമായ അലവൻസും അവർക്കുള്ള വസ്ത്രങ്ങളും കിട്ടിയിട്ടുണ്ട്. ഇവ കിട്ടാത്ത മണ്ഡലങ്ങളുണ്ടെങ്കിൽ അത് എന്ത് ചെയ്തു എന്ന് പരിശോധിക്കാൻ സാധിക്കണം. മലയാള ഭാഷയ്ക്കുള്ള ഒരേയൊരു സർവ്വകലാശാലയെ എന്തു

കൊണ്ട് നിങ്ങൾക്ക് അഭിനന്ദിക്കാൻ സാധിക്കുന്നില്ല. ഞങ്ങളുടെ മുൻമന്ത്രിയും ഇത് ചെയ്തിട്ടുണ്ട്. ഇവിടെ വേദങ്ങളുടെയും ഉപനിഷത്തുകളുടെയും ഭാഷയായിട്ടുള്ള സംസ്കൃത ഭാഷയ്ക്ക് ഒരു സംസ്കൃത സർവ്വകലാശാല കൊണ്ടുവന്നത് ഒരു ലീഗ് മന്ത്രിയാണ് എന്ന കാര്യത്തിൽ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകും. പക്ഷേ അത് അംഗീകരിക്കാനും ഇത്തരം വസ്തുതകളെ കണ്ടെത്താനും നിങ്ങൾക്ക് സാധിക്കണം. 270-ഓളം സെക്കന്ററി സ്കൂളുകളുടെ വികസനം ഗവൺമെന്റ് പൂർണ്ണമായും ഏറ്റെടുത്തിരിക്കുകയാണ്. പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ എന്നുള്ള ആരോപണമല്ല ഇന്നുള്ളത്. ഓരോന്നോരോന്നായി ഇന്ന് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയമൊന്നും ഇവിടെ പറയുന്നില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ കാലം മാറുമ്പോൾ കോലം മാറുകയും അരണയെപ്പോലെ മറക്കുകയും ഓന്തിനെപ്പോലെ നിറംമാറുകയും ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനം ഏതാണെന്ന് ആർക്കും വിശദീകരിച്ച് കൊടുക്കേണ്ട കാര്യമില്ല. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് അതേപടി നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞിട്ട്, ഇന്നിവിടെ എത്ര നിമിഷ നേരം കൊണ്ടാണ് മാറി ചിന്തിക്കുകയും പറയുകയും ചെയ്തിട്ടുള്ളത് എന്നതിന് ഒരു വിശദീകരണത്തിന്റെ ആവശ്യമില്ല. എന്റെ മണ്ഡലത്തിലെ താമരശ്ശേരിയെക്കുറിച്ച് പലരും ഇവിടെ സംസാരിച്ചു. കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട സമരങ്ങളും പ്രശ്നങ്ങളും അതോടൊപ്പം പൊതുമുതൽ നശിപ്പിക്കലുമുണ്ടായത് എന്റെ പ്രദേശത്താണ്. ഒരു കാരണവശാലും ഞാൻ അതിനെ ന്യായീകരിക്കുന്നില്ല. സ്വന്തം മണ്ണിൽ നിന്ന് പറിച്ചെറിയുന്ന ഒരു തലമുറയും കൂട്ടുകുടുംബങ്ങളും ഒരു സാഹചര്യത്തിൽ അവർ വികാരഭരിതരായി എന്തെങ്കിലും പ്രവർത്തി

ച്ചിട്ടുണ്ടെങ്കിൽ ന്യായീകരിക്കുകയല്ല; അവരോട് കരുണ കാണിക്കണം. ആ കേസ് കുറെക്കൂടി സോഫ്റ്റായി കൈകാര്യം ചെയ്യാൻ സാധിക്കണം. ഒരു നാട് ഒന്നടങ്കം പ്രതികരിച്ച വിഷയമാണ്. ഒരു നാടിന്റെ വികാരം സ്വന്തം മണ്ണിൽ നിന്ന് പറിച്ചെറിയുമ്പോഴുണ്ടാകുന്ന ദുഃഖവും വേദനയും അമർഷവും പ്രതിഷേധവും അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി കാണണമെങ്കിൽ ആ പ്രദേശവുമായി ബന്ധപ്പെടണം. ആ മണ്ണിൽ പണിയെടുക്കുന്ന കർഷകനെ പറിച്ചെറിയുമ്പോൾ സ്വാഭാവികമായും നിലനിൽപ്പിനുവേണ്ടി പൊരുതുന്ന ഒരു കർഷകന്റെ വികാരമാണ് അവിടെയുള്ളത്. ആ കേസിൽ അങ്ങ് കുറെക്കൂടി ഉദാരതയോടുകൂടി ഇടപെടണമെന്ന് പറയുന്നത് ഒരിക്കലും ന്യായീകരിച്ചുകൊണ്ടല്ല; ആ പ്രദേശത്തെക്കുറിച്ച് അറിയാവുന്നതു കൊണ്ടാണ്. ബിഷപ്പിന്റെ കൈ മുത്തി ബഹുമാന്യനായ പിണറായി വിജയൻ വന്നപ്പോൾ ഏറ്റവും കൂടുതൽ സന്തോഷിച്ചത് ഞാനാണ്. എന്റെ മണ്ണിൽ നിന്നാണ് നികൃഷ്ട ജീവിയെന്ന് ആക്ഷേപിച്ച അപമാനകരമായൊരു പ്രസ്താവന ഒരു ഘട്ടത്തിലുണ്ടായിട്ടുള്ളത്. എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീ. എം. എ. ബേബിയാണ് 'രൂപത' എന്നുപറഞ്ഞാൽ 'രൂപ താ' എന്നാണെന്ന് ഒരു ഘട്ടത്തിൽ പറഞ്ഞത്. ഇതൊന്നും ഞങ്ങളാരും പറഞ്ഞിട്ടില്ല. ഞങ്ങൾ ഏത് സന്ദർഭത്തിലും പള്ളിയും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട ആളുകളാണ്. നിങ്ങൾ അങ്ങനെയല്ല. സമയം വരുമ്പോൾ നാല് വോട്ട് കിട്ടാൻവേണ്ടി കൈപിടിച്ച് മുത്താൻ നിങ്ങൾ അങ്ങോട്ടുപോകും.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കർത്താവിൽ (ഈശോയിൽ) ആശ്വാസമെന്ന് പറഞ്ഞതും അദ്ദേഹം തന്നെയാണ്.

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, അതുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങളുണ്ട്. ഏതായാലും ഞങ്ങൾ താമരശ്ശേരിയിൽ വന്നു, പിതാവിനെ കണ്ടു; കൈ മുത്തി; സന്തോഷം. ഇതാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. അതുകൊണ്ടാണ് അരണയെപ്പോലെ മറക്കുകയും ഓന്തിനെപ്പോലെ നിറംമാറുകയും ചെയ്യുന്ന ഏതെങ്കിലും ഒരു പാർട്ടിയുണ്ടെങ്കിൽ അത് ഈ രാജ്യത്തെ സി.പി.എം. മാത്രമാണെന്ന് ഞാൻ പറഞ്ഞത്. അതുകൊണ്ട് അഴിമതിയെക്കുറിച്ച് പറയാൻ ആ ഭാഗത്തുള്ള ആളുകൾക്കാർക്കും സാധ്യമല്ല. മോന്തായം വളഞ്ഞാൽ 28 ഉം വളയുമെന്നാണ് ഞങ്ങൾ പഠിച്ചത്.

<u>മി. സ്പീക്കർ:</u> ശ്രീ. സി. മോയിൻകുട്ടി........ പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, മൂന്ന് മിനിട്ടുകൂടി വേണം. മറ്റുള്ളവർക്ക് ഏഴും എട്ടും മിനിട്ട് കൊടുത്തിട്ടുണ്ട്.

<u>മി. സ്പീക്കർ:</u> മൂന്ന് മിനിട്ടായി. ഏഴും എട്ടും മിനിട്ട് ഇന്ന് കൊടുത്തിട്ടില്ല. പ്ലീസ് കൺക്ലൂഡ്.........

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ അഴിമതിയെക്കുറിച്ചും രാഷ്ട്രീയ പരിശുദ്ധിയെക്കുറിച്ചുമൊക്കെ സംസാരിക്കുന്ന ആളുകളെക്കുറിച്ചുള്ള (അരുൺകുമാറിനെക്കുറിച്ച്) റിപ്പോർട്ടാണ് ഇന്ന് പത്രത്തിൽ വന്നിട്ടുള്ളത്. ഏഴ് കോടി രൂപ കൈക്കൂലി വാങ്ങിയെന്നുള്ള ആരോപണവുമായി വിജിലൻസ് കേസ് നേരിടുകയാണ്. സർക്കാരിന്റെ സമ്മതമില്ലാതെ നിരവധി പ്രാവശ്യം വിദേശത്ത് പോയി എന്നുള്ളതിന്റെ പേരിൽ ആരോപണം ഉന്നയിക്കുകയാണ്. ഇത്തരം ആളുകൾ എവിടെ? ദേശീയ ചാരിത്ര്യം പ്രസംഗിക്കുന്നതുപോലെ വലിയ ബഡായി ഒന്നും പറഞ്ഞ് ഈ രാജ്യത്തെ ജനങ്ങളെ വഞ്ചിക്കാൻ

നോക്കണ്ടെന്നുമാത്രമെ ഞങ്ങൾ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ട് വ്യക്തമായ ദിശാബോധത്തോടുകൂടി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റും അതിനെ നയിക്കുന്നതും കേരളത്തിന്റെയും ദേശീയവും അന്തർദ്ദേശീയവുമായ അംഗീകാരം നേടിയ ബഹുമാന്യനായ മുഖ്യമന്ത്രിയും ആ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ടീം സ്പിരിറ്റോടുകൂടി ഒറ്റക്കെട്ടായി അടിസ്ഥാന വർഗ്ഗത്തിന്റെ മോചനത്തിനുവേണ്ടിയുള്ള കഠിനാധ്വാനത്തോടുകൂടി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനെ ഒരിക്കൽക്കൂടി സഹർഷം പിന്താങ്ങുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ശ്രീ. ബെന്നി ബെഹനാൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗങ്ങൾ കേവലം പൊള്ളയായ പ്രഖ്യാപന ങ്ങളാണെന്ന് ഈ ഗവൺമെന്റിന്റെ കഴിഞ്ഞ കാലത്തെ നയപ്രഖ്യാപന പ്രസംഗങ്ങൾ ഉടനീളം ശ്രദ്ധിച്ചാൽ മനസ്സിലാകുന്ന കാര്യമാണ്. ഒരു നയപ്രഖ്യാപന പ്രസംഗം കഴിഞ്ഞ് അടുത്ത നയപ്രഖ്യാപന പ്രസംഗ മാകുമ്പോൾ പഴയത് ആവർത്തിക്കുന്ന സ്ഥിതിയാണ് പലപ്പോഴുമുള്ളത് എന്നതാണ് ഇത് പരിശോധിച്ചാൽ കാണുന്നത്. എന്നാൽ ചില കാര്യങ്ങളിൽ പഴയ പ്രഖ്യാപനങ്ങൾ മാറുകയും ചെയ്യുന്നു. അത്തരം കാര്യങ്ങളൊന്നും പുറത്തറിയാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുമുണ്ട്. ഇവിടെ ഇന്നലെയും ഇന്നുമായി നടക്കുന്ന ചർച്ചയിൽ പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത് രാഷ്ട്രീയമാണ്? നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട വിഷയങ്ങളിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഒരൊറ്റ വാചകം കൂടി സൂചിപ്പിക്കാൻ ഞാൻ

ആഗ്രഹിക്കുന്നു. നേരത്തെ ഇവിടെ വലിയ വാദപ്രതിവാദം നടത്തുന്നതു പോലെ നടത്തിയ പ്രസംഗങ്ങളിൽ പ്രത്യേകിച്ച് ഭരണപക്ഷത്തുനിന്ന് ചൂണ്ടിക്കാണിച്ച കാര്യം ഇടതുപക്ഷത്തിന്റെ കഥ കഴിയുന്നു എന്ന രീതിയിൽ അവർ സന്തോഷിക്കുന്ന കാര്യമാണ്. ഇടതുപക്ഷ പ്രസ്ഥാനം ഈ രാജ്യത്ത് എന്തെല്ലാം പ്രവൃത്തികൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും അതിന്റെ നേട്ടങ്ങൾ എന്തെല്ലാമായിരുന്നു എന്നും അറിയാവുന്നവർ തന്നെയാണ് ഇതെല്ലാം പറയുന്നത്. വിവിധ കാലഘട്ടങ്ങളിൽ കോൺഗ്രസ്സ് ഈ രാജ്യത്തിന്റെ തകർച്ചയെ നേരിട്ടപ്പോൾ അപകടകാരികളായ മറ്റ് ശക്തികൾ കടന്നുവരുന്നതിനെ പ്രതിരോധിക്കാൻ ഇടതുപക്ഷം സ്വീകരിച്ച നടപടികളെല്ലാം നേരത്തെ ഇവിടെ ചൂണ്ടിക്കാണി ക്കപ്പെട്ടതാണ്. ഞാൻ അത് ആവർത്തിക്കുന്നില്ല. ഇനി വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള പ്രഖ്യാപനങ്ങൾ നടത്തുമ്പോഴാണ് ഇടതുപക്ഷ ത്തിന്റെ സ്ഥിതി ദയനീയമാകുമെന്ന് പറയുന്നത്. ഇന്നുള്ളതിനേക്കാൾ മെച്ചപ്പെട്ട അവസ്ഥയിൽ ഇന്ത്യയിലെ ഇടതുപക്ഷ കക്ഷികളുടെ പ്രാതിനിധ്യം പാർലമെന്റിലുണ്ടാകുമെന്നത് ഉറപ്പാണ്. മറ്റൊരുകാര്യം ഇവിടെ ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുന്നത്, കോൺഗ്രസ്സിന് 100 സീറ്റ് തികയാത്ത സാഹചര്യമാണ് ഇന്ന് രാജ്യത്ത് നിലവിലുള്ള സ്ഥിതി തെളിയിക്കുന്നത്. മറിച്ച് അപ്പുറത്ത് നിൽക്കുന്ന ബി.ജെ.പി.യാണെങ്കിൽ എല്ലാത്തരത്തിലുമുള്ള ഒരുക്കങ്ങൾ നടത്തി അധികാരത്തിൽ വരാൻ ശ്രമിക്കുമ്പോഴും ഒരു കാര്യം ഉറപ്പാണ്; ആ കക്ഷിക്കും ഈ രാജ്യത്ത് അധികാരത്തിൽ വരാനുള്ള സാധ്യതയേയില്ല. രണ്ട് കക്ഷികളും അതായത് പ്രബല കക്ഷികളെന്ന് പറയുന്ന കോൺഗ്രസ്സും ബി.ജെ.പി.യും ഉൾപ്പെടെയുള്ള കക്ഷികൾക്കെല്ലാം

ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ 16–ാമത് ലോകസഭയിൽ കേവല ഭൂരിപക്ഷത്തിനടുത്ത് എത്തുകയില്ല എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ഇവർ രണ്ടുമല്ലാത്ത കക്ഷികളെല്ലാം കൂടിചേർന്നവർക്കായിരിക്കും ഇന്ത്യയിലെ 545 അംഗ പാർലമെന്റിൽ കൂടുതൽ സീറ്റുകൾ എന്നുമാത്രമെ ഈ സന്ദർഭത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ആ രണ്ട് കക്ഷികൾക്കുംകൂടി ഒന്നിച്ച് ചേർന്നാലും ഭരിക്കാൻ കഴിയാത്ത അവസ്ഥ ഇന്ത്യയിൽ വരാൻ പോകുന്നു എന്നതാണ് വസ്തുതാപരമായി ഇപ്പോൾ നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ തെളിയിക്കുന്നത്. ഞാൻ കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. ദേശീയ തലത്തിൽ അംഗീകരിക്കുന്ന ഗവൺമെന്റിന്റെ നയങ്ങളുമായി ബന്ധപ്പെട്ട നയമാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത് എന്നതുകൊണ്ടുതന്നെ കോൺഗ്രസ്സ് **ഇതപര്യന്തം** തുടർന്നുവന്നിട്ടുള്ള പ്രഖ്യാപനങ്ങളിൽ നിന്ന് ഒളിച്ചോടുന്ന നിലപാടുകൊണ്ട് അവിടെയും ഇവിടെയും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതെപോകുന്നു എന്നതാണ് വസ്തുത. കോൺഗ്രസ്സ് എന്തേ തോൽക്കാൻ കാര്യം എന്നുചോദിച്ചാൽ കോൺഗ്രസ്സ് കഴിഞ്ഞ 5 വർഷ ക്കാലം നടത്തിയ ഭരണത്തിലെ വൈകല്യങ്ങളാണ് ദയനീയമായി പരാജയപ്പെടുത്തുക എന്നതാണ് അതിന്റെ ചുരുക്കം. ഞാൻ അതിന്റേയും വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എനിക്ക് വളരെ ചുരുങ്ങിയ സമയമേയുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ കഴിഞ്ഞ രണ്ടരവർഷം പിന്നിട്ടപ്പോൾ കേരളത്തിലെ ഗവൺമെന്റ് നടത്തിയ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. ഒരു കാര്യമേ ഞാൻ സൂചിപ്പിക്കുന്നുള്ളൂ. 2001–2006–ൽ ജിമ്മിനെക്കുറിച്ചും കഴിഞ്ഞ തവണ എമർജിംഗ്

കേരളയെക്കുറിച്ചുമാണ് പറഞ്ഞത്. ഇപ്പോൾ ആ കാര്യങ്ങളൊന്നും പറയുന്നില്ല. എമർജിംഗ് കേരളയിൽ ഒരുപാട് കമ്പനികൾ വരികയാണെന്നും ഇവിടെ മുതൽമുടക്കുകയാണെന്നും വലിയ വ്യവസായ സംരംഭങ്ങൾ ഉണ്ടാകുമെന്നും പറഞ്ഞത് എവിടെ എത്തി എന്നതിനെക്കുറിച്ച് ഇപ്പോൾ ഒരു സൂചനയുമില്ല. ഇപ്പോൾ ആവർത്തിച്ച് പറഞ്ഞിരിക്കുന്നത് ഇവിടെ കച്ചവട സാദ്ധ്യതയെക്കുറിച്ച് ആലോചിക്കാൻ വേണ്ടി 'ബിസിനസ് ടു ബിസിനസ് മീറ്റ് അറ്റ് കൊച്ചിൻ' എന്ന രീതിയിൽ ഒരു പുതിയ സംരംഭം ഇവിടെ നടത്താൻ പോകുന്നു എന്നാണ്. എന്നുപറഞ്ഞാൽ അവസരം കിട്ടുമ്പോഴെല്ലാം വമ്പൻമാരെ വിളിച്ചിരുത്തുകയും സദ്യ നടത്തുകയും കൂട്ടത്തിൽ തങ്ങൾക്ക് നേടാൻ കഴിയുന്നത് നേടുകയും ചെയ്യുകയെന്ന ലക്ഷ്യത്തിൽ ഓരോ വർഷവും ഓരോ വലിയ മീറ്റ് സംഘടിപ്പിച്ച് കോടികൾ തുലയ്ക്കാനുള്ള പരിപാടിയാണ് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നതെന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്.

കഴിഞ്ഞ 30 മാസത്തിനിടയിൽ ക്ഷേമപദ്ധതികൾക്കായി മൂന്നിരട്ടിയിലധികം തുക വർദ്ധിപ്പിച്ചുവെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ യാണെങ്കിൽ ഇതിലൂടെ സംസ്ഥാന ഗവൺമെന്റിന്റെ കടബാദ്ധ്യത എത്ര വർദ്ധിച്ചുവെന്ന് ചൂണ്ടിക്കാണിക്കാനുള്ള ബാദ്ധ്യതകൂടി ഈ ഗവൺമെന്റിനു ണ്ട്. പുതിയ ധനാഗമ മാർഗ്ഗങ്ങൾ എന്തെങ്കിലും ഈ ഗവൺമെന്റ് സ്വീകരിച്ചി ട്ടുണ്ടോ; ഉണ്ടായിട്ടുണ്ടെങ്കിൽ അത് എന്തൊക്കെയായിരുന്നുവെന്നതുകൂടി സൂചിപ്പിക്കേണ്ടതായിരുന്നു. ഇവിടത്തെ വിലക്കയറ്റത്തിന്റെ കാര്യം എല്ലാ വർക്കുമറിയാവുന്നതാണ്. പൊതുവിതരണ സംവിധാനം താറുമാറായി കിട

ക്കുകയാണെന്ന വസ്തുത കേരളീയ സമൂഹത്തിന് നന്നായി ബോദ്ധ്യപ്പെട്ടിട്ടു ള്ളതാണ്. നേരത്തെ നിശ്ചിതവിലയ്ക്ക് പതിമൂന്നിന സാധനങ്ങൾ ലഭ്യമാക്കി ക്കൊണ്ടിരുന്ന മാവേലി സ്റ്റോറുകളുടെ ഇന്നത്തെ സ്ഥിതിയെന്താണ്? ഇവിടെ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിനെക്കുറിച്ച് പറഞ്ഞു. സഞ്ചരിക്കുന്ന മാവേ ലിയും ഇരിക്കുന്ന മാവേലിയുമൊന്നും ഇപ്പോൾ കണ്ണുതുറക്കുന്നില്ലെന്ന അവ സ്ഥയിലാണുള്ളത്. ഒരുദിവസം സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിച്ചു വെങ്കിൽ തൊട്ടടുത്ത ദിവസം അത് അവസാനിച്ചതായിട്ടാണ് കാണാൻ കഴി ഞ്ഞത്. വിലവർദ്ധനവിനെതിരായി ഈ ഗവൺമെന്റ് പൊതുമാർക്കറ്റിൽ ഇട പെടാത്തൊരു നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മാർക്കറ്റിലുള്ളതി നേക്കാൾ 20 ശതമാനം വിലകുറച്ച് മാവേലി സ്റ്റോറുകളിൽ സാധനങ്ങൾ ലഭ്യ മാക്കുമെന്ന് സംസ്ഥാന പൊതുവിതരണ വകപ്പുമന്ത്രി പറഞ്ഞതിന്റെ അർത്ഥം മാർക്കറ്റിൽ ക്രമാതീതമായ വിലവർദ്ധനവ് ഉണ്ടായാലും കുഴപ്പമില്ല അതിനേ ക്കാൾ 20 ശതമാനം കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ നൽകുമെന്നാണ്. സാധാരണഗതിയിൽ മാർക്കറ്റ് ഇന്റർവെൻഷനാണ് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടത്. എന്നാൽ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അത്തര ത്തിൽ യാതൊരു നിലപാടും ഉണ്ടായിട്ടില്ലെന്നാണ് ഇതിൽനിന്നെല്ലാം മനസ്സി ലാകുന്നത്. ഭൂരഹിതരില്ലാത്ത കേരളമെന്ന വാഗ്ദാനം നടപ്പിലാക്കാൻ പോകു ന്നുവെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിക്കുകയുണ്ടായി. അതിനെസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നില്ല. ഭൂരഹിതരില്ലാത്ത കേരള ത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഒരുകാര്യം ആലോചി ക്കേണ്ടതുണ്ട്. കാസർഗോഡ് ജില്ലയിൽ മുപ്പതിനായിരത്തി തൊള്ളായിരം പേർക്ക് ഭൂമി നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ സന്ദർഭത്തിൽ ഒരു

കാര്യം ചൂണ്ടിക്കാണിക്കേണ്ടത്, കേരളത്തിൽ രണ്ട് ലക്ഷത്തിൽപ്പരം പേർ ഭൂരഹിതരായ ആളുകൾ ഉണ്ടെന്നുപറയുമ്പോൾ അതിൽ മുപ്പതിനായിരത്തി തൊള്ളായിരം പേർ കാസർഗോഡ് ജില്ലയിലാണ്. അവിടെ ഡി.സി. ലാന്റും, പി.പി. ലാന്റും, സർപ്ലസ് ലാന്റും എ.ഡബ്ല്യു. ലാന്റുമെല്ലാം ഇതിനുവേണ്ടി പതിച്ചുകൊടുക്കുവാനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുന്നു. നില വിലുള്ള ഭൂപരിഷ്കരണ നിയമമനുസരിച്ച് മിച്ചഭൂമി ഇത്തരത്തിൽ വിതരണം ചെയ്യാൻ യാതൊരു വ്യവസ്ഥയുമില്ല. അത് വിതരണം ചെയ്യണമെങ്കിൽ സാധാരണ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ ആ നടപടി ക്രമങ്ങളൊന്നും സ്വീകരിക്കാതെ ഭൂമി അനുവദിച്ചുകൊടുക്കന്നതിനുള്ള നീക്ക മാണ് നടക്കുന്നത്. അതിന് നോട്ടിഫിക്കേഷൻ വേണം, പ്രത്യേകമായി അപേക്ഷ ക്ഷണിച്ച് അതിന്റെ അടിസ്ഥാനത്തിൽ കളക്ടറുടെ നേതൃത്വത്തിൽ മാത്രമേ ഭൂമി വിതരണത്തിനുള്ള സംവിധാനമുണ്ടാക്കുവാൻ പാടുള്ളൂ. എന്നാൽ ഭൂരഹിതരില്ലാത്ത കേരളമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ ഈ കേരളത്തിലെ എറണാകുളം മുതൽ വടക്കോട്ടുള്ള കണ്ണൂർ ഒഴികെയുള്ള ആറ് ജില്ലകളിലുള്ള മുഴുവൻ ആളുകൾക്കും കാസർഗോഡ് ജില്ലയിൽ ഭൂമി കൊടു ക്കാൻ തീരുമാനിക്കുമ്പോൾ നേരത്തെ പറഞ്ഞതുപോലെ പ്രഖ്യാപനങ്ങൾ മറ ക്കുന്നൊരു ഗവൺമെന്റാണിതെന്ന കാര്യത്തിൽ സംശയമില്ല. ഡോ. പ്രഭാ കരൻ കമ്മീഷൻ റിപ്പോർട്ട് എന്നൊരു റിപ്പോർട്ട് ഈ ഗവൺമെന്റിന്റെ പരിഗ ണനയിലുണ്ട്. കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള പഴയ ചീഫ് സെക്രട്ടറി ഡോ. പ്രഭാകരനെ കമ്മീഷനായി നിയോഗിച്ച് ഒരു ബൃഹത് പദ്ധതി ഈ ഗവൺമെന്റ് മുന്നോട്ടുവച്ചു. 11,123 കോടി രൂപയുടെ പദ്ധതിക്കായി ഈ സർക്കാർ തുക നീക്കി വച്ചിട്ടില്ല. കേട്ടാൽ അത്ഭുതം

തോന്നും 25 കോടി രൂപ മാത്രമാണ് കഴിഞ്ഞ ബഡ്ജറ്റിൽ ഇതിനായി നീക്കിവച്ചിട്ടുള്ളത്. ആ സമഗ്ര വികസനത്തെക്കുറിച്ച് റിപ്പോർട്ട് നൽകിയ പ്രഭാകരൻ കമ്മീഷൻ പറഞ്ഞത്, കാസർഗോഡ് ജില്ലയുടെ വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഘടകം ഇവിടെ ആവശ്യത്തിന് ഭൂമി ലഭ്യമാകുമെന്നുള്ളതാണ്. ഇപ്പോൾ ആ ഭൂമി പലവിധത്തിൽ വീതിക്കാൻ തീരുമാനിക്കുമ്പോൾ ഭൂരഹിതർക്ക് ഭൂമി കൊടുക്കേണ്ടതില്ലെന്നല്ല, ആറുജില്ലയിലെ ആളുകൾക്ക് ഭൂമി കൊടുക്കുവാനുള്ള കേന്ദ്രീകരണം നടത്തുമ്പോൾ ഒരു വില്ലേജിൽ പതിനായിരത്തിൽപ്പരം പേർക്ക് ഭൂമി കൊടുക്കാനുള്ള നടപട കൂടി സ്വീകരിച്ചിരിക്കുന്ന ഘട്ടത്തിൽ അതുണ്ടാക്കുന്ന ഏറ്റവും അപകടകരമായ അവസ്ഥ ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിയും അവിടത്തെ ഭൂമിയുടെ വരുംനാളുകളിലെ വികസനത്തിന് തടസ്സം നിൽക്കുന്ന ഒരവസ്ഥയെ പ്രതിരോധിക്കുകയെന്ന ലക്ഷ്യത്തോടും കൂടിയാണ് ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നത്. അവിടെ മുഴുവൻ ആളുകൾക്കും ഭൂമികൊടുക്കാൻ തീരുമാനിച്ചുകഴിഞ്ഞാൽ പിന്നെ അവിടെ ഭൂമി അവശേഷിക്കാത്ത ദുഃസ്ഥിതിയുണ്ടാകുമെന്നുകൂടി ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടതാണ് മറ്റൊരു വിഷയം. യൂറോപ്യൻ രാജ്യങ്ങളിലേതുപോലെ സൗകര്യങ്ങളും സാഹചര്യവുമുള്ള കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നത് മനസ്സിലാക്കാം. കേരളം പോലുള്ള സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണാവകാശം അനുവദിച്ചുകൊടുത്താൽ പ്രത്യേകിച്ച് 13 കോളേജുകളിൽ 11 സ്വകാര്യ കോളേജുകൾ കൂടിയാകുമ്പോൾ അതിന്റെ സ്ഥിതിയെന്തായിരിക്കും? കരിക്കുലം തീരുമാനിക്കാനും പരീക്ഷ നടത്താനും ജയാപചയങ്ങൾ നിർണ്ണയിക്കാനുമുള്ള അവകാശം ഇത്തരം സ്വയംഭരണ

കോളേജുകളുടെ കൈകളിൽ ലഭ്യമായാൽ അതുണ്ടാക്കുന്ന പ്രത്യാഘാതം വളരെ വലുതായിരിക്കുമെന്നും തീർച്ചയായും അത് കേരളത്തിലെ വിദ്യാഭ്യാസ കച്ചവടക്കാരുടെ താൽപ്പര്യം സംരക്ഷിക്കാൻ മാത്രമേ സഹായകരമാകൂവെന്നുള്ളതും ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട വിഷയം എന്താണെന്നുവച്ചാൽ വിദ്യാഭ്യാസ രംഗത്തെപ്പറ്റിതന്നെയാണ്. ഗോത്രസാരഥിയെന്ന പേരിൽ ഈ ഗവൺമെന്റ് ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെത്താൻ ആവശ്യമായ യാത്രാസൗകര്യം ഒരുക്കുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കുമെന്ന് പറഞ്ഞു. അതിനായി കേരളത്തിൽ ആകെ നീക്കിവച്ചത് മൂന്ന് കോടി രൂപ മാത്രമായിരുന്നു. എത്ര രൂപ ചെലവായിയെന്ന് കൃത്യമായി ഇപ്പോഴും അറിയില്ല. എന്റെ നിയോജക മണ്ഡലത്തിലുൾപ്പെടെ ആവശ്യമായ വിദ്യാലയങ്ങൾക്ക് ഈ സൗകര്യം ലഭ്യാമക്കാൻ കഴിയാതെ പോയിട്ടുണ്ടെന്നുള്ള വസ്തുത മനസ്സിലാക്കേണ്ടതാണ്. ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെത്താൻ പോലും കഴിയാത്ത അവസ്ഥ ഇത്ര ദയനീയമായി നിലനിൽക്കുമ്പോൾ വിദ്യാഭ്യാസത്തെക്കുറിച്ച് പറയുന്നത് സ്വയംഭരണത്തെക്കുറിച്ച് മാത്രമാണ്, അല്ലെങ്കിൽ ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് മാത്രമാണെന്നുള്ള സ്ഥിതി വരുന്നത് അത്യന്തം ഖേദകരമായ കാര്യമാണ്. മറ്റൊരു കാര്യം എല്ലാ മേഖലകളേയും സ്പർശിക്കുന്ന സകല മനുഷ്യരുടെയും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന ഗവൺമെന്റാണെന്ന് അവകാശപ്പെടുന്നവർ ഒരുകാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഇവിടെ ഏകാദ്ധ്യാപക വിദ്യാലയങ്ങളുണ്ട്. വിദ്യാഭ്യാസ സൗകര്യമില്ലാത്ത മേഖലകളിൽ വിദ്യാഭ്യാസം നൽകുന്നതിനായി വനാന്തരങ്ങളിൽ

പോയി വളരെ പ്രയാസപ്പെട്ട് വിദ്യാഭ്യാസ സൗകര്യമൊരുക്കിയ ഏതാണ്ട് 379 ഓളം ഇൻസ്ട്രക്ടർമാർക്ക് കേവലം 3000 രൂപ മാത്രമാണ് നൽകിക്കൊണ്ടിരിക്കുന്നത്. അതിനുപകരം അവർക്ക് ആശ്വാസകരമായ വേതനം നൽകാനും വരാനിരിക്കുന്ന നാളുകളിൽ ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുമ്പോൾ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലനിർത്താനുമുള്ള നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ; അതിനായി എന്ത് ചെയ്യുമെന്നതിനെക്കുറിച്ചുകൂടി അറിയാൻ കേരളീയ സമൂഹത്തിന് താൽപ്പര്യമുണ്ടെന്നുകൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഒരു കാര്യം കൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്. ജി.കെ.എസ്.എഫ്. എന്ന പേരിൽ നടത്താൻ പോകുന്ന ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പേരിൽ ഉയർന്നുവന്നിരിക്കുന്ന ആക്ഷേപങ്ങളാണ്. ബഹുമാന്യനായ കേരള മുഖ്യമന്ത്രിയുടെയും ടൂറിസം വകുപ്പുമന്ത്രിയുടെയും ഫോട്ടോ പതിപ്പിച്ച് ഇറക്കിയിരിക്കുന്ന പരസ്യത്തിൽ കോടിക്കണക്കിന് രൂപ സമ്മാനമായി ലഭിക്കാൻ പോകുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ അതിന്റെ പിന്നിൽ വ്യാപാരി-വ്യവസായി സമൂഹവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ എം.ഒ.യു. ന്റെ അടിസ്ഥാനത്തിൽ ഡിസംബർ 29-ന് നടത്തിയ ആദ്യത്തെ നറുക്കെടുപ്പിൽ ലഭിച്ച 298 പവൻ സ്വർണ്ണം ഉപഭോക്താക്കളുടെ കൈകളിലെത്തിയിട്ടില്ല. ഇതൊന്നും ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ല. വ്യവസായികളുടെ കൈകളിലാണിരിക്കുന്നത്. ഇതൊക്കെ ആർക്ക് ലഭിച്ചുവെന്നും എവിടെയെത്തിയെന്നുമെന്നതിനെപ്പറ്റി ആർക്കെങ്കിലും അറിയാമോ; ഗവൺമെന്റ് അറിഞ്ഞുകൊണ്ടാണോ അല്ലെങ്കിൽ അറിഞ്ഞിട്ടും അറിഞ്ഞില്ലെന്ന് നടിക്കുകയാണോ എന്നുള്ള വസ്തുത കൂടി പരിശോധിക്കണം. ഇത്തരം സാമ്പത്തിക

ക്രമക്കേടുകളും തട്ടിപ്പുകളും നടത്തുന്നവർക്ക് അനുകൂലമായ നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നതെന്നതുകൊണ്ടുതന്നെ ഈ നന്ദിപ്രമേയത്തെ ശക്തിയായി ഞാൻ എതിർക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രിയപ്പെട്ട ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. മുന്തിയ പുരോഗതി നേടിയ നോർഡിക് രാജ്യങ്ങളുടെ നിലവാരത്തിലേക്ക് കേരളത്തെ എത്തിക്കുകയെന്നുള്ള ഉദ്ദേശ്യം മനസ്സിൽവച്ചുകൊണ്ട് അതിശക്തമായ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളൊരു ഗവൺമെന്റാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ്. ഇവിടെ പറഞ്ഞ വികസനപ്രവർത്തനങ്ങളൊക്കെതന്നെ ചടുലതയോടുകൂടി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കൊച്ചി മെട്രോ, മോണോറെയിൽ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം പദ്ധതി, സ്മാർട്ട് സിറ്റി, ഭൂരഹിതർക്ക് ഭൂമി നൽകൽ, പി.ഡബ്ല്യു.ഡി. റോഡുകൾ മെച്ചപ്പെടുത്തൽ, 86,000 പേർക്ക് പുതുതായി ജോലി നൽകൽ, വികലാംഗർക്ക് സ്ഥിര നിയമനം നൽകൽ തുടങ്ങിയ നിരവധി കാര്യങ്ങളിൽ നേട്ടമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. മലയാളത്തിന് ശ്രേഷ്ഠപദവി നൽകിയതുൾപ്പെടെയുള്ള കാര്യങ്ങൾ നമ്മുടെ മുമ്പിലുണ്ട്. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് സമ്പൂർണ്ണമായി തള്ളിക്കളയണമെന്നും കസ്തൂരിരംഗൻ റിപ്പോർട്ടിലുള്ള ജനവിരുദ്ധമായിട്ടുള്ള, കൃഷിഭൂമി വിരുദ്ധമായിട്ടുള്ള കാര്യങ്ങൾ നീക്കിക്കൊണ്ട് സർവ്വത്ര ആശങ്കകളും ഉത്കണ്ഠകളും നീക്കം ചെയ്തുകൊണ്ടുള്ള രീതിയിൽ ഭേദഗതി വരുത്തണമെന്ന ആവശ്യം ഈ ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. ഇന്നലെ സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധി

കേരളത്തെ സംബന്ധിച്ചിടത്തോളം ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. ഇതിനായി ഒരു അതോറിറ്റി രൂപീകരിക്കുകയും അധികാരം കൊടുക്കുകയും ചെയ്യുന്ന നിലയിലേക്ക് പോകുന്ന സാഹചര്യം ഈ മേഖലയിലുള്ള ആളുകൾക്ക് ഉത്കണ്ഠ ഉണ്ടാക്കിയിട്ടുണ്ട്. അത് പരിഹരിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ ശക്തമായ നിലയിലുള്ള സമ്മർദ്ദം ചെലുത്തുവാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരേണ്ടതായിട്ടുണ്ട്.

കേരളത്തെ സംബന്ധിച്ചിടത്തോളം കേരളം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ ജനകീയ യജ്ഞമാണ് ജനസമ്പർക്ക പരിപാടി. അതേസമയം ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി; അതായത് നാളിതുവരെ പരിഹരിക്കപ്പെടാത്ത നിരവധിയായ ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടിയും അതോടൊപ്പംതന്നെ കഷ്ടതയനുഭവിക്കുന്ന രോഗികൾക്ക്, നിരാലംബർക്ക് ഒരു സഹായമെത്തിച്ചു കൊടുക്കുന്നതിനുവേണ്ടിയും ബഹുമാന്യനായ കേരളത്തിലെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ജനസമ്പർക്ക പരിപാടി, അത് കേരളം മാത്രമല്ല, ഇൻഡ്യ മാത്രമല്ല, ലോകരാജ്യങ്ങൾപോലും ശ്രദ്ധിക്കുകയും ഐക്യരാഷ്ട്രസഭ പോലും നമ്മുടെ മുഖ്യമന്ത്രിയെ പുരസ്ക്കാരം നൽകി ആദരിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഈ നടപടിയെ സംബന്ധിച്ചിടത്തോളം ഹൈക്കോടതിപോലും അത് ശരിവയ്ക്കുന്ന ഒരു സാഹചര്യം നമുക്ക് കാണാൻ കഴിയുകയാണ്. ജനസമ്പർക്ക പരിപാടിയിൽ എത്തിച്ചേരുന്ന ജനങ്ങൾക്ക് മാത്രമാണ് മുഖ്യമന്ത്രിയുടെ അടുക്കൽനിന്നുള്ള ആശ്വാസം അല്ലെങ്കിൽ ആവശ്യമായ ഉത്തരവ് ലഭിക്കുന്നതെന്നും അവിടെ എത്തിച്ചേരാത്ത പതിനായിരക്കണക്കിന് ആളുകൾ നമ്മുടെ കേരളത്തിലുണ്ട്, അവർക്കൊന്നും

ആ നിലയിലുള്ള ആശ്വാസം ലഭിക്കുന്നില്ല എന്നുള്ള ഒരു പരാതി ഉയർന്നുവന്നിട്ടുണ്ട്. അവിടെ വന്ന ആളുകളുടെ, രോഗികളുടെ, നിരാലംബരുടെ, നിയമപരമായി കാര്യങ്ങൾ സാധിച്ചുകിട്ടേണ്ട ആളുകൾക്ക് സഹായം കിട്ടാതെ വന്ന സന്ദർഭത്തിൽ അവരിൽ നിന്നും ഉൾക്കൊണ്ട പാഠം, അവരിൽ നിന്ന് മനസ്സിലാക്കാൻ പറ്റിയ കാര്യങ്ങൾ എന്തെല്ലാം തരത്തിലുള്ള തടസ്സങ്ങൾ നിയമപരമായിട്ടും സാങ്കേതികമായിട്ടും ഉണ്ടായതുകൊണ്ടാണ് ഇത് പരിഹരിച്ചുകൊടുക്കാൻ സാധിക്കാത്തത് എന്നെല്ലാം മനസ്സിലാക്കിക്കൊണ്ട് മുഖ്യമന്ത്രി ആ തടസ്സങ്ങളൊക്കെ നീക്കുന്നതിനുവേണ്ടി നിലവിലുള്ള നിയമത്തിന്റെ കുരുക്കുകൾ അഴിക്കുന്നതിനുവേണ്ടിയാണ് 45 ഗവൺമെന്റ് ഉത്തരവുകൾ ഉണ്ടാക്കിയിട്ടുള്ളത്. അതുവഴി എല്ലാ ആളുകൾക്കും അവിടെ എത്താത്ത ആളുകൾക്കുപോലും വലിയ ഒരു ആശ്വാസമാണ് ഈ ജനസമ്പർക്ക പരിപാടിയിലൂടെ കിട്ടിയിട്ടുള്ളത് എന്നുള്ളത് യാഥാർത്ഥ്യമാണ്. രണ്ടാമത്തെ ജനസമ്പർക്ക പരിപാടിയിൽ ജനങ്ങൾ എത്താതിരിക്കുന്നതിനുവേണ്ടി എൽ.ഡി.എഫ്. എല്ലാ സ്ഥലങ്ങളിലും ഉപരോധം സൃഷ്ടിക്കുകയുണ്ടായി. പക്ഷേ ആ ഉപരോധത്തെ മറികടന്നുകൊണ്ട് അവിടെ എത്തിയത് പതിനായിരക്കണക്കിന് ആളുകളാണ്. അവരുടെ ആ ആവശ്യത്തെ, ആഗ്രഹത്തെ ഒരുകാരണവശാലും തടഞ്ഞുനിറുത്തുവാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഉപരോധസമരത്തിന് കഴിഞ്ഞില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽപ്പെട്ട നിരവധി ആളുകൾ ജനസമ്പർക്ക പരിപാടിയിൽ എത്തി മുഖ്യമന്ത്രിയിൽ നിന്ന് സഹായം തേടിയിട്ടുള്ളത് നമുക്കെല്ലാവർക്കുമറിയാം. പത്രങ്ങളിലൊക്കെ വന്ന യാഥാർത്ഥ്യമായ ഒരു വാർത്തയുണ്ട്. നമ്മുടെയൊക്കെ പ്രിയപ്പെട്ട നിയമസഭാ സാമാജികൻ, സി.പി.എം.

–ന്റെ നേതാവായ ശ്രീ. ഇ.പി. ജയരാജന്റെ സഹോദരിയായ ശ്രീമതി ഇ.പി. ഓമന ജനസമ്പർക്ക പരിപാടി നടക്കുന്ന സ്ഥലത്ത് എത്തുകയുണ്ടായി. സി. പി.എം.–ന്റെ ചെറുകുന്ന് ലോക്കൽ സെക്രട്ടറിയുടെ ഭാര്യ ശ്രീമതി ടി.വി. ശോഭന, ജനാധിപത്യ മഹിളാ അസോസിയേഷന്റെ സംസ്ഥാന സമിതി അംഗം ശ്രീമതി വി.വി. പ്രീത എന്നിവർക്കൊപ്പമാണ് ഓമനയും അവിടെയെത്തിയത്. ഓമനയുടെ കൂടെയുണ്ടായിരുന്ന പ്രീത മുഖ്യമന്ത്രിയെ പോയി കണ്ടു. മുഖ്യമന്ത്രി സഹായം നൽകി. അതിലൊന്നും ഒരു തെറ്റും ഇല്ലെന്നു തന്നെയാണ് നമ്മുടെയൊക്കെ വ്യക്തിപരമായ അഭിപ്രായം. ശ്രീമതി ഇ.പി. ഓമന ജനസമ്പർക്ക പരിപാടിയിലേക്ക് പോയി മുഖ്യമന്ത്രിയെ കാണുന്നതിനുള്ള ശ്രമം നടത്തിയതിന് ഏതാനും മീറ്ററോളം അടുത്താണ് ഇടതുപക്ഷത്തിന്റെ ഉപരോധസമരം നടക്കുന്നത്. ആ ഉപരോധസമരത്തിൽ ശ്രീ. ഇ.പി. ജയരാജൻ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോഴാണ് ശ്രീമതി ഇ.പി. ഓമന മുഖ്യമന്ത്രിയിൽനിന്ന് ഇത്തരത്തിലുള്ള ആശ്വാസം തേടുന്ന ഒരു സാഹചര്യമുണ്ടായത്. അതിലൊന്നും തെറ്റില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവാണ് ഇ.പി. ജയരാജൻ, ആ കുടുംബം കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. എങ്കിലും അവരുടെ ഉള്ളിലുള്ള സാമൂഹിക പ്രതിബദ്ധതയാണ് ഞാൻ കാണുന്നത്. ഉപരോധസമരം നടത്തിയപ്പോഴും സാമൂഹിക പ്രതിബദ്ധത ഉയർത്തിപ്പിടിച്ചുകൊണ്ട് അവിടെ വരുവാനും മുഖ്യമന്ത്രിയെ കാണുവാനും സഹായം തേടുവാനും അത് വേണ്ടപ്പെട്ടവർക്ക് കൊടുക്കുവാനുമൊക്കെ കാണിച്ച ആ നല്ല മനസ്സിനെ ഞാൻ പ്രത്യേകമായി അംഗീകരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയ കാരുണ്യ ലോട്ടറി ലോകത്തിന് മാതൃകയായി നിൽക്കുകയാണ്. അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും നികുതിവെട്ടിപ്പിന്റെയുമൊക്കെ കേന്ദ്രമായിരുന്ന ലോട്ടറി വിഭാഗത്തെ...... കഴിഞ്ഞ

ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എല്ലാവർക്കുമറിയാം സാന്റിയാഗോ മാർട്ടിൻ ഉൾപ്പെടെയുള്ള ആളുകളുടെ എല്ലാത്തരത്തിലുമുള്ള അഴിഞ്ഞാട്ടം നടന്ന ഒരു മേഖല, സർവ്വ കോടതികളിലും കേസുണ്ടായിരുന്ന ആ ലോട്ടറി ഇന്ന് ഏറ്റവും നല്ല ജനകീയമായിട്ടുള്ള എല്ലാവർക്കും ഇഷ്ടമുള്ള ഒരു സംവിധാന മാക്കി ഈ ഗവൺമെന്റ് മാറ്റിയിരിക്കുകയാണ്. ബഹുമാന്യനായ കെ.എം. മാണി പരിണിതപ്രജ്ഞനാണ്. നിയമസഭയിലെ പന്ത്രണ്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനായി അദ്ദേഹം ഒരുങ്ങുകയാണ്. ഒരു റിക്കാർഡിട്ടുകൊണ്ടാണ് അദ്ദേഹം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ ഭാവനയിൽ വിരിഞ്ഞ കാരുണ്യ പദ്ധതിയിലൂടെ എത്രയോ ആളുകൾക്കാണ് സഹായം ലഭിച്ചുകൊണ്ടിരിക്കുന്നത്. ഒരു ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നയാൾ ആശുപത്രിയിൽ കിടക്കുന്ന ഏതെങ്കിലുമൊരു രോഗിയുടെ ചികിത്സയോട് ചേർന്നുനിന്നുകൊണ്ടുള്ള സാമൂഹ്യപ്രതിബദ്ധത പ്രകടിപ്പിക്കുകയാണ്. ഒരു ലോട്ടറി ഒരു ഭാഗ്യാന്വേഷണം എന്നതിനപ്പുറത്ത് ഒരു സാമൂഹ്യപ്രതിബദ്ധത യുടെ ഒരു ഭാഗമാക്കിമാറ്റുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുകയാണ്. ഒരു കുടുംബത്തിന് 2 ലക്ഷം രൂപ വരെ ചികിത്സാ സഹായം കിട്ടുന്ന ഒരു പദ്ധതിയാണിത്. ഇത് കേരള ചരിത്രത്തിലെ ഏറ്റവും ജീവസ്പർശിയായി ട്ടുള്ള ഒരു വലിയ നേട്ടമാണ്. ക്യാൻസർ സംബന്ധമായ രോഗമുള്ളവർ, വൃക്ക, ഹൃദയ സംബന്ധമായ രോഗമുള്ള ആളുകൾ, തലച്ചോറിന്റെയും കര ളിന്റെയും ശസ്ത്രക്രിയ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല് സംബന്ധമായ രോഗങ്ങൾ ഇതുപോലെയുള്ള നിരവധി യായ രോഗങ്ങൾക്ക് ഈ കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്ന് രൂപ കിട്ടുന്ന ഒരു സാഹചര്യമാണുള്ളത്. അവയവദാനവും നമ്മൾ പ്രോത്സാഹിപ്പിച്ചുകൊ

ണ്ടിരിക്കുന്ന ഒന്നാണ്. അവയവദാനം നടത്തുന്ന വ്യക്തിക്കുണ്ടാകുന്ന ചികിത്സയ്ക്കുവേണ്ടി 1 ലക്ഷം രൂപയും അവയവം സ്വീകരിക്കുന്ന വ്യക്തിക്കുവേണ്ടി 2 ലക്ഷം രൂപയും ഈ ബെനവലന്റ് ഫണ്ടിൽനിന്ന് ലഭിക്കുന്നു. മെഡിക്കൽ കോളേജുകളിൽ സൗജന്യ ഡയാലിസിസ് നടത്തുന്ന സാഹചര്യങ്ങളും ജില്ലാ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് നടത്തുന്ന സാഹചര്യങ്ങളും ഈ പദ്ധതിയിലുണ്ട്. ഇപ്പോൾ 56 സ്വകാര്യ ആശുപത്രികളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കുന്ന ഒരു സാഹചര്യംകൂടി വന്നിരിക്കുന്നു. നേർച്ചപ്പണം ഇടുന്നതുപോലെ മലയാളികൾ അവരുടെ വരുമാനത്തിന്റെ ഒരു ഭാഗം സൂക്ഷിച്ചുവച്ച് കാരുണ്യ ലോട്ടറി എടുക്കുമെന്നാണ് കഴിഞ്ഞ വർഷം ഫെബ്രുവരി മാസം ഇൻഡ്യയുടെ പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ.കെ. ആന്റണി പറഞ്ഞത്. അത്രമാത്രം ഇതിന് സഹായം ലഭിച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിൽ രോഗങ്ങൾ ഒരുപാട് വർദ്ധിച്ചുവരികയാണ്. ഈ മഹാരോഗങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി പടവെട്ടുകയാണ് സാധാരണക്കാരായ പാവപ്പെട്ട രോഗികൾ. വലിയ നിലയിലുള്ള ആശുപത്രികളിൽ ചികിത്സ വേണ്ടിവരുന്നു. പക്ഷേ അത് കഴിയുന്നില്ല. അങ്ങനെ പാവപ്പെട്ട ആളുകൾക്ക് വലിയ പണം മുടക്കി ചികിത്സ നേടാൻ സാധിക്കാത്ത സാഹചര്യത്തിൽ, ധനവാന്മാർക്ക് മാത്രം പ്രാപ്യമായിരുന്ന ചികിത്സാസൗകര്യത്തെ കുടിലുകളിലേക്ക് എത്തിച്ചുകൊടുത്തിട്ടുള്ള ഏറ്റവും വലിയ ഒരു ജീവകാരുണ്യപ്രവൃത്തിയാണ് ഈ കാരുണ്യ ലോട്ടറിയെന്നുള്ളത് നമുക്കെല്ലാമറിയാം. വെറും 22 മാസം കൊണ്ട് 27275 രോഗികൾക്കായി 286 കോടി രൂപ നൽകിയ ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഇക്കാര്യത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രിയേയും ധനകാര്യ വകുപ്പുമന്ത്രിയേയും ഈ ഗവൺമെന്റിനേയും എത്ര

പ്രശംസിച്ചാലും മതിവരില്ല. മംഗല്യ ലോട്ടറിയെക്കുറിച്ച് നമുക്കെല്ലാമറിയാം. പാവപ്പെട്ട കുടുംബങ്ങളിൽ ദാരിദ്ര്യം അനുഭവിക്കുന്ന സഹോദരിമാർ, വിവാഹം കഴിച്ച് അയയ്ക്കാത്തതുമൂലം ആ കുടുംബം അനുഭവിക്കുന്ന വേദന, അവരെ സഹായിക്കുന്നതിനുവേണ്ടി മംഗല്യ ലോട്ടറിക്ക് രൂപം കൊടുത്തിരിക്കുകയാണ്. ബി.പി.എൽ. കാർക്ക് മാത്രമല്ല, 3 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള എല്ലാ കുടുംബത്തിനും 30,000 രൂപ വീതം കൊടുക്കുന്ന മംഗല്യ ലോട്ടറികൂടി പ്രതിവാര ലോട്ടറിയിൽ പേര് മാറ്റി 'മംഗല്യ' ലോട്ടറി എന്നാക്കി, അതിൽനിന്ന് കിട്ടുന്ന മുഴുവൻ വരുമാനവും പാവപ്പെട്ട സ്ത്രീകൾക്ക് വിവാഹം കഴിക്കാനായി കൊടുക്കുകയാണ്. ഈ ഗവൺമെന്റ് സംസ്ഥാനത്ത് വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. കർഷക പെൻഷന്റെ കാര്യത്തിലും വിധവാ പെൻഷന്റെ കാര്യത്തിലും വികലാംഗ പെൻഷന്റെ കാര്യത്തിലും അവിവാഹിതരായിട്ടുള്ള സ്ത്രീകൾക്ക് പെൻഷൻ കൊടുക്കുന്ന കാര്യത്തിലും കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്ന കാര്യത്തിലും പ്രത്യേക ശ്രദ്ധ കൊടുക്കുന്ന ഗവൺമെന്റാണ് ഇത്. സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന നിരവധിയായ പ്രവർത്തനങ്ങൾ, താലോലം പദ്ധതി, സ്നേഹപൂർവ്വം പദ്ധതി, ശ്രുതിതരംഗം പദ്ധതി........ ഇതൊക്കെത്തന്നെ ഏറ്റവും ശ്രേഷ്ഠമായ, നാട് ഇന്നുവരെ കാണാത്തതരത്തിലുള്ള ആശ്വാസ പദ്ധതികളാണ്. മെഡിക്കൽ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യകിരണം പദ്ധതി, 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ കൊടുക്കുന്ന പദ്ധതി, പുതിയതായി 8 മെഡിക്കൽ കോളേജുകൾ, മെഡിക്കൽ കോളേജ് മുതൽ പി.എച്ച്.സി. വരെ എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ ആളുകൾക്കും ജനറിക് മരുന്ന് കൊടു

ക്കുന്ന പദ്ധതി തുടങ്ങിയ നിരവധി കാര്യങ്ങൾ ആരോഗ്യ വകുപ്പിന്റെ കീഴിൽ പാവപ്പെട്ട ആളുകൾക്കുവേണ്ടി ചെയ്യുന്നു. മാതൃമരണ നിരക്കിലും ശിശുമരണ നിരക്കിലും കേരളം ഏറ്റവും പുറകിലേക്ക് വന്നിരിക്കുന്നു. കാരുണ്യ ഫാർമസി ഉൾപ്പെടെയുള്ള കാര്യങ്ങൾ തുടങ്ങിയിരിക്കുന്ന സാഹചര്യമൊക്കെ എല്ലാവർക്കും അറിയാം. ഇങ്ങനെ നിരവധി ജനപ്രിയമായിട്ടുള്ള, ജനങ്ങളെ സഹായിക്കുന്ന, നാടിനെ പുരോഗതിയിലേക്ക് നയിക്കുന്ന, വികസനത്തിലേക്ക് കൊണ്ടുപോകുന്ന ഈ കേരളത്തിന് വളരെ വലിയ നിലയിൽ ഉയരാവുന്ന നിലയിലേക്ക് പോകുന്ന ഈ ഗവൺമെന്റിന് എല്ലാ ശക്തിയും കൊടുക്കേണ്ടത് കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ രാഷ്ട്രീയപ്രസ്ഥാനത്തിന്റെയും ഉത്തരവാദിത്തമാണ്.

ഇവിടെ ഇടതുപക്ഷമുന്നണികൾ നടത്തുന്ന സമരങ്ങൾ, പ്രത്യേകിച്ച് സി.പി.എം. നേതൃത്വത്തിൽ നടത്തുന്ന സമരങ്ങൾ നമ്മെയൊക്കെ വല്ലാതെ വേദനിപ്പിക്കുകയാണ്. ഈ പാർട്ടിയിൽപ്പെട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തകർ വളരെ നൊമ്പരത്തിലാണ്. അവർ എന്തൊക്കെയാണ് ചെയ്യുന്നതെന്നും അവരെക്കൊണ്ട് എന്തൊക്കെയാണ് ചെയ്യിക്കുന്നതെന്നും അവർ അറിയുന്നില്ല. അവർ അങ്ങനെയൊരു വല്ലാത്ത വിഷമത്തിലാണ്. അവരെ സമരത്തിന് വിളിക്കുന്നു, അവർ പോകുന്നു. ആ സമരം വിജയിക്കുമെന്ന് അവർ വിചാരിക്കുന്നു. പക്ഷേ എല്ലാ സമരങ്ങളും പരാജയപ്പെട്ട ചരിത്രമാണ് നമ്മുടെ മുന്നിലുള്ളത്. മിച്ചഭൂമി പാവപ്പെട്ട ആളുകൾക്ക്, ഭൂരഹിതർക്ക് കിട്ടാതെ ഈ സമരം പിൻവലിക്കുന്ന വിഷയമില്ലായെന്ന് മിച്ചഭൂമി സമരം നടത്തിയ സന്ദർഭത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയും സി.പി.എം.–ഉം പറഞ്ഞിരുന്നു. ഒരു ഭൂമിയും കിട്ടിയില്ല, സമരത്തിൽനിന്ന് പിൻമാറിയ സാഹചര്യവുമുണ്ടായി. പങ്കാളിത്ത പെൻഷൻ പിൻവലിക്കാതെ

ഞങ്ങൾ സമരത്തിൽനിന്ന് പുറകോട്ട് പോകില്ലെന്ന് ഡിവൈ.എഫ്.ഐ. പറഞ്ഞു. പങ്കാളിത്ത പെൻഷൻ പിൻവലിച്ചില്ല. ഡിവൈ.എഫ്.ഐ.-യാണ് സമരത്തിൽനിന്ന് പുറകോട്ടുപോയത്. രാപ്പകൽ സമരമെന്ന പേരിൽ സെക്രട്ടേറിയറ്റിന് മുന്നിൽ സമരം നടത്തി. അതിന് തൊട്ടുമുമ്പ് നിയമസഭയിൽ സോളാർ വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ സമരം മുന്നോട്ടുപോയപ്പോൾ സഭാനടപടികൾ കൊണ്ടുപോകാൻ പറ്റാത്ത സാഹചര്യമുണ്ടായി. അപ്പോൾ സഭാനടപടികൾ നേരത്തെ അവസാനിപ്പിച്ചു. ആ സമയത്ത് നിയമസഭയ്ക്കകത്തും പുറത്തും ഒരേപോലെ സമരം നടത്തുകയുണ്ടായി. അതിനുശേഷം സെക്രട്ടേറിയറ്റ് വളപ്പിൽപ്പോയി രാപ്പകൽ സമരം നടത്തി. 12 ദിവസം നീണ്ടുനിന്ന രാപ്പകൽ സമരം തകർന്ന് തരിപ്പണമായി. മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ സെക്രട്ടേറിയറ്റ് വളയൽ സമരം വലിയൊരു പരാജയമായിരുന്നു. ഒന്നര ദിവസംകൊണ്ട് സെക്രട്ടേറിയറ്റ് വളയൽ സമരം അവസാനിപ്പിക്കേണ്ടിവന്നു. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിലേക്ക് നടത്തിയ ഉപരോധ സമരം അവസാനിപ്പിക്കേണ്ടതായിവന്നു. അങ്ങനെയുള്ള സമരത്തിനെതിരെയുള്ള ജനരോഷം മനസ്സിലാക്കാതിരിക്കുന്ന ഒരു പാർട്ടിക്കും മുന്നണിക്കും മുന്നോട്ടുപോകാൻ കഴിയില്ല.

ശ്രീ. സി. ദിവാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ, പ്രതിപക്ഷം നടത്തിയ എല്ലാ സമരങ്ങളും പരാജയപ്പെട്ടുവെന്ന് പറയുമ്പോൾ ഒരു കാര്യം കൂടി അങ്ങ് വ്യക്തമാക്കണം. അങ്ങനെയാണെങ്കിൽ സെക്രട്ടേറിയറ്റ് രണ്ടുദിവസം പൂട്ടിയിട്ടത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പട്ടാളത്തെ വിളിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമസഭ ഗില്ലറ്റിൻ ചെയ്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, ലക്ഷ്യം കാണുന്നതുവരെ സമരം തുടരുമെന്നാണ് ഓരോ സമരത്തിലും പറയുന്നത്. സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തിയ സന്ദർഭത്തിൽ പറഞ്ഞത് മുഖ്യമന്ത്രി രാജി വയ്ക്കുന്നതു വരെ ഞങ്ങൾ ഈ സമരം തുടരുമെന്നാണ്. എന്തിനാണ് സമരത്തിൽനിന്ന് പുറകോട്ടുപോയത്? അതുപോലെതന്നെ ക്ലിഫ് ഹൗസിന്റെ വാതിൽക്കൽ സമരം നടത്തിയപ്പോഴും മുഖ്യമന്ത്രി രാജി വയ്ക്കുന്നതുവരെ ഈ സമരം നടത്തുമെന്ന് പറഞ്ഞിരുന്നു. ഈ സമരം പിൻവലിക്കുന്നതിന് പറഞ്ഞ കാരണങ്ങൾ എന്താണ്? അതാണ് ഏറ്റവും വലിയ വിരോധാഭാസം. ആ സമരം നടത്തുന്നതിനുവേണ്ടി പറഞ്ഞ കാര്യമെന്താണെന്നുവച്ചാൽ, നിയമസഭാ സമ്മേളനം നടക്കാൻ പോകുന്നു, ലോക്സഭാ തെരഞ്ഞെടുപ്പ് വരാൻ പോകുന്നു, അതുകൊണ്ട് ഞങ്ങൾ സമരം പിൻവലിക്കുന്നു. എത്ര ബാലിശമാണ് ആ വാദഗതി. ഈ നിയമസഭാ സമ്മേളനം നടന്ന സന്ദർഭത്തിൽ ഈ നിയമസഭയ്ക്കകത്തും പുറത്തും ഞങ്ങൾ ഒരുപോലെ സമരം നടത്തുമെന്ന് പറഞ്ഞാണ് സമരത്തിലേക്ക് ഇറങ്ങിയത്. ഈ നിയമസഭാ സമ്മേളനം നടക്കുന്നുവെന്ന കാരണം പറഞ്ഞ് സമരത്തിൽനിന്ന് തലയൂരാനുള്ള മാർഗം..... ലോക്സഭാ തെരഞ്ഞെടുപ്പ് വരുമെന്ന് ആർക്കാണ് അറിഞ്ഞുകൂടാതിരുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ കാലാവധിയായില്ലേ. എന്തുകൊണ്ട് ഈ സമരം പ്രഖ്യാപിച്ച സമയത്ത് നേതാക്കൻമാരുടെ മനസ്സിൽ ഇത് ഉദിച്ചില്ല? ലോക്സഭാ തെരഞ്ഞെടുപ്പ് വരുന്ന കാര്യം അറിയാമല്ലോ; നിയമസഭാ സമ്മേളനവും വരുമെന്ന് അറിയാവുന്ന കാര്യമല്ലേ? അപ്പോൾ സമരത്തിൽനിന്ന് തലയൂരാൻവേണ്ടി ഒരു കാരണം കണ്ടെത്തി ഈ സമരത്തിൽനിന്ന് രക്ഷപ്പെട്ടുവെന്ന് മാത്രമേ ഈ കാര്യത്തിൽ പറയാനുള്ളൂ. പാവപ്പെട്ട ആളുകളെ ബുദ്ധിമുട്ടിക്കുന്ന ഏർപ്പാടുമായി മുന്നോട്ടുപോകുകയാണ്.

സി.പി.എം. വച്ചിട്ടുള്ള ഏത് കാര്യത്തിനാണ് നീതിയും നെറിവും ഉണ്ടായിട്ടുള്ളത്. ഒറ്റ സി.പി.എം.–ന്റെ ആളുകൾക്കുപോലും പങ്കില്ല, പാർട്ടിക്കും പാർട്ടി സഖാക്കൾക്കും പങ്കില്ലെന്നാണ് ഇ. പി. ചന്ദ്രശേഖരനെ വധിച്ചതിനെത്തുടർന്ന് പറഞ്ഞത്. അന്വേഷണം നടത്തി. അന്വേഷണം മുന്നോട്ടുപോയപ്പോൾ സി.പി.എം.–ന്റെ നേതാക്കൻമാർ ഓരോരുത്തരായി പിടിക്കപ്പെട്ടു. ജയിലിലായി. സി.പി.എം. നേതാക്കൻമാർക്കുവേണ്ടി വക്കാലത്ത്, സി.പി.എം. നേതാക്കൻമാരെ ജാമ്യം എടുക്കുന്നതിനുവേണ്ടിയുള്ള നീക്കങ്ങൾ, ജയിലിനുള്ളിൽ പ്രത്യേകമായ സൗകര്യങ്ങൾ എന്നിവയെല്ലാം ചെയ്തുകൊടുത്ത് അവസാനം സഖാക്കൾതന്നെയാണ് ഇതിൽ പ്രതികളെന്ന് അവർക്ക് സമ്മതിക്കേണ്ട സാഹചര്യമുണ്ടായി. ഈ ഒരു സന്ദർഭമുണ്ടായപ്പോൾ അന്വേഷണം വച്ചു. അന്വേഷണം വച്ചോ; അന്വേഷണ കമ്മീഷൻ ആരാണ്? നമുക്ക് ഇന്നുവരെ അതിൽ വ്യക്തമായ ഒരു റിപ്പോർട്ട് ലഭിച്ചിട്ടില്ല. അതുപോലെ മുഖ്യമന്ത്രിയെ കല്ലെറിഞ്ഞു. അപ്പോൾ പറഞ്ഞത് എന്താണ്? ഒരൊറ്റ സി.പി.എം.–കാർക്ക് അതിൽ പങ്കില്ല. കോൺഗ്രസ് പാർട്ടിയുടെ ഗ്രൂപ്പ് പ്രവർത്തനത്തിന്റെ ഭാഗമാണ് മുഖ്യമന്ത്രിക്ക് ഏറ്റ കല്ലേറ്. ഞങ്ങൾക്ക് പങ്കില്ല എന്നാണ്. അന്വേഷണം വന്ന് പിടിക്കപ്പെട്ടത് ആരാണ്? സി.പി.എം.–ന്റെ പ്രവർത്തകർ. ഇപ്പോൾ പങ്കില്ലെന്നുള്ളത് ആവർത്തിക്കാത്തത് എന്തുകൊണ്ടാണ്? അങ്ങനെ എത്രയോ കാര്യങ്ങൾ. അതുപോലെ ഈ നാട്ടിൽ നടന്ന നേരത്തെയുള്ള വികസന പ്രവർത്തനങ്ങൾ, കമ്പ്യൂട്ടർവൽക്കരണം..... കമ്പ്യൂട്ടർ എന്തിനെന്ന് അപ്പോൾ പറഞ്ഞു. ഇത് വലിയ മുതലാളിത്ത രാജ്യത്തിനാണ് ആവശ്യമെന്ന് പറഞ്ഞിട്ട് ഇപ്പോൾ ഫേസ് ബുക്കുവരെ ഉപയോഗിക്കുന്നവർ ആരാണ്? സി.പി.എം.–ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ. ഈ കാര്യം നേരത്തെ ഉദിച്ചിരുന്നുവെങ്കിൽ, അന്ന് തടസ്സമുണ്ടാക്കിയിരുന്നില്ലായെങ്കിൽ, കമ്പ്യൂ

ട്ടർവൽക്കരണത്തിൽ, വിവരസാങ്കേതികവിദ്യയിൽ മുന്നിലെത്തുന്നത് നമ്മുടെ കേരളമായിരുന്നു. കൃഷിയിടങ്ങളിൽ യന്ത്രമുപയോഗിക്കാൻ പോയപ്പോൾ യന്ത്രം എന്തിന് കൃഷി മേഖലയിൽ ഇറക്കുന്നു? അത് പാടില്ല, ഇത് ജോലി ക്കാർക്ക് പണി നഷ്ടപ്പെടുമെന്ന് പറഞ്ഞ് യന്ത്രം തടഞ്ഞ ആളുകൾ ഇന്ന് യന്ത്രത്തെ പ്രോത്സാഹിപ്പിക്കുകയാണ്, അത് വരണമെന്ന് പറയുകയാണ്. കൃഷിയിടങ്ങളിലേക്ക് ഇറങ്ങി വാഴ വെട്ടി നശിപ്പിക്കുന്ന സമരം. ഇതൊന്നും കൊണ്ട് നമ്മുടെ നാട്ടിൽ ഒരു മാറ്റവും വരുത്താൻ കഴിയില്ല. സി.പി.എം. എന്ന സംഘടന ഏതൊക്കെ സമരത്തിൽ ഏർപ്പെട്ടിട്ടുണ്ടോ അതൊക്കെ അവ സാനം സമ്മതിച്ചിരിക്കുന്നു ഞങ്ങൾ ഇറങ്ങിയിരിക്കുന്നത് തെറ്റായ രീതിയിലാ ണെന്ന് തിരുത്തുകയാണ്. തിരുത്തുന്നതിനനുസരിച്ച് സമയം പോകുകയാണ്. നമ്മുടെ സമയം മുന്നോട്ടുപോകുന്നു. നമുക്ക് മിനിട്ടുകളില്ല, സെക്കന്റുകളില്ല. അത്രമാത്രം വികസനം നമ്മുടെ ലോകത്ത് നടന്നുകൊണ്ടിരിക്കുമ്പോൾ ഈ വികസനത്തെ ഏതെങ്കിലുമൊരു കാലഘട്ടത്തിലേക്ക് തടഞ്ഞുനിർത്തിയാൽ അത് നാടിനോട് ചെയ്യുന്ന ഏറ്റവും വലിയ വഞ്ചനയായിരിക്കും. അതു കൊണ്ട് ഇത്തരത്തിലുള്ള പ്രവർത്തനത്തിൽനിന്ന് പുറകോട്ട് പോകാൻ എൽ.ഡി.എഫ്. തയ്യാറാകണം, പ്രത്യേകിച്ച് സി.പി.എം. തയ്യാറാകണം. കാലഹരണപ്പെട്ട സമരങ്ങൾ അവസാനിപ്പിക്കണം. അത് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ചിന്തിക്കണമെന്നാണ് പറയാനുള്ളത്. ഹർത്താലുകൾ, ബന്ദുകൾ, ഉപരോധങ്ങൾ....... നമ്മുടെ സംസ്ഥാനത്ത് ഇതൊക്കെ പ്രാകൃത സമരമായി മാറിയിരിക്കുന്നു. ഈ പ്രാകൃതമായ സമരങ്ങൾ കാരണം ഭരണ ഘടന നൽകുന്ന ആനുകൂല്യങ്ങൾ, അവകാശങ്ങൾ എന്നിവ ധ്വംസിക്കപ്പെടു കയാണ്. ഇത്തരത്തിലുള്ള കാടത്തം നിറഞ്ഞ ഒരു സമരമാർഗ്ഗമായേ ഇതിനെ കാണാൻ കഴിയുകയുള്ളൂ. ഇത്തരത്തിലുള്ള സമരങ്ങൾ ആളുകൾക്ക്

സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യവും കുട്ടികൾക്ക് സ്കൂളിലേക്ക് പോകാനുള്ള സ്വാതന്ത്ര്യവും വാഹനങ്ങളിൽ പോകാനും വാഹനങ്ങൾ ഓടാനും വിമാനത്താവളത്തിലേയ്ക്ക് പോകാനും ആശുപത്രിയിലേക്ക് രോഗിയേയും കൊണ്ടുപോകുന്നതിനും തടസ്സപ്പെടുത്തുന്നു. ഗുണ്ടകളുടെയും ക്രിമിനലുക ളുടെയും ഗുണ്ടാവിളയാട്ടങ്ങൾ ഈ ബന്ദിന്റെ സമയത്തും ഹർത്താലിന്റെ സമയത്തും ജനങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്നു. ജീവനും സ്വത്തും സംര ക്ഷിക്കണമെന്ന് ആഗ്രഹമുള്ളതുകൊണ്ട് ജനങ്ങൾ വെളിയിലറങ്ങാതെയും കട തുറക്കാതെയും വാഹനങ്ങൾ ഓടിക്കാതെയുമൊക്കെ സഹകരിക്കുകയാ ണ്. ഈ ഒരു കാര്യത്തിൽ ജനമനസ്സ് ഉയരേണ്ടത് ആവശ്യമാണ്. ഹർത്താലി നെതിരെയും ബന്ദിനെതിരെയും ഉപരോധ സമരത്തിനെതിരെയും ഉയരുന്ന ഓരോ കാര്യത്തിനും ഇന്ന് കിട്ടുന്ന വാർത്ത വളരെ വലുതാണ്. വളരെ വലിയ വാർത്ത ലഭിക്കുകയാണ്. ഫേസ് ബുക്കിലും ഇലക്ട്രോണിക്സ് മീഡി യയിലും പത്രമാധ്യമങ്ങളിലും ജനമനസ്സുകളിൽ ഈ സമരത്തിനെതിരെ ഉയ രുന്ന കാര്യങ്ങൾക്ക് വലിയ വാർത്ത ലഭിക്കുകയാണ്. അത് ജനങ്ങൾ ഏറ്റെടു ക്കുകയാണ്. ഇന്ന് യുവാക്കൾക്കും കുട്ടികൾക്കും നമ്മുടെ ജനസംഖ്യയിൽ വലിയൊരു ഭൂരിപക്ഷമാണുള്ളത്. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിട ത്തോളം ഒരു പുനരാലോചന നടത്തേണ്ടുന്ന സന്ദർഭമാണ്. ആ പുനരാലോ ചന നടത്തേണ്ടുന്ന സന്ദർഭത്തിൽ നാം ഒരുമിച്ചിരുന്നുകൊണ്ട് ഇതുപോലെ യുള്ള കാര്യങ്ങൾക്ക്, ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഇത്തരത്തിലുള്ള സമരത്തെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇന്ന് ശ്രീ. എം. എം. ഹസൻ അവിടെ സമരം നടത്തുന്നുണ്ട്. സെക്രട്ടേറിയറ്റ് പടിക്കൽ പന്തൽകെട്ടി കഷ്ട പ്പെടുത്തി അവിടെവരുന്ന ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു സമരത്തി നെതിരെ ശ്രീ. എം. എം. ഹസൻ നടത്തുന്ന സമരത്തിന് ഞാൻ എല്ലാ പിന്തു

ണയും അറിയിക്കുകയാണ്. അതുപോലെ ധാർമ്മികമായ സമരങ്ങൾ ഉയർന്നുവരണം. ഇത് എല്ലാ മേഖലയിലും ഉയരും. ഇത്തരത്തിലുള്ള സമരത്തിന് വിരാമമിട്ടില്ലെങ്കിൽ കേരളത്തിലെ മുക്കിലും മൂലയിൽനിന്നും ഇതിനെതിരെയുള്ള സമരം വരുമ്പോൾ രാഷ്ട്രീയ നേതാക്കൻമാർ അതിന് മറുപടി പറയേണ്ടിവരും. അതിന് വലിയ വില കൊടുക്കേണ്ടിവരും. അതുകൊണ്ട് എല്ലാവരും ആ കാര്യംകൂടി പുനർചിന്തിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ നിയമസഭയിൽ സംസ്ഥാന ഗവൺമെന്റ് അവതരിപ്പിച്ച നയപ്രഖ്യാപനത്തിനുമേൽ ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഗവർണ്ണർ ഈ സഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്. ശ്രീ. ബെന്നി ബെഹനാൻ, അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ആവേശംകൊണ്ടാണോ ബോധപൂർവ്വമാണോയെന്ന് എനിക്കറിയില്ല പറഞ്ഞ് അവസാനിപ്പിച്ചത് എല്ലാം ഭദ്രമാണ്, എല്ലാ പ്രശ്നങ്ങളും അവസാനിച്ചിട്ടുണ്ട്, ഞങ്ങൾ ഒറ്റക്കെട്ടായി എല്ലാ കാര്യങ്ങളേയും അതിജീവിച്ച് കേരളത്തിന് മാതൃകയായി പ്രവർത്തിക്കുമെന്നാണ്. തുടങ്ങിയത് ഇതൊരു ശിരോരേഖയാണ് എന്നാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ച് സൂചിപ്പിച്ചത്. അതിന്റെ അർത്ഥം എന്താണെന്ന് എനിക്ക് മനസ്സിലായില്ല. ശിരോരേഖയാണെന്ന് അദ്ദേഹം ഉദ്ദേശിച്ചത് എന്താണ്? അതൊരു തലവിധിയായിരുന്നുവെന്ന് അന്നത്തെ ഒന്നരമണിക്കൂർ നീണ്ടുനിന്ന ഗവർണ്ണറുടെ പ്രസംഗം കേട്ട് എല്ലാവർക്കും തോന്നിയിട്ടുണ്ട്. ഒന്നരമണിക്കൂർ നീണ്ടുനിന്ന ആ പ്രസംഗത്തിൽ

കേരളത്തെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളോടുള്ള നയമെന്താണെന്ന് വിശദീകരിച്ചിട്ടുണ്ടോ? അതുകൊണ്ടാണ് ഇന്നലെയും ഇന്നുമായി ഇവിടെ നടന്ന ചർച്ചയിൽ പ്രതിപക്ഷത്തെ കടന്നാക്രമിക്കുകയെന്ന ഏകലക്ഷ്യത്തോടുകൂടിയുള്ള പ്രസംഗങ്ങൾ ഭരണപക്ഷ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഒന്നരമണിക്കൂർ നീണ്ടുനിന്ന ആ പ്രസംഗത്തെ ഭരണകക്ഷി അംഗങ്ങൾ ഒരിക്കലെങ്കിലും കയ്യടിച്ച് പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ; അത് ആചോലിച്ച് നോക്കിയിട്ടുണ്ടോ?

ദുർബലമായ ഒന്നോ രണ്ടോ കൈയടികൾ മാത്രം. സാധാരണഗതിയിൽ ഗവർണർ നയപ്രഖ്യാപന പ്രസംഗം നടത്തുമ്പോൾ പ്രവർത്തകർക്കും ജനങ്ങൾക്കും ആവേശമുണ്ടാക്കുന്ന കാര്യമാണ് പ്രഖ്യാപിക്കുന്നതെങ്കിൽ ആവേശകരമായ പ്രോത്സാഹനം ഭരണപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമായിരുന്നു. എന്നാൽ ഇത്തവണ എല്ലാവരും ഉറങ്ങുകയായിരുന്നില്ലേ; ഈ പ്രസംഗത്തെയാണോ പാടിപ്പുകഴ്ത്തുന്നത്? നമ്മുടെ നാട്ടിൽ നിരവധി രൂക്ഷമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അതിൽ ഏറ്റവും രൂക്ഷമായ പ്രശ്നമാണ് വിലക്കയറ്റം. അതിനെ എങ്ങനെ നേരിടാനാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്, ആ കാര്യത്തിലുള്ള ഗവൺമെന്റിന്റെ കാഴ്ച്ചപ്പാടെന്താണ് എന്ന കാര്യങ്ങളെല്ലാം കേൾക്കാനായി എല്ലവരും കാതുകൂർപ്പിച്ചതാണ്. ഈ സഭയിലെ അംഗങ്ങൾ മാത്രമല്ല, ജനങ്ങളും ശ്രദ്ധിച്ചു. ഈ ഗവൺമെന്റിന് വിലക്കയറ്റം തടയുന്നതിനായി നയപരമായ എന്തെങ്കിലും പുതിയ തീരുമാനങ്ങളുണ്ടോ; എന്ത് പുതിയ സന്ദേശമാണ് നയപ്രഖ്യാപനത്തിലൂടെ കൊടുത്തത്? ഗ്യാസിന് വില കൂട്ടിക്കൊണ്ടാണ് സന്ദേശം നൽകിയത്. ഇതു സംബന്ധിച്ച് ഇന്നലെ ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നു. ഇവിടെ ഒരു പ്രശ്നവുമില്ല, ജന

ങ്ങൾക്ക് ഒരു ആശങ്കയുടെയും ആവശ്യമില്ല, ഞങ്ങൾ ഉറപ്പുനൽകുന്നു എന്നു പറഞ്ഞാൽ വിലക്കയറ്റത്തിന് പരിഹാരമാകുമോ? അക്കാര്യം ചർച്ച ചെയ്യാൻ പോലും നിങ്ങൾ തയ്യാറായില്ല. ഇങ്ങനെയുള്ള നയം സ്വീകരിക്കുന്ന ഗവൺമെന്റിന്റെ നിലപാടുകളോടാണോ നന്ദി പ്രകടിപ്പിക്കേണ്ടത്? വിലക്കയറ്റം മാത്രമല്ല വൈദ്യുതിപ്രതിസന്ധിയെക്കുറിച്ചും ഇവിടെ പറയുകയുണ്ടായി. പെരുമഴക്കാലത്തുപോലും അന്യസംസ്ഥാനങ്ങളിൽ നിന്ന് വിലകൊടുത്ത് വൈദ്യുതി വാങ്ങേണ്ട സാഹചര്യമാണിവിടെയുള്ളതെന്നാണ് നമ്മുടെ വൈദ്യുതിമന്ത്രി പറഞ്ഞത്. ഒരു യൂണിറ്റ് വൈദ്യുതി പോലും ഈ കഴിഞ്ഞ രണ്ടര വർഷക്കാലത്തിനിടയിൽ കൂടുതലായി ഉല്പാദിപ്പിക്കാൻ കഴിയാത്ത ഈ ഗവൺമെന്റ് നയം തിരുത്തിക്കൊണ്ട് വൈദ്യുതി മേഖലയിൽ ഉണ്ടാകാൻ പോകുന്ന മാറ്റങ്ങളെക്കുറിച്ച് ഈ നയപ്രഖ്യാപനത്തിലൂടെ കേൾക്കാൻ കഴിയുമെന്ന് പ്രത്യാശിച്ചവരുടെ മുമ്പിൽ നിങ്ങൾക്ക് നൽകാനുണ്ടായിരുന്നതെന്താണ്? ഇപ്പോൾ സംസാരിച്ച് നിറുത്തിയ ശ്രീ. തോമസ് ഉണ്ണിയാടനും അതിനുമുമ്പ് സംസാരിച്ച ശ്രീ. സി. മോയിൻകുട്ടിയും പറഞ്ഞ രണ്ട് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ച് പ്രതിപക്ഷങ്ങളുടെയിടയിൽ അഭിപ്രായ ഐക്യം ഉണ്ടായോ എന്ന് ചോദിക്കുകയുണ്ടായി. അങ്ങൊന്ന് ആലോചിച്ചുനോക്കണം, ഭരണകക്ഷി എം.എൽ.എ. മാരായ 74 പേരുടെയിടയിൽ അഭിപ്രായ ഐക്യം ഉണ്ടോ? ഇല്ലെന്ന് തെളിയിച്ച ഒരു പ്രസംഗമായിരുന്നു ശ്രീ. സി. മോയിൻകുട്ടിയുടേത്. സ്വന്തം മനസാക്ഷിയോട് ചോദ്യങ്ങൾ ചോദിക്കുന്നതിനുപകരം പ്രതിപക്ഷത്തിനുനേരെ ഒരു വിരൽ ചൂണ്ടുമ്പോൾ മറ്റുവിരലുകൾ സ്വന്തം നെഞ്ചിനുനേരെയാണെന്ന് ആലോചിക്കേണ്ടതില്ലേ? ജനങ്ങൾ ആശങ്കയിലാണ്, ആളുകൾ മരംവെട്ടി

കൊണ്ടുപോകുകയാണ്, ഭൂമി വിറ്റുപോകുകയാണ് എന്നെല്ലാമാണ് ശ്രീ. സി. മോയിൻകുട്ടി പറഞ്ഞത്. മുഖ്യമന്ത്രി ഇന്ന് രാവിലെ ഇവിടെ പറഞ്ഞത്, ആർക്കും ഒരു ആശങ്കയും വേണ്ട എന്നാണ്. ആ വില്ലേജുകൾ ഉൾപ്പെടുന്ന സ്ഥലത്തെ എം.എൽ.എ. ഇവിടെ പരിതപിച്ചത് ആ സ്ഥലം അറിയാത്തവരാണിവിടെയുള്ളതെന്നും അവർ അവിടെ വന്നുനോക്കണമെന്നും അവിടെത്തെ കർഷകരുടെ സങ്കടം അറിയണമെന്നുമാണ്. ജനസമ്പർക്ക പരിപാടി നടത്തുന്ന മുഖ്യമന്ത്രിക്ക് ഈ 121 വില്ലേജുകളിൽ ഒന്നു പോയി അവിടെത്തെ യഥാർത്ഥ പ്രശ്നങ്ങൾ കാണാൻ നേരമില്ലല്ലോ? ശ്രീ. സി. മോയിൻകുട്ടി അദ്ദേഹത്തെ ക്ഷണിക്കുമെന്നായിരുന്നു ഞാൻ കരുതിയത്, അദ്ദേഹം അതു ചെയ്തില്ല. എന്നിട്ട് ഇന്ന് രാവിലെയും ഈ നിയമസഭയിൽ പറഞ്ഞത് ഞങ്ങൾക്ക് പ്രധാനമന്ത്രി ഉറപ്പുനൽകിയിട്ടുണ്ടെന്നാണ്. പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് ഇവിടെ വന്നതിന്റെ തലേ ദിവസം, 3-ാം തീയതി ഡൽഹിയിൽ ഒരു പത്രസമ്മേളനം നടത്തി താൻ പ്രധാനമന്ത്രി പദത്തോട് 'റ്റാറ്റാ' പറയുന്നു, ബാറ്റൺ വേറെ ആളെ ഏൽപ്പിക്കാൻ പോകുന്നുവെന്ന് പറഞ്ഞു. അങ്ങനെ കിരീടംവച്ച് ഒഴിയാൻ പോകുന്ന ഒരു പ്രധാനമന്ത്രിയുടെ ഉറപ്പിന് എന്ത് വിലയാണുള്ളത്? അദ്ദേഹത്തെ കാര്യങ്ങൾ ധരിപ്പിച്ചിട്ടും അദ്ദേഹം ഉറപ്പുനൽകിയിട്ടും എന്ത് കാര്യമാണുള്ളത്?

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : ആറു മാസം കഴിഞ്ഞേ അദ്ദേഹം സ്ഥാനമൊഴിയുകയുള്ളൂ.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : ആറ് മാസത്തെ സമയമൊന്നുമില്ല. രണ്ട് മാസം കഴിഞ്ഞാൽ ഇനിയൊന്നും ചെയ്യാൻ കഴിയില്ല. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചാൽ പ്രധാനമന്ത്രിക്കെന്നല്ല, ഒരു മനുഷ്യജീവിക്കും ഒന്നും ചെയ്യാൻ കഴി

യില്ല. നിങ്ങൾ ഓരോ കാര്യത്തിനും രണ്ടുമാസം രണ്ടുമാസം എന്നാണ് പറയുന്നത്. ഫെബ്രുവരി അവസാനത്തോടുകൂടി തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കും, പിന്നെ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. അങ്ങനെയാകുമ്പോൾ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതുകൊണ്ടാണ് കഴിയാത്തത് എന്ന് നിങ്ങൾക്ക് പറയാൻ കഴിയുമല്ലോ. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ വരുന്നത് ആ പ്രധാനമന്ത്രിയല്ലല്ലോ; അതുകൊണ്ട് സ്ഥാനമൊഴിയാൻ പോകുന്ന ഒരാളുടെ വാക്കിൽ വിശ്വസിക്കാൻ കഴിയില്ല. ഈ വിശ്വാസത്തിലിരിക്കാൻ കർഷകർക്ക് കഴിയുന്നില്ല എന്ന് പറഞ്ഞത് ഞാനല്ല, ഇന്ന് ഇവിടെ പ്രസംഗിച്ച ശ്രീ. സി. മോയിൻകുട്ടിയാണ് അത് പരോക്ഷമായി പറഞ്ഞിട്ടുള്ളത്. ഇപ്പോഴത്തെ പ്രധാനമന്ത്രി ബാറ്റൺ കൈമാറാൻ പോകുന്നതിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ ശ്രീ. കെ. എൻ. എ. ഖാദർ ഏകാധിപത്യരാജ്യങ്ങളിൽ, ജനാധിപത്യമില്ലാത്ത രാജ്യങ്ങളിൽ തലമുറകളായി അധികാരം കൈമാറുകയാണെന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു. അദ്ദേഹം കുറേ ആളുകളുടെ പേര് ഇവിടെ പറയുകയുണ്ടായി. നമ്മുടെ രാജ്യത്ത് ജനാധിപത്യമില്ലേ? എന്നിട്ടും അതിൽ നിന്നും മാറി ചിന്തിക്കാൻ കഴിയാതെ, ഏത് കാരണത്താലായാലും വംശാധിപത്യം നിലനിൽക്കുന്ന ഒരു രാജ്യം തന്നെയാണ് നമ്മുടെ രാജ്യം എന്ന കാര്യം നിങ്ങൾ എന്താണ് മറന്നുപോകുന്നത്? ജനങ്ങൾ വോട്ടുചെയ്തിട്ടാണ് അങ്ങനെ ആയതെന്ന് നിങ്ങൾ പ്രസംഗിക്കുമ്പോൾ വേണമെങ്കിൽ പറയാം. മറ്റൊരു കാര്യം, കേരളത്തിലെ പ്രശ്നങ്ങൾ കേന്ദ്രത്തെ ധരിപ്പിക്കുന്നതിൽ നിങ്ങൾക്ക് വിജയിക്കാൻ കഴിയുന്നുണ്ടോ? എട്ട് മന്ത്രിമാർ കേരളത്തിൽ നിന്നുമുണ്ട്, അതിൽ രണ്ടുപേർ ക്യാബിനറ്റ് മന്ത്രിമാരാണ്. കേരളത്തിന്റെ പ്രശ്നങ്ങളിൽ കേന്ദ്രമന്ത്രിമാർ ഇടപെട്ട് കേന്ദ്ര ഭരണകൂടത്തെ തിരുത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് നിങ്ങൾ ആലോചിച്ചു നോക്കണം. ശ്രീലങ്കയിൽ തമിഴ

രുടെ പ്രശ്നമുണ്ടായപ്പോൾ അവിടെ നടക്കുന്ന കോമൺവെൽത്ത് സമ്മേളനത്തിൽ പങ്കെടുക്കാൻ പാടില്ലായെന്ന് ജയലളിത പ്രധാനമന്ത്രിയോട് പറഞ്ഞു. പ്രധാനമന്ത്രി പോയില്ല. തമിഴ്നാട്ടിലെ മുഖ്യമന്ത്രി ജയലളിതയുടെ വാക്കുകൾ അതിലംഘിച്ചുകൊണ്ട് അങ്ങോട്ടേയ്ക്ക് പോകാൻ പ്രധാനമന്ത്രിക്ക് ധൈര്യം വന്നില്ല. ജയലളിത യു.പി.എ. സർക്കാരിന്റെ ഭാഗമല്ല, എന്നിട്ടുപോലും ധൈര്യമുണ്ടായില്ല. എന്നാൽ നമുക്ക് രണ്ട് കേന്ദ്ര മന്ത്രിമാരുണ്ടായിട്ടും എപ്പോഴാണ് കസ്തൂരിരംഗൻ പ്രശ്നത്തിൽ ഇടപെട്ടത്? റിപ്പോർട്ട് ഗവൺമെന്റിന് കൊടുത്ത സമയത്ത് ഇടപെട്ടില്ല, ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം കസ്തൂരിരംഗൻ കമ്മിറ്റിയെ വച്ചപ്പോഴും ഇടപെട്ടില്ല. അവസാനം മലയോരമേഖല കത്തിയപ്പോൾ അവരുടെ കണ്ണിൽ പൊടിയിടാൻ വേണ്ടിയാണ് നിങ്ങൾ ഇടപെട്ടത്. അതിനുമുമ്പ് നിങ്ങൾ എവിടെയായിരുന്നു; ഇപ്പോഴും അതുതന്നെയല്ലേ അവസ്ഥ? ആ അവസ്ഥയെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ പരിഹസിക്കുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യത്തിൽ ജനങ്ങൾക്ക് വിശ്വസനീയമായ നിലപാടുകൾ സ്വീകരിക്കുന്നതിൽ ഈ സർക്കാർ ദയനീയമായി പരാജയപ്പെട്ടു. ആ പരാജയം മറച്ചുവയ്ക്കാനുള്ള വാഗ്ചാതുര്യമാണ് ഇവിടെ നിങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നത്. അതേപോലെ തന്നെ, എല്ലാ പ്രശ്നവും പരിഹരിച്ചത്രേ; എന്തായിരുന്നു കേരളത്തിലെ പ്രശ്നം; ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കൈയിൽ ആഭ്യന്തര വകുപ്പുണ്ടായിരുന്നതാണോ? യു.ഡി.എഫിലെ പ്രശ്നം പരിഹരിച്ചിട്ടുണ്ടാകും, അത് ഞങ്ങൾക്ക് അറിയില്ല. ഇവിടെ അഞ്ചാം മന്ത്രി വന്നു. അഞ്ചാം മന്ത്രി വന്നപ്പോൾ തട്ട് കിട്ടിയത് തിരുവഞ്ചൂർ രാധാകൃഷ്ണന്. അദ്ദേഹത്തെ റവന്യൂവിൽ നിന്നും മാറ്റി പോലീസിന്റെ തൊപ്പിയേൽപ്പിച്ചു. ശ്രീ. രമേശ് ചെന്നിത്തല മന്ത്രിസഭയിലേയ്ക്ക് വന്നു. വീണ്ടും ശ്രീ. തിരുവഞ്ചൂർ

രാധാകൃഷ്ണന് തട്ട് കിട്ടി. അദ്ദേഹത്തിന്റെ കൈയിലുള്ള തൊപ്പിയെടുത്ത് ശ്രീ. രമേശ് ചെന്നിത്തലയ്ക്കു നൽകി അദ്ദേഹത്തെ വനവാസത്തിന് അയച്ചിരിക്കുകയാണ്. ഇനി അദ്ദേഹത്തെ എവിടേയ്ക്കാണ് അയക്കുകയെന്ന് നമുക്കാർക്കും അറിയാൻ സാധിക്കില്ല. ഇങ്ങനെ വട്ട് തട്ടപ്പെടുന്ന ഒരാളായി എന്റെ പ്രിയപ്പെട്ട സ്നേഹിതൻ തിരുവഞ്ചൂർ രാധാകൃഷ്ണൻ മാറിയാൽ കേരളത്തിലെ ജനങ്ങളുടെ ജീവൽ പ്രശ്നങ്ങൾക്ക് പരിഹാരമാകുമോ? അതാണ് അന്വേഷിക്കേണ്ടത്. നമ്മുടെ നാട്ടിലെ ഏറ്റവും വലിയ പ്രശ്നമാണ് അഴിമതി. ആ അഴിമതിയെക്കുറിച്ച് കേരളം മാത്രമല്ല ചർച്ച ചെയ്യുന്നത്.

ദേശവ്യാപകമായി ഇന്ന് അഴിമതിക്കെതിരായ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അഴിമതിക്കെതിരെയുള്ള ഒരു പോരാട്ടത്തിന്റെ ഭാഗമായാണ് ഇവിടെയും ഒരുപാട് സമരങ്ങളുണ്ടായത്. ആ സമരങ്ങൾ പരാജയപ്പെട്ടു എന്നാണ് പറയുന്നത്. ചരിത്രം അറിയുന്നവർ അങ്ങനെ പറയുമെന്ന് എനിക്ക് തോന്നുന്നില്ല. ഒരു സമരത്തെ എങ്ങനെയാണ് വിലയിരുത്തേണ്ടത്? അങ്ങ് നിരവധി സമരങ്ങൾ നടത്തിയിട്ടുള്ളയാളാണ്. വിദ്യാർത്ഥികൾ നിരവധി പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട്, രാഷ്ട്രീയപാർട്ടികൾ നിരവധി സമരങ്ങൾ നടത്തിയിട്ടുണ്ട്. ആ സമരങ്ങളെല്ലാം ജയിച്ചോ തോറ്റോ എന്ന് എങ്ങനെയാണ് തീരുമാനിക്കുന്നത്? ഞാനൊരു ചെറിയ കാര്യം പറയട്ടെ, അണ്ണാ ഹസാരെ ഒരു സമരം നടത്തി, സമരം പിൻവലിച്ചു. ജയിച്ചിട്ടാണോ സമരം പിൻവലിച്ചത്; പക്ഷേ, ഒടുവിൽ ജയിച്ചത് ആരാണ്? ഒടുവിൽ ജയിക്കുന്നത് ജനങ്ങളാണെന്ന് നിങ്ങൾ തിരിച്ചറിയണം. അതുപോലെ അതിന് മുമ്പ് നടന്ന ഒരു സമരം, പഴയ കഥയാണ്. ആസാം ഗണപരിഷത്ത് ഒരു സമരം നടത്തി, ആ സമരം പിൻവലിച്ചു. പക്ഷേ, പിന്നീട് ജയിച്ചത് ആരാണ്? അന്നത്തെ ഗവൺമെന്റ് തോറ്റു. ജനങ്ങൾ ആ ഗവൺമെന്റിനെ പാഠം പഠിപ്പിച്ചു. ഇവി

ടെയും ഞങ്ങൾ സമരം നടത്തിയിട്ടുണ്ട്. സമരം നിറുത്തിവച്ചിട്ടുണ്ട്. സമരം വീണ്ടും ആരംഭിക്കുകയും ചെയ്യും. പക്ഷേ, അങ്ങനെയൊക്കെ ചെയ്യുമ്പോഴും ഒടുവിൽ ജയിക്കുന്നത് ആരാണെന്നാണ് നിങ്ങൾ നോക്കേണ്ടത്. അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച് ജനങ്ങളുടെ അവകാശങ്ങൾ കവർന്നെടുത്ത്, പോലീസിനെ ഉപയോഗിച്ച് 7 കൊല്ലം ഇവിടെയും കേന്ദ്രത്തിലും ഭരിച്ചു. പക്ഷേ, ഒടുവിൽ ജയിച്ചത് ജനങ്ങളാണ്. സമരത്തിന്റെ ഭാഗമായി നാട്ടിലുണ്ടാകുന്ന സാമൂഹ്യമാറ്റമാണ് ഏറ്റവും പ്രധാനം. ജനങ്ങളിൽ അത് എന്തു പ്രതികരണമുണ്ടാക്കുന്നു എന്നതാണ് ഏറ്റവും വലിയ പ്രശ്നം. തോറ്റു എന്നു വേണമെങ്കിൽ വാദത്തിന് പറയാം. തോറ്റ സമരത്തെക്കുറിച്ചല്ലേ ഇന്നലെയും ഇന്നുമായി പന്ത്രണ്ട് പേർ ഇവിടെ സംസാരിച്ചത്. അങ്ങനെ തോറ്റ സമരമാണെങ്കിൽ, ജനങ്ങളിൽ നിന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒറ്റപ്പെട്ടുപോയ സമരമാണെങ്കിൽ എന്തിനാണ് ഇത്രയും ഉത്കണ്ഠപ്പെടുന്നത്. വലിയ ഉത്കണ്ഠയല്ലേ നിങ്ങൾ ഇവിടെ കാണിച്ചിട്ടുള്ളത്. അപ്പോൾ ആ സമരത്തെക്കുറിച്ച് നിങ്ങൾക്ക് ഭയമുണ്ട്. അതുണ്ടാക്കിയ ചലനങ്ങളെക്കുറിച്ച് ഭീതിയുണ്ട്, ആ സമരങ്ങൾ ജനങ്ങളിൽ എന്തൊക്കെ പ്രതികരണമാണ് ഉണ്ടാക്കിയതെന്നതിനെക്കുറിച്ച് നിങ്ങൾക്ക് ധാരണയുണ്ട്. അതുകൊണ്ടുതന്നെയാണ് സംസാരിച്ച ഓരോ പ്രാസംഗികനും കിട്ടുന്ന ഓരോ സന്ദർഭത്തിലും ഇതു വിടാതെ നിന്നത്. തെരഞ്ഞെടുപ്പിനെക്കുറിച്ചാണ് പിന്നീട് പറഞ്ഞത്. എന്താണ് തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം? കോൺഗ്രസ് നേതൃത്വം എങ്ങനെയാണ് ചിന്തിക്കുന്നതെന്ന് ഇപ്പോഴാണ് മനസ്സിലായത്. ഈ തെരഞ്ഞെടുപ്പിൽ ആരാണ് ജയിക്കുക; കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എ.യ്ക്ക് അധികാരത്തിൽ വരാനുള്ള കേവല ഭൂരിപക്ഷം ലഭിക്കുമോ? യു.പി.എ.യുടെ കടുത്ത അനുയായികൾപോലും അങ്ങനെ വിശ്വസിക്കുന്നില്ല. പിന്നെ അതെക്കുറിച്ച് വീര

സ്യം പറഞ്ഞിട്ട് എന്താണ് കാര്യം. ജനങ്ങൾ പ്രതികരിക്കുമെന്ന് മനസ്സിലായ ല്ലോ. കോൺഗ്രസ്സിനും ബി.ജെ.പി.ക്കുമെതിരെ ചിന്തിക്കുന്ന ജനങ്ങൾ ഈ രാജ്യത്തുണ്ട്. അവർക്കൊരു സൗകര്യം കിട്ടിയാൽ അവർ പാഠം പഠിപ്പിക്കുമെ ന്നതിന്റെ തെളിവായെങ്കിലും ഡൽഹിയിലെ തെരഞ്ഞെടുപ്പിനെ കാണാനുള്ള വിവേകം കാണിക്കാത്ത നിങ്ങൾ രാഷ്ട്രീയത്തെ കണ്ണു തുറന്നു കാണുന്നവ രാണെന്ന് എങ്ങനെയാണ് വിശ്വസിക്കുന്നത്. അതുകൊണ്ട് പൊള്ളയായ ഈ അവകാശവാദങ്ങൾ ഉപേക്ഷിച്ച് യാഥാർത്ഥ്യബോധത്തോടുകൂടിയ സമീപനം സ്വീകരിക്കണം, കേരളത്തിലെ ജനങ്ങൾ നേരിടുന്ന ഗുരുതരമായ പ്രശ്ന ങ്ങൾക്ക് പരിഹാരം കാണണം. പ്രതിപക്ഷം സഹകരിക്കണമെന്നു പറഞ്ഞു. പ്രതിപക്ഷത്തോട് ചർച്ച ചെയ്താൽ മാത്രമല്ലേ സഹകരിക്കാൻ കഴിയൂ. നിങ്ങൾ പറയുന്നതിലും ഞങ്ങൾ പറയുന്നതിലും കുറെ കാര്യമുണ്ടെന്ന് ഇന്നു രാവിലെയും ഇവിടെ ചിലർ പറയുന്നത് കേട്ടതാണ്. ആ കുറെ കാര്യ ങ്ങളിലെങ്കിലും യോജിപ്പിലെത്താൻ കഴിയില്ലേ? അങ്ങനെ യോജിപ്പിലെത്തി യാൽ ആ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് മുന്നോട്ടുപോകാൻ കഴിയുമല്ലോ. മുഖ്യമന്ത്രി വല്ലാത്ത അസഹിഷ്ണുതയാണ് ഇപ്പോൾ കാണിക്കുന്നത്. പ്രതി പക്ഷ നേതാവായിരുന്നപ്പോൾ, ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യാനല്ലെങ്കിൽ പിന്നെന്തിനാണ് ഈ സഭ എന്ന് അദ്ദേഹം പലപ്പോഴും ചോദിക്കുമായിരുന്നു. ഇത് ജനകീയ പ്രശ്നമല്ലേ; കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യം ജനകീയ പ്രശ്നമാണെന്ന് പറഞ്ഞിട്ടും ചർച്ചയിൽ നിന്ന് ഒളിച്ചോടാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് എന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി വസ്തുനിഷ്ഠമായ ഒരു ചർച്ചയെ ഭയപ്പെടുന്നു. ഞാൻ ശ്രീ. തോമസ് ഉണ്ണിയാടൻ പറഞ്ഞ ഒരു കാര്യം കൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കാം. അദ്ദേഹം കെ. എം. മാണിസാറിനെ അഭിനന്ദിച്ചു. ഞാൻ അതിൽ പങ്കു ചേരു

കയാണ്. കെ.എം.മാണിസാർ ഒരു നല്ല സന്ദേശം നൽകി. 286 കോടി രൂപ അദ്ദേഹം 27000 പേർക്കായി കൊടുത്തു. അതിനായി ഒരു പോസ്റ്ററും അദ്ദേഹം അടിച്ചില്ല, ഒരു രൂപയും വേറെ ചെലവാക്കിയില്ല, ഒരു സ്ഥലത്തും അദ്ദേഹം യാത്ര ചെയ്തിട്ടില്ല, ഒരു ജനസമ്പർക്കപരിപാടിയും നടത്തിയിട്ടില്ല. ഇതൊന്നുംകൂടാതെതന്നെ ഇത്രയും ആളുകൾക്ക് ജീവകാരുണ്യപരമായി എങ്ങനെ കോടിക്കണക്കിന് രൂപ സഹായധനമായി നൽകാമെന്ന് കണ്ടോളൂ എന്നാണ് മാണിസാർ പറഞ്ഞിരിക്കുന്നത്. അതിൽ നിന്നെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പാഠം പഠിക്കണം. ഇങ്ങനെയൊരു ആനുകൂല്യം കൊടുക്കാൻ ജനസമ്പർക്ക പരിപാടിയൊന്നും ആവശ്യമില്ല, അത് ഞാനിതാ തെളിയിച്ചിരിക്കുന്നു എന്ന് കെ. എം. മാണിസാർ ചൂണ്ടിക്കാണിച്ചെങ്കിൽ അത് പാലാക്കാരൻ പുതുപ്പള്ളിക്കാരന് കൊടുത്ത ഒരു മുന്നറിയിപ്പാണ്. ഇതാണ് ശരിയായ വഴിയെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഇനിയെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓഫീസിലിരുന്ന് കാര്യങ്ങൾ കാര്യക്ഷമമായി ശ്രദ്ധിക്കുകയും ഉദ്യോഗസ്ഥൻമാരെയും സഹമന്ത്രിമാരെയും സഹകരിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനരീതിയിലേയ്ക്ക് മാറുകയും ചെയ്യണമെന്ന സന്ദേശമാണ് യഥാർത്ഥത്തിൽ മാണിസാർ നൽകിയിട്ടുള്ളത്. ആ സന്ദേശം മുഖ്യമന്ത്രി വായിക്കുമെങ്കിൽ കാലത്തിന്റെ ചുവരെഴുത്ത് വായിക്കാൻ കഴിവുള്ളയാളാണ് അദ്ദേഹം എന്നു പറയാൻ കഴിയും. അല്ലെങ്കിൽ അത് നിഷേധിക്കേണ്ടതായും വരും. ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നത്തിലും വസ്തുനിഷ്ഠമായ നിലപാടുകൾ സ്വീകരിക്കാതെ കഴിവുകേടുകൾ മൂടിവയ്ക്കാൻ ജനസമ്പർക്കം കൊണ്ട് കഴിയുമെന്ന് വിശ്വസിക്കുന്ന ഒരു സർക്കാരിന്റെ നയപ്രഖ്യാ

പന പ്രസംഗത്തെയും അതിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച പ്രമേയത്തെയും ഞാൻ എതിർക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഭരണപക്ഷത്തുനിന്നും പ്രധാനമായി ഉന്നയിച്ചത് രണ്ടു കാര്യങ്ങളാണ്. നയപ്രഖ്യാപന പ്രസംഗത്തിലെ മിക്കവാറും കാര്യങ്ങളെ അവഗണിക്കുകയും രണ്ടു കാര്യങ്ങൾ മുഖ്യമായി ഉന്നയിക്കുകയുമാണ് അവർ ചെയ്തത്. ഒന്നാമതായി, പ്രതിപക്ഷ സമരങ്ങളെ മുഴുവൻ അവർ അപഹസിച്ചു. നയപ്രഖ്യാപന പ്രസംഗത്തിലും അത് ചെറുതായി സൂചിപ്പിച്ചിട്ടുണ്ട്. സമരത്തെ അപഹസിക്കുന്നത് ജനാധിപത്യത്തിന് നല്ലതാണോ എന്ന് ഭരണകക്ഷി അംഗങ്ങൾ ആലോചിക്കണം. ജനാധിപത്യത്തിൽ സമരങ്ങൾ കൊളുത്തുന്ന വിളക്കാണ് ഭരണകക്ഷിക്ക് നടക്കാനുള്ള വഴി തെളിയിക്കുന്നതെന്ന് പറഞ്ഞത് ജവഹർലാൽ നെഹ്രുവാണ്. ഭരണകക്ഷിക്ക് നടക്കാനുള്ള വഴി തീർക്കുന്നത് ഭരണകക്ഷിയല്ല. പ്രതിപക്ഷവും ജനങ്ങളും സാംസ്കാരിക പ്രവർത്തകരും ശക്തമായി ഉന്നയിക്കുന്ന തിരുത്തൽ വിളക്കുകളാണ് ഭരണകക്ഷിയെ വഴിനടക്കാൻ സഹായിക്കുന്ന ഘടകം. അതിനെയാണ് മുഴുവൻ ഭരണകക്ഷിയംഗങ്ങളും ഇവിടെ പ്രസംഗിച്ചപ്പോൾ ചോദ്യം ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറച്ചുകാലമായി കേരളത്തിൽ പ്രതിപക്ഷം നടത്തുന്ന സമരങ്ങളെയെല്ലാം വിമർശിക്കുകയാണ്. ശ്രീ. എം. എം. ഹസ്സൻ സമരത്തിനെതിരായി സമരം നടത്തുകയാണ്. ജനാധിപത്യത്തിൽ സമരമില്ലാതെ ജനത്തിനും പ്രതിപക്ഷത്തിനും ചിലപ്പോൾ ഭരണകക്ഷിക്കുപോലും മുന്നോട്ടുപോകാൻ കഴിയില്ല. അതിനെയൊന്നും അപഹസിക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കാളും എത്രയോ ഉയർന്ന ആളായിരുന്നു ഇൻഡ്യൻ പ്രധാനമ

ന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രു. അദ്ദേഹത്തെപ്പോലെ ഒരു പ്രധാനമന്ത്രിയെ ഇൻഡ്യ വേറെ കണ്ടിട്ടില്ല. ഇൻഡ്യൻ ജനാധിപത്യ മതേതര സംവിധാനത്തിന്റെ എല്ലാ നൻമകളെയും സ്വാംശീകരിച്ച്, സ്വാതന്ത്ര്യസമരം നയിച്ച കാലത്തും ഭരിച്ച കാലത്തും ഒരു വിശ്വപൗരന്റെ മുഖത്തോടുകൂടി നിന്ന നേതാവാണ് ജവഹർലാൽ നെഹ്രു. അദ്ദേഹത്തിന് ഒരു ഇടതുപക്ഷ മനസ്സുണ്ടായിരുന്നു, ജനാധിപത്യ ചിന്തയുണ്ടായിരുന്നു, മതനിരപേക്ഷ ബോധത്തിലൂന്നിയ ഒരു പ്രവർത്തനപരിപാടിയുണ്ടായിരുന്നു. അങ്ങനെയുള്ള ജവഹർലാൽ നെഹ്രു 1948–ൽ, 1948–ന്റെ പ്രത്യേകത എന്നുപറയുന്നത്, പഞ്ചാബും ബംഗാളും രണ്ടായി ലക്ഷക്കണക്കിന് അഭയാർത്ഥികൾ പടിഞ്ഞാറൻ പഞ്ചാബിൽ നിന്ന് ഇൻഡ്യൻ പഞ്ചാബിലേക്ക് വന്നകാലമാണ്. ഇൻഡ്യൻ പഞ്ചാബ് ഒരു നദിയുടെ ജലസ്പർശമില്ലാതെ ഉണങ്ങിനിൽക്കുന്ന കാലമാണ്. പടിഞ്ഞാറൻ പഞ്ചാബിൽ നിന്നുവന്ന ആയിരക്കണക്കിന് സിക്കുകാർക്കും ഹിന്ദുക്കളായ കർഷകർക്കും അവിടെയുണ്ടായിരുന്ന ഭൂമിയുടെ അത്രയും ഭൂമി ഇവിടെ ലഭിച്ചു. പക്ഷെ കൃഷി ചെയ്യുന്നതിന് ഒരു തുള്ളി വെള്ളമില്ല. ആ സമയത്താണ് ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രു ഒരു സന്ദർശനത്തിനായി ഇൻഡ്യൻ പഞ്ചാബ് പ്രവിശ്യയിൽ ചെന്നത്. അദ്ദേഹത്തിന്റെ സന്ദർശനവേളയിൽ തലക്കെട്ടുകെട്ടിയ ഒരു സിക്കുകർഷകൻ ഇൻഡ്യൻ പ്രധാനമന്ത്രിയെ തടഞ്ഞുനിർത്തി നിങ്ങൾ അധികാരത്തിൽ വന്നിട്ട് ദുരിതമല്ലാതെ ഞങ്ങൾക്ക് വേറെയെന്തു കിട്ടി എന്ന് രോഷത്തോടുകൂടി ചോദിച്ചു. കൂടെയുള്ള പോലീസുകാർ മുന്നോട്ടു വന്നപ്പോൾ അവരെ തടഞ്ഞുകൊണ്ട് ആ കർഷകനെ തൊട്ടുനിറുത്തികൊണ്ട് ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രു പറഞ്ഞത്,

നിങ്ങൾക്കാകെ കിട്ടിയത് ഇൻഡ്യൻ പ്രധാനമന്ത്രിയെ തടഞ്ഞുനിർത്തി ഇത് ചോദിക്കാനുള്ള സ്വാതന്ത്ര്യമാണ് എന്നാണ്. ആ സ്വാതന്ത്ര്യം നില നിൽക്കുവോളം കാലം മാത്രമേ ജനാധിപത്യമുള്ളൂ, അത് എപ്പോൾ നഷ്ടപ്പെ ടുന്നുവോ അപ്പോൾ ജനാധിപത്യത്തിന്റെ വിളക്ക് കെടുത്തപ്പെടും. അത് സംഭ വിക്കാൻ പാടില്ല.

അദ്ദേഹം തിരിച്ച് ഡൽഹിയിൽ ചെന്ന് ഇൻഡ്യയിലെ ഇറിഗേഷൻ എഞ്ചിനീയർമാരുടെ യോഗം വിളിച്ചു. പഞ്ചാബിലെ വരണ്ട ഭൂമിയിലെ കർഷ കർക്ക് കൃഷി ചെയ്യുന്നതിനും കുടിക്കാനും വെള്ളം കിട്ടുന്നതിനായി അദ്ദേഹ ത്തിന്റെ നിർദ്ദേശ പ്രകാരമാണ് ഭക്രാനംഗൽ അണക്കെട്ട് ഉണ്ടായത്. അമേരി ക്കയിൽ നിന്ന് **ഹർവീസ് ലോഗൻ** എന്ന എഞ്ചിനീയറെ വിളിച്ചുവരുത്തി നിശ്ചിത സമയത്തിനുള്ളിൽ അണക്കെട്ടിന്റെ പണി പൂർത്തിയാക്കി. ഈ സംഭ വത്തിനുമുമ്പുതന്നെ അദ്ദേഹത്തിന് അങ്ങനെയൊരു ആശയമുണ്ടായിരുന്നു. ജനസമ്പർക്കം നടത്തുന്നത് മുഖ്യമന്ത്രി മാത്രമല്ല, എം.എൽ.എ. മാരും പഞ്ചാ യത്തു മെമ്പർമാരും പൊതു പ്രവർത്തകരും സാംസ്കാരിക പ്രവർത്തകരും ജനസമ്പർക്കം നടത്തുന്നുണ്ട്. ദിവസവും 10 പേരെയെങ്കിലും കാണാത്ത ഒരു പഞ്ചായത്ത് മെമ്പറും നാട്ടിലില്ല. ഒരു പക്ഷേ, ഏറ്റവും കൂടുതൽ ജനസമ്പർക്കം നടത്തുന്നത് കേരളത്തിലെ പഞ്ചായത്ത് മെമ്പർമാരാ യിരിക്കും. മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ള മറ്റൊരു കാര്യം, അങ്ങ് നടത്തുന്ന ജനസമ്പർക്കത്തിൽ മനുഷ്യാവകാശ ലംഘനത്തിന്റെ പ്രശ്നമുണ്ട്. 102 വകുപ്പുകൾ ചെയ്യേണ്ട കാര്യങ്ങളെല്ലാം കൂടി മുഖ്യമന്ത്രി കൈവശപ്പെടുത്തി ജന സമ്പർക്കത്തിൽ ചെയ്യുന്നതിലൊന്നും എനിക്ക് വിരോധമില്ല. കൽപ്പറ്റയിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ കിടപ്പിലായ

ഒരു രോഗിയെ മുഖ്യമന്ത്രിയും ശ്രീ. എം.വി. ശ്രേയാംസ് കുമാറും കൂടി കാണുന്ന പടം മാതൃഭൂമിയിലും മനോരമയിലുമൊക്കെ അച്ചടിച്ചുവന്നത് കാണുന്ന ഒരാൾക്കും സഹിക്കാൻ കഴിയുകയില്ല. ആ രോഗിക്കും മനുഷ്യാവകാശമുണ്ട്. കൊല്ലത്ത് ഏരൂരുള്ള രണ്ടു കുഞ്ഞുങ്ങൾ– ഒരാൾക്ക് 14 വർഷമായും ഒരാൾക്ക് എട്ടു വർഷമായും എഴുന്നേൽക്കാൻ നിവൃത്തിയില്ല – അവരെന്തിനാണ് ജനസമ്പർക്ക പരിപാടിയിൽ വരുന്നത്? മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം ലഭിക്കണമെങ്കിൽ അവർക്കൊരു സർട്ടിഫിക്കറ്റ് കൊടുത്താൽ പോരേ? ആ രണ്ടു കുഞ്ഞുങ്ങളുടെ അച്ഛനാണ് തൂങ്ങി മരിച്ചത്. ഒരു രോഗിയെ മുഖ്യമന്ത്രി കണ്ടാൽ എന്താണ് പ്രയോജനം? ഇതിലൊരു മനുഷ്യാവകാശ ലംഘനമുണ്ട്. അത് മുഖ്യമന്ത്രി ചെയ്യരുത്. ഇങ്ങനെ എഴുന്നേൽക്കാൻ സാധിക്കാത്ത, മരിക്കാറായ, ഒരുപാട് രോഗം വന്ന, വേദനിക്കുന്ന രോഗികൾക്ക് പണം കൊടുക്കുന്ന ആഘോഷ പരിപാടിയാക്കി ഈ ജനസമ്പർക്ക പരിപാടിയെ മാറ്റുന്നത് ഒരു മനുഷ്യാവകാശ ലംഘനമാണ്. മനുഷ്യാവകാശ ലംഘനം നടത്താൻ പാടില്ല. മുഖ്യമന്ത്രി വിശ്വാസിയാണോ അവിശ്വാസിയാണോ എന്ന് എനിക്ക് അറിയില്ല. വിശ്വാസിയാണെങ്കിൽ ഇടതു കൈ കൊണ്ട് കൊടുക്കുന്നത് വലതു കൈ അറിയരുത്. ആയിരക്കണക്കിന് ആളുകൾക്ക് ചികിത്സാ സഹായം ഇതിനുമുമ്പും കൊടുത്തിരുന്നു, എല്ലാ കാലത്തും കൊടുത്തിട്ടുണ്ട്. ഇപ്പോൾ കെ. എം. മാണി സാറും കൊടുക്കുന്നുണ്ട്. പക്ഷേ, അങ്ങനെ കൊടുക്കുമ്പോൾ ഒരു കൈ കൊടുക്കുന്നത് അടുത്ത കൈ അറിയാൻ പാടില്ല. ചികിത്സാ സഹായം കൊടുക്കാനുള്ള അവകാശം മുഖ്യമന്ത്രിയുടെ അവകാശമാണ്, ദുരിതാശ്വാസം കൊടുക്കാനുള്ള അവകാശം മുഖ്യമന്ത്രിയുടെ അവകാശമാ

ണ്. പക്ഷേ, അത് ആഘോഷമാക്കരുത്. 5000 പേർ കണ്ടെങ്കിൽ മാത്രമേ ഞാൻ ഒരാൾക്ക് 1500 രൂപ കൊടുക്കുകയുള്ളു എന്ന് നിർബന്ധം കാണിക്ക രുത്. ഇത് മനുഷ്യാവകാശ ലംഘനവും ആഘോഷവുമാണ്. അതല്ല ജനാധി പത്യമെന്നും അത് മനസ്സിലാക്കണമെന്നും അദ്ദേഹത്തെ ഓർമ്മിപ്പിക്കു കയാണ്. മറ്റൊരു പ്രശ്നം, എൽ.ഡി.എഫ്.-ന്റെ ഏത് സമരം ജയിച്ചു എന്നാണ് നിങ്ങൾ ചോദിക്കുന്നത്. എല്ലാ സമരങ്ങളും തോറ്റുവെന്നു ഞങ്ങൾ സമ്മതിക്കുന്നു. അങ്ങനെയാണെങ്കിൽ ഇൻഡ്യയിൽ ഏറ്റവും കൂടു തൽ തോറ്റ സമരങ്ങൾ നയിച്ചത് മഹാത്മാഗാന്ധിയാണ്. 1915-ൽ ഗോപാല കൃഷ്ണ ഗോഖെലയുടെ നിർദ്ദേശപ്രകാരം ഇൻഡ്യൻ സ്വാതന്ത്ര്യ സമര ത്തിന്റെ നായകത്വം ഏറ്റെടുത്ത അദ്ദേഹം പിൻവലിച്ച അത്രയും സമരങ്ങൾ ഇൻഡ്യയിൽ മറ്റാരും പിൻവലിച്ചിട്ടില്ല. അദ്ദേഹം നടത്തി തോറ്റ അത്രത്തോളം സമരങ്ങൾ ആരും നടത്തി തോറ്റിട്ടില്ല. അതുകൊണ്ട് മഹാത്മാ ഗാന്ധിയെ ഇൻഡ്യൻ രാഷ്ട്രീയത്തിലെ തോറ്റ മനുഷ്യൻ എന്നു പറയുവാൻ സാധിക്കുമോ? ഇൻഡ്യൻ രാഷ്ട്രീയത്തിൽ ജയിച്ച മനുഷ്യരുടെ ഒന്നാമത്തെ പേര് അദ്ദേഹത്തിന്റേതാണ്. മരണംപോലും ഇൻഡ്യയെ ജയിപ്പിക്കാൻ വേണ്ടി ഉപയോഗിച്ച മനുഷ്യനാണദ്ദേഹം. അതുകൊണ്ട്, ഇടതു പക്ഷം നട ത്തിയ സമരം തോറ്റതിന്റെ പേരിലെല്ലാം നിങ്ങൾ സുഖം അനുഭവിക്കുകയാ ണെങ്കിൽ അതിൽ ഞങ്ങൾക്ക് വിരോധമൊന്നുമില്ല. 2014-ൽ കേരളത്തിൽ സംഭവിച്ച ഒരു കാര്യം ശ്രീ. രമേശ് ചെന്നിത്തല മന്ത്രിയായതാണ്. അത് നിങ്ങ ളുടെ സന്തോഷമായി മാറിയപ്പോൾ ഗ്യാസിന്റെ വിലകൂട്ടിയത് നാടിന്റെ ശാപമായി മാറി. 2013-നെ ക്കാൾ മെച്ചപ്പെട്ട ഒരു 2014 ഉണ്ടാകുമെന്ന് ആർക്കും കരുതാൻ പറ്റാത്തവണ്ണം അത്താഴം മുടങ്ങുന്ന ഘട്ടത്തിലേക്ക്

കേരളം പോകുകയാണ്. അത്താഴം മുടങ്ങിയ കാര്യം ഒരുപക്ഷേ കെ. എം. മാണിസാറിന് അറിയാമായിരിക്കും. ബ്രേക്ക്ഫാസ്റ്റും ഉച്ചയൂണും കൂടുതൽ ആർഭാടമായാൽ ചിലപ്പോൾ അത്താഴം മുടങ്ങിപ്പോകും. ബ്രേക്ക്ഫാസ്റ്റ് ആർഭാടമാക്കാനുള്ള പണം ശ്രീ. തോമസ് ഐസക് കരുതിവച്ചിരുന്നു. അതു കൊണ്ട് ബ്രേക്ക്ഫാസ്റ്റ് ആർഭാടമായി. ഉച്ചയൂണ് നടത്താനുള്ളത് എങ്ങനെ യൊക്കെയോ ഒപ്പിച്ച് എടുത്തു. ഈ ക്രിസ്തുമസ്സിന് ജീവനക്കാർക്ക് ശമ്പളം കൊടുത്തില്ല. സത്യക്രിസ്ത്യാനിയായ കെ. എം. മാണി സാർ ധനകാര്യവകുപ്പു മന്ത്രി ആയിരിക്കുമ്പോഴാണ്, ഇത്രയും കാലത്തെ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് പെൻഷൻകാർക്കും ശമ്പളക്കാർക്കും കേരളത്തിൽ ഒരു മാസത്തെ ശമ്പളം മുൻകൂറായി ഈ ക്രിസ്തുമസിന് കൊടുക്കാതെ പോയത്. സത്യ ക്രിസ്ത്യാനി ആണെങ്കിൽ അദ്ദേഹത്തിന് നരകം ഉറപ്പാണ്. അദ്ദേഹത്തിന് ഇഷ്ടമില്ലാത്തതുകൊണ്ടല്ല ശമ്പളം കൊടുക്കാതിരുന്നത്. യു.ഡി.എഫ്. ഭരണത്തിൽ വന്നപ്പോൾ കേരളത്തിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവള പത്രം ഇറക്കി. ഇപ്പോൾ ധവളപത്രം ഇറക്കാത്തതെന്താണ്? കേരളത്തിലെ കരാറുകാർക്ക് 1800 കോടി രൂപ കൊടുക്കാനുണ്ട്, സെക്രട്ടേറിയറ്റിന്റെ മുമ്പിൽ കഴിഞ്ഞ ആഴ്ചയാണ് അവർ സമരം നടത്തിയത്. എല്ലാ മണ്ഡലങ്ങളിലെയും എം.എൽ.എ.മാരോട് എഞ്ചിനീയർമാർ പറയുന്നത് എങ്ങനെയെങ്കിലും കോൺട്രാക്ടറെ സംഘടിപ്പിച്ചു തരാനാണ്. ആരും ഒരു വർക്കും ഏറ്റെടുക്കുന്നില്ല. പണി ചെയ്താൽ അവർക്ക് തുക കിട്ടുന്നില്ല. ഈ അവസ്ഥ ഇവിടെ എങ്ങനെ സംഭവിച്ചു? റബ്ബറിന്റെ വിലയിടിവും ഉൽപ്പാദനക്കുറവും കാരണം കഴിഞ്ഞ ഒരു വർഷം കേരളത്തിലെ കാർഷിക മേഖലയിൽ 6000 കോടി രൂപ നഷ്ടമായെന്നാണ് അതിനെക്കു

റിച്ച് നടത്തിയ പഠനത്തിൽ കണക്കാക്കിയത്. നാളികേര മേഖലയിൽ 200 കോടി രൂപയുടെ നഷ്ടം വന്നു. കേരളത്തിൽ മറ്റെല്ലാ മേഖലയിലും ചെറുതും വലുതുമായ നഷ്ടം വന്നു. ഈ നഷ്ടമെല്ലാം തിട്ടപ്പെടുത്തി കേന്ദ്ര ത്തിന്റെ മുന്നിൽ കണക്കു കൊടുത്ത് ചെറിയൊരു സഹായമെങ്കിലും നേടി യെടുക്കാൻ എന്തെങ്കിലും ശ്രമം നടത്തുന്നുണ്ടോ? കേരളത്തിലെ എത്ര മന്ത്രിമാരാണ് എല്ലാ ദിവസവും ഡൽഹിയിൽ പോകുന്നത്; കേരളത്തിലെ കോൺഗ്രസ് മന്ത്രിമാർ ഡൽഹിയിൽ പോകുന്നത് കേരളത്തിന്റെ കാര്യം പറ യാനാണോ അതോ അവരുടെ കാര്യം പറയാനാണോ? കേരളത്തിലെ മുഴു വൻ പത്ര– ദൃശ്യ മാധ്യമങ്ങളിൽ വന്ന, ജനങ്ങൾ സിനിമ പോലെ ആസ്വദിച്ച ചർച്ചകൾ മുഴുവനുമുണ്ടാക്കിയത് കേരളത്തിലെ പ്രതിപക്ഷമാണോ? ചീഫ് വിപ്പിനെ നിയമസഭയിലെ ഒരു മെമ്പർ വിളിച്ചത് അമ്പലക്കാള എന്നാണ്. കേരളത്തിലെ ഒരു എം.എൽ.എ.–യെ ചീഫ് വിപ്പ് വിളിച്ചത് അർബുദം ബാധിച്ച മോഴയെന്നാണ്. എന്താണ് ഇങ്ങനെയുണ്ടാകുന്നത്; എന്താണ് ഇങ്ങനെയൊരു രാഷ്ട്രീയ സംസ്കാരത്തിലേക്ക് കേരളവും പോകുന്നത്; ഇത് പ്രതിപക്ഷത്തിന്റെ കുറ്റമാണോ? നിങ്ങൾ അന്യോന്യം പറഞ്ഞത് മുഴു വൻ എടുത്തുവച്ചു വായിച്ചാൽ നിങ്ങൾക്ക് ദഹിക്കുമോ? കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് കെ.എസ്.യു. നടത്തിയ സമ്മേളനങ്ങളിലെ സ്റ്റേറ്റുമെന്റ് മാത്രം നോക്കിയാൽ, ഭരണകക്ഷിക്ക് ഏതെങ്കിലും നയത്തിൽ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിനെ ന്യായീകരിക്കാൻ സാധിക്കുമോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര മന്ത്രി അല്ലാതായപ്പോൾ കോട്ടയത്ത് ഒരു പത്ര സമ്മേളനം നടത്തി. ആ പത്ര സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞത് അദ്ദേഹത്തിന്റെ കാലം ആഭ്യന്തര വകുപ്പിന്റെ സുവർണ്ണ

കാലമെന്ന് രേഖപ്പെടുത്തുമെന്നാണ്. ഈ പ്രസ്താവന അറിഞ്ഞ പ്പോൾത്തന്നെ, ഇതിനെക്കുറിച്ചുള്ള അഭിപ്രായമെന്താണെന്ന് കൊല്ലത്ത്, പുത്തൂരിലുണ്ടായിരുന്ന ചീഫ് വിപ്പിനോട് പത്രക്കാർ ചോദിച്ചു. അവരവർക്ക് അവരവരെക്കുറിച്ച് എല്ലാ കാലത്തും മഹത്തായ അഭിപ്രായമുണ്ടെന്നാണ് ചീഫ് വിപ്പ് മറുപടി പറഞ്ഞത്. ഇതൊന്നും പ്രതിപക്ഷം പറഞ്ഞതല്ല, ഭരണ കക്ഷികൾ പറയുന്നതാണ്. എന്തുകൊണ്ട് നിങ്ങൾ ഇങ്ങനെ പറയുന്നു; എന്തുകൊണ്ട് നിങ്ങൾക്ക് യോജിപ്പില്ലാതായി, എന്തുകൊണ്ട് നിങ്ങൾക്ക് നിങ്ങളെ ഉൾക്കൊള്ളാൻ പറ്റാതായി? പ്രതിപക്ഷത്തേക്കാൾ കൂടുതൽ ശക്ത മായി, ആക്രമണ സ്വഭാവത്തോടെ നിങ്ങളെങ്ങനെ കേരള രാഷ്ട്രീയത്തിൽ – സത്യത്തിൽ കേരളത്തിന് മൊത്തം അഭിമാനകരമായ തരത്തിൽ – ഒരു സാംസ്കാരിക അധ:പതനത്തിലേക്ക് താണുപോയി?

ശ്രീ. ബെന്നി ബെഹനാൻ : അഭിമാനകരമായ തരത്തിൽ എന്നു പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ : അഭിമാനകരമെന്നാണ് ഞാൻ പറഞ്ഞതെ ങ്കിൽ തിരുത്തുന്നു, അപമാനകരമായി എന്നാണ് ഉദ്ദേശിച്ചത്. ഞാൻ മുഖ്യമ ന്ത്രിയോട് വേറൊരു കാര്യം കൂടി പറയുന്നു.

ഒരു കാര്യം ഞാൻ പറയുന്നു, പോക്കുവരവ് നടത്തിക്കൊടുത്തത് നിങ്ങളുടെ കാലത്താണ്. നടപടിക്രമങ്ങളിൽ തെറ്റുണ്ടായത് നിങ്ങളുടെ കാല ത്താണ്. 2005–ലാണ് കൃഷിവകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി സ്ഥലം നികത്താൻ അനുവാദംകൊടുത്തത്. സ്റ്റോപ് മെമ്മോ കൊടുത്തതും ആ വർഷാവസാനമാണ്. ഞാൻ ഇത്രയേ പറയുന്നുള്ളൂ, എല്ലാ തെറ്റുകളും

പിന്തുടരുന്ന, ഒരുപാട് നിയമലംഘനങ്ങൾ നടക്കുന്ന ആറന്മുള വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട് 2003 മുതൽ 2014 ഇതേ സമയംവരെയുള്ള എല്ലാ നടപടിക്രമങ്ങളും ഒരു ജുഡീഷ്യൽ അന്വേഷണത്തിന് വിധേയമാക്കണം. തെറ്റും ശരിയും ഏന്താണെന്ന് ജനങ്ങൾ തിരിച്ചറിയട്ടെ.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അങ്ങ്, മഹാത്മാഗാന്ധിയുടെ ചിത്രത്തിനുമുന്നിലിരുന്ന് സത്യത്തെ നിഷേധിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്ന ഒരു മുഖ്യമന്ത്രിയാകരുത്. അങ്ങ് ഒരിക്കലും സത്യം പറയുകയില്ല എന്നൊക്കെ ശ്രീ. ആർ. ബാലകൃഷ്ണപിള്ള പറഞ്ഞു. ചിലർ പറയുന്നത്, കേരളത്തിൽ പണ്ടുകാലത്തിരുന്ന ഏതോ ഒരു മുഖ്യമന്ത്രി ഒരുപാട് കള്ളം പറഞ്ഞിട്ടുണ്ട്, അദ്ദേഹം ഒരു ജന്മംകൊണ്ട് പറഞ്ഞത് ഇപ്പോഴത്തെ മുഖ്യമന്ത്രി രണ്ടര വർഷംകൊണ്ട് പറഞ്ഞു എന്നാണ്. പക്ഷെ, സഭയിൽ വച്ചിരിക്കുന്ന മഹാത്മാഗാന്ധിയുടെ ഈ ചിത്രത്തിനുമുന്നിലിരുന്ന് ഇത്രത്തോളം സത്യത്തെ വെല്ലുവിളിക്കുന്ന തരത്തിൽ അങ്ങ് പ്രവർത്തിക്കരുത്. അങ്ങ് കുറച്ചുകൂടി നേരും നന്മയും ജനാധിപത്യത്തെ ഉൾക്കൊള്ളുന്നതുമായ ഒരു സമീപനം കൈക്കൊള്ളണം. നിങ്ങളുടെ കഴിഞ്ഞ രണ്ടുവർഷത്തെയും ഈ മൂന്നാമത്തെ വർഷത്തെയും നയം ഒരുപോലെയാണ്. ആ നയം മരിച്ചു. ഇപ്പോൾ നടത്തിയിരിക്കുന്ന ഈ നയപ്രഖ്യാപനം ശവത്തിന്റെ പുറത്തു ചുറ്റിയ പട്ടുസാരിപോലെയാണ്. അകത്തുകിടക്കുന്നത് മോർച്ചറിയിൽ വെയ്ക്കാൻ മാത്രം കൊള്ളാവുന്നതായതുകൊണ്ട് ഈ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. നിഖിൽ കുമാർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപനത്തെയും അതിന് ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെയും ഞാൻ അനുകൂലിക്കുന്നു. എന്റെ സ്നേഹിതൻ ശ്രീ. മുല്ലക്കര രത്നാകരൻ, ഇടതു പക്ഷം നടത്തുന്ന സമരങ്ങളെ ഭരണകക്ഷിയിൽപ്പെട്ട എല്ലാവരും ആക്ഷേപി ക്കുന്നു എന്നുള്ള ഒരു ദുഃഖം ഇവിടെ പറഞ്ഞു. ആ സമരത്തെ ആക്ഷേപി ക്കാനോ സമരം തോറ്റുപോയി എന്നോ നിങ്ങൾ ഒളിച്ചോടി എന്നോ പറ യാനോ ഞാൻ ആഗ്രഹിക്കുന്നില്ല. മാത്രവുമല്ല, ഞാൻ വളരെ മര്യാദയ്ക്ക് സംസാരിക്കുന്ന ആളായതുകൊണ്ട് ആരേയും വേദനിപ്പിക്കാൻ ആഗ്രഹിക്കു ന്നുമില്ല. എന്നാൽ രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് പഠന വിഷയമാക്കാൻ പറ്റിയ നിരവധി സംഭവ വികാസങ്ങൾക്ക് സാക്ഷ്യം വഹിച്ച കാലഘട്ടമായി രുന്നു കഴിഞ്ഞ ആറുമാസക്കാലത്തെ സമരകാലമെന്ന് പറയേണ്ടിവരും. കാരണം, അടിസ്ഥാനമില്ലാത്ത, സത്യസന്ധമല്ലാത്ത ആരോപണങ്ങളുന്നയി ച്ചുകൊണ്ട് നടത്തുന്ന ഒരു സമരത്തിനും ഒരു പ്രചരണത്തിനും ജനമനസ്സു കളെ സ്വാധീനിക്കാനോ പിടിച്ചുനിർത്താനോ കഴിയില്ലെന്ന സത്യം ഒരിക്കൽക്കൂടി വിളിച്ചുപറയുന്ന ഒരു കാലഘട്ടമായിരുന്നു കഴിഞ്ഞ ആറു മാസ കാലഘട്ടത്തിലെ ഇടതുപക്ഷ സമരം. അധികാരമില്ലാത്തതിന്റെ അസഹി ഷ്ണുതമൂലം ഇടതുപക്ഷം കാട്ടിക്കൂട്ടിയ സമര കോപ്രായങ്ങളേയും വ്യക്തി പരമായി നടത്തിയ ആക്ഷേപങ്ങളേയും ശാരീരികമായിപ്പോലും മുഖ്യ മന്ത്രിയെ ഇല്ലാതാക്കാൻ നടത്തിയ ശ്രമങ്ങളേയുമെല്ലാം അചഞ്ചലമായി നേരിട്ടുകൊണ്ട് ഒരു നാടിനെ വികസനത്തിന്റെ പാതയിലൂടെ അതിവേഗം മുന്നോട്ടു നയിക്കാനാകുമെന്ന് കാണിച്ചുകൊടുത്ത ഒരു കാലഘട്ടമായിരുന്നു കഴിഞ്ഞ ആറുമാസക്കാലമെന്ന് ഞങ്ങൾക്ക് പറയേണ്ടിവരും. അടുപ്പുകൂട്ടി

സമരം മുതൽ ക്ലിഫ്ഹൗസ് ഉപരോധം വരെ നീണ്ട 12 തരം ന്യൂതന പേരുകളിലുള്ള സമരങ്ങൾ കാണാനും അവയൊക്കെ അകാലത്തിൽ വീര മൃത്യു വരിക്കുന്നത് കാണാനുമുള്ള ഭാഗ്യമോ നിർഭാഗ്യമോ കേരള ജനത യ്ക്കുണ്ടായ ഒരു കാലഘട്ടം കൂടിയായിരുന്നു അത്. സമരാഭാസങ്ങൾ കണ്ട് സ്ത്രീകൾ ചൂലെടുക്കുന്നതും ജനങ്ങൾ പ്രതികരിക്കുന്നതും, പ്രതികരിക്കുന്ന വന്റെ കൃഷി സമരക്കാർ വെട്ടി നശിപ്പിക്കുന്നതുമെല്ലാം ഈ കാലഘട്ടത്തിനിട യിൽ കാണുവാനുള്ള അവസരമുണ്ടായി എന്നുള്ളതും സത്യമാണ്. ഗവർണ്ണർ ഈ സഭയിൽ നടത്തിയ നയപ്രഖ്യാപനം, ആത്മവിശ്വാസം ഉച്ചസ്ഥായിയിൽ നിൽക്കുന്ന ഒരു സർക്കാരിന്റെ നയപ്രഖ്യാപനമായിട്ടാണ് എനിക്ക് മനസ്സിലായത്. കേരളത്തിൽ വികസന രംഗത്ത് അത്ഭുതങ്ങൾ നടക്കുന്നു. സ്വപ്ന പദ്ധതികൾ കേരളത്തിൽ ഒന്നൊന്നായി പൂർത്തിയാകുക യാണ്. കൊച്ചി മെട്രോയുടെ സ്റ്റാർട്ടിംഗിനുള്ള കൗണ്ട്ഡൗൺ ആരംഭിച്ചു കഴിഞ്ഞു. അത് ഒരു ദിവസവും ഒഴിവാക്കാതെ, ഗവൺമെന്റ് പ്രഖ്യാപിച്ചിരി ക്കുന്ന ദിവസങ്ങളനുസരിച്ച് പണി നടക്കുകയാണ്. എൽ.എൻ.ജി. ടെർമി നലിന്റെ ഉദ്ഘാടനം നടന്നുകഴിഞ്ഞു. കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം തുറമുഖം എന്നിവ സാക്ഷാത്ക്കരിക്കാൻ പോകുകയാണ്. മോണോറെയി ലിന്റെ പണി ആരംഭിക്കുകയാണ്. സ്മാർട്ട്സിറ്റി അടുത്ത വർഷം ആദ്യഘട്ടം പൂർത്തിയാകുകയാണ്. കാരുണ്യ ലോട്ടറിയെക്കുറിച്ച് എല്ലാവരും പറഞ്ഞു. ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. പാവപ്പെട്ടവനെ ഇത്രയുമധികം സഹായിക്കുന്ന പദ്ധതി കേരള ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? എത്രയോ വലിയ ഭാവനാസമ്പന്നമായ ഒരു പദ്ധതിയാണത്! ലോട്ടറിക്കച്ച വടത്തിൽ സാന്റിയാഗോ മാർട്ടിൻ 50,000-ഉം 60,000-ഉം കോടിരൂപ അടിച്ചു

കൊണ്ടുപോയിടത്തുനിന്നും മാറിയ മാറ്റം വളരെ വലുതാണ്. റോഡ് വികസനം, ആരോഗ്യരംഗം തുടങ്ങിയ എല്ലാ മേഖലയും പുരോഗതിയിലാണ്. ആരോഗ്യ മേഖലയിൽ ഗർഭാവസ്ഥയിലുള്ള കുട്ടി മുതൽ 18 വയസ്സുവരെ യുള്ള കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക ആരോഗ്യ പാക്കേജായ ആരോഗ്യ കിരൺ പദ്ധതി, എസ്.സി/ എസ്.ടി. മേഖലയിലെ സ്വയം പര്യാപ്ത ഗ്രാമ പദ്ധതി – ഓരോ കോടിരൂപ വീതം ഓരോ എസ്.സി/എസ്.ടി. കോളനികൾക്ക് നൽകി സമഗ്ര വികസനം നടത്തുന്ന വലിയൊരു പദ്ധതി, പുതിയ തല മുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കത്തക്കരീതിയിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ 'ഗ്രീൻഹൗസ്' പദ്ധതി, എന്നിങ്ങനെ എല്ലാ മേഖല കളിലും ഉണർവ്വിന്റെ ഒരു കാലഘട്ടമാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽനിന്നും എനിക്ക് മനസ്സിലായത്. പ്രതിപക്ഷം ഇവിടെ നടത്തിയ പ്രസംഗങ്ങളിൽ ഏറ്റവും കൂടുതൽ വിമർശിച്ചിട്ടുള്ളത് ജനസമ്പർക്ക പരിപാ ടിയെയാണ്. ഒരാളെ, ഒരു കാര്യത്തിൽ ഏറ്റവും കൂടുതൽ എല്ലാവരും വിമർശിക്കുന്നുവെങ്കിൽ ആ പരിപാടി അവർക്ക് അത്രമാത്രം വേദന ഉണ്ടാ ക്കിയെന്നതിന്റെ തെളിവായിട്ടാണ് ഞാൻ കാണുന്നത്. ഒരാളെ ഏറ്റവും കൂടുതൽ വിമർശിക്കുന്നത് അയാൾ നമുക്കേറ്റവും കൂടുതൽ ദോഷം ചെയ്യു മ്പോഴാണല്ലോ; പ്രതിപക്ഷത്തുള്ള എല്ലാവരും ഇതിനെ എതിർക്കുന്നതു കൊണ്ട് അവരെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ വിഷമം ഉണ്ടാക്കി യിട്ടുള്ളത് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയാണ് എന്ന് മനസ്സിലാക്കാം. ശ്രീ. വി. എസ്. സുനിൽ കുമാർ, ഒരു കാര്യം ഞാൻ പറയാം, ഈ ജനസമ്പർക്ക പരിപാടി എനിക്കോ നിങ്ങൾക്കോ നടത്താൻ കഴിയുന്ന കാര്യമല്ല, രാവിലെ 9 മണി മുതൽ പിറ്റേന്നു വെളുക്കുന്നതുവരെ ഒറ്റക്കാ

ലിൽനിന്നുകൊണ്ട് അവിടെ വരുന്ന മുഴുവൻ ആളുകളുടേയും പ്രശ്നങ്ങൾ എന്താണെന്ന് ക്ഷമയോടെ കേൾക്കാനും അപ്പോൾ പരിഹരിക്കാൻ കഴിയുന്ന കാര്യങ്ങൾ അപ്പോൾത്തന്നെ പരിഹരിക്കുകയും ഏതെങ്കിലും കാര്യത്തിൽ നിയമപരമായ തടസ്സങ്ങളുണ്ടെങ്കിൽ നിയമം മാറ്റിയെഴുതാനും അവർക്ക് ഏതെങ്കിലും തരത്തിലുള്ള ധനസഹായമോ മറ്റ് സഹായമോ ആവശ്യമുണ്ടെങ്കിൽ അതെഴുതിക്കൊടുക്കാനുമൊക്കെ കഴിയുന്നത് വളരെ വലിയൊരു കാര്യമാണ്. ചെറിയ കാര്യമാണെന്നൊന്നും തെറ്റിദ്ധരിക്കണ്ട. വലിയൊരു മനുഷ്യാവകാശലംഘനം നടക്കുന്നവെന്നാണ് ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ പറഞ്ഞത്. എട്ടും പതിനാലും വർഷങ്ങളായി തളർന്നു കിടക്കുന്ന വരെക്കുറിച്ച് പറഞ്ഞല്ലോ, ഈ പതിനാലു വർഷത്തിനിടയ്ക്ക് നിങ്ങൾ രണ്ടു പ്രാവശ്യം അധികാരത്തിൽ വന്നല്ലോ; ആ പാവങ്ങളെ ഒന്നുതിരിഞ്ഞു നോക്കാൻ സമയം കിട്ടിയില്ലല്ലോ? ഇത്രയും വർഷക്കാലം ആരാലും നോക്കാനില്ലാതെ കിടന്നിരുന്ന ആളുകളെ അവിടുത്തെ ഐക്യ ജനാധിപത്യ മുന്നണിയുടെ പ്രവർത്തകർ മുഖ്യമന്ത്രിയുടെ മുൻപിൽ കൊണ്ടുവന്ന്, രണ്ടുപ്രാവശ്യം ഇടതുപക്ഷം ഭരിച്ചിട്ട് ഒരു ഗതിയും ഇല്ലാതെ കിടക്കുന്ന ആളുകളാണ്, ഇവർക്ക് എന്തെങ്കിലും കൊടുക്കണനെന്ന് പറഞ്ഞു. അവർ മുഖ്യമന്ത്രിയുടെ അടുത്തേക്ക് വരികയല്ല ചെയ്തത്, അവർ ആ കോമ്പൗണ്ടിൽ എവിടെയെങ്കിലും വന്നിട്ടുണ്ട് എന്നറിഞ്ഞാൽ മുഖ്യമന്ത്രി ആ സ്ഥലത്തുചെന്ന് അവരോട് കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കി അവിടെവച്ച് തീർപ്പു കൽപ്പിക്കുകയാണ്. ഇതിൽ എവിടെയാണ് മനുഷ്യാവകാശ ലംഘനമെന്ന് എനിക്കറിയില്ല. കഴിഞ്ഞ കുറച്ചുദിവസങ്ങളായി കൈരളി ചാനലും മറ്റും ഈ ചർച്ച നടത്തുന്നുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: സർ, കാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയെന്നുള്ളത് അവരുടെ ആശയമല്ല. സ്വന്തം കിഡ്നികളിലൊന്ന് ദാനം ചെയ്ത ശ്രീ. കൊച്ചൗസേഫ് ചിറ്റിലപ്പള്ളിയെ രാജ്യം മുഴുവൻ നടന്ന് ഇവർ തെറി പറഞ്ഞു. കിഡ്നി പോയ ഒരു സഖാവിന് കിഡ്നി കൊടുക്കാൻ തയ്യാറുള്ള ഏതെങ്കിലും ഒരു സഖാവ് ഈ ഭൂലോകത്തുണ്ടോ; എന്നിട്ടല്ലേ ഇവർ മുഖ്യമന്ത്രിയെ കുറ്റം പറയുന്നത്; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം കിഡ്നി മാത്രമല്ല ടി. പി. ചന്ദ്രശേഖരനുൾപ്പെടെയുള്ള ഓരോരുത്തരുടേയും കരളെടുക്കുന്ന പരിപാടിയാണുള്ളത്. എടുക്കുന്ന പാരമ്പര്യമല്ലാതെ കൊടുക്കുന്ന പാരമ്പര്യം അവർക്കില്ല. അതുകൊണ്ടാണ് ഇവർക്കിതൊക്കെ അത്ഭുതമായി തോന്നുന്നത്. ഇത്രമാത്രം ജനങ്ങളെ സഹായിക്കാൻ കഴിയുന്ന, ജനങ്ങളോടൊപ്പം നിൽക്കുന്ന, ജനങ്ങളുടെ കണ്ണുനീരൊപ്പുന്ന ഒരു മുഖ്യമന്ത്രി കേരളത്തിലുണ്ടായി എന്നുള്ളത് ആശ്വാസകരമാണ്, നിങ്ങൾ ഓരോരുത്തരോടും ചോദിച്ചുനോക്കൂ. നിങ്ങൾ മുഖ്യമന്ത്രിയെ ബഹിഷ്ക്കരിച്ചിരുന്ന സമയമായതുകൊണ്ട് ശ്രീ. ഇ. പി. ജയരാജന്റെ സഹോദരി ഒളിച്ചു വന്നാണ് മുഖ്യമന്ത്രിയെ കണ്ടത്. കേന്ദ്ര കമ്മിറ്റി അംഗത്തിന്റെ സഹോദരി ഒളിച്ചുവന്ന് മുഖ്യമന്ത്രിയെക്കണ്ട് സഹായം തേടിക്കൊണ്ടു പോവുകയാണ്. അതുപോലെ ധാരാളം സഖാക്കളുണ്ട്. ശ്രീ. ഇ.പി. ജയരാജന്റെ സഹോദരി ആയതുകൊണ്ടാണ് പത്ര വാർത്ത വന്നത്. ഇതുപോലെ പതിനായിരക്കണക്കിന് സഖാക്കൾ വന്നുകണ്ട് സഹായം തേടി. അതുകൊണ്ട് അതിനെ ആക്ഷേപിക്കുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ശ്രീ. മുല്ലക്കര രത്നാകരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഏറ്റവും കൂടുതൽ

ഉപയോഗിച്ചിട്ടുള്ളത് മഹാത്മാ ഗാന്ധിയുടേയും ജവഹർലാൽ നെഹ്റുവിന്റെയും വാക്കുകളാണ്.

ബി.ജെ.പി.ക്കാർ സർദാർ വല്ലഭായി പട്ടേലിനെ ഉപയോഗിക്കുന്നുണ്ട്. എന്തായാലും എനിക്ക് വളരെ സന്തോഷമുണ്ട്. ജീവിച്ചിരുന്ന കാലഘട്ടത്തിൽ മഹാത്മാഗാന്ധിയെക്കുറിച്ചോ ജവഹർലാൽ നെഹ്റുവിനെക്കുറിച്ചോ നല്ല വാക്ക് പറയാത്തവർ മരിച്ചുകഴിഞ്ഞപ്പോൾ അവർക്ക് വേണ്ടി ഇത്രയും സംസാരിക്കുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ആർ.എസ്.എസ്.നെ നിരോധിച്ച രാജ്യത്തെ പ്രമുഖനേതാവായിരുന്ന സർദാർ വല്ലഭായി പട്ടേലിനെക്കുറിച്ച് ബി.ജെ.പി.ക്കാരാരെങ്കിലും നല്ലതു പറയുമ്പോൾ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. കാരണം അവർക്കൊന്നും ഉദാഹരണമായി ഒരാളെ കാണിക്കാനില്ലല്ലോ. ലോകത്തെവിടെയെങ്കിലും, ഇതുപോലെ നന്മ ചെയ്ത ഏതെങ്കിലും ഒരു കമ്മ്യൂണിസ്റ്റ് നേതാവ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഉദാഹരണം പറയാനുണ്ടോ? നിങ്ങൾക്ക് പറയാനുള്ളത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാക്കന്മാരെക്കുറിച്ച് മാത്രമാണ്. ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു. ശ്രീ. മുല്ലക്കര രതനാകരൻ ഇതുസംബന്ധിച്ച് എന്തെങ്കിലും പറയുമെന്നാണ് ഞാൻ വിചാരിച്ചത്. ചർച്ച നടത്താതെ മുഖ്യമന്ത്രി ഓടിയൊളിച്ചെന്ന് നിങ്ങൾ പറഞ്ഞു. 8 മാസങ്ങൾക്ക് മുൻപ് ഗാഡ്ഗിൽ കമ്മീഷന്റെ റിപ്പോർട്ട് വന്നപ്പോൾ ഇവിടെ ചർച്ച നടത്തി. ഒരു മണിക്കൂർ ചർച്ച എന്നു പറഞ്ഞ് തുടങ്ങി 3 മണിക്കൂർ വരെ ചർച്ച നീണ്ടു. ആ ചർച്ചയിൽ സംസാരിച്ചവരണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. മുല്ലക്കര രത്നാകരൻ, പ്രൊഫസർ രവീന്ദ്രനാഥ്, ശ്രീ. സി. സുനിൽകുമാർ എന്നിവർ. ശ്രീ. രാജു

എബ്രഹാമും വേറെ ഒന്നോ രണ്ടോ പേരുമൊഴികെ വേറൊരാൾപോലും അന്ന് മലയോര കർഷകനുവേണ്ടി സംസാരിക്കുന്നത് ഞാൻ കേട്ടില്ല. ബാക്കിയുള്ളവർ മുഴുവനും ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നാണ് പറഞ്ഞത്. ഭൂമിയെക്കുറിച്ചും ഭാവിയെക്കുറിച്ചും ഓർത്ത് ശ്രീ. മുല്ലക്കര രത്നാകരൻ പൊട്ടിക്കരയുകയായിരുന്നു. അന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവിടെയും ഇവിടെയും തൊടാതെ എങ്ങനെവേണമെങ്കിലും ആകാമെന്നുള്ള നിലയിലാണ് സംസാരിച്ചത്. കാരണം അന്ന് ഇതുപോലെ സംഭവം രൂക്ഷമായിട്ടില്ല, നാല് വോട്ട് കിട്ടുന്ന ഒരു സംവിധാനം ആയിട്ടില്ല. എന്നിട്ട് ഇപ്പോൾ അവർ സമരം നടത്തുകയാണ്. വോട്ട് കിട്ടുമെന്ന് തോന്നിയപ്പോൾ ഇപ്പോൾ ഇറങ്ങിയിരിക്കുകയാണ്. പറയുന്നതിനോട് ഒരു ശതമാനമെങ്കിലും ആത്മാർത്ഥത വേണം. അന്നത്തെ ചർച്ചയിൽ ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയണമെന്ന് ആവശ്യപ്പെട്ടത് ഞാനും ശ്രീ. റോഷി അഗസ്റ്റിനുമാണ്. നിങ്ങൾ അന്ന് അതിനെ എതിർക്കുകയാണ് ചെയ്തത്. നിങ്ങൾ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കണമെന്ന് വാദിച്ചവരാണ്, കസ്തൂരിരംഗൻ കമ്മിറ്റി വന്നാൽ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ വെള്ളം ചേർക്കുമെന്നു പറഞ്ഞവരാണ്. എന്നിട്ടിപ്പോൾ പാവപ്പെട്ട മലയോര കർഷകരെ കബളിപ്പിക്കാൻ വേണ്ടി, അവർ നടത്തുന്ന സമരത്തിന്റെ കൂട്ടത്തിൽ നിന്നുകൊണ്ട് അക്രമം നടത്തി അവരുടെ പേരു കളയിക്കാൻ വേണ്ടി ശ്രമിക്കുകയാണ്. അതു നിങ്ങൾ ചെയ്യരുത്. മലയോര മേഖലയിലെ കർഷകരോട് നൂറു ശതമാനം ആത്മാർത്ഥതയുള്ള ഒരു ഗവൺമെന്റാണ് ഇന്നുള്ളത്. മലയോര മേഖലയിലെ കർഷകൻ എന്നും എല്ലാ കാലഘട്ടത്തിലും ഞങ്ങളോടൊപ്പം നിന്നിട്ടുള്ളവരാണ്. അവർക്കുവേണ്ടി നിൽക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ഈ റിപ്പേർട്ട് തള്ളിക്കളയണമെന്ന് പറഞ്ഞത് താങ്കളാണല്ലോ; ഇതുസംബന്ധിച്ച് നിയമസഭ പാസ്സാക്കിയ പ്രമേയം താങ്കൾ വായിച്ചതാണല്ലോ; കോൺഗ്രസ്സിന്റെ അഭിപ്രായം ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്നാണോ?

ശ്രീ. ജോസഫ് വാഴക്കൻ: സർ, അന്ന് നിങ്ങളുടെകൂടി അഭിപ്രായം ആരാഞ്ഞ് ഏകകണ്ഠമായിട്ടാണ് പ്രമേയം അംഗീകരിച്ചത്. ആ പ്രമേയത്തിനകത്ത് അത്രയെങ്കിലും വെള്ളം ചേർത്തത് നിങ്ങളുടെ ഭാഗത്തു നിന്നുണ്ടായ നിർദ്ദേശം കൊണ്ടാണ്. അല്ലായിരുന്നുവെങ്കിൽ ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ പാടില്ല എന്നുള്ള നിലപാട് തന്നെയായിരുന്നു ഞങ്ങളെടുക്കാനിരുന്നത്.. നിങ്ങളോടു ചോദിച്ച് ഒരു സമവായം തേടിയപ്പോഴാണ് നിങ്ങളതിനകത്ത് വെള്ളം ചേർത്ത് ഈ രൂപത്തിലാക്കിയത്. എങ്കിലും, ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് കർഷകന് ദോഷം ചെയ്യുമെന്നുള്ള പൊതുവികാരത്തിലായിരുന്നു നമ്മളെല്ലാവരും. കസ്തൂരിരംഗൻ റിപ്പോർട്ടിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ, 123 വില്ലേജുകളിൽ ഏതിലെങ്കിലും ഒന്നിൽ മുഖ്യമന്ത്രി ഒന്നു പോയിരുന്നുവെങ്കിൽ എന്ന് ശ്രീ. എ. കെ. ശശീന്ദ്രൻ പറഞ്ഞു. മുഖ്യമന്ത്രിക്ക് അറിയില്ലാത്ത ഒരു വില്ലേജും കേരളത്തിലില്ല. ഇവിടുത്തെ ഏതൊരു നേതാവിനും അറിയുന്നതിനെക്കാൾ കൂടുതൽ കേരളത്തിലെ ഓരോ പൂഴിമണ്ണും, ഓരോ ഏരിയയും, ഓരോ ഇഞ്ച് ഭൂമിയും കൃത്യമായി ബോധ്യമുള്ള, കേരളത്തിലെ ജനങ്ങളോടൊപ്പം നിൽക്കുന്നയാളാണ് മുഖ്യമന്ത്രി. അതുകൊണ്ട് നിങ്ങൾ അങ്ങനെയൊന്നും ബോധ്യപ്പെടുത്തേണ്ട കാര്യമില്ല. അങ്ങനെയൊരു തെറ്റിദ്ധാരണയും വേണ്ട. ശ്രീ. എ. കെ. ശശീന്ദ്രൻ പറഞ്ഞതുപോലെ മുഖ്യമന്ത്രി 123 വില്ലേജുകളിലെവിടെയും പോകേണ്ട കാര്യമില്ല. കേരളത്തിൽ ജനവാസമുള്ളതെവിടെയൊക്കെയാണ്,

പാരിസ്ഥിതിക ദുർബലപ്രദേശങ്ങളേതൊക്കെയാണ്, അത് സംരക്ഷിക്കപ്പെടേണ്ടത് എങ്ങനെയാണ് എന്നതിനെക്കുറിച്ചൊക്കെ കൃത്യമായ ബോദ്ധ്യം നിയമസഭയിൽ ആരെക്കാളും കൂടുതലായി അദ്ദേഹത്തിനുണ്ട്. അതുകൊണ്ട് അദ്ദേഹം അവിടെ പോകേണ്ട കാര്യമില്ലെന്നാണ് എന്റെ അഭിപ്രായം. ശ്രീ. എം. എ. ബേബി പ്രസംഗിച്ചപ്പോൾ കുറച്ച് രാഷ്ട്രീയം പറഞ്ഞു. ഞാനും അൽപ്പം മാത്രം രാഷ്ട്രീയം പറഞ്ഞുകൊള്ളട്ടെ. ശ്രീ. എം. എ. ബേബി കോൺഗ്രസ്സിന്റെ ഭാവിയെക്കുറിച്ച് ഉത്കണ്ഠ രേഖപ്പെടുത്തി. തീർച്ചയായും ഞങ്ങൾക്ക് ആ കാര്യത്തിൽ ഒരുപാട് നന്ദിയുണ്ട്. എന്തായാലും ലോകത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അസ്തമിച്ച വഴിയേതന്നെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും പോകരുതേയെന്നുള്ള ഒരു പ്രാർത്ഥനയുള്ളവരാണ് ഞങ്ങൾ. കാരണം, കേരളത്തിൽ നിങ്ങൾ ആളുകളെ കൊല്ലുന്നവരും ഉന്മൂലനാശം നടത്തുന്നവരുമൊക്കെയാണെങ്കിലും ചില കാര്യങ്ങളിൽ നിങ്ങൾ നന്മയുള്ളവരായതുകൊണ്ട് ഈ പ്രസ്ഥാനം ഇല്ലാതായി പോകരുതെന്ന് ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. അതുകൊണ്ട് ഒരു കാരണവശാലും നിങ്ങൾക്ക് ഒരു ദോഷവുമുണ്ടാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നവരല്ല. നിങ്ങളുടെ പാർട്ടിയുടെ അഖിലേന്ത്യാ പദവി നഷ്ടപ്പെടുത്താതിരിക്കാൻ വേണ്ടി, നിങ്ങൾ ഏതെങ്കിലും തരത്തിൽ പരിശ്രമിച്ച് എവിടെയെങ്കിലും രണ്ടുമൂന്ന് സീറ്റുകൾ വാങ്ങണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. ബംഗാളിലായിരുന്നു നിങ്ങൾക്ക് പത്ത് സീറ്റുകൾ കിട്ടിക്കൊണ്ടിരുന്നത്, ഇപ്പോൾ അങ്ങോട്ടേയ്ക്കടുക്കാൻ പോലും കഴിയില്ല. കഴിഞ്ഞ പ്രാവശ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മുപ്പതിനായിരത്തോളം സ്ഥലത്ത് മത്സരിക്കാൻപോലും ആളെ കിട്ടാതെയുള്ള സ്ഥിതിയുണ്ടായി. അതുകൊണ്ട് ബംഗാളിലെ സ്ഥിതി വളരെ മോശമാണ്, അവിടെനിന്ന് കാര്യമായിട്ടൊന്നും കിട്ടാനില്ല.

ശ്രീ. എം. എ. ബേബി: സർ, 2004-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ കോൺഗ്രസ്സിന് എത്ര സീറ്റാണ് ലഭിച്ചതെന്ന് പറയുമോ?

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഇത് കേരളത്തിൽ മാത്രമുള്ള പാർട്ടി യല്ല, അഖിലേന്ത്യാ പാർട്ടിയാണ്. കേരളത്തിൽ എത്ര സീറ്റ് കിട്ടിയെന്നല്ല, ഇന്ത്യയിൽ എത്ര സീറ്റ് ലഭിച്ചുവെന്നാണ് അന്വേഷിക്കേണ്ടത്. നിങ്ങൾക്ക് ഇന്ത്യയിലെ 27 സംസ്ഥാനങ്ങളിൽനിന്ന് ഒരു സീറ്റുപോലും ലഭിച്ചില്ല, ആകെ മൂന്നിടത്തുനിന്നുമാത്രമേ ഇത്ര പേരെങ്കിലും ഉണ്ടായിരുന്നുള്ളു. നിങ്ങൾക്ക് സ്വാധീനമുള്ള ത്രിപുരയിൽ ആകെ രണ്ട് സീറ്റാണുള്ളത്. ആ രണ്ട് സീറ്റും ഇത്തവണ കിട്ടുമോയെന്നുള്ളത് ദൈവത്തിനറിയാം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലെല്ലാം കോൺഗ്രസ്സ് പരാജയപ്പെട്ടെന്ന് നിങ്ങൾ പറഞ്ഞു. അതിന് തൊട്ടുമുമ്പുനടന്ന തെരഞ്ഞെടുപ്പിൽ ഹിമാചൽപ്രദേശ്, കർണ്ണാടക, ഉത്തരാഖണ്ഡ്, എന്നീ സംസ്ഥാനങ്ങളിൽ ബി.ജെ.പി.യിൽ നിന്നും കോൺഗ്രസ്സ് ഭരണം പിടിച്ചെടുത്തു. ചിലപ്പോൾ ചില സ്ഥലങ്ങളിൽ തോറ്റു പോയെന്നുമിരിക്കും. ഡൽഹിയിലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പരാജയ പ്പെട്ടുപോയെന്നു പറഞ്ഞു. നിങ്ങൾ ഇത്രയും കാലമായി തൊഴിലാളികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന പാർട്ടിയാണല്ലോ; 10 വോട്ട് നിങ്ങൾക്ക് അവിടെ നിന്ന് ലഭിച്ചോ? നിങ്ങളവിടെ എ.കെ.ജി. സെന്റർ കെട്ടിപ്പടുത്തു, സൂർജിത് ഭവൻ പണിയാൻ വേണ്ടി രാജ്യം മുഴുവൻ പിരിവുനടത്തി. നിങ്ങൾക്കവിടെ വലിയ സൗധങ്ങളും ഓഫീസുമൊക്കെയുണ്ടല്ലോ? എന്നിട്ടും ഡൽഹി യിൽനിന്നും 10 വോട്ട് പിടിക്കാൻ ഇതുവരെ സാധിച്ചില്ലല്ലോ? അതുകൊണ്ട് ഞങ്ങളെ ആക്ഷേപിക്കാൻ നിങ്ങൾ തുനിയേണ്ട. ആം ആദ്മി പാർട്ടി തെരഞ്ഞെടുപ്പിൽ വിജയിച്ചതിൽ നിങ്ങൾക്ക് വലിയ സന്തോഷമാണ്. എന്ത് ഉദ്ദേശത്തിലാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആം ആദ്മി പാർട്ടി നേതാ

വായ പ്രശാന്ത് ഭൂഷണുമായി ചർച്ച നടത്തിയത് എന്നതിനെക്കുറിച്ച് എനിക്കറിയില്ല. പക്ഷെ, ചർച്ച നടത്തി പുറത്തേയ്ക്ക് ഇറങ്ങിയ പ്രശാന്ത് ഭൂഷൺ, കേരളത്തിലെ സി.പി.ഐ. (എം) കൊള്ളരുതാത്തവന്മാരുടെ പാർട്ടിയാണെന്നും, സി.പി.ഐ. കൊള്ളാമെന്നും പറഞ്ഞു. അതിൽ നിന്ന് ഒരു കാര്യം ഉറപ്പായി, ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആയിരിക്കും ആ കാര്യം അദ്ദേഹത്തോട് പറഞ്ഞിരിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് സി.പി.ഐ.(എം.)-ന്റെ ഔദ്യോഗിക വിഭാഗം ആ കാര്യം വളരെ ഗൗരവമായിട്ടെടുക്കണം. ഇതൊക്കെ നാളെ ഉണ്ടാകുമോ എന്നുള്ളതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ആറന്മുള വിമാനത്താവളത്തെക്കുറിച്ച് ശ്രീ. എം. എ. ബേബി സൂചിപ്പിക്കുകയുണ്ടായി. തെറ്റുപറ്റിയെന്നു പറഞ്ഞ് അദ്ദേഹം മാപ്പ് അപേക്ഷിക്കുകയും ചെയ്തു. ഈ നിയമസഭയുടെ ആദ്യ ഘട്ടത്തിൽത്തന്നെ അതിനെക്കുറിച്ച് കുറെ ചർച്ച നടത്തിയതാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ റിപ്പോർട്ടും നോട്ടെഴുതിയതുമെല്ലാം എല്ലാവർക്കുമറിയാം. റെഗുലറൈസ് ചെയ്യാൻ ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ടു ചെയ്യണമെന്ന് പറഞ്ഞ് മലയാള ഭാഷയിൽ അദ്ദേഹം അവിടത്തെ കളക്ടർക്ക് കത്തെഴുതി വച്ചു. നൂറുകണക്കിന് ഏക്കർ ഭൂമിയിൽ പതിനായിരക്കണക്കിന് ലോഡ് മണ്ണിട്ട് നികത്തി, ലോക്കൽ സഖാക്കന്മാർ അതിന്റെ കമ്മീഷനും വാങ്ങി. എന്നിട്ടിപ്പോൾ, നിങ്ങളിട്ട മണ്ണ് കോരണമെന്ന് ഞങ്ങളോട് പറയുന്നത് മര്യാദയില്ലായ്മയാണ്. നിങ്ങൾ ക്ഷമപറഞ്ഞതുകൊണ്ട് തീരുന്ന കാര്യമല്ലിത്. ഒരു എയർപോർട്ടിനുവേണ്ടി അവിടെ എല്ലാ സൗകര്യവും ചെയ്തു കഴിഞ്ഞ്, എല്ലാ നടപടികളും പൂർത്തിയാക്കി, എല്ലാ നിയമവിരുദ്ധ പ്രവർത്തനവും നടത്തിക്കഴിഞ്ഞതിനുശേഷം അത് ആർക്കുമില്ലാതാക്കേണ്ട എന്നുള്ളതു

കൊണ്ട്, അവിടെ എയർപോർട്ട് വരട്ടെ എന്ന് വിചാരിച്ചുവെന്നുള്ളതല്ലാതെ ഞങ്ങൾക്ക് അക്കാര്യത്തിൽ പ്രത്യേക താത്പര്യമൊന്നുമില്ല. മുഖ്യമന്ത്രി പറഞ്ഞ വാക്കുകൾ ഇവിടെ ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. – 'ഞാൻ മുഖ്യമന്ത്രിയായതിനുശേഷം ഒരു കൊട്ട മണ്ണ് അവിടെ ഇട്ടിട്ടില്ല, ഒരു തരത്തിലും ഞങ്ങൾ ആ സ്ഥലം നികത്തിയിട്ടില്ല.' ഇതെല്ലാം ചെയ്തിട്ട് ആളു കൾക്ക് മറവി ഉണ്ടാകുമെന്നുള്ള ഒരു തെറ്റായ ധാരണയിൽ നിങ്ങൾ ഇപ്പോൾ എയർപോർട്ടിനെതിരായ സമരത്തിൽ നായകരായി വരുന്നത് ശരിയല്ല, ആത്മ വഞ്ചന ചെയ്യാൻ പാടില്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. സത്യസ ന്ധമായ നിലപാടുകളേ എപ്പോഴും എടുക്കാവൂ. മാറ്റമുണ്ടാകുമ്പോൾ, വികസ നമുണ്ടാകുമ്പോൾ ജനങ്ങൾക്ക് ആശങ്കയുണ്ടാകും. ആ ആശങ്ക വിറ്റ് കാശാ ക്കുക എന്ന ജോലി മാത്രമേ നിങ്ങൾ എക്കാലവും ചെയ്യുന്നുള്ളൂ. അതു കൊണ്ട് ദൈവത്തെയോർത്ത് ഈ തരത്തിലുള്ള ആത്മവഞ്ചന നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകരുത് എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീമതി കെ. കെ. ലതിക: സർ, ഞാൻ ഈ നയപ്രഖ്യാപനത്തെ എതിർക്കുകയാണ്. കോൺഗ്രസ് നേതാക്കൻമാരുടെ ജീവകാരുണ്യപ്രവർത്ത നത്തെക്കുറിച്ച് ശ്രീ. ജോസഫ് വാഴക്കൻ പറഞ്ഞു. എനിക്ക് ഒരഭ്യർത്ഥനയു ള്ളത്, ജീവകാരുണ്യ പ്രവർത്തനം നടത്തി ശ്രീമതി ഷാഹിദാ കമാലിനാവശ്യ മായ സഹായം ചെയ്തുകൊടുക്കണമെന്നാണ്. കമ്മ്യൂണിസ്റ്റ് നേതാക്കൻമാർ അവരുടെ ജീവിതംതന്നെ സമൂഹത്തിനുവേണ്ടി അർപ്പിച്ച ആളുകളാണ്.

ഓരോരുത്തരുടെയും പേരുകൾ എടുത്ത് പറയേണ്ട കാര്യമില്ല. ഹൃദയം പിളരുന്നതിനെക്കുറിച്ച് ശ്രീ. ജോസഫ് വാഴക്കൻ ഇവിടെ പറയുകയുണ്ടായി. ഒരു കാര്യം ചോദിക്കട്ടെ, ഒഞ്ചിയത്തെ കൊലപാതകത്തെക്കുറിച്ച് ഞങ്ങൾ വ്യക്തമായി അഭിപ്രായം പറഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രി ഡൽഹിയിൽനിന്ന് പ്രത്യേക വിമാനത്തിലാണ് അന്ന് കോഴിക്കോട് എത്തിയത്. ഏതെങ്കിലും ഒരു സംസ്ഥാന മന്ത്രിയോ കേന്ദ്ര മന്ത്രിയോ ഇനി അവിടെയെത്താൻ ബാക്കി യുണ്ടോ; കോൺഗ്രസിന്റെയും യു.ഡി.എഫ്-ന്റെയും ഛോട്ട നേതാക്കൻമാർവരെ ഒഞ്ചിയത്ത് എത്തിയിരുന്നു. ഇപ്പോഴത്തെ ആഭ്യന്തര വകുപ്പു മന്ത്രിയുൾപ്പെടെയുള്ളവർ വടകര പട്ടണത്തിൽ ഉണ്ണാവൃതം നടത്തിയിട്ടുണ്ട്. കോൺഗ്രസിന്റെ മണ്ഡലം പ്രഡിഡന്റായിരുന്നില്ലേ മധു ഈച്ചരത്ത്; അദ്ദേഹം കൊല്ലപ്പെട്ടപ്പോൾ അവിടെ ആരെങ്കിലും പോയിരുന്നോ; ആരെങ്കിലും അവിടെ പോകേണ്ടതായിരുന്നില്ലേ? സ്വന്തം ഭാര്യയുടെ മുന്നിൽവച്ച്, ഒരു ക്ഷേത്രത്തിനുമുന്നിൽ വച്ച് 37 വെട്ട് വെട്ടിയാണ് അദ്ദേഹത്തെ കൊലപ്പെടുത്തിയത്. വെട്ടിന്റെ എണ്ണം പത്രക്കാർക്ക് മനസ്സിലായിട്ടില്ല, കോൺഗ്രസുകാർക്കെങ്കിലും വെട്ടിന്റെ എണ്ണം മനസ്സിലാകേണ്ടതല്ലേ; മുഖം മനസ്സിലായില്ല; കോൺഗ്രസുകാരെങ്കിലും അത് പറയണ്ടേ? ലാൽജിയെ ആരാണ് കൊലപ്പെടുത്തിയത്; എന്താണ് അന്വേഷണം നടത്താത്തത്; സി.ബി.ഐ അന്വേഷണമോ പ്രത്യേക അന്വേഷണമോ നടത്താനുള്ള സംവിധാനം ഏർപ്പെടുത്താത്തതെന്താണ്? ഡി.സി.സി എക്സിക്യൂട്ടീവ് മെമ്പറായിരുന്നില്ലേ; എന്തെങ്കിലും അന്വേഷണം നടത്തേണ്ടേ? സ്വന്തം ആളുകളുടെ ഹൃദയം പിളർന്നെടുക്കുന്നവരാണ് ഇവിടെ ഹൃദയം പിളരുന്നതിനെക്കുറിച്ച് സംസാരിച്ചത്. 37 ദിവസത്തിനുള്ളിൽ നാല് കൊലപാതകങ്ങൾ നിങ്ങൾ നടത്തി. അവസാ

നത്തെ കൊലപാതകമാണിത് എന്നാണ് ഒരു മന്ത്രി ഇവിടെ പ്രഖ്യാപിച്ചത്. ദീപു, ഫാസിൽ, സജിൻ ഷാഹുൽ, മകനെ കൊലപ്പെടുത്തുന്നത് തടഞ്ഞ അച്ഛൻ നാരായണൻ നായരെ നിങ്ങൾ കൊലപ്പെടുത്തി. കുനിയിലും മണ്ണാർക്കാടും ഇരട്ടക്കൊലപാതകം നടത്തി. ഇതിലേതെങ്കിലുമൊന്നിൽ സി.ബി.ഐ അന്വേഷണമോ സ്പെഷ്യൽ അന്വേഷണമോ നടത്താൻ കഴിയുമോ? പോലീസിനെ അഴിച്ചുവിട്ട് രാഷ്ട്രീയ എതിരാളികളെ ഇല്ലാതാക്കാമെന്ന നയസമീപനമല്ലേ നിങ്ങൾ സ്വീകരിക്കുന്നത്? ഇതൊക്കെ പറയണമെന്ന് വിചാരിച്ചതല്ല. ഹൃദയം പിളരുന്ന വർത്തമാനം പറഞ്ഞപ്പോൾ പറയാതിരിക്കാൻ കഴിയാത്തതുകൊണ്ട് മാത്രം പറഞ്ഞതാണ്. ഞാൻ ഈ നന്ദി പ്രമേയത്തെ ശക്തമായ രീതിയിൽ എതിർക്കുകയാണ്. ഈ നന്ദി പ്രമേയത്തിൽ 59 പേജും 107 ഖണ്ഡികയുമുണ്ട്. പക്ഷേ, ഇതിൽ സ്ത്രീകളെക്കുറിച്ച് ഒരു പരാമർശവുമില്ല. കേരള ജനസംഖ്യയിൽ പകുതിയിലധികം വരുന്ന, ചരിത്രപരവും സാമൂഹികപരവുമായ കാരണങ്ങളാൽ പിന്നോക്കാവസ്ഥയിലായ, സ്ത്രീകളുടെ ഉന്നമനത്തിനായുള്ള കാര്യങ്ങളെക്കുറിച്ച് ഒരു വാചകമെങ്കിലും ഗവർണ്ണറെക്കൊണ്ട് പറയിപ്പിക്കേണ്ടതായിരുന്നില്ലേ. സമരത്തെപ്പോലും ആക്ഷേപിച്ചുകൊണ്ട് രാഷ്ട്രീയം മുഴുവൻ പറയിപ്പിച്ചപ്പോൾ സ്ത്രീകളെക്കുറിച്ച് എന്തെങ്കിലും പരാമർശം നടത്തേണ്ടിയിരുന്നില്ലേ. സ്ത്രീൾക്കെതിരായി മുമ്പൊരു കാലത്തും ഇല്ലാതിരുന്ന രീതിയിലുള്ള അക്രമങ്ങൾ കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുകയാണ്. 1000 വനിതാ പോലീസുകാരെ കൂടുതലായി നിയമിക്കുമെന്ന് 65-ാം ഖണ്ഡികയിൽ പറയുന്നുണ്ട്. സോളാർ അഴിമതിക്കെതിരെയുള്ള സമരം നടന്നപ്പോൾ വനിതാ പോലീസുകാർ തന്നെ സ്ത്രീകളെ ആക്രമിക്കുന്ന അവസ്ഥയാണ് പലപ്പോഴും സഭയിലെ

ബഹുമാനപ്പെട്ട മെമ്പർമാർക്ക് അനുഭവപ്പെട്ടിട്ടുള്ളത്. ഇതുതന്നെയാണ് എ.ഡി.ജി.പി സെൻകുമാറും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്നലത്തെ ചോദ്യോത്തരവേളയിൽ സ്ത്രീകളെ ട്രെയിനുകളിൽ ആക്രമിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞിരുന്നു. കുടുംബത്തിൽപ്പോലും സ്ത്രീകൾക്ക് രക്ഷയില്ലാത്ത അവസ്ഥ കേരളത്തിലുണ്ടാവുകയാണ്. സുരക്ഷിതമായ രീതിയിൽ സ്ത്രീകൾക്ക് ജീവിക്കാനുള്ള സാഹചര്യമുണ്ടാക്കാനും അവരുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിക്കാൻ കഴിയുന്ന രീതിയിലും ഗവൺമെന്റിന്റെ നയത്തിൽ എന്തെങ്കിലും പറയാൻ കഴിഞ്ഞിട്ടുണ്ടോ? കേന്ദ്രസർക്കാരിന്റെ തെറ്റായ നയസമീപനം തന്നെയാണ് ഇവിടെയും നടപ്പിലാക്കുന്നത്. അതുകൊണ്ടുതന്നെ ഏറ്റവും കൂടുതൽ ദുരിതം പേറുന്നത് സ്ത്രീകളാണ്. വിലക്കയറ്റത്തിന്റെ ദുരിതം പേറുന്നത് കേരളത്തിലെ സ്ത്രീകളാണ്. കേരളത്തിലെ മനുഷ്യന്റെ അവസ്ഥ ബിരിയാണി ചെമ്പിന്റെ അവസ്ഥയാണ് – രണ്ടു ഭാഗത്തും തീയിടുന്നതുപോലെയാണ്. ഒരു ഭാഗത്ത് വലിയ രീതിയിലുള്ള വിലക്കയറ്റമാണ്. വിലക്കയറ്റം പിടിച്ചുനിർത്താനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മാവേലി സ്റ്റോർ, നീതി സ്റ്റോർ, നന്മ സ്റ്റോർ, ത്രിവേണി സൂപ്പർ മാർക്കറ്റ് ഇവയൊക്കെ തുടങ്ങിയത്. എന്നാൽ ഇവിടെയൊക്കെ ഇപ്പോൾ സാധനങ്ങളുടെ വില പൊതുമാർക്കറ്റിനേക്കാൾ കൂടുതലായതിനാൽ ആരെങ്കിലും അവിടെ പോകുമോ? ആരെ സഹായിക്കാൻവേണ്ടിയാണ് നിങ്ങൾ ഈ നയം നടപ്പിലാക്കുന്നത്? പാചകവാതകത്തിനും ഡീസലിനും പെട്രോളിനും അടിക്കടി വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കാർഷിക ഉല്പന്നങ്ങൾക്ക് വില കിട്ടാത്ത അവസ്ഥയാണ്. ഈ രൂപത്തിൽ വിലക്കയറ്റമുണ്ടാകുമ്പോൾ നമ്മുടെ നാട് ഭീകരവാദത്തിലേയ്ക്ക് പോയില്ലെങ്കിൽ അത് വലിയ നേട്ടമെന്ന് മാത്രമേ കണക്കാക്കാൻ കഴിയൂ. നിങ്ങൾ ആർക്കുവേണ്ടിയാണ്

കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്? കോൺഗ്രസിന്റെ അടുത്ത പരിപാടി ചില പ്പോൾ സരിതയ്ക്ക് സ്വീകരണം കൊടുക്കലായിരിക്കും. സരിതയുടെ എല്ലാ കേസുകളും ഒത്തുതീർപ്പാക്കുന്നതിനായി പുറത്തും അകത്തും ശ്രമം നടക്കു ന്നുണ്ട്. സരിതയ്ക്കും ബിജു രാധാകൃഷ്ണനും അതുപോലെയുള്ള തട്ടിപ്പു കാർക്കും കയറിയിറങ്ങാനുള്ള സ്ഥലമായി നമ്മുടെ മന്ത്രിമന്ദിരങ്ങൾ മാറിയി രിക്കുന്ന അവസ്ഥയാണുള്ളത്. നാണം, മാനം എന്നീ പദങ്ങൾ ശബ്ദതാരാവ ലിയിൽനിന്നുതന്നെ മാറ്റേണ്ട രൂപത്തിലേയ്ക്ക് അധ:പതിച്ച രീതിയിലാണ് ഗവൺമെന്റിന്റെയും മന്ത്രിമാരുടെയും അവസ്ഥ. ട്രഷറി ഡ്യൂട്ടിക്ക് ഇനി പോലീസ് വേണ്ട എന്നാണ് പറഞ്ഞത്. ട്രഷറിയിൽ പണമില്ലെങ്കിൽ അവിടെ ഡ്യൂട്ടിക്ക് പോലീസിന്റെ ആവശ്യമില്ലല്ലോ. കരാറുകാർക്ക് 1000 കോടിയിൽ കൂടുതൽ കൊടുക്കാനുണ്ട്. അതുകൊണ്ട് സെക്രട്ടേറിയറ്റിൽ വരുന്ന ഫയലുകളിൽ സാമ്പത്തിക ബാധ്യത വരുന്നതിന് ക്വറിയിടാനാണ് പറഞ്ഞിട്ടു ള്ളത്. ഭരണം ഇങ്ങനെയാണ് മുന്നോട്ട് പോകുന്നതെങ്കിൽ കൊട്ടിഘോഷിച്ചു നടത്തിയ ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ അർത്ഥം എന്താണ്? കോടി കൾ മുടക്കി സാം പിത്രോദ എന്ന മാനേജ്മെന്റ് വിദഗ്ദ്ധനെ ഇവിടെ കൊണ്ടു വന്നു. ബുദ്ധിമാനായ അദ്ദേഹം ഇവിടെയുള്ള മന്ത്രിമാരോടും ഉദ്യോഗ സ്ഥൻമാരോടും സംസാരിച്ചതിനുശേഷം അവർക്ക് കൊടുത്ത ഉപദേശം 'അറിവില്ലായ്മയെ മൂലധനമാക്കുക' എന്നാണ്. അക്ഷരാർത്ഥത്തിൽ ഗവൺമെന്റ് അത് പാലിച്ചുകൊണ്ടിരിക്കുകയാണ്. നയപ്രഖ്യാപനത്തിലെ ഏതെങ്കിലും ഒരു ഖണ്ഡികയിൽ ഈ സംസ്ഥാനത്തെ ബാധിക്കുന്ന സങ്കീർണ്ണമായ വിഷയങ്ങൾക്ക് സമഗ്രമായ പരിഹാരമുണ്ടാക്കിയിട്ടുണ്ടോ? ഇപ്പോൾ പശ്ചിമഘട്ട വികസനത്തെക്കുറിച്ച് പറയുന്നുണ്ട്. നമ്മുടെ നാടിന്റെ

പരിസ്ഥിതി സംരക്ഷിക്കാൻ നാട്ടിലെ ജനങ്ങൾക്ക് മാത്രമേ കഴിയൂ എന്നത് നമുക്ക് നന്നായി അനുഭവപ്പെട്ട കാര്യമാണ്. 94-ാം ഖണ്ഡികയിൽ എത്ര ലാഘവത്തോടെയാണ് കേരളത്തിലെ നല്ലൊരു ശതമാനം ജനങ്ങളെ ബാധിക്കുന്ന ഈ വിഷയത്തെ ഗവൺമെന്റ് സമീപിച്ചിരിക്കുന്നത്. ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനുവേണ്ടിയാണ് നമ്മുടെ പശ്ചിമഘട്ട മേഖലയിലുള്ള എം.എൽ.എ മാർ നിയമസഭാ കവാടത്തിനുമുന്നിൽ ഇന്ന് സമരം നടത്തുന്നത്. ജർമ്മനി, ഈജിപ്റ്റ് എന്നീ രാജ്യങ്ങളെപ്പോലെ ഇന്ത്യയും ജനങ്ങൾക്കുവേണ്ടി ജൈവ വൈവിധ്യ കലവറ സംരക്ഷിക്കണം. ജനങ്ങൾക്കുവേണ്ടി യുനെസ്കോയുടെ പദവി വേണ്ടെന്നുവയ്ക്കാനാവശ്യമായ സമീപനം സ്വീകരിക്കാൻ ഇന്ത്യാ ഗവൺമെന്റ് തയ്യാറാകുമോ? മലമ്പനിയോടും കാട്ടുമൃഗങ്ങളോടും പടവെട്ടി ജീവിതം കരുപ്പിടിപ്പിച്ച മലയോര മേഖലയിലെ കുടിയേറ്റക്കാരെ ഇറക്കിവിട്ടുകൊണ്ട് പശ്ചിമഘട്ടം സംരക്ഷിച്ചാൽ ജനങ്ങൾ എവിടെയാണ് പോകുന്നത്? ജനങ്ങൾക്ക് ഒരു ആശങ്കയും വേണ്ടെന്ന് പറയുമ്പോൾ, തന്റെ ജീവിത സമ്പാദ്യം മുഴുവൻ ഉപേക്ഷിച്ച് ഒരു പ്രദേശത്തുനിന്ന് ഓടിപ്പോകേണ്ടി വരുന്ന ആളുകൾക്ക് ആശങ്കയല്ലാതെ മറ്റെന്താണ് ബാക്കിയുള്ളത്? ഇവിടുത്തെ ഭരണാധികാരികൾ കൈക്കൊള്ളുന്ന സ്ത്രീ വിരുദ്ധതയ്ക്ക് ശ്രീമതി ഇ. എസ്. ബിജിമോളും ശ്രീമതി ഗീതാഗോപിയും ഇരയായത് സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞിരുന്നു. ഒരു സ്ത്രീയായ എന്നോട് ഈ സർക്കാർ സ്വീകരിച്ച സമീപനമെന്താണ്? ഒരു കേസിൽപ്പോലും ഉൾപ്പെടാത്ത എന്റെ മകന്റെപേരിൽ കേസുകൾ സൃഷ്ടിച്ച്, KAPA ചുമത്തി പുറത്താക്കി. ഒരു കേസിന്റെ ഭാഗമായി ജയിലിൽ കിടക്കുന്ന എന്റെ ഭർത്താവിനെ കാണാൻ ഞാനല്ലാതെ ആരാണ് പോകേണ്ടത്? ഭർത്താ

വിന് സുഖമില്ലെന്നറിഞ്ഞ് ഞാൻ പോയപ്പോൾ, ഭക്ഷണം കഴിക്കാനായി ഒരു ഹോട്ടലിൽ കയറിയപ്പോൾ.......... എന്റെ ഭർത്താവെന്ന നിലയിലല്ലതെ, ഏതൊരു പ്രതിയേയും ആശുപത്രിയിലോ കോടതിയിലോ കൊണ്ടുപോകുമ്പോൾ കാണാനുള്ള അവകാശം, 140 എം.എൽ.എ മാർക്കുള്ളതുപോലെ എനിക്കുമില്ലേ? എന്റെ ഭർത്താവിനെ ഞാൻ കണ്ടതിനാണ് മൂന്ന് പോലീസുകാരുടെ പേരിൽ ഗവൺമെന്റ് നടപടിയെടുത്തത്. ഞാനല്ലാതെ ആരാണ് എന്റെ ഭർത്താവിനെ കാണാൻ പോകേണ്ടത്? ഞാനൊരു സാധാരണ സ്ത്രീയാണ്. എനിക്ക് പ്രത്യേക കഴിവുകളൊന്നുമില്ല. ഞാൻ എം.എൽ.എ ആയതിനുശേഷം ജീവിതത്തിൽ എന്തെങ്കിലും കാര്യത്തിനായി ഏതെങ്കിലും തരത്തിലുള്ള ഒരു പ്രത്യേകത കാണിച്ചു എന്ന് പറയാൻ ആർക്കും കഴിയില്ല. സാധാരണ സ്ത്രീയായ എന്നെ ആക്രമിക്കാൻവേണ്ടി ഗവൺമെന്റ് എല്ലാ സംവിധാനങ്ങളും ഉപയോഗിച്ചു. ഉഗ്രപ്രഹരശേഷിയുള്ള മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ട് എന്നെ ആക്രമിക്കേണ്ട എന്ത് കാര്യമാണുള്ളത്; ഞാൻ ചെയ്ത തെറ്റ് എന്താണ്? എന്റെ ഭർത്താവിനെ കാണാൻ ഞാൻ ജയിലിൽ പോയി; ഞാനല്ലാതെ ആരാണ് പോകുന്നത്; എനിക്കല്ലാതെ ആർക്കാണ് പോകാൻ കഴിയുന്നത്? ഞാൻ ഭർത്താവിനെ കാണാൻ പോയത് വല്ലാത്തൊരപരാധമായിപ്പോയി. ഭർത്താവിനെയെന്നല്ല, ഏതെങ്കിലും കേസിൽ പ്രതിയായ എനിക്ക് കാണേണ്ട ആരുണ്ടെങ്കിലും ഞാൻ പോകും. 140 എം.എൽ.എ മാർക്കുള്ള അധികാരങ്ങളെന്തെങ്കിലുമൊന്ന് എനിക്ക് മാത്രം ഇല്ലാതായിട്ടുണ്ടോ? ഞാൻ പോയതിനെ എന്തൊക്കെ രൂപത്തിലാണ് ഇവിടെ ആക്ഷേപിച്ച് പറഞ്ഞത്. ഇവിടെയുള്ള ദൃശ്യമാധ്യമങ്ങൾ വലിയ രീതിയിലുള്ള ചൂഷണമാണ് നടത്തുന്നത്. അവരുടെ സേവന വേതന വ്യവസ്ഥയിൽ വലിയ നേട്ട

ങ്ങളില്ലാത്തതിനാൽ ഇങ്ങനെ ചിലകാര്യങ്ങളിൽ നിരുത്തരവാദപരമായി പെരുമാറുക എന്ന അവസ്ഥയാണുള്ളത്. ഒരു ഫോൺ കോൾ കൊണ്ട് എന്താണ് ശരി എന്ന് അറിയാൻ സാധിക്കുന്ന കാര്യമാണ്. ഒരു ഭാര്യയ്ക്ക് ഭർത്താവിനെ കാണാൻ പോകാൻ പാടില്ലേ; ഒരു ഭാര്യയ്ക്ക് ജയിലിൽ പോകാൻ പാടില്ലേ?

ശ്രീ. ജോസഫ് വാഴക്കൻ: സർ, ശ്രീമതി കെ.കെ. ലതിക പറയുന്നത് ശരിയല്ല. അക്കാര്യം നിയമവിരുദ്ധമാണോ അല്ലയോയെന്ന് ഞങ്ങളാരും അന്വേഷിച്ചിട്ടില്ല. അതുപോലെ ശ്രീമതി കെ.കെ. ലതികയ്ക്ക് എതിരായി സംസാരിച്ചിട്ടുമില്ല. എന്നോട് മാധ്യങ്ങൾ ഇതുസംബന്ധിച്ച് ചോദിച്ചപ്പോൾ, ഭർത്താവിനെ ഭാര്യ കാണുന്നതിൽ എന്താണ് കുഴപ്പമുള്ളതെന്നുള്ള നിലയിലാണ് സംസാരിച്ചത്. മാധ്യമങ്ങളിൽ വന്നതിന്റെ പേരിൽ നമ്മുടെ പേരിൽ ആക്ഷേപം ഉന്നയിക്കണ്ട.

ശ്രീമതി കെ.കെ. ലതിക : സർ, ശ്രീ. ജോസഫ് വാഴക്കൻ പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയിൽ എന്നോടൊപ്പമുള്ള ഒരാൾ പറഞ്ഞത്, ഹോട്ടലിൽ പോയതിൽ തെറ്റില്ല, ജയിലിൽ പോയത് തെറ്റാണെന്നാണ്. മോഹനൻമാഷിനെ കാണാൻ ഞാനല്ലാതെ ആരാണ് ജയിലിൽ പോകുന്നത്. നിങ്ങൾ കളവ് പറഞ്ഞ് മോഹനൻ മാഷിനെ ജയിലിൽ ആക്കിയിരിക്കുന്നത് ശരിയാണ്. അത് ശരിയായ കാര്യത്തിനല്ലെന്ന് എനിക്ക് നൂറ് ശതമാനമറിയാം. ഞാനല്ലാതെ ആരാണ് അദ്ദേഹത്തെ പോയി കാണുന്നത്. ശ്രീ. ജോസഫ് വാക്കഴൻ പറഞ്ഞതും മറ്റുചിലർ പറഞ്ഞതും ഞാൻ കേട്ടിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ശ്രീമതി കെ.കെ. ലതിക ഭർത്താവിനെ കാണണം. നിങ്ങൾ മക്കളേയും കൂട്ടി ഭർത്താവിനെ കാണാൻ പോവുകയും അവിടെ തടസ്സം ഉണ്ടാവുകവും ചെയ്തപ്പോൾ എന്നെ ഫോണിൽ വിളിച്ചു. ഞാൻ ശ്രീമതി കെ.കെ. ലതികയെയും മക്കളേയും അവരുടെ ഭർത്താവിനെ കാണിക്കണമെന്ന് പറഞ്ഞതിൽ യാതൊരു തർക്കവുമില്ല. അന്നുണ്ടായ തർക്കങ്ങൾ വേറെ ചിലതാണ്. അത് ഭാര്യാ–ഭർതൃ ബന്ധവുമായി കൂട്ടിക്കലർത്തണ്ട. അത്തരത്തിലൊരു സഹായമുണ്ടായിട്ടില്ലെന്ന് ശ്രീമതി കെ. കെ. ലതിക പറയട്ടെ.

ശ്രീമതി കെ.കെ. ലതിക : സർ, ഒറ്റത്തവണ ഞാൻ കേരളത്തിന്റെ ആഭ്യന്തരവകുപ്പുമന്ത്രിയെ വിളിച്ചിട്ടുണ്ട്. എന്റെ മകൻ ഗൾഫിൽ നിന്ന് വന്നപ്പോൾ ഞാനും എന്റെ രണ്ട് മക്കളും കൂടി മോഹനൻ മാഷിനെ കാണാൻ പോവുകയും അവിടെ അനുവദിക്കാതിരിക്കുകയും ചെയ്തപ്പോൾ ഞാൻ ആഭ്യന്തരവകുപ്പുമന്ത്രിയെ വിളിക്കുകയും അദ്ദേഹം അനുവദിക്കുകയും ചെയ്തത് ശരിയാണ്. മോഹനൻമാഷിന് അസുഖമായി മെഡിക്കൽ കോളേജിൽ കൊണ്ടുപോയപ്പോൾ വെള്ളം കുടിക്കാൻ വേണ്ടി ഹോട്ടലിൽ പോയതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം കെ.കെ.ലതിക ഉന്നച്ചിരിക്കുന്നത് വളരെ ഗൗരവതരമായിട്ടുള്ള പ്രശ്നമാണ്. തടവിൽ കഴിയുന്ന തടവുകാരനെ കാണാൻ ഭാര്യയും മക്കളും ചെന്നപ്പോൾ അനുവദിക്കാത്ത ജയിൽ സൂപ്രണ്ട് ആരാണ്; അദ്ദേഹത്തിന്റെ പേരിൽ നടപടിയെടുത്ത് ഇവിടെ റിപ്പോർട്ട് ചെയ്യണം. ഏത് നിയമപ്രകാരമാണ് ഒരു എം.എൽ.എ.യും അവരുടെ കുട്ടികളും തടവുകാരനെ കാണാൻ

ചെന്നിട്ട് അനുവദിക്കാതിരുന്നത്. ആ സൂപ്രണ്ടിനെ സസ്പെൻഡ് ചെയ്ത് വിവരം ഇവിടെ അറിയിക്കുകയാണ് വേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, യഥാർത്ഥത്തിൽ ഉണ്ടായ സംഭവം അതല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അതിന്റെ എല്ലാ വശവും കേൾക്കാതെയാണ് പറയുന്നത്. തടവുകാരെ വിസിറ്റ് ചെയ്യാനുള്ള സമയം തെറ്റിച്ചാണ് ജയിലിൽ ചെന്നത്. എം.എൽ.എ. എന്നുള്ള നിലയിൽ ശ്രീമതി കെ.കെ. ലതികയ്ക്ക് കാണാം, കൂടെയുള്ളവർക്ക് കാണാൻ കഴിയില്ലെന്നുള്ള തായിരുന്നു തർക്കം. അന്ന് വിദേശത്ത് പോകേണ്ട കുട്ടിക്ക് സ്വന്തം അച്ഛനെ കണ്ടിട്ട് പോകാൻ കഴിയാതെ വന്നാൽ ഉണ്ടാകാവുന്ന ദു:ഖം വലുതല്ലേ. അതുകൊണ്ട് ഞാൻ തന്നെ ഇടപെട്ട് കാണിക്കണമെന്ന് പറഞ്ഞു. അങ്ങനെ കണ്ടതിനുശേഷം മടങ്ങിപ്പോയതിൽ എന്താണ് തെറ്റ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുൻ ആഭ്യന്തരവകുപ്പുമന്ത്രി മനസ്സിലാക്കേണ്ടത്, തടവിൽ കഴിയുന്ന തടവുകാരനെ ജയിൽ ചട്ടപ്രകാരം ഇന്നയിന്ന ആളുകൾക്ക് കാണാൻ അവസരം കൊടുത്തിട്ടുണ്ട്. ആ ചട്ടം ഓഫീസർ ലംഘിച്ചിട്ടുണ്ടോ? അങ്ങനെ ലംഘിച്ചതുകൊണ്ടാണോ അന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രിയെ വിളിക്കേണ്ടിവന്നത്. അതാണ് ഇവിടത്തെ പ്രശ്നം.

ശ്രീമതി കെ.കെ. ലതിക : സർ, 11.30 മണിക്കാണ് ഞാനും എന്റെ രണ്ട് മക്കളും കൂടി ജയിലിൽ പോയത്. ഞങ്ങളെ കാണാൻ അനുവദിച്ചില്ല. ഞാൻ അതുസംബന്ധിച്ച് സൂപ്രണ്ടിനെതിരായി പരാതി എഴുതി തന്നിട്ടുണ്ട്. സമയം തെറ്റിച്ചുപോയത് അപ്പോഴല്ല. അത് വേറെ ഒരു ദിവസം രാവിലെയാണ്. അന്ന്

എന്നെ കാണാൻ അനുവദിച്ചു. അതുസംബന്ധിച്ച് യാതൊരു പരാതിയും കൊടുത്തിട്ടില്ല. സുഖമില്ലാതായ എന്റെ ഭർത്താവിനെ ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ വെള്ളം കുടിക്കാൻ ഹോട്ടലിൽ പോയത് തെറ്റാണോ? ആരേയുംമാറ്റി നിർത്തിയല്ല ഞാൻ എന്റെ ഭർത്താവിനെ കണ്ടത്. ശ്രീ. സണ്ണി ജോസഫ് പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. നിങ്ങൾ രാഷ്ട്രീയം കളിക്കുന്നതിൽ എനിക്ക് പരാതിയൊന്നുമില്ല. ഹോട്ടലിൽ പോയതിൽ തെറ്റില്ല, ജയിലിൽ പോയത് തെറ്റാണെന്നാണ് ശ്രീ. സണ്ണി ജോസഫ് പറഞ്ഞത്. ജയിലിൽ പോയത് എങ്ങനെയാണ് തെറ്റാവുന്നത്. ഞാനല്ലാതെ എന്റെ ഭർത്താവിനെ കാണാൻ നിങ്ങൾ പോകുമോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പറയുന്നത് കേൾക്കാൻ നിങ്ങൾക്ക് വിഷമമുണ്ടാകും. ഇവിടത്തെ ആദ്യത്തെ വലിയ വിവാദം ശ്രീമതി കെ.കെ. ലതികയും മോഹനനൻ മാഷും കൂടി ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ പോയതാണ്. ഞാൻ ഒരു ടി.വി. സംഭാഷണത്തിൽ അതിനെപ്പോലും ന്യായീകരിച്ചു. പക്ഷേ രണ്ടാമത് വിവാദമായത്, ഫോൺ വിവാദം വന്നതിനുശേഷം നിങ്ങൾ എത്രയും വേഗം ജലിയിൽ പോയി എന്നതാണ്. അത് ഫോൺ വിവാദത്തിന്റെ തെളിവ് നശിപ്പിക്കാൻ വേണ്ടിയാണെന്ന് ചാനലുകൾ പറഞ്ഞു. അതിന് ഞങ്ങളെ സംശയിക്കുകയാണ്. നിങ്ങൾ കാര്യങ്ങൾ വളച്ചൊടിക്കരുത്.

ശ്രീമതി കെ.കെ. ലതിക : സർ, ശ്രീ. സണ്ണി ജോസഫ്, ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. ഞാൻ ന്യായമല്ലാത്ത കാര്യങ്ങൾ ചെയ്യുന്ന ആളോ ഫോൺ കടത്തുന്ന ആളോ അല്ല. ഫോൺ കടത്താൻ ഞാൻ ജയിലിൽ പോകുമോ? നിങ്ങൾ ഏതെങ്കിലും രൂപത്തിൽ വർത്തമാനം പറയുകയാണോ?

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം പ്രസംഗം കൺക്ലൂഡ് ചെയ്യണം. സമയം കഴിഞ്ഞു.

ശ്രീ.എ.കെ. ബാലൻ : സർ, ഒരു ബന്ധവും ഇല്ലെന്നുള്ളത് പോലീസ് അന്വേഷണത്തിൽ തന്നെ തെളിഞ്ഞതാണ്.

ശ്രീമതി കെ.കെ. ലതിക: സർ, രാവിലെ എഴുന്നേറ്റ് ഏഷ്യാനെറ്റിലും ഇന്ത്യാ വിഷനിലും എന്താണ് വാർത്തയെന്ന് നോക്കി, അതിനെതിരെ ഞാൻ പ്രതികരിക്കാൻ പോവുകയാണോ? ഞാൻ എന്റെ പ്രവർത്തനവുമായി ഓടി നടക്കുന്നതിനിടയിൽ മാഷിനെ കാണാൻ ജയിലിൽ പോയപ്പോൾ, മനോരമ ചാനലുകാരൻ ഫോൺ വിവാദത്തെക്കുറിച്ച് എന്നോട് ചോദിച്ചു. അതിനെക്കുറിച്ച് എനിക്കറിയില്ലെന്നും കമ്മിറ്റിക്ക് പോവുകയാണെന്നും ഞാൻ മറുപടി പറഞ്ഞു. രണ്ടാം തീയതിയിലെ വിഷയം മാധ്യമ സഹോദരൻ ഒമ്പതാം തീയതി ചാനലിൽ കാണിക്കാൻ തുടങ്ങി. അത് ഏറ്റുപിടിച്ച് പറയാൻ ശ്രീ. സണ്ണി ജോസഫിനെ പോലുള്ള ആളുകൾ തയ്യാറാകുമോ. ഞാൻ നിങ്ങളുടെ സഹപ്രവർത്തകയായ എം.എൽ.എ. അല്ലേ. ഞാൻ ഈ രൂപത്തിൽ ചെയ്യുന്ന ആളാണോ. ഇക്കഴിഞ്ഞ ഒന്നര വർഷമായി നമ്മൾ ഒരു കമ്മിറ്റിയിലുള്ളവരല്ലേ, നിങ്ങൾക്ക് അങ്ങനെ പറയാൻ കഴിയുമോ?

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം, പ്രസംഗം കൺക്ലൂഡ് ചെയ്യണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഫെയ്സ് ബുക്ക് വിവാദം ഉണ്ടായ സന്ദർഭത്തിൽ ശ്രീമതി കെ.കെ.ലതിക ജയിലിലേയ്ക്ക് പോയത് ഫോൺ കടത്താൻ വേണ്ടിയാണെന്ന് ഞാനും സംശയിക്കുന്നുവെന്നാണ്

ശ്രീ. സണ്ണി ജോസഫ് പറഞ്ഞത്. ഒരംഗം മറ്റൊരംഗത്തെ ഇത്തരത്തിൽ സംശയിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. സി.സി.ടി.വി. ക്യാമറയുള്ള സ്ഥലത്താണ് ശ്രീമതി കെ.കെ. ലതിക അവരുടെ ഭർത്താവിനെ കണ്ടത്. അവിടെ നിന്നും ഫോൺ കടത്തിയിട്ടുണ്ടോയെന്നും ഗവൺമെന്റിന് കിട്ടിയ റിപ്പോർട്ട് എന്താണെന്നുമുള്ള കാര്യം സഭയിൽ വ്യക്തമാക്കണം. സഹപ്രവർത്തകയായ എം.എൽ.എ.ക്കെതിരായി ഉന്നയിച്ചിരിക്കുന്ന ആരോപണമാണിത്. ജയിൽ സന്ദർശിക്കുന്നത് ഫോൺ കടത്താൻ വേണ്ടിയാണെന്ന് പറയുന്നത് ശരിയാണോ? അവിടെയുള്ള സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ച്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ആഭ്യന്തരവകുപ്പുമന്ത്രിയോ ഈ സഭയ്ക്ക് റിപ്പോർട്ട് നൽകണം. പ്രതിപക്ഷത്തുള്ള സമാജികയെ ഇത്തരത്തിൽ അപമാനിക്കാൻ പാടില്ല.

<u>മി. ചെയർമാൻ</u> : ശ്രീമതി കെ.കെ. ലതിക പ്രസംഗം കൺക്ലൂഡ് ചെയ്യണം.

<u>ശ്രീമതി കെ.കെ. ലതിക</u> : സർ, ജയിലിൽ 61 ക്യാമറകളുണ്ടെന്നാണ് കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിന് ഉത്തരം നൽകിയത്. ഈ 61 ക്യാമറകൾ പരിശോധിച്ചാൽ അറിയാവുന്ന കാര്യമാണിത്.

<u>മി. ചെയർമാൻ</u> : ശ്രീമതി കെ.കെ. ലതിക പ്രസംഗം കൺക്ലൂഡ് ചെയ്യണം. സമയം കൂടുതലായി.

<u>ശ്രീമതി കെ.കെ. ലതിക</u> : സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. 61 ക്യാമറകളുള്ള സ്ഥലത്താണ് ഞാൻ പോയത്. സിനിമാനടി കനക മരിച്ചുവെന്ന വാർത്ത ചാനലിൽ വരികയും അടുത്ത ദിവസം മരിച്ചിട്ടില്ലെന്ന്

അവർക്ക് തന്നെ പറയേണ്ടിവരികയും ചെയ്തു. അതുപോലെ എനിക്ക് പത്ര സമ്മേളനം നടത്തി ഈ നാട്ടിലെ പത്രക്കാരോടും ഈ നാട്ടിനോടും പറയേണ്ടിവന്നു. യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചതെന്നുള്ള അന്വേഷണം നടത്തി, റിപ്പോർട്ട് ഇവിടെ പറയേണ്ടതായിട്ടുണ്ട്. എന്റെ കയ്യിൽ അന്നുണ്ടായിരുന്ന ഫോൺ തന്നെയാണ് ഇപ്പോഴുമുള്ളത്. വേറെ ഫോൺ ഉണ്ടോയെന്ന് ശ്രീ. സണ്ണി ജോസഫോ മറ്റേതെങ്കിലും കോൺഗ്രസ് നേതാക്കന്മാരോ അന്വേഷിച്ചാലും കുഴപ്പമില്ല. 7660 തടവുകാരേയും കാണാനുള്ള അധികാരം 140 എം.എൽ.എ. മാരെപ്പോലെ എനിക്കുമുണ്ട്. നിയമം തടയുന്നതുവരെ എന്റെ ഭർത്താവിനെയും ബാക്കിയുള്ള ആളുകളേയും ഞാൻ കാണാൻ പോകും.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം, സമയം കഴിഞ്ഞു.

ശ്രീമതി കെ.കെ. ലതിക: സർ, വിചാരണ തടവുകാരനായ ഭർത്താവിനെ കണ്ടത് വലിയ രൂപത്തിലേയ്ക്ക് മാധ്യമങ്ങൾ കുത്തിപ്പൊക്കിയപ്പോൾ ആഭ്യന്തരവകുപ്പുമന്ത്രി ഒരു വാചകം പറഞ്ഞാൽ തീരുമായിരുന്നു. അതിനെയാണ് ഇല്ലാത്ത കഥകൾ വിശ്വസിപ്പിച്ച് നാട്ടിൽ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ എതിരാളികളെ ഇല്ലായ്മ ചെയ്യാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പോലീസിനെ ഉപയോഗിക്കുകയാണ്. അതിനുപകരം ഈ നാട്ടിലെ ശാന്തിയും സമാധാനവും ആഭ്യന്തരവും തകരാതിരിക്കാൻ വേണ്ട പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണം. സ്ത്രീവിരുദ്ധവും ജനവിരുദ്ധവുമായ നയങ്ങൾ മുന്നോട്ടുകൊണ്ടുവന്ന ഈ ഗവൺമെന്റിന്റെ നയങ്ങളെ ഒരു രീതിയിലും അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. സംസ്ഥാനങ്ങളുടെ റാങ്കിംഗ് റിപ്പോർട്ട് തയ്യാറാക്കിയതിൽ 'കൊടിപാറിച്ച കേരളം' എന്ന തലക്കെട്ടോടുകൂടി രാജ്യത്തെ ഏറ്റവും മെച്ചപ്പെട്ട സംസ്ഥാനമായി കേരളം മാറിയ വാർത്തയുമായിട്ടാണ് ഈ പുതുവത്സരം പിറന്നത്. നാട് മുന്നേറിയതിലുള്ള അഭിമാനത്തോടുകൂടി എല്ലാപേർക്കും ഹൃദയം നിറഞ്ഞ പുതുവത്സാരംശസകൾ ഞാൻ നേരുകയാണ്. നാട്ടിലെ യുവാക്കളുടെ പേരിൽ ഈ ഗവൺമെന്റിന്റെ നടപടികളെ പ്രത്യേകം അഭിനന്ദിക്കാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ, ഇൻഡ്യയുടെ ചരിത്രത്തിൽത്തന്നെ ചെറുപ്പക്കാരെ ഇത്രയധികം പ്രോത്സാഹിപ്പിക്കുന്ന നിലപാടുമായി ഈ ഗവൺമെന്റ് മുന്നോട്ടുവന്നതിൽ അതിയായ ചാരിതാർത്ഥ്യമുണ്ട്. നന്ദി പ്രമേയത്തിൽ ന്യൂ ജനറേഷനായി ഇതിനെ അവതരിപ്പിക്കാനുള്ള പ്രധാനപ്പെട്ട കാരണം 10 വർഷത്തിനുള്ളിൽ 1000 സ്റ്റാർട്ട് അപ് കമ്പനികൾ തുടങ്ങാവുന്ന തരത്തിൽ 2012-ൽ കൊച്ചിയിലാരംഭിച്ച ഇൻഡ്യയിലെ ആദ്യത്തെ പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള മാതൃകാ ടെക്നോളജിയായ ബിസിനസ് ഇൻക്യുബേറ്റർ നമുക്ക് അഭിമാനകരമാണ്. എല്ലാ ചെറുപ്പക്കാരെയും തൊഴിൽദാതാക്കളായി മാറ്റാൻ അല്ലെങ്കിൽ ജോലി അന്വേഷിച്ച് നടക്കുന്ന ആളുകൾക്കുപകരം ജോലി നൽകാൻ കഴിവുള്ള സംരംഭകരായി മാറ്റാൻ ഈ ഗവൺമെന്റ് എടുക്കുന്ന ശ്രമങ്ങൾ തീർച്ചയായും ഈ സംസ്ഥാനത്തിന് ഏറെ ഗുണകരമാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. നമുക്കിടയിലെ ചെറുപ്പക്കാരെ മുഴുവൻ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി

ജോലി കാത്തിരിക്കുന്ന ആളുകളായി മാത്രം മാറ്റുന്നതിനു പകരം അവരോട് ജാതിയും മതവുമല്ല പകരം നിങ്ങളുടെ കയ്യിൽ ആശയങ്ങളുണ്ടോയെന്നാണ് ഈ ഗവൺമെന്റ് ചോദിക്കുന്നത്. അങ്ങനെ ആശയമുണ്ടെങ്കിൽ അതിന വർക്ക് സ്റ്റാർട്ട് അപ് വില്ലേജുപോലുള്ള അവസരങ്ങൾ ഈ ഗവൺമെന്റ് ഒരുക്കികൊടുക്കുന്നു. അവരുടെ കയ്യിൽ ആശയങ്ങളുണ്ടെങ്കിൽ 20 ലക്ഷം രൂപ വരെ പലിശരഹിതമായി ഈടില്ലാതെ കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നു. ബാക്കിയുള്ള ആളുകൾക്ക് ജോലി നൽകാൻ കഴിയുന്ന ജോബ് ഹോൾഡേഴ്സായി നമ്മുടെ ചെറുപ്പക്കാരെ മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾക്ക് ഈ ഗവൺമെന്റ് നേതൃത്വം നൽകുമ്പോൾ തീർച്ചയായിട്ടും അതിനെ പിന്തുണയ്ക്കേണ്ട ഉത്തരവാദിത്വം എന്നെപ്പോലെയൊരു ജനപ്രതിനിധിക്കുണ്ട് എന്നുതന്നെയാണ് എന്റെ വിശ്വാസം. ഏറെ വിമർശനങ്ങളും ഏറെ സമരങ്ങളും ഈ ഗവൺമെന്റിനെതിരെ നടക്കുന്നുണ്ട്. ഇവിടെ സമരങ്ങളുടെ ജയപരാജയങ്ങൾക്കപ്പുറത്തേയ്ക്ക് ആ സമരങ്ങളുടെ ഉദ്ദേശ ലക്ഷ്യത്തെ സംബന്ധിച്ചുകൂടി നമ്മളെല്ലാവരും ചിന്തിക്കേണ്ടതാണ്. കേരളം കൊടുംപിരി കൊണ്ട സമരത്തിന് നേതൃത്വം നൽകിയെന്ന് അവകാശപ്പെടുന്ന ആളുകൾ, അവരോടുതന്നെ ചോദിക്കേണ്ട ഒരു ചോദ്യം ഈ സമരങ്ങളെല്ലാം, പ്രത്യേകിച്ച് സോളാർ ഉൾപ്പെടെയുള്ള വിഷയങ്ങളിലെ സമരം ആർക്കുവേണ്ടിയാണ് കേരളത്തിൽ നടത്തിയത് എന്നുള്ളതാണ്. നമ്മുടെ നാട്ടിലെ പൊതുഖജനാവിൽ നിന്ന് 50 പൈസയുടെ നഷ്ടം ആ ഒരു തട്ടിപ്പുമായി ബന്ധപ്പെട്ടുണ്ടായോയെന്നുള്ള കാര്യം നമുക്കെല്ലാപേർക്കും അറിയാം. നമ്മുടെ നാട്ടിലെ പൊതു ഖജനാവിൽ നിന്ന് പണം നഷ്ടപ്പെട്ടിട്ടില്ലെന്നുമാത്രമല്ല ഈ നാട്ടിലെ സാധാരണക്കാരായ ഒരാൾക്കും അതുമൂലം പണം നഷ്ടപ്പെട്ടിട്ടില്ലായെന്നുള്ളത് വസ്തുതയാണ്. നോട്ടിരട്ടിപ്പുപോലെ 100 വച്ചാൽ 10,000 കിട്ടണമെന്ന്

ആഗ്രഹിക്കുന്ന കുറച്ചാളുകൾ ഇത്തരം വാഗ്ദാനങ്ങൾക്ക് അടിമപ്പെട്ട് പണം കൊടുക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ ഈ നാട്ടിലെ സാധാരണക്കാരെയോ, ഏതെങ്കിലും സാധാരണ സഖാവിനെയോ, സർക്കാർ ഉദ്യോഗസ്ഥനെയോ, സർക്കാരിന്റെ ഖജനാവിനെയോ, പൊതുജനങ്ങളുടെ ഏതെങ്കിലും തരത്തിലുള്ള 50 പൈസപോലും നഷ്ടപ്പെടുത്താത്ത ഒരു തട്ടിപ്പിന്റെ പേരുപറഞ്ഞ് കേരളം മുഴുവൻ സമരാഭാസങ്ങൾക്ക് നേതൃത്വം നൽകിയപ്പോൾ സമരം പരാജയപ്പെടുന്നതിന്റെ പ്രധാനപ്പെട്ട കാരണം ആ സമരത്തിന് കേരളത്തിലെ പൊതുജനങ്ങളുടെ പിന്തുണയുണ്ടായിരുന്നില്ല എന്നുള്ളതാണ്. കാരണം, അവരെ ബാധിക്കുന്ന ഒരു പ്രശ്നത്തിന്റെ പേരിലായിരുന്നില്ല ആ സമരം കേരളത്തിൽ നടന്നത്. ഈ നാടിന്റെ പൊതു ഖജനാവിന് ഒരു രൂപയുടെ നഷ്ടം പോലും വരുത്താത്ത ഒരു സംഭവത്തിന്റെ പേരിൽ കേരളത്തിൽ മുഴുവൻ ഇത്തരം സമരങ്ങൾ നടത്തിയപ്പോൾ ബഹുമാനപ്പെട്ട ഒരു അംഗം ഇവിടെ പ്രസംഗിച്ചു, കോൺഗ്രസ്സിന് ഇനി ശ്രീമതി സരിതയോട് നന്ദി രേഖപ്പെടുത്തേണ്ടി വരും എന്ന്. കോൺഗ്രസ്സിനല്ല സരിതയോട് നന്ദി രേഖപ്പെടുത്തേണ്ടത്. 72 സീറ്റുമായി അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് നൂറ് ദിവസങ്ങൾക്കുള്ളിൽ നിലംപതിക്കുമെന്ന് സഭയ്ക്കകത്തും പുറത്തും പ്രസ്താവിച്ച ആളുകളുണ്ട്. മുഖ്യമന്ത്രിയെ രാജി വയ്പ്പിക്കും എന്ന് പ്രഖ്യാപിച്ച ആളുകളുണ്ട്. ഉപതെരഞ്ഞെടുപ്പുകളിൽ വരെ വിജയം പ്രഖ്യാപിച്ച ആളുകളുണ്ട്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയം പ്രഖ്യാപിച്ച ആളുകളുണ്ട്. ആ തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പുകളും പിറവത്തുമൊക്കെ നടന്ന ഉപതെരഞ്ഞെടുപ്പുകളിലുമെല്ലാം പരാജയപ്പെട്ടിട്ട് പാർട്ടി ക്ഷീണത്തിന്റെ പടുകുഴിയിലേയ്ക്ക് വീണപ്പോൾ ഒരു പുനരുജ്ജീവന യജ്ഞത്തിനുവേണ്ടി ശ്രമിച്ച ആളുകളാണ് ശ്രീമതി സരിത എസ്. നായർക്ക്

നന്ദിപറയേണ്ടത് എന്നുള്ളത് കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം രേഖപ്പെടുത്തി വയ്ക്കും. ഇനി പാർട്ടി ഓഫീസുകളിൽ നിന്ന് നേതാക്കന്മാരുടെ ചിത്രം മാറ്റി ശ്രീമതി സരിത എസ് നായർ ഈ ആഫീസിന്റെ ഐശ്വര്യം എന്ന് എഴുതി വയ്ക്കേണ്ട ഗതികേടിലാണ് ഇവരിൽ പലരും എന്നുള്ളത് നമ്മുക്കെല്ലാപേർക്കും അറിയാം. ജനസമ്പർക്ക പരിപാടിയെ സംബന്ധിച്ചാണ് ഏറ്റവും വലിയ വേദന. മനുഷ്യാവകാശ ലംഘനമായി അതിനെ ചിത്രീകരിക്കുന്നു. അതിനകത്ത് ഏറ്റവും പ്രധാനപ്പെട്ട കാരണമായി രോഗിയായ ആളുകളെ ഇവിടെ കൊണ്ടുവരുന്നതിൽ അതിയായ വേദന ഇവിടെ പങ്കുവയ്ക്കുന്നു. ഒരു ബഹുമാനപ്പെട്ട സുഹൃത്ത് അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായ നിരാശകൊണ്ട് ആത്മഹത്യ ചെയ്തതിൽ വേദനിക്കുന്ന ആളുകളാണ് ഞങ്ങളെല്ലാപേരും. ആ വേദനയിൽ ഞങ്ങളും പങ്കുചേരുന്നു. പക്ഷേ ഈ ജനസമ്പർക്ക പരിപാടികൊണ്ട് ആത്മഹത്യയിൽ നിന്നും രക്ഷപ്പെട്ട പതിനായിരക്കണക്കിന് സാധാരണക്കാരെ സംബന്ധിച്ച് ഒരു വേള ചിന്തിക്കാൻ ഇവർ സന്മനസ്സ് കാണിച്ചോ? ആ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി നിന്നിരുന്ന ആളുകളാണ് ഞങ്ങളെല്ലാപേരും. പാലക്കാട് ജില്ലയുൾപ്പെടെയുള്ള സ്ഥലങ്ങളിൽ ആ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി നിന്നപ്പോൾ ഈ പറയുന്ന രോഗികൾക്കും പാവപ്പെട്ടവർക്കും അവർക്ക് ആശ്രയമില്ലാത്ത ആളുകൾ മുഖ്യമന്ത്രിയുടെ മുന്നിൽ മുട്ടുകുത്താനല്ല വന്നത്, അവരുടെ അവകാശമാണെന്നുള്ള തിരിച്ചറിവിൽ ഞങ്ങളുടെ അവകാശം ഞങ്ങൾക്ക് നൽകാൻ തയ്യാറായി വന്ന ഭരണാധികാരിക്ക് മുമ്പിൽ തങ്ങളുടെ ആവശ്യങ്ങൾ തല ഉയർത്തിപ്പിടിച്ചു നിന്നുതന്നെയാണ് അവിടെയുള്ള ഓരോരുത്തരും അവതരിപ്പിച്ചത്. അതിനു പരിഹാരം കണ്ടെത്താൻ ജനങ്ങളിലേയ്ക്ക് ഇറങ്ങിചെല്ലാൻ ഒരു മുഖ്യമന്ത്രി തയ്യാറായി. ഇവിടെ ഇന്നലെ പ്രസംഗിച്ച

ആരോ പറഞ്ഞു തറവാടിന്റെ മുറ്റത്ത് ചാരുകസേരയിൽ ചാരിയിരുന്നാണ് ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നത് എന്ന അഭിപ്രായം ഐക്യജനാധിപത്യമുന്നണിക്കില്ല. എത്രത്തോളം താഴെത്തട്ടിൽ ഭരണാധികാരികൾക്ക് ഇറങ്ങാൻ കഴിയുമോ അത്രത്തോളം ജനാധിപത്യം ശക്തിപ്പെടുമെന്നതിന്റെ തെളിവായിട്ടാണ് ലക്ഷക്കണക്കിനാളുകൾ പതിനാല് ദിവസംകൊണ്ട് കേരളത്തിന്റെ മുഖ്യമന്ത്രിയുടെ അടുത്തുചെന്ന് ആ പരാതികൊടുത്ത് അതിൽ ഭൂരിഭാഗത്തിനും പരിഹാരമുണ്ടാക്കാൻ ശ്രമിച്ചത്. ജനാധിപത്യം ശക്തിപ്പെടുത്തേണ്ടത് ജനങ്ങളിൽ നിന്ന് അകലം പാലിച്ചല്ല. മുഖ്യമന്ത്രി ജനങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങിചെല്ലുമ്പോൾ അതിനെ അംഗീകരിക്കണം. അതിനെ ആദരിക്കണം. ഈ കേരളത്തിന്റെ മണ്ണിൽ  ജനസമ്പർക്ക പരിപാടി രാവിലെ 9 മണിക്ക് തുടങ്ങി പല ജില്ലകളിലും പലർച്ചെ മൂന്നേമുക്കാൽ നാല് മണിവരെ ഓരോ പരാതിക്കാരന്റേയും പരാതി  നേരിട്ട് വാങ്ങി അതിന് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്ന കഠിനാധ്വാനത്തെ ഇവർ ആദരിക്കേണ്ട,  ഇവർ അതിൽ അഭിമാനം പങ്കുവയ്ക്കേണ്ട. ഏറ്റവും ചുരുങ്ങിയ പക്ഷം അതിനെ കളിയാക്കുന്നതിൽ നിന്നെങ്കിലും വിട്ടുനിൽക്കാമായിരുന്നു. പക്ഷേ ഇവരൊക്കെ കളിയാക്കിയാലും,  ഇവരൊക്കെ കള്ള പ്രചരണങ്ങൾ അടിച്ചേൽപ്പിച്ചാലും ഐക്യരാഷ്ട്രസഭ ലോകരാജ്യങ്ങൾക്ക് ഒരു മാതൃകയായി മുഖ്യമന്ത്രിയുടെ നടപടിയെ ഉയർത്തിക്കാണിച്ച് അദ്ദേഹത്തിന് അവാർഡ് നൽകിയിട്ടുണ്ടെങ്കിൽ നേരത്തേ ബഹുമാനപ്പെട്ട ജോസഫ് വാഴക്കൻ സൂചിപ്പിച്ചതുപ്പോലെ ഈ ജനസമ്പർക്ക പരിപാടിയിലൂടെ  ജനങ്ങൾക്കിടയിലേയ്ക്ക് മുഖ്യമന്ത്രി ഇറങ്ങിചെല്ലുമ്പോൾ അത് കരുത്ത് പകരുന്നത് കണ്ട് ഭയപ്പെട്ടാണ്  ഇവർ അതിനെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്നത്.  ഇവർ വലിയ സമരം പ്രഖ്യാപിച്ചല്ലോ. മുഖ്യമന്ത്രിയെ സെക്രട്ടേറിയറ്റിന് പുറത്തിറങ്ങാൻ

അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ചല്ലോ. അങ്ങനെ സമരം പ്രഖ്യാപിച്ചിട്ടും പതിനാല് ജില്ലകളിലും ജനസമ്പർക്ക പരിപാടി നടന്നു. ആ ജനസമ്പർക്കപരിപാടിക്ക് കേന്ദ്ര കമ്മിറ്റി നേതാക്കന്മാരുടെ സഹോദരിയുൾപ്പെടെയുള്ള ആളുകൾ വന്നതൊന്നും എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ സമരങ്ങൾക്ക് വന്നിരുന്ന ആളുകൾ ഉപരോധസമരം ഒരുമണിക്കൂർ കൊണ്ട് അവസാനിപ്പിച്ച് മടിക്കെട്ടിൽ വച്ചിരുന്ന പരാതിക്കെട്ടുമായി എത്രയും പെട്ടെന്ന് ജനസമ്പർക്ക പരിപാടിയുടെ പന്തലിലേയ്ക്ക് ഓടിയെത്തുന്നത് ഞങ്ങൾ പാലക്കാടുൾപ്പെടെയുള്ള സ്ഥലങ്ങളിൽ കണ്ടതാണ്. വികസനത്തിന്റെ കാര്യത്തിൽ ഈ സംസ്ഥാനം പുറകോട്ടുപോയി എന്നുപറയുന്ന ആളുകൾ ഉണ്ട്. ഞാൻ ഒരു കാര്യം ചോദിക്കുന്നു. മഹാനായ ഇ.എം.എസ്സിനെ പോലെ, ഏറമ്പാല കൃഷ്ണൻനയനാരെപ്പോലെയുള്ള മഹാരഥന്മാരായ ആളുകളെ കേരള നിയമസഭയിലേയ്ക്ക് അയച്ച ജില്ലയാണ് പാലക്കാട്. ആ ജില്ലയിൽ നിന്ന് അത്തരം നേതാക്കന്മാരുണ്ടായി. ശിവദാസമേനോനെപ്പോലുള്ള നേതാക്കന്മാരുണ്ടായി. ആ ജില്ലയിൽ നിന്ന് കഴിഞ്ഞ അഞ്ച് വർഷം കേരളത്തിന്റെ മുഖ്യമന്ത്രിയുമുണ്ടായി എന്നുള്ളത് ഞാൻ നിങ്ങളെ ഓർമപ്പെടുത്തുകയാണ്. അദ്ദേഹം ആ ജില്ലയിൽ നിന്നും വന്ന മുഖ്യമന്ത്രിയായിരുന്നുവെന്നത് അവിടുത്തെ ജനങ്ങൾക്ക് ഓർമ്മയില്ല. അത് ഞാൻ ഒന്ന് ഓർമ്മപ്പെടുത്തുന്നു. അദ്ദേഹം മുഖ്യമന്ത്രിയായിരുന്നിട്ടും, ഈ പറഞ്ഞ ആളുകളെല്ലാമുണ്ടായിട്ടും ആ ജില്ല രൂപംകൊണ്ടതുമുതൽ ഇന്നേവരെയുള്ള കാലയളവിൽ ഒരു പാമ്പ് കടിച്ചാൽ ജീവൻ സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പ് നൽകാൻ കഴിയാവുന്ന ഒരു സർക്കാർ സംവിധാനം അവിടെ ആരംഭിക്കുവാൻ, അതിന് ഒരു തീരുമാനമെടുക്കുവാൻ പരാജയപ്പെട്ടുപോയിരുന്നുവെങ്കിൽ കോട്ടയത്തെ പുതുപ്പള്ളിയിലെ എം.എൽ.എ.യായ കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രിയും പട്ടിക

ജാതി വകുപ്പിന് നേതൃത്വം നൽകുന്ന വണ്ടൂരിന്റെ പ്രിയപ്പെട്ട എം.എൽ.എ ശ്രീ എ.പി. അനിൽകുമാറും പാലക്കാട്ടെ ജനങ്ങൾ ഏറെ കാത്തിരുന്ന സർക്കാർ മെഡിക്കൽകോളേജ് ഞങ്ങൾക്ക് അനുവദിച്ചുതന്നുവെന്നത് അഭിമാനത്തോടുകൂടിയാണ് ഞങ്ങൾ പറയാൻ ആഗ്രഹിക്കുന്നത്. നീണ്ട 55 വർഷക്കാലമായി ഇ.എം.എസ്സ് ഉൾപ്പെടെയുള്ള ആളുകൾ പ്രതിനിധീകരിച്ച പട്ടാമ്പിയിൽ താലൂക്കിനുവേണ്ടി കാത്തിരിക്കുന്ന ജനങ്ങളുണ്ട്. ഒറ്റപ്പാലത്തേയ്ക്ക് വണ്ടി കയറേണ്ടിവന്നിരുന്ന പട്ടാമ്പിയിലേയും തൃത്താലയിലേയും ജനങ്ങൾക്ക് മോചനമന്ത്രം ഒരുക്കി അവിടെ ഒരു താലൂക്ക് പ്രഖ്യാപിക്കുമ്പോൾ അവിടെ മുൻ റവന്യൂ വകുപ്പുമന്ത്രിയല്ല ജനപ്രതിനിധി പ്രിയപ്പെട്ട ശ്രീ. സി.പി. മുഹമ്മദ് എം.എൽ.എ-യുടെ നേതൃത്വത്തിൽ പ്രിയപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും തീരുമാനപ്രകാരം അവിടുത്തെ ജനങ്ങളുടെ താലൂക്കെന്ന സ്വപ്നം യാഥാർത്ഥ്യമായിരിക്കുകയാണ്. അങ്ങനെ 12 ഇടങ്ങളിൽ ജനങ്ങൾ കഴിഞ്ഞ കുറെ പതിറ്റാണ്ടുകളായി കാത്തിരുന്ന താലൂക്ക് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിയ ഒരു ഗവൺമെന്റാണിത്.

ബഹുമാന്യനായ മുൻവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തോടും ഇവിടെയിരിക്കുന്ന മുഴുവൻ ആളുകളോടും ചോദിക്കുന്നു, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ സ്വന്തം നിയോജകമണ്ഡലത്തിൽ ഒരു സർക്കാർ കോളേജ് തുടങ്ങാൻ ശ്രീ. പി. കെ. അബ്ദു റബ്ബ് കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാകേണ്ടി വന്നു എന്നുപറയുമ്പോൾ ഇവർ നാട്ടിൽ എന്തു വികസനമാണ് നടത്തിയത്. ഞാൻ ഏറെ ബഹുമാനിക്കുന്ന

സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ മണ്ഡലത്തിൽ ഒരു കോളേജ് തുടങ്ങാനുള്ള തീരുമാനമെടുത്തു. അങ്ങനെ എട്ടോളം കോളേജുകൾ ഇവിടെ ആരംഭിച്ചുകഴിഞ്ഞു. ഇരുപത്തിരണ്ടോളം പുതിയ കോളേജുകൾ ഇവിടെ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് വികസനത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് പുറകോട്ട് പോയിട്ടില്ല. ജനങ്ങൾക്കുനൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റിന് വീഴ്ച പറ്റിയിട്ടില്ല. 9 ജില്ലകൾ ബാക്കിയുണ്ടായിരുന്ന കേരളത്തിൽ 8 ജില്ലകളിലും പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ. കഴിഞ്ഞകാലങ്ങളിൽ എസ്.എഫ്.ഐ.യുടേയും ഡി.വൈ.എഫ്.ഐ.യുടേയും ഒരു മുദ്രാവാക്യമുണ്ടായിരുന്നു. ഞാൻ കെ. എസ്.യു.വിന്റെ പ്രസിഡന്റായിരുന്ന ആളാണ്. പൊതുമേഖലയിൽനിന്നും വിദ്യാഭ്യാസ മേഖലയിൽനിന്നും സർക്കാർ പുറകോട്ടുപോകരുത് എന്നായിരുന്നു അന്നത്തെ ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യം. ഞാൻ പ്രിയപ്പെട്ട എന്റെ സുഹൃത്തുക്കളോട് ചോദിക്കുന്നു, കേരളത്തിന്റെ മണ്ണിൽ 8 പുതിയ മെഡിക്കൽ കോളേജുകൾ ഒറ്റയടിക്ക് തുടങ്ങാനുള്ള തീരുമാനമെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞതിനെ രഹസ്യമായിട്ടെങ്കിലും അംഗീകരിക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? 22 പുതിയ കോളേജുകൾ, 12 പുതിയ താലൂക്കുകൾ ഒക്കെ കേരളത്തിന്റെ മണ്ണിൽ യാഥാർത്ഥ്യമാക്കുമ്പോൾ അതിന്റെ നേട്ടങ്ങളുണ്ടാകുന്നത് ഇവിടത്തെ സാധാരണക്കാരനും പാവപ്പെട്ടവനുമാണ്. അതിന്റെ നേട്ടങ്ങൾ ഇവിടെ മെരിറ്റിൽ അഡ്മിഷൻ കിട്ടുന്നവർക്കാണ്. ഇവിടത്തെ പട്ടികജാതിക്കാരായ പാവപ്പെട്ട വിദ്യാർത്ഥികൾ 10 കോളേജുകളിൽ നിന്ന് 20 സീറ്റിനുവേണ്ടി കാത്തിരിക്കുമ്പോൾ ഒരൊറ്റ കോളേജിൽ നിന്ന് അറുപതോ എഴുപതോ മെഡിക്കൽ സീറ്റ് ബാക്കിവയ്ക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നുവെന്നുള്ളത് ചെറിയകാര്യമായി കാണാൻ കഴിയു

മോ? ജനസമ്പർക്ക പരിപാടിയെ കളിയാക്കി പലരും ഇവിടെ പ്രസംഗിച്ചു. എന്റെ പരിമിതമായ അറിവുവച്ച് എനിക്ക് ചെറിയൊരു റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. കഴിഞ്ഞ വർഷം തൃശ്ശൂരിലെ ജനസമ്പർക്ക പരിപാടിയിൽ ശ്രീ. വി. എസ്. സുനിൽകുമാർ എം.എൽ.എ. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കപ്പൽ ജീവനക്കാരനായ ഒരാളെ കപ്പൽക്കൊള്ളക്കാർ തട്ടിക്കൊണ്ടുപോയിട്ട് ഒരു വിവരവുമില്ല എന്നുപറഞ്ഞ് ആ കപ്പൽ ജീവനക്കാരന്റെ കുടുംബാംഗങ്ങളേയും കൂട്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്തേയ്ക്ക് ചെന്നപ്പോൾ മറ്റെല്ലാ പരാതികളും ഒരു നിമിഷത്തേയ്ക്ക് നിറുത്തിവച്ച് അദ്ദേഹത്തിന്റെ മുമ്പിൽവച്ചുതന്നെ ഇതുമായി ബന്ധപ്പെട്ട ആളുകളെയെല്ലാം വിളിച്ച് അവസാനം ആ പാവപ്പെട്ട കപ്പൽ ജീവനക്കാരനെ മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അങ്ങനെയുള്ള ജനസമ്പർക്ക പരിപാടിയിലേയ്ക്ക് ഇവരും കടന്നുചെന്നിട്ടുണ്ട്. അവിടെ ഒരു പാവപ്പെട്ടവന് അവന്റെ ചികിത്സയ്ക്കുവേണ്ടി അല്പം പണം ലഭിക്കുമ്പോൾ, അവന്റെ ചികിത്സയ്ക്കുവേണ്ടി പെൻഷൻ കൊടുക്കുമ്പോൾ, അർഹതയുണ്ടെങ്കിൽ അവനൊരു ബി.പി.എൽ. കാർഡ് കൊടുക്കുമ്പോൾ ആർക്കാണ് ഇത്ര അസ്വസ്ഥത? എന്നിട്ട് അത് വില്ലേജ് ഓഫീസർ ചെയ്യേണ്ട പണിയാണ്, അത് താലൂക്ക് ഓഫീസർ ചെയ്യേണ്ട പണിയാണ് എന്നുപറഞ്ഞ് അവഹേളിക്കുമ്പോൾ ഞങ്ങൾ ഒരു കാര്യം പറയാനാഗ്രഹിക്കുന്നു. വില്ലേജ് ഓഫീസറുടേയും താലൂക്ക് ഓഫീസറുടേയും തഹസീൽദാരുടേയുമൊക്കെ പണികൾ ജനങ്ങൾക്കുവേണ്ടി ചെയ്യാൻ തയ്യാറായ ഒരു മുഖ്യമന്ത്രി കേരളത്തിലുള്ളതിൽ അഭിമാനമുണ്ടെന്നുപറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഇന്ന് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു ചർച്ച കോൺഗ്രസ്സിന്റെ അപചയത്തെ സംബന്ധിച്ചാണ്. ഞാനൊരു കണക്ക് ഇന്ന് പരിശോധിക്കുക

യുണ്ടായി. ആ കണക്കുപരിശോധിച്ചപ്പോൾ ഒരുകാര്യം എനിക്ക് വ്യക്ത മായി. ആം ആദ്മി പാർട്ടി രാജ്യത്ത് രൂപാന്തരപ്പെട്ടിട്ട് ഏകദേശം ഒരുവർഷ ക്കാലമേ അയിട്ടുള്ളൂ. 1964 മുതൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഡൽഹിയിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷമുന്നണിയുടെ ഓഫീസുകളൊക്കെ അവിടെയുണ്ട്. അവരുടെ വലിയ നേതാക്കന്മാർ ആ ഓഫീസിൽ കയറുന്നതും ഇറങ്ങുന്നതുമൊക്കെ പല ദൃശ്യമാധ്യമങ്ങളി ലൂടേയും നാമൊക്കെ കണ്ടതാണ്. എന്നാൽ അവർക്ക് കിട്ടിയ വോട്ട് ഞെട്ടി പ്പിക്കുന്നതാണ്. നേരത്തെ ഇവിടെ 18 ശതമാനം ബി.ജെ.പി.ക്കു കിട്ടി, 28 ശതമാനം കോൺഗ്രസ്സിനു കിട്ടി ബാക്കിയുള്ള ശതമാനം മുഴുവൻ കോൺഗ്ര സ്സിന് എതിരാണെന്നു പറഞ്ഞപ്പോൾ ഒരു സംസ്ഥാനത്തിന്റെ കണക്ക് ഞാൻ പരിശോധിച്ചു. ആം ആദ്മി പാർട്ടിക്ക് ഡൽഹിയിൽ കിട്ടിയത് 2322417 വോട്ടാ ണ്. 1964 മുതൽ ഡൽഹിയിൽ സജീവമായി പ്രവർത്തിക്കുന്ന എല്ലാ ഇടതു പാർട്ടികൾക്കും കൂടി കിട്ടിയത് 8645 വോട്ടാണ്. എന്നാലും ശ്രീ. വി.എസ്. സുനിൽകുമാറിന്റെ പാർട്ടിക്ക് അഭിമാനിക്കാം. ഈ 8645 വോട്ടിൽ 7446 വോട്ടും സി.പി.ഐ.ക്കാണ് കിട്ടിയിട്ടുള്ളത്. സി.പി.എം.ന് കിട്ടിയിട്ടുള്ളത് 1199 വോട്ടാണ്. എന്നിട്ട് കോൺഗ്രസ്സിന്റെ വോട്ടുവിഹിതത്തെ സംബന്ധിച്ചും കോൺഗ്രസ്സിന്റെ ആയുസ്സിന് വിലകല്പിച്ചും ഇവിടെ പലരും സംസാരി ക്കുന്നു. സമരനേട്ടങ്ങളെ സംബന്ധിച്ചും സമര പരാജയങ്ങളെ സംബന്ധിച്ചു മൊക്കെ ഇവിടെ പറഞ്ഞു. കോൺഗ്രസ്സിന്റെ പരാജയത്തിൽ നിങ്ങൾ അഭിമാ നിക്കുന്നു. ഈ സാഹചര്യം നമ്മുടെ നാട്ടിൽ ഉണ്ടാകാറുണ്ട്. അതെപ്പോഴാ ണെന്നറിയുമോ? ലോക കപ്പ് ഫുട്ബോൾ നടക്കുമ്പോഴാണ് ഈ സാഹചര്യം നമ്മുടെ നാട്ടിൽ ഉണ്ടാകാറുള്ളത്. 2014-ലെ ലോക കപ്പ് ഫുട്ബോൾ നടക്കു ന്നത് ബ്രസീലിലാണ്. ഞങ്ങളുടെ നാട്ടിലെ കുറെ ആളുകൾ അർജന്റീനയുടെ

ആരാധകരാണ്. മെസ്സി നയിക്കുന്ന അർജന്റീന ലോകകപ്പിൽ ജയിക്കണമെന്നുപറയുന്ന ആളുകളുണ്ട്. നെയ്മർ നേതൃത്വം നൽകുന്ന ബ്രസ്സീൽ ലോകകപ്പിൽ ജയിക്കണമെന്ന് പറയുന്ന ആളുകളുണ്ട്. ക്രിസ്റ്റ്യാനോ റൊണാൾഡോ ഇന്നലേയും രണ്ട് ഗോൾ അടിച്ചു. 3–0–ന് റയൽ മാഡ്രിഡ് ജയിച്ചു. പോർച്ചുഗലിനെ ക്രിസ്റ്റ്യാനോ റൊണാൾഡോ ജയിപ്പിക്കുമെന്ന് പറയുന്ന ആളുകളുണ്ട്. റൂണി ഫോമിലേയ്ക്ക് തിരിച്ചുവരും, ഇംഗ്ലണ്ടിനെ റൂണി വിജയിപ്പിക്കുമെന്ന് പറയുന്ന ആളുകളുണ്ട്. എന്നിട്ട് ഇവരെല്ലാം ഫ്ളക്സ് വയ്ക്കും. ബ്രസ്സീലിന്റേയും അർജന്റീനയുടേയും പോർച്ചുഗലിന്റേയും ഇംഗ്ലണ്ടിന്റേയും ഫ്രാൻസിന്റേയുമൊക്കെ ഫ്ളക്സ് വയ്ക്കും എന്നു പറഞ്ഞതുപോലെ ഒരു സീറ്റിലും മത്സരിക്കാൻപോലും കഴിയാത്ത ആളുകൾ ഡൽഹിയിൽ കോൺഗ്രസ് തോറ്റു, ബി.ജെ.പി. ജയിച്ചു, ആം ആദ്മി ജയിച്ചു എന്നൊക്കെ അഭിമാനത്തോടെ പറയുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആം ആദ്മി പാർട്ടിയെ എന്തുമാത്രം പിന്തുണയ്ക്കുന്നു. അദ്ദേഹം ധരിച്ചുവച്ചിരിക്കുന്നത് കെജ്രിവാൾ എന്നുപറഞ്ഞാൽ കെ.ജെ അരിവാൾ എന്നുള്ളതാണോ എന്നാണ് എന്റെ സംശയം. കേരളത്തിലെ സ്ത്രീകൾ ചൂലെടുക്കേണ്ടിവരുമെന്നുപറഞ്ഞ് അദ്ദേഹത്തിന്റെ നാവ് വായ്ക്കകത്തേയ്ക്കിട്ടില്ല പിറ്റേദിവസം തന്നെ സന്ധ്യ ചൂലുമെടുത്ത് ഇറങ്ങി. അത് കേരളത്തിലെ ജനങ്ങളെല്ലാം കണ്ടതാണ്. കോൺഗ്രസ്സിന്റെ പരാജയത്തിൽ അഭിമാനിക്കുന്ന ആളുകൾ ഈ രാജ്യത്തിന്റെ മതേതരത്വത്തെ മുറുകെപ്പിടിക്കുന്ന ആളുകളല്ല എന്നുള്ള കാര്യത്തിൽ ഒരുതർക്കവും വേണ്ട. ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി സമരത്തിന്റെ വിജയങ്ങളെപ്പറ്റി പറഞ്ഞു. മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുൻ എസ്.എഫ്.ഐ. നേതാവുമായിരുന്ന ഒരാൾ സമരത്തിന്റെ വിജയത്തിൽ ഒന്നാമതായി എടുത്തുകാണി

ച്ചത് ഒരു ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കാൻ ഒരു എഞ്ചിനീയറിംഗ് വിദ്യാർത്ഥി ശ്രമിക്കുന്നു. എങ്ങനെ അവിടേയ്ക്ക് പോകേണ്ടിവന്നു. എസ്.എഫ്.ഐ.ക്കാരുടെ ക്രൂരമായ റാഗിംഗ് കൊണ്ട് ഒരു കോളേജിൽ പഠിക്കാൻ പോകാൻ കഴിയാതെ മറ്റൊരു കോളേജിലേയ്ക്ക് പോയി. അവിടേയും റാഗിംഗ് നടത്തി, അവിടേയും രക്ഷയില്ലാതെ വന്നപ്പോൾ സംരക്ഷണം കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ ഒരു വിദ്യാർത്ഥിയുടെ പഠിക്കാനുള്ള അവകാശത്തെ ഞാൻ തടസ്സപ്പെടുത്തിയെന്ന് അഭിമാനത്തോടെ സമരത്തിന്റെ നേട്ടമായി ഒരു പോളിറ്റ്ബ്യൂറോ മെമ്പർ പറയുമ്പോൾ അതിനെ കമന്റ് ചെയ്യാനുള്ള വിവരമൊന്നുമെനിക്കില്ലായെന്നുള്ളതൊരു വസ്തുതയാണ്. എന്തായാലും ഇവിടെ ഇവരുടെ സമരങ്ങളെല്ലാം പൊളിഞ്ഞു. ഇപ്പോൾ പുതിയ ചില അടുപ്പങ്ങൾ രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. രൂപതാ എന്നുപറയുമ്പോൾ രൂപ തായോ എന്നുള്ളതാണെന്നും അതിരൂപതാ എന്നുപറയുമ്പോൾ അധികം രൂപ തായോ എന്നുമൊക്കെ പ്രസംഗിച്ച വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പാർട്ടിയിലെ ആളുകൾ ഇപ്പോൾ പറയുന്നു പള്ളിയും കമ്മ്യൂണിസ്റ്റുകാരും തമ്മിലുള്ള അകലം കുറയ്ക്കണമെന്ന്. ഫെയ്സ് ബുക്കിൽ ഞാൻ ഒരു കമന്റ് വായിച്ചു. ഇനിമുതൽ ഇവരുടെ തീരുമാനം ഇങ്ങനെയാണോ എന്ന സഹൃദയനായ ഒരു സുഹൃത്തിന്റെ സംശയമാണ് അതിനകത്ത് എഴുതിയിരിക്കുന്നത്. "ഓരോ പള്ളിയുടെ അടുത്തും ഇനി ഒരു പാർട്ടി ഓഫീസ് പണിയുമോ; ലോക്കൽ കമ്മിറ്റികൾ ഇനിമുതൽ ലോക്കൽ ഇടവകകൾ എന്നാണോ അറിയപ്പെടുന്നത്; പാർട്ടിക്കാരുടെ പേരിനുമുന്നിൽ വിശ്വാസി എന്നാണോ ചേർത്തുവായിക്കുന്നത്; ഡി.വൈ.എഫ്.ഐ.യിൽ ബ്രദർ എന്നും എസ്.എഫ്.ഐ.യിൽ കുഞ്ഞാടുമെന്നുമാണോ ആളുകളെ

വിളിക്കുന്നത്; ഏരിയാ സെക്രട്ടറി ഇനി ഏരിയാ വികാരിയാകുമോ; എ.കെ. ജി. സെന്റർ ഇനി എ.കെ.ജി. കത്തീഡ്രൽ ആയി മാറുമോ; ചുറ്റികയ്ക്കുപകരം പാർട്ടി ചിഹ്നം കുരിശായി മാറുമോ; പാർട്ടി മീറ്റിംഗിനുപകരം പാർട്ടി കോൺഗ്രസ്സിനുപകരം പ്ലീനത്തിനുപകരം പാർട്ടി പെരുന്നാൾ എന്നായിരിക്കുമോ വിളിക്കപ്പെടുന്നത്; അവയിലബിൾ പി.ബി. എന്നത് ഇനിമുതൽ അവയിലബിൾ കോൺക്ലേവ് ആയി മാറുമോ? പാർട്ടി ഓരോ ചർച്ച നടത്തുമ്പോഴും തീരുമാനമായാൽ വെളുത്തപുകയും തീരുമാനമായിട്ടില്ലെങ്കിൽ കറുത്ത പുകയും വിടാനുള്ള സംവിധാനം എല്ലാ പാർട്ടി ഓഫീസിലും ഇനി ഉണ്ടാക്കുന്നതായിരിക്കും. പാർട്ടിയിലേയ്ക്ക് എം.ആർ. മുരളിയെപ്പോലെയുള്ള, ഗോകുൽദാസിനെപ്പോലെയുള്ള ആളുകളെ കാലുപിടിച്ച് തിരികെ കൊണ്ടുവരുമ്പോൾ ആ ചടങ്ങിന് ഇനിമുതൽ മനസ്സമ്മതമെന്നായിരിക്കുമോ പറയുന്നത്; ഇങ്കിലാബ് ഹലേലൂയാ എന്നായിരിക്കുമോ ഇനി മുദ്രാവാക്യം വിളിക്കുന്നത്; പാർട്ടി അംഗങ്ങൾ പരസ്പരം കാണുമ്പോൾ ബാലറ്റ് പെട്ടിക്ക് സ്തുതിയായിരിക്കട്ടെയെന്നും തിരിച്ച് വോട്ട് വീഴുവോളം എന്നായിരിക്കുമോ മറുപടി പറയുന്നത് എന്ന കാര്യത്തിലാണ് എനിക്ക് സംശയം.” കേരളത്തിന്റെ ആരോഗ്യ മേഖലയിൽ പാവപ്പെട്ടവന് ഗുരുതരമായ ഒരു രോഗം വരുമ്പോൾ ചികിത്സിക്കാൻ കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ രണ്ടുലക്ഷം രൂപവരെ കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായതിനെ ചെറുതായി കാണാൻ കഴിയുമോ? അഴിമതിക്കെതിരെ പോരാട്ടം പ്രഖ്യാപിക്കുന്ന ആളുകളുടെ മക്കൾക്കെതിരെ ഇന്ന് ഹൈക്കോടതി വിധി വന്നിരിക്കുന്നു. പാർട്ടി സെക്രട്ടറി താല്ക്കാലികമായി കുറ്റക്കാരനല്ലായെന്ന് ഒരു കീഴ്ക്കോടതി കണ്ടപ്പോൾ ലോകംമുഴുവൻ പ്രകടനം നടത്തിയ ആളുകളോട് ഞാൻ ചോദി

ക്കുന്നു ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മകൻ നടത്തിയ പത്തോളം തിരിമറികളിൽ അന്വേഷണം തുടരാവുന്നതാണെന്നുപറഞ്ഞ് ഡിസംബർ മാസം 23-ാം തീയതി വിജിലൻസ് ഡയറക്ടർക്ക് അതിന്റെ രേഖ കൈമാറി ഇനി നടപടികളെടുക്കാമെന്ന് പറയുമ്പോൾ ലോകത്തെ മുഴുവൻ അഴിമതി കൾക്കെതിരേയും കുരിശ്ശുയുദ്ധം പ്രഖ്യാപിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സ്വന്തം മകന്റെ കാര്യത്തിൽ അഴിമതി നടക്കുമ്പോൾ പഞ്ചപുച്ഛമ ടക്കി വാതുറക്കാതെ നിൽക്കുന്നത് വളരെ ദയനീയമായ കാഴ്ചയാണ്. ഈ ഇരട്ടത്താപ്പിനെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. നമ്മളെ സംബന്ധിച്ചി ടത്തോളം ഒട്ടേറെ നേട്ടങ്ങളുണ്ടായിട്ടുണ്ട്. ഒരു രൂപയ്ക്ക് അരികൊടുത്തു. എല്ലാ പെൻഷനും വർദ്ധിപ്പിച്ചു. 8 മെഡിക്കൽ കോളേജ്, 22 പുതിയ കോളേജ്, 12 പുതിയ താലൂക്ക്, സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖ പദ്ധതി അതുപോലെയുള്ള വലിയ വികസന പ്രവർത്തനങ്ങൾ, ക്ഷേമപ്രവർത്തനങ്ങ ളിൽ നാലുവയസ്സിനുതാഴെയുള്ള പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് സ്വന്തം അമ്മ യുടെ മുഖത്തുനോക്കി അമ്മേ എന്നു വിളിക്കാനുള്ള ആർജ്ജവമുണ്ടാക്കി കൊടുത്ത സാമൂഹ്യ സുരക്ഷാ വകുപ്പിന് നേതൃത്വം നൽകുന്ന മന്ത്രി ശ്രീ. എം. കെ. മുനീർ ഇവിടെ ഇരിക്കുന്നുണ്ട്. കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി ഈ ഗവൺമെന്റ് നടപ്പിലാക്കി. കാരുണ്യാ ബെനവലന്റ് ഫണ്ട് നടപ്പിലാക്കി, പാവങ്ങൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചു. ഇവിടെ ഈ പറയുന്ന സ്ഥാപനങ്ങളെല്ലാം തുടങ്ങി. ഈ ഗവൺമെന്റിനെ കളിയാക്കുന്ന ആളുകൾ കഴിഞ്ഞ 5 വർഷംകൊണ്ട് ഈ ഗവൺമെന്റിനെക്കാളും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയുമെന്ന് ഏതെങ്കിലും മേഖലയിൽ തെളി യിച്ചിട്ടുണ്ടോ? 30 ലക്ഷം ആളുകൾക്ക് ഭൂമികൊടുത്തതിനെ സംബന്ധിച്ച് അഭിമാനിക്കുമ്പോൾ എന്റെ ഉപ്പൂപ്പാക്കൊരാനയുണ്ടായിരുന്നു എന്നുപറഞ്ഞ

തുപോലെ കഴിഞ്ഞ 5 വർഷക്കാലം ഭരിച്ചിട്ട് എത്രപേർക്ക് ഭൂമി കൊടുക്കാൻ കഴിഞ്ഞു. ഒരുലക്ഷം ആളുകൾക്ക് ഭൂമികൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നു. ഈ ഗവൺമെന്റ് കേരളത്തെ വികസനത്തിന്റെ പാതയിലേയ്ക്ക് തിരിച്ചുകൊണ്ടുവന്നു. ഗുജറാത്തിന്റെ വികസനമല്ല കേരളം. സന്തുലിതവും ഒരുമിച്ച് നാട് മുന്നേറുന്നതുമായ വികസനത്തിന് കാരണക്കാരനായ ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം നൽകുന്ന ഈ ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനത്തിനുമേൽ ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് നിറുത്തുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരള മോഡൽ വികസനത്തിന്റെ അനിവാര്യമായ തുടർച്ച ആഗ്രഹിക്കുന്നവരെ സംബന്ധിച്ചിടത്തോളം വളരെ നിരാശാജനകമായ ഒരു നയപ്രഖ്യാപനവും അതുപോലെതന്നെയുള്ള പ്രസംഗങ്ങളുമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ഞാൻ ഈ നയപ്രഖ്യാപനത്തെയും ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെയും ശക്തമായി എതിർക്കുകയാണ്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം തീർത്തും നിരാശാജനകമാണ് ഈ നയപ്രഖ്യാപനം. ഏതൊരു സമൂഹത്തിലും ഏറ്റവും പ്രാധാന്യമർഹിക്കുന്ന ജനവിഭാഗമാണ് യുവജനങ്ങൾ. യുവജനങ്ങളെ സംബന്ധിച്ചിടത്തോളം രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്ന കേരളത്തിൽ തൊഴിൽ സൃഷ്ടിക്കാനുതകുന്ന നിർദ്ദേശങ്ങളോ ക്രിയാത്മകമായ പദ്ധതികളോ ഈ നയപ്രഖ്യാപനത്തിൽ കാണാനാകുന്നില്ല. നേരത്തേ ചിലർ സൂചിപ്പിച്ചതുപോലെ, 2011-ലെയും 2012-ലെയുമെല്ലാം നയപ്രഖ്യാപനത്തിന്റെ കേവലമായ ആവർത്തനം മാത്രമാണിത്. കമ്മ്യൂണിസ്റ്റു

കാർ എവിടെയെങ്കിലും നന്മ ചെയ്തിട്ടുണ്ടോയെന്ന് ശ്രീ. ജോസഫ് വാഴക്കൻ ചോദിച്ചു. ബഹുമാന്യനായ കോൺഗ്രസ്സ് അംഗം ശ്രീ. ജോസഫ് വാഴക്കനെ ചില കാര്യങ്ങൾ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം ആരാധ്യനായ ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ജവ ഹർലാൽ നെഹ്റു ഇന്ദിരാഗാന്ധിക്ക് ഒരു കത്തയച്ചു. ഒരച്ഛൻ മകൾക്കയച്ച കത്ത് – ആ പുസ്തകം അദ്ദേഹം വായിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതു ന്നത്. അതിൽ ഇന്ദിരാഗാന്ധിയോട് ജവഹർലാൽ നെഹ്റു പറയുന്നുണ്ട്, മകളേ നീ സൗഭാഗ്യവതിയാണ്. കാരണം നീ ജനിച്ചത് ഒക്ടോബർ വിപ്ലവ ത്തിന്റെ നാളുകളിലാണ്. മഹാനായ സ്റ്റാലിൻ നിര്യാതനായപ്പോൾ ജവ ഹർലാൽ നെഹ്റു നടത്തിയ അനുശോചന പ്രസംഗത്തിൽ ലോകസമാധാന ത്തിനുവേണ്ടി നിലകൊണ്ട ധീരനായ യോദ്ധാവായിരുന്നു സ്റ്റാലിനെന്ന് പറഞ്ഞു. 1957–ൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ഇവിടെ കുടിയിറക്കൽ നിരോധിച്ചത്. കേരളത്തിലെ 38 ലക്ഷം ആളുകൾക്ക് പട്ടയം കൊടുത്തത് കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ്. മലബാറിൽ, കാസർഗോഡ് മുതൽ പാലക്കാട് വരെ സഞ്ചരിക്കുമ്പോൾ റോഡരികിൽ തലയുയർത്തി നിൽക്കുന്ന ഒരുപാട് വലിയ പള്ളിമിനാരങ്ങളുണ്ട്. ആ മിനാര ങ്ങളുടെ പുറകിൽ ഒരു മനുഷ്യൻ അദൃശ്യനായി ചിരിച്ചുനിൽക്കുന്നുണ്ട്. അത് സമാരാദ്ധ്യനായ, ദിവംഗതനായ സഖാവ് ഇ.എം.എസ്. ആണ്. ഇന്ത്യ യിൽ കോൺഗ്രസ്സ് അധികാരത്തിൽ വന്നിട്ടും രാജഗോപാലാചാരിയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടും പള്ളിപണിയാൻ മലബാറിലെ മുസ്ലീങ്ങൾക്ക് അധികാരമുണ്ടായിരുന്നില്ല. ആ വിലക്കെടുത്തുമാറ്റിയത് 1957–ലെ ഇ.എം.എസ്. ഗവൺമെന്റാണ്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി

കേരളത്തിൽ മുസ്ലീങ്ങളുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ പരിഗണിച്ച് ജനസംഖ്യാനുപാതികമായി സംവരണം കൊണ്ടുവന്നത് ഇ.എം.എസ്. ഗവൺമെന്റാണ്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ ആമുഖം നിങ്ങളൊന്ന് വായിച്ചുനോക്കണം. നിങ്ങൾ ചരിത്രം മറക്കരുത്. ചില ഓർമ്മപ്പെടുത്തലുകൾ മാത്രം നടത്താനാണ് ഞാനിവിടെ ആഗ്രഹിക്കുന്നത്. കേരളാ മോഡലിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇന്ത്യാ ടുഡേ നടത്തിയ സർവ്വേയിൽ കേരളം ഒന്നാം സ്ഥാനത്താണ്. രഘുറാംരാജൻ റിപ്പോർട്ടുകൂടി ബഹുമാന്യനായ ഷാഫി പറമ്പിൽ ഒന്നുവായിച്ചുനോക്കണം. അതിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പതിനൊന്ന് സംസ്ഥാനങ്ങളുണ്ട്. ഈ പതിനൊന്ന് സംസ്ഥാനങ്ങളിൽ ഒരിടത്തും കമ്മ്യൂണിസ്റ്റോ ഇടതുപക്ഷ പാർട്ടികളോ ഭരിച്ചിട്ടില്ല. ആ പതിനൊന്ന് സംസ്ഥാനങ്ങളും നാലും അഞ്ചും ആറും പതിറ്റാണ്ട് തുടർച്ചയായി ഭരിച്ചത് കോൺഗ്രസ്സാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഈ ആധുനിക കേരളത്തിന്, കേരളാ മോഡൽ വികസനത്തിന് അടിത്തറയിട്ടത് ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണെന്ന് സാഭിമാനത്തോടെ ഞങ്ങൾക്ക് പറയാൻ കഴിയും. അതുകൊണ്ട് നിങ്ങൾ ചരിത്രത്തെ നോക്കി കൊഞ്ഞനം കുത്തരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കുമെന്ന് പറഞ്ഞു. ഇപ്പോൾ രണ്ടേമുക്കാൽ വർഷം കഴിഞ്ഞു. സ്മാർട്ട് സിറ്റിക്ക് വേഗം കൂട്ടുമെന്നും 2015 ആകുമ്പോൾ ആദ്യ സ്റ്റേജ് പൂർത്തിയാക്കുമെന്നുമാണ് ഈ നയപ്രഖ്യാപനത്തിൽ പറയുന്നത്. ഈ സർക്കാരിന്റെ കാലത്ത് സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാകാൻ പോകുന്നില്ല. സ്വയംസംരംഭക മിഷൻവഴി ഒരു വർഷം ഒരു ലക്ഷം ആളുകൾക്ക് തൊഴിൽ എന്ന് ഇവിടെ കൊട്ടിഘോഷിച്ച്

പറഞ്ഞു. ഇപ്പോൾ രണ്ടേ മുക്കാൽ വർഷമായി. രണ്ടേ മുക്കാൽ ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കാമായിരുന്നു. ഇന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട്, എന്താണ് സംരംഭക വികസന മിഷന്റെ പ്രവർത്തനം; അത് വിലയിരുത്തിയിട്ടുണ്ടോ; എത്ര സംരംഭകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; എത്ര തുകയുടെ സഹായം അനുവദിച്ചു, എന്ന് ഞാൻ ചോദ്യമുന്നയിച്ചു. ഒരു വർഷത്തിൽ ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞ് ആരംഭിച്ച സംരംഭക മിഷൻവഴി 460 സംരംഭകർക്കാണ് ഇതുവരെ പ്രയോജനം ലഭിച്ചതെന്ന് മന്ത്രി മറുപടി നൽകി. എന്റെ ജില്ലയായ കണ്ണൂരിൽ 14 പേർക്കും കാസർഗോഡ് 15 പേർക്കുമാണ് പ്രയോജനം ലഭിച്ചത്. സംരംഭക മിഷൻ വെറുമൊരു പ്രചരണ മിഷനായി മാറി. വൈദ്യുതി രംഗത്ത്, ഒരു പെട്ടിക്കട തുടങ്ങാൻപോലും കറണ്ടില്ലാത്ത നാട്ടിൽ ആത്മവിശ്വാസത്തോടെ മുതൽമുടക്കാൻ ആരുവരും? ഇവിടെ കാലവർഷം കനിഞ്ഞിട്ടും നേരാംവണ്ണം ആളുകൾക്ക് വൈദ്യുതി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; വൈദ്യുതി പ്രതിസന്ധിക്ക് ശമനമുണ്ടാക്കാൻ കഴിഞ്ഞോ? ഇവിടെ വൈദ്യുതിയില്ല. വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ പ്രതീക്ഷ നൽകുന്ന എന്തെങ്കിലുമൊരു പ്രഖ്യാപനം ഈ നയപ്രഖ്യാപനത്തിൽ ചൂണ്ടിക്കാണിക്കാൻ കഴിയുമോ? കേരളത്തിൽ നിന്നുള്ള എട്ടുപേർ കേന്ദ്രമന്ത്രിമാരായുണ്ട്. – ശ്രീമതി സോണിയാ ഗാന്ധിയിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്താൻ കഴിയുന്ന മന്ത്രിസഭയിലെ രണ്ടാമനെന്ന് ഊറ്റം കൊള്ളുന്ന, കോൺഗ്രസ്സുകാർ പ്രചരിപ്പിക്കുന്ന, ശ്രീമാൻ എ. കെ. ആന്റണി മുതൽ എട്ട് മന്ത്രിമാർ. ചരിത്രത്തിൽ ഇതുവരെ ഇത്രയും മന്ത്രിമാർ കേരളത്തിൽ നിന്നുണ്ടായിട്ടുണ്ടോ? ഞാൻ ചോദിക്കട്ടെ, വിഴിഞ്ഞം പദ്ധതി എന്തായി? കേരള

ത്തിന്റെ വികസനത്തെ ത്വരിതപ്പെടുത്തുന്ന പതിനായിരക്കണക്കിനാളുകൾക്ക് നേരിട്ടും അതിലേറെ ആളുകൾക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന കേരളത്തിന്റെ ഏറ്റവും വലിയ സ്വപ്നപദ്ധതിയാണ് വിഴിഞ്ഞം പദ്ധതി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചല്ലോ; അവസാനമായി ശ്രീ. പി. ചിദംബരം അവതരിപ്പിച്ച ബഡ്ജറ്റിൽ വിഴിഞ്ഞത്തുനിന്ന് 175 കിലോമീറ്റർ അകലെയുള്ള തൂത്തുക്കുടി തുറമുഖത്തിന്റെ എക്സ്റ്റൻഷനുവേണ്ടി 7,500 കോടി രൂപ അനുവദിച്ചു. എന്നാൽ വിഴിഞ്ഞം പദ്ധതിക്കുവേണ്ടി നയാപൈസ മാറ്റിവയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായോ? പാരിസ്ഥിതികാനുമതി ലഭിച്ചതുകൊണ്ടുമാത്രം അവിടെയൊരു തുറമുഖമുണ്ടാകുമോ? ഇവിടെ കേന്ദ്ര മന്ത്രിമാരുണ്ട്; എന്താണ് കാര്യം? 50-ാം വാർഷികത്തോടനുബന്ധിച്ച് കേരളത്തിന് ഐ.ഐ.ടി. നൽകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. വിദ്യാഭ്യാസത്തിൽ മുന്നിൽ നിൽക്കുന്ന കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തിന് ഒരു മുതൽക്കൂട്ടായി ഐ.ഐ.ടി. അനുവദിക്കുമെന്ന് പറഞ്ഞില്ലേ; ഇപ്പോൾ എത്ര വർഷം കഴിഞ്ഞു? കേന്ദ്ര മാനവശേഷി വികസന വകുപ്പുമന്ത്രിയായ ഡോ. ശശി തരൂർ ഈ തലസ്ഥാന നഗരിയെ പ്രതിനിധീകരിക്കുന്നയാളാണ്. അദ്ദേഹം ഇപ്പോൾ പറയുന്നത് ഐ.ഐ.എം. ഉള്ള സംസ്ഥാനത്തിന് ഐ.ഐ.ടി. നൽകില്ല എന്നാണ്. കേരളത്തിൽ നിന്നും എട്ട് മന്ത്രിമാരില്ലേ? പതിറ്റാണ്ടിലേറെക്കാലമായുള്ള കേരളത്തിന്റെ ഏറ്റവും ശക്തമായ ആവശ്യമല്ലേ കോച്ച് ഫാക്ടറി? കോച്ച് ഫാക്ടറിയുടെ കാര്യം എന്തായി; തറക്കല്ലിട്ടു. അത് സഖാവ് എളമരം കരീം ഇവിടെ പറഞ്ഞു. 2007-ൽ കേന്ദ്ര ബഡ്ജറ്റിൽ മൂന്ന് കോച്ച് ഫാക്ടറി പ്രഖ്യാപിച്ചു. അതിലൊന്ന് ശ്രീമതി മമതാ ബാനർജിയുടെ നാട്ടിലും മറ്റൊന്ന് സോണിയാ

ഗാന്ധിയുടെ നാടായ റായ്ബറേലിയിലും. റായ്ബറേലിയിൽ നിന്ന് പുതിയ കോച്ചുകൾ കമ്മീഷൻ ചെയ്ത് പുറത്തിറങ്ങാൻ തുടങ്ങി. എന്നാൽ ഏഴ് വർഷമായിട്ടും നമ്മുടെ കോച്ച് ഫാക്ടറിയുടെ കല്ലിടൽ മാത്രമാണ് നടന്നത്. ആ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ ഈ കേന്ദ്ര മന്ത്രിമാർക്ക് കഴിഞ്ഞോ; അവർക്കതിന് സമയമില്ല. ഞങ്ങളുടെ നാട്ടിലൊരു കേന്ദ്ര മന്ത്രിയുണ്ട്. അദ്ദേഹം തന്നെ ഒരു ക്രമസമാധാന പ്രശ്നമാണ്. രാവിലെ ഒരു പ്രസ്താവന, ഉച്ചയ്ക്ക് അത് തിരുത്തിപ്പറയും. അദ്ദേഹത്തിന്റെ പ്രസ്താവനതന്നെ ഒരു ക്രമസമാധാന പ്രശ്നമായി മാറുകയാണ്. ഈ കേന്ദ്ര മന്ത്രിമാരെക്കൊണ്ട് കേരളത്തിന് എന്തെങ്കിലും ഗുണമുണ്ടോ? നിതാഖത്തിന്റെ പ്രശ്നം ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ പറഞ്ഞു. ആരാണ് കേന്ദ്ര വ്യോമയാന മന്ത്രി; ശ്രീ. കെ. സി. വേണുഗോപാൽ. നിതാഖത് അനുസരിച്ച് ഗൾഫിൽ നിന്നും വരുന്നവരെ മുഴുവനും സൗജന്യമായി നാട്ടിൽ കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. എന്നാൽ എത്രപേർക്ക് ഈ ആനുകൂല്യം ലഭിച്ചു? അവിടെ പ്രശ്നമുണ്ടാകുമ്പോൾ ഇവിടെ എന്താണ് ചെയ്തത്? വിമാനക്കൂലി കുത്തനെ കൂട്ടിക്കൊണ്ട് ആ പാവപ്പെട്ടവരെ ദ്രോഹിക്കുന്ന സമീപനം സ്വീകരിച്ചു. ഇതാണ് കേന്ദ്ര മന്ത്രിമാരെക്കൊണ്ട് കേരളത്തിനുള്ള പ്രയോജനം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്താണ് നിയമനങ്ങളുടെ സ്ഥിതി?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞു 82,000 പേരെ നിയമിച്ചുവെന്ന്. എവിടെയാണ് 82,000 പേരെ നിയമിച്ചത്. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയെ വെല്ലുവിളിക്കുകയാണ് നിങ്ങൾ 82,000 പേരെ രണ്ടര വർഷം കൊണ്ട് നിയമിച്ചിട്ടുണ്ടെങ്കിൽ നിങ്ങളുടെ ഔദ്യോഗിക വെബ്സൈറ്റിൽ അതിന്റെ വിശദാംശങ്ങൾ പ്രസിദ്ധീകരിക്കാൻ തയ്യാറാകണം.

പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിന്റെ ഭാഗമായി സർവ്വീസ് മേഖലയിൽ കുറേ നാളായി നിയമന നിരോധനമാണ്. മാതൃഭൂമിയുടെ തൊഴിൽവാർത്തയുടെ ജനുവരി 4-ന്റെ പതിപ്പാണ് എന്റെ കൈയിലുള്ളത് (തൊഴിൽ വാർത്ത ഉയർത്തികാട്ടി). അതിൽ പറയുന്നു, ഈ കഴിഞ്ഞു പോയത് നിരാശയുടെ വർഷമാണെന്ന്. പെൻഷൻ പ്രായം കൂട്ടിയപ്പോൾ അതിന് പരിഹാരമെന്ന നിലയ്ക്ക് പി. എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ സർക്കാർ ശുപാർശ ചെയ്തു. ചരിത്രത്തിൽ അഞ്ചു തവണ പി.എസ്.സിയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി. എന്ത് കാര്യം? ഒരാളെപോലും നിയമിക്കാതെ റദ്ദായ 125 റാങ്ക് ലിസ്റ്റുകളുണ്ട്. എന്തിനാണ് ഇങ്ങനെ റാങ്ക് ലിസ്റ്റ് നീട്ടുന്നത്. യുവജനങ്ങളുടെ വ്യാമോഹത്തെ തളച്ചിടാൻ വേണ്ടിയല്ലേ. ഇത് മലയാള മനോരമയുടെ ജനുവരി 11 ന് പ്രസിദ്ധീകരിക്കുന്ന തൊഴിൽ വീഥിയാണ്. (മനോരമയുടെ തൊഴിൽ വീഥി ഉയർത്തികാട്ടി) അതിന്റെ മുഖപ്രസംഗം ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേക്ക് ക്ഷണിക്കുകയാണ്. അതിൽ പറയുന്നു, ഇരട്ടത്താപ്പിന്റെ മുഖംമൂടി സർക്കാർ ഉപേക്ഷിക്കണം, ഉത്തരവു കൾ മാത്രം പോര, ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിന് കർശനമായ നട പടി വേണം. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവുകൾ മാത്രം പോര അവശ്യം നടപ്പിലാക്കാനുള്ള ആർജ്ജവം കൂടി സർക്കാർ കാട്ടണം. അല്ലാത്തപക്ഷം തൊഴിൽരഹിതരായ യുവജനങ്ങൾക്കുവേണ്ടി മുതലക്കണ്ണീ രൊഴുക്കുന്നവരെന്ന വിശേഷണമാകും ഈ സർക്കാരിനെ കാത്തിരിക്കുക. പെൻഷൻ പ്രായം കൂട്ടിയപ്പോൾ അതിന്റെ പരിഹാരമെന്ന നിലയ്ക്കല്ലേ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിയത്. വല്ല കാര്യവുമുണ്ടോ. ഇപ്പോൾ വേറൊരു വാറോല വന്നിരിക്കുന്നു. പുതിയ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുന്നോടി യായി ധനകാര്യവകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി മേധാവികൾക്ക്

60/2013/ഫിനാൻസ് നമ്പർ സർക്കുലർ അയച്ചിരിക്കുന്നു. ഒഴിവുള്ള തസ്തികകൾ റിപ്പോർട്ട് ചെയ്യരുത് എന്ന കർശനമായ നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇതോടുകൂടി സംസ്ഥാനത്ത് സമ്പൂർണ്ണമായ നിയമന നിരോധനം വന്നിരിക്കുന്നു. യൂത്ത് കോൺഗ്രസ്സ് സംസ്ഥാന പ്രസിഡന്റ് മലപ്പുറത്ത് നടത്തിയ പത്ര സമ്മേളനത്തിൽ പറയുകയാണ്, സംസ്ഥാനത്ത് 30 വില്ലേജുകളിൽ 652 തസ്തിക പ്രഖ്യാപിച്ച് ഏഴ് മാസമായെങ്കിലും ഒരു തസ്തികയും സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്ന്. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു 42,000 തസ്തിക സൃഷ്ടിച്ചുവെന്ന്. അതുപോലെ എല്ലാ ഹയർ സെക്കൻഡറി സ്കൂളിലും ഓരോ ക്ലാർക്കിന്റെ തസ്തിക അനുവദിക്കുമെന്ന് പറഞ്ഞു. അവിടെയും തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. അതുപോലെ കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ 1864 തസ്തികകളിലേയ്ക്കുള്ള നിയമനം അടിയന്തരമായി പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു, അക്കാര്യത്തിലും നടപടിയുണ്ടായിട്ടില്ല. ഞാൻ യുവകേരള യാത്രയുമായി കടന്നുപോയ സ്ഥലങ്ങളിൽ പി.എസ്.സി റാങ്ക്ഹോൾഡേഴ്സ് അസോസിയേഷൻ ഭാരവാഹികൾ എന്നെ കാണാൻ വന്നു അവരുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഈ പ്രശ്നങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടത്. ഇത് യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റാണ് പറയുന്നത്, ഞങ്ങൾ മാത്രമല്ല പറയുന്നത്. യൂത്ത് കോൺഗ്രസ്സുകാരെപ്പോലും ഈ മുഖ്യമന്ത്രിക്ക് ബോധ്യപ്പെടുത്താൻ കഴിയുന്നുണ്ടോ? ഇതാണ് കേരളത്തിന്റെ സ്ഥിതി. ഒരു ഭാഗത്ത് നിയമന നിരോധനം. മറുഭാഗത്ത് മാനദണ്ഡങ്ങൾ ലംഘിച്ച് യോഗ്യതയില്ലാത്തവരെ വിവിധ വകുപ്പുകളിൽ തിരുകി കയറ്റുകയാണ്. ഓപ്പൺ സ്കൂളിൽ 13 വർഷമായി ജോലിചെയ്യുന്നവരുടെ നിയമന പ്രക്രിയ ഹൈക്കോടതി അംഗീകരിച്ചതാണ്. അവരെ പിരിച്ചു വിട്ടു. കൂടാതെ കേരളത്തിലെ ദേശീയ ആരോഗ്യ മിഷനിലും കൃഷി

വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സെക്രട്ടേറിയറ്റിൽ പോലും പിൻവാതിൽ നിയമനം നടക്കുന്നു. കേരള സർവ്വ കലാശാലയിൽ റിട്ടയർ ചെയ്ത അദ്ധ്യാപകരെ 35,000 രൂപയ്ക്ക് നിയമിക്കുക യാണ്. അതുപോലെ ദേവസ്വം ബോർഡിൽ സർവ്വത്ര അഴിമതിയാണ്. സഖാവ് ജി. സുധാകരൻ കേരളത്തിൽ ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന പ്പോൾ ദേവസ്വം വകുപ്പിനെ അഴിമതിയിൽ നിന്ന് മുക്തമാക്കാൻ ദേവസ്വം ബോർഡ് നിയമനം പി.എസ്.സിക്ക് വിടാൻ തീരുമാനിച്ചു. അത് ഈ സർക്കാർ അട്ടിമറിച്ചു. എന്തിന് വേണ്ടിയാണ്? ആയിരക്കണക്കിന് ആളുകളെ കോഴവാങ്ങി നിയമിക്കാൻ വേണ്ടി. അതുപോലെ തന്നെ സർവ്വീസിൽ നിന്ന് വിരമിച്ചവരെ നിയമിക്കാൻ രീഡൈശേൗ ീള ൃലശ്യേലറ ലഃുലൃേ ളീൃ റല്ലഹീുാലിേ എന്ന് പറയുന്നൊരു സംരംഭം ആരംഭിക്കാൻ ഈ സർക്കാർ തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. അങ്ങനെ നമ്മുടെ നാട്ടിൽ യുവജനങ്ങളെ സംബന്ധിച്ചിടത്തോളം സമ്പൂർണ്ണമായി യുവജനങ്ങളുടെ തൊഴിൽ സ്വപ്നം തകർക്കുന്നൊരു സർക്കാരായി ഈ സർക്കാർ മാറിയിരിക്കുകയാണ്. അതു പോലെ തന്നെ കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് എല്ലാ ആർജ്ജിതമായ നേട്ടങ്ങൾക്കും പട്ടടയൊരുക്കുന്നൊരു സർക്കാരായി ഈ സർക്കാർ മാറി. സ്വയംഭരണ കോളേജ് എന്നാൽ കോഴ്സുകൾ അവർക്ക് രൂപകൽപ്പന ചെയ്യാം, പരീക്ഷ അവർക്ക് നടത്താം, റിസൽട്ട് പ്രഖ്യാപിക്കാം, ഇഷ്ടമുള്ള ഫീസും ചുമത്താം. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, ഒരു ബി.എ കോഴ്സിനു പോലും പതിനായിരക്കണക്കിന് രൂപ കോഴ വാങ്ങുന്ന ആർത്തി പൂണ്ട എയ്ഡഡ് മാനേജുമെന്റുകൾ ഉള്ള നമ്മുടെ കേരളത്തിൽ ഓട്ടോണമി യുണ്ടാക്കുന്ന അപകടം എന്തായിരിക്കും എത്ര വലുതായിരിക്കും. നമ്മൾ ചർച്ച ചെയ്ത വിഷയമാണല്ലോ. പച്ച നിറത്തിലുള്ള സാരിയും ജാക്കറ്റും ധരി

ക്കാത്തതിന് അദ്ധ്യാപികയെ സസ്പെന്റ് ചെയ്യാൻ ധൈര്യം കാണിച്ച മാനേജുമെന്റുകൾ ഉള്ള ഈ കേരളത്തിൽ ഇത്തരം സ്ഥാപനങ്ങൾക്ക് സ്വയംഭരണ പദവി കൂടി ലഭിക്കുമ്പോൾ അതുണ്ടാക്കുന്ന അപകടം എത്ര ഭയാനകമായിരിക്കും. അന്ധവിശ്വാസങ്ങളും പ്രതിലോമ ചിന്തകളും പാഠ്യവിഷയങ്ങളായിരിക്കില്ല എന്നതിന് എന്ത് ഉറപ്പാണ് നിങ്ങൾക്ക് നൽകാൻ കഴിയുക. സർക്കാരിന്റെ ചട്ടവട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് തയ്യാറാക്കപ്പെടുന്ന പാഠപുസ്തകങ്ങൾപോലും മതസാമുദായിക ശക്തികൾ ഇടപെട്ട് തങ്ങൾക്ക് ഹിതകരമല്ല എന്ന കാരണത്താൽ മാറ്റിമറിക്കുന്ന, അത്തരത്തിലുള്ള ദുരനുഭവമുള്ള കേരളത്തിൽ അവർ മാത്രം നിയന്ത്രിക്കുന്ന കോളേജുകളിലെ പാഠ്യപദ്ധതിയിൽ എന്തൊക്കെ ചേർക്കാൻ കഴിയും. ഇങ്ങനെയൊരു കോളേജ് വന്നാൽ ഇത് നമ്മുടെ നാടിന് ഗുണകരമാണോ? നമ്മുടെ സമൂഹത്തിന്റെ നിലനിൽപ്പിന് ജീവവായുപോലെ ആവശ്യമായ മതനിരപേക്ഷ ചിന്തയ്ക്ക് ഏൽപ്പിക്കുന്ന മുറിവ് എന്തായിരിക്കും അതുകൊണ്ട് ജനാധിപത്യവും മതനിരപേക്ഷതയും മാനവികതയും പുലരണമെന്ന് ആഗ്രഹിക്കുന്നവർ, ഈ സർക്കാരിന്റെ സ്വയംഭരണ കോളേജ് എന്ന പ്രഖ്യാപനം പിൻവലിക്കാൻ തയ്യാറാകണം. ഇവിടെ ചില ആളുകൾ ഇന്നലെ ബാലഗോകുലത്തിന്റെ പ്രോഗ്രാമിന് പോയതിനെ സംബന്ധിച്ച് ന്യായീകരിക്കാൻ പാടുപെടുന്നത് കണ്ടു. ഇവിടെ ബി.ജെ.പി.ക്ക്, സംഘപരിവാറിന് സമൂഹത്തിൽ സ്വീകാര്യതയുണ്ടാക്കാൻ കരാറെടുത്തവരെപ്പോലെയല്ലേ ചില കോൺഗ്രസ്സ് എം.എൽ.എ മാരും ചില മുസ്ലീം ലീഗ് എം.എൽ.എ മാരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇത് ശരിയാണോ? മഹാനായ സി. എച്ച്. മുഹമ്മദ് കോയയുടെ ഒരു പ്രസംഗം നിയമസഭാ രേഖയിലുണ്ട്. സി.എച്ച്. മുഹമ്മദ് കോയ ഒരിക്കൽ പറയുകയുണ്ടായി, ഞങ്ങൾ മുസ്ലീങ്ങൾക്ക് അഞ്ചുനേരം നമസ്ക്കരിക്കണം ഈ കേരളത്തിൽ നമസ്ക്കരി

ക്കാൻ കഴിയാത്ത ഒരു സാഹചര്യം വന്നാൽ അറബിക്കടലിൽ മുസല്ലയിട്ട് ഞങ്ങൾ നമസ്ക്കരിക്കും അങ്ങനെ നമസ്ക്കരിക്കേണ്ടി വന്നാലും സംഘപരിവാറുമായി വേദി പങ്കിടില്ലെന്നു പറഞ്ഞ സി. എച്ച്. മുഹമ്മദ് കോയയുടെ പ്രസ്ഥാനം ഇന്ന് എവിടെ എത്തി നിൽക്കുകയാണ്. കോൺഗ്രസ്സുകാർ എന്നും അങ്ങനെയാണ്. നാല് സീറ്റിനുവേണ്ടി ബി.ജെ.പിയുമായി അവസരവാദപരമായ കൂട്ടുകെട്ടുണ്ടാക്കും. പക്ഷെ, മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം സമദാനി ചെയ്തത് തെറ്റാണെന്ന് പറഞ്ഞ് തിരുത്തിക്കുന്നതിന് പകരം അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കാൻ വാശിപിടിച്ച് മത്സരരംഗത്ത് ഇറങ്ങുന്ന എം.എൽ.എ മാർ മുസ്ലീം ലീഗിന് ഭൂഷണമാണോ? നിങ്ങൾ ചിന്തിക്കണം. അതാണ് ഞങ്ങൾക്ക് പറയാനുള്ളത്. അതുകൊണ്ട് നമ്മുടെ രാജ്യത്തിന് അപകടകരമാണ് ബി.ജെ.പി.യും അവർ ഉയർത്തികാണിക്കുന്ന പ്രധാനമന്ത്രിയും. അതുകൊണ്ട് ഇന്ത്യൻ രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം ഈ സന്നിഗ്ദ്ധാവസ്ഥയിൽ നിങ്ങൾ ചെയ്യുന്നത് ആത്മഹത്യാപരമായ നിലപാടാണ്. ശ്രീ. പി. സി. ജോർജ് ബി.ജെ.പിയുടെ പ്രോഗ്രാമിൽ പോയി ഫ്ളാഗ് ഓഫ് നടത്തിയപ്പോൾ അതിനെതിരെ രംഗത്ത് വന്ന ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലികുട്ടി ശ്രീ. സമദാനിയുടെ വിഷയത്തിൽ എന്തേ മൗനം പാലിക്കുന്നത്. ഈ കാര്യത്തിൽ മുസ്ലീം ലീഗ് ആർജ്ജവമുള്ളൊരു  നിലപാട് പറയുമെന്നാണ് ഞങ്ങൾ കരുതുന്നത്. ഇവിടെ ചിലർ സമരത്തെക്കുറിച്ച് പറയുകയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ എട്ടു ദിവസത്തോളം സരിതോർജ്ജവുമായി ബന്ധപ്പെട്ട വിഷയത്തിൽ  ജുഡീഷ്യൽ അന്വേഷണം ഞങ്ങൾ ആവശ്യപ്പെട്ടു ആ വിഷയവുമായി ബന്ധപ്പെട്ട് അടിയന്തര പ്രമേയം അനുവദിച്ചില്ലേ. അതിന്റെ കാരണമെന്താണ്? കേരള നിയമസഭയുടെ ചരിത്രത്തിൽ ഇതിന്

മുമ്പ് അങ്ങനെ ഉണ്ടായിട്ടുണ്ടോ? ഈ എട്ട് ദിവസവും അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കാൻ തയ്യാറുണ്ടോ എന്ന് ചോദിച്ചില്ലേ? അന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു ഏതൊരന്വേഷണത്തിനും തയ്യാർ. എന്നിട്ട് തയ്യാറായില്ല. ലക്ഷക്കണക്കിന് ആളുകൾ വന്ന് സമരം ആരംഭിച്ചതിന്റെ പിറ്റേ ദിവസം രാവിലെയാണ് മുഖ്യമന്ത്രി അദ്ദേഹത്തിന്റെ വസതിയിൽ ഒരു പത്രസമ്മേളനം വിളിച്ച് ഏകപക്ഷീയമായി ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവ് ഇടുന്നത്. ശ്രീ. ഉമ്മൻചാണ്ടിയുൾപ്പെടെയുള്ള ആളുകൾ സമരം ഒരുപാട് നടത്തിയതല്ലേ. സഖാവ് നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ ക്ലിഫ് ഹൗസിലേക്ക് മാർച്ച് നടത്തിയ ആളല്ലേ കേരളത്തിന്റെ ഇന്നത്തെ മുഖ്യമന്ത്രിയായ ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടി. ഇവിടെ ഒരു സമരം നടക്കുമ്പോൾ പൊതുകക്കൂസ് അടച്ചുപൂട്ടാൻ ഉത്തരവിട്ട ലോകചരിത്രത്തിലെ ആദ്യത്തെ ആഭ്യന്തര വകുപ്പുമന്ത്രിയല്ലേ ശ്രീമാൻ തിരുവഞ്ചൂർ രാധാകൃഷ്ണൻ. ഭരണകൂടത്തിന്റെ പട്ടാളം, കക്കൂസ് പൂട്ടൽ ഇതിനെയൊക്കെ തൃണവത്ക്കരിച്ച് ലക്ഷക്കണക്കിന് ആളുകൾ എത്തിയപ്പോൾ അവസാനം നിലപാട് മാറ്റിയത് ഞങ്ങളല്ല നിങ്ങളാണ്. അത് നിങ്ങൾ മറന്നാലും കേരളത്തിലെ ജനങ്ങൾ മറക്കില്ല. പങ്കാളിത്ത പെൻഷൻ, ഭൂസമരം ഇതൊക്കെ വിജയിച്ചോ, പരാജയപ്പെട്ടോ? ഉമ്മൻ ചാണ്ടി സർക്കാരിന്റെ ജനസമ്പർക്കമെന്ന റിയാലിറ്റിഷോയുടെ ഗ്രാന്റ് ഫിനാലെയാണ് ഏപ്രിലിൽ നടക്കാൻ പോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പ്. ആ തെരഞ്ഞെടുപ്പിൽ നമുക്ക് കാണാം സമരം വിജയമാണോ പരാജയമാണോ എന്ന കാര്യം. എല്ലാ വിധിക്കുമപ്പുറമാണ് ജനവിധിയെന്ന കാര്യം  നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് കേരളത്തിന്റെ താത്പര്യങ്ങൾക്ക് ഒട്ടും ഗുണകരമല്ലാത്ത കേരളാ

മോഡൽ വികസനത്തെ തകർത്തെറിയുന്ന ഈ നയപ്രഖ്യാപനത്തെ അതിശക്തമായി എതിർക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ നയപ്രഖ്യാപനത്തെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ഈ നയപ്രഖ്യാപന പ്രസംഗവും കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും വളരെ കൃത്യമായി നൽകുന്ന ഒരു സന്ദേശം 'കേരളം വളരുകയാണ്, മലയാളികൾ വികസിക്കുകയാണ്' എന്നുള്ളതാണ്. ഇവിടെ പലരും പ്രതിപാദിച്ചപോലെ ഇന്ത്യാ ടുഡേയുടെ 'സ്റ്റേറ്റ് ഓഫ് സ്റ്റേറ്റ്സ്' സർവ്വേയിൽ സംസ്ഥാനത്തെ യു.ഡി.എഫ്. ഭരണം കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിച്ചിരിക്കുകയാണെന്ന് നമുക്ക് കാണാൻ സാധിക്കും. ചരിത്രത്തിലാദ്യമായി ആഭ്യന്തര ഉല്പാദനത്തിൽ പത്തു ശതമാനത്തിന്റെ വളർച്ചയാണ് കേരളം നേടിയിരിക്കുന്നത്. ഇതിൽ തന്നെ വിദ്യാഭ്യാസം, സൂക്ഷ്മ സമ്പദ്‌വ്യവസ്ഥ, ഉപഭോക്തൃവിപണി നിക്ഷേപം തുടങ്ങിയ മേഖലകളിലെ നേട്ടങ്ങളാണ് കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിച്ചത്. ഈ വളർച്ചയും പുരോഗതിയും അനസ്യൂതം തുടരുന്നതിനുള്ള ഒരു നയപ്രഖ്യാപനമാണ് പുതിയ വർഷത്തേയ്ക്ക് ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ അവതരിപ്പിച്ചിരിക്കുന്നത്. ഈ നയപ്രഖ്യാപനത്തിന്റെ നന്മകൾ ആർക്കാണ് കാണാതിരിക്കാൻ കഴിയുക? വളരെ കൃത്യമായി ഓരോ മേഖലയെയും സംബന്ധിച്ച് ഒരു കാഴ്ചപ്പാടുള്ള ഭരണമാണ് കേരളത്തിലുള്ളത് എന്ന് തെളിയിക്കുന്ന പ്രഖ്യാപനങ്ങളാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്. ഇവിടെ ഐക്യരാഷ്ട്രസഭയുടെ അംഗീകാരം നേടിയ ജനസമ്പർക്ക പരിപാടിയെ സംബന്ധിച്ച്, ലോകം പുകഴ്ത്തിയ ഒരു പരിപാടിയാണ്; ലോകം പുകഴ്ത്തിയ ഒരു ഭരണശൈലിയാണ്. അതിൽ

പ്രതിപക്ഷാംഗങ്ങൾക്ക് അലോസരമുണ്ടായിട്ടുണ്ട് എന്നുള്ളതാണ് പ്രകടമായത്. പ്രസംഗിച്ച ഒരാളും അത് പരാമർശിക്കാതെ പോയിട്ടില്ല. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയും അതിന്റെ ജനസമ്മതിയും നിങ്ങളെ വല്ലാതെ വേദനിപ്പിക്കുന്നുണ്ട് എന്ന് ഞങ്ങൾക്ക് ബോധ്യമാകുന്നുണ്ട്. ഇവിടെ ദുരിതങ്ങൾ അനുഭവിക്കുന്ന ആളുകൾക്ക്, അവരുടെ ദുരിതമകറ്റാൻ ഒരു ഭരണകൂടം ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുകയാണ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ചെയ്തത്. അങ്ങനെ ചെയ്ത ആ പരിപാടിയെ ചെറുതാക്കി കാണിക്കാൻ ശ്രമിച്ചാൽ അതിന് ശമിച്ചവർ ചെറുതാകുമെന്നല്ലാതെ ആ പരിപാടി ചെറുതാകുകയില്ല എന്നുകൂടി ഞങ്ങളവരെ ഓർമ്മപ്പെടുത്തുകയാണ്. ജനസമ്പർക്ക പരിപാടി ഉപരോധിക്കാൻ വന്നതുതന്നെ വളരെ രസകരമായിരുന്നു. വഴിപാട് ഉപരോധങ്ങളായിരുന്നു. സമരങ്ങളുടെ വിജയവും പരാജയവുമാണല്ലോ, ഇപ്പോൾ ഇവിടെ വലിയ തർക്കം. ആ തർക്കത്തിൽ സമരങ്ങളെല്ലാം വഴിപാടുകളായിരുന്നു. ജനസമ്പർക്ക പരിപാടിക്കെതിരെ ഉപരോധ സമരത്തിന് വന്നവർ ആ സമരം വഴിപാട് പോലെ തീർത്തിട്ട് ജനസമ്പർക്ക പരിപാടിയിൽ വന്നു. ഇവിടെത്തന്നെ വളരെ ചർച്ച ചെയ്യപ്പെട്ട സഭയിലെ ഒരംഗമായ ശ്രീ. ഇ. പി. ജയരാജന്റെ സഹോദരി......, ഞാനവരുടെ നിലപാടിനെ സ്വാഗതം ചെയ്യുകയാണ്. കാരണം പാർട്ടി പറഞ്ഞപ്പോൾ അവർ സമരത്തിനു പോയി, സമരം കഴിഞ്ഞപ്പോൾ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നുള്ള നിലയ്ക്ക് തന്റെ പ്രദേശത്തെ ആളുകൾക്ക് മുഖ്യമന്ത്രിയിൽ നിന്ന് സഹായം വാങ്ങിക്കൊടുക്കാൻ ആ സ്ത്രീ ശ്രമിച്ചു. അതിന്റെ പേരിൽ അവരെ കുറ്റപ്പെടുത്തേണ്ടതില്ല. ഇത് പുറത്തു വന്ന ഒരു കഥയാണെങ്കിൽ ഇതുപോലെ തന്നെയായിരുന്നു കേരളത്തിൽ നടന്ന മുഴുവൻ ജനസമ്പർക്ക പരിപാടിയിലും ഈ ഉപരോധസമരത്തിന് വന്നവരിൽ

നല്ലൊരു ശതമാനവും മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി കൊണ്ടുണ്ടാകുന്ന പ്രയോജനം മനസ്സിലാക്കി അങ്ങോട്ടു കടന്നുവന്നുവെന്നത് കാണാൻ സാധിക്കും. അതുകൊണ്ടാണ് ജനസമ്പർക്ക പരിപാടിയെ ലോകം വാഴ്ത്തിയത്, യു.എൻ-ന്റെ അംഗീകാരമുണ്ടായത്. അതിന്റെയൊക്കെ നന്മ കാണാൻ നമുക്ക് സാധിക്കണം. വ്യാവസായികം, വിദ്യാഭ്യാസം, പൊതുഭരണം, സാമൂഹ്യനീതി തുടങ്ങിയ എല്ലാ രംഗങ്ങളിലും ഈ ഗവൺമെന്റ് ഒരുപാട് മാറ്റങ്ങളുണ്ടാക്കി എന്ന് കാണാൻ സാധിക്കും. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുമായി ബന്ധിപ്പിച്ചു തന്നെ പറയട്ടെ, സാമൂഹ്യനീതി വകുപ്പിന്റെ ഒരുപാട് ആശ്വാസം നൽകുന്ന പദ്ധതികൾ ഡോ. എം. കെ. മുനീറിന്റെ നേതൃത്വത്തിൽ നടത്തിയത് നമ്മൾ കണ്ടതാണ് – 'ആശ്വാസ കിരണം', 'ക്യാൻസർ സുരക്ഷാ പദ്ധതി', 'താലോലം', 'ശ്രുതിതരംഗം', 'കോക്ലിയർ ഇംപ്ലാന്റേഷൻ'. ജീവിതത്തിലൊരിക്കലും തനിക്ക് കേൾവിയുണ്ടാകില്ല എന്ന് കരുതിയ നൂറുക്കണക്കിന് കുട്ടികൾക്കാണ് കോക്ലിയർ ഇംപ്ലാന്റേഷനിലൂടെ കേൾവി തിരിച്ചു കിട്ടിയത്. അതുപോലെ തന്നെ 'സ്നേഹപൂർവ്വം', 'സ്നേഹസ്പർശം', 'വയോമിത്രം' (വയോജനങ്ങൾക്കുള്ള പദ്ധതി) അങ്ങനെ ധാരാളം കരുണാർദ്രമായ നടപടികളാണ് ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായത്. ആർക്കാണ് ഇതിനെ ന്യായീകരിക്കാതിരിക്കാനും പ്രശംസിക്കാതിരിക്കാനും കഴിയുക? ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഏറ്റവും കൂടുതൽ പരാമർശിച്ച പ്രദേശം എന്റെ നിയോജകമണ്ഡലത്തിലെ അട്ടപ്പാടിയാണ്. ഞങ്ങൾ ഇവിടെ പലരും തമാശയായി ഒരു അട്ടപ്പാടി നയപ്രഖ്യാപനമാണോ ഇത് എന്നുപോലും ചോദിച്ചു. അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിനിടയിൽ ചില സങ്കടങ്ങളുണ്ടായപ്പോൾ ഈ സർക്കാർ അതിനെ ഒരു വെല്ലുവിളിയായി ഏറ്റെടുക്കു

കയാണ് ചെയ്തത്. അതിൽ നിന്ന് ഒളിച്ചോടാൻ ശ്രമിച്ചില്ല, അതിനെ ഗൗരവമായി കാണാതിരിക്കാൻ ശ്രമിച്ചില്ല. അതിനെ ഗൗരവമായി കണ്ട് ഇപ്പോൾ ഹ്രസ്വ-ദീർഘകാല പദ്ധതികൾ ആദിവാസി ഭൂമിയിൽ നടത്തുകയാണ്. കേവലം പ്രഖ്യാപനങ്ങൾ മാത്രമായിരുന്നില്ല, ഇന്ന് അവയെല്ലാം പ്രാവർത്തികമായിക്കൊണ്ടിരിക്കുകയാണ്. മുന്നൂറിൽപ്പരം ജീവനക്കാരെ അവിടെ നിയമിച്ചു. സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു എന്നു മാത്രമല്ല ആറുമാസം കൊണ്ട് ചരിത്രത്തിലാദ്യമായി 300 കോടി രൂപയുടെ പദ്ധതികൾ ആ പ്രദേശത്ത് വരികയുണ്ടായി. ആദിവാസി സമൂഹത്തിന് പ്രോത്സാഹനവും പിന്തുണയും പ്രതീക്ഷയുമാണ് ഞങ്ങൾ നൽകിക്കൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനങ്ങളൊക്കെ നടന്നുകൊണ്ടിരിക്കുന്ന സമയത്ത്, അവിടെ 99% ആദിവാസി കുട്ടികൾ പഠിക്കുന്ന ഒരു ഷോളയൂർ ട്രൈബൽ ഹയർ സെക്കന്ററി സ്കൂളുണ്ട്. ആ സ്കൂളിൽ ഒരു ലഹരിവിരുദ്ധ പരിപാടിയുമായി മെഗാസ്റ്റാർ സുരേഷ് ഗോപി വരികയുണ്ടായി. ഇത്തരം പരിപാടികളിലൂടെ ആ കുട്ടികൾക്ക് പ്രതീക്ഷയും സ്വപ്നവും പ്രോത്സാഹനവുമാണ് നൽകിയത്. ആ സമയത്ത് മാർട്ടിൻ ലൂഥർ കിംഗിന്റെ വിശ്വപ്രസിദ്ധമായ പ്രസംഗത്തിന്റെ 50-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭമായിരുന്നു. 1968 ഓഗസ്റ്റ് മാസം 28-ാം തീയതിയാണ് അമേരിക്കയിലെ വാഷിംഗ്ടണിൽ എബ്രഹാം ലിങ്കൺ സ്മാരകത്തിനു മുമ്പിൽ മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ ഒരു പ്രസംഗം നടത്തുന്നത്. സാധാരണ വളരെ കൃത്യമായി എഴുതി പ്രസംഗിക്കുന്ന വിശ്വപ്രസിദ്ധനായ പ്രഭാഷകൻ അന്ന് വളരെ അലക്ഷ്യമായി നോട്ടിന്റെയൊന്നും സഹായമില്ലാതെ പ്രസംഗിച്ചു തുടങ്ങി - എനിക്കൊരു സ്വപ്നമുണ്ട്, പിന്നീട് അദ്ദേഹം വിശദീകരിച്ചത് അമേരിക്കയിലെ കറുത്ത

വർഗ്ഗക്കാർ അന്ന് അനുഭവിച്ചിരുന്ന പ്രയാസങ്ങളെക്കുറിച്ചും ആ കറുത്ത വർഗ്ഗക്കാരൻ എല്ലാ അസമത്വങ്ങൾക്കും അനീതികൾക്കുമപ്പുറത്തേയ്ക്കെത്തുന്ന ഒരു ചിത്രത്തെക്കുറിച്ചുമാണ്. അന്ന് അമ്പതു വർഷം മുമ്പ് മാർട്ടിൻ ലൂഥർ കിംഗ് ജൂനിയറിന്റെ ആ പ്രസംഗം വൈറ്റ് ഹൗസിലിരുന്ന് ടി.വി.–യിൽ കണ്ട അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡി അതിഗംഭീരമെന്നാണ് പറഞ്ഞത്. ഈ അമ്പതാം വാർഷിക കാലയളവിൽ ഒന്നുകൂടി നമ്മൾ കാണുകയുണ്ടായി. അന്ന് ഒരു കറുത്ത വർഗ്ഗക്കാരന്റെ വിവേചനത്തെക്കുറിച്ച്, അവൻ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ചാണ് മാർട്ടിൻ ലൂഥർ കിംഗ് പ്രസംഗിച്ചതെങ്കിൽ ഇന്ന് അമേരിക്കയുടെ വൈറ്റ് ഹൗസിലിരിക്കുന്നത് ബരാക് ഒബാമ എന്ന കറുത്ത വർഗ്ഗക്കാരനാണ്. അങ്ങനെ ഒരു പ്രോത്സാഹനം....., അതിനെക്കുറിച്ച് ഞങ്ങൾ ആദിവാസി സമൂഹത്തോട്, ആദിവാസി കുട്ടികളോട് പറഞ്ഞു. ആരോഗ്യപരമായ പ്രശ്നങ്ങളില്ലാതെ; ലഹരിയുടെ പിടിമുറുക്കത്തിൽ നിന്നും വിട്ടുകൊണ്ട് എല്ലാ നിലയ്ക്കുമുള്ള പ്രയാസങ്ങളിൽ നിന്നും വിമോചിതരായി നിങ്ങൾ കടന്നുവരണം. നിങ്ങൾ ഈ രാജ്യത്തിന്റെ ഭരണാധികാരികളാകണം. നിങ്ങൾ നിങ്ങൾക്കുവേണ്ടിയുള്ള പോളിസികൾ തീരുമാനിക്കുന്നവരാകണം. അങ്ങനെ ഉയർന്നു വളർന്നു വരണമെന്ന് ഈ പ്രവർത്തനങ്ങളുടെ പിൻബലത്തിൽ നിന്നുകൊണ്ട് കേരളത്തിലെ ഒരു പ്രധാന ആദിവാസി ഭൂമിയായ അട്ടപ്പാടിയിൽ ഞങ്ങൾ അവരെ ഉയർത്തിക്കൊണ്ടുവരികയുണ്ടായി. അട്ടപ്പാടിയിൽ കോളേജ് കൊണ്ടുവന്നതും അവിടെ മറ്റുതരത്തിലുള്ള പദ്ധതികൾ കൊണ്ടുവന്നതുമൊക്കെ അതിന്റെ ഫലമാണ്. ഇന്ന് അഭിമാനത്തോടു കൂടി പറയട്ടെ, ഈ ഹ്രസ്വ–ദീർഘകാല നടപടികളുടെ പേരിൽ അട്ടപ്പാടിയിൽ നിന്നും സങ്കടകരമായ വാർത്തകൾ കേൾക്കാതെയായി. ശിശുമരണങ്ങളെ

ക്കുറിച്ചുള്ള വാർത്തകൾ മുമ്പുണ്ടായിരുന്നു. അന്ന് അതിന്റെ കണക്ക് ആരും സൂക്ഷിച്ചിരുന്നില്ല. ഇത്രമാത്രം മാധ്യമശ്രദ്ധയും അന്ന് കിട്ടിയിരുന്നില്ല. അത് കിട്ടിയത് തെറ്റാണെന്ന് ഞാൻ പറയുന്നില്ല. അത് ഇന്ന് ഗുണകരമായി. ഹ്രസ്വ–ദീർഘകാല നടപടികളിലൂടെ ആ വലിയ പ്രശ്നം പരിഹരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നായി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അതോടൊപ്പം തന്നെ ഇവിടെ കസ്തൂരി രംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ ഇടപെടലുകൾ വളരെ വലിയ ആശ്വാസമുണ്ടാക്കി യിട്ടുണ്ട്. 123 വില്ലേജുകളിലെ ജനങ്ങൾ വളരെയേറെ പ്രയാസത്തോടു കൂടി യാണ് ഈ വാർത്തകൾ കേട്ടത്. ഇതിൽ മണ്ണാർക്കാട് താലൂക്കിലെ ഏഴ് വില്ലേജുകൾക്ക് 300–ഉം 400–ഉം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണു ള്ളത്. അഗളി, പുതൂർ തുടങ്ങിയ വില്ലേജുകളെല്ലാം 300–ഉം 400–ഉം ചതു രശ്രകിലോമീറ്റർ വിസ്തൃതിയുള്ളതാണ്. ഒരു വില്ലേജിൽ എവിടെയെങ്കിലും വനമുണ്ടെങ്കിൽ ആ വില്ലേജ് മുഴുവൻ പരിസ്ഥിതിലോലമായാൽ അവിടത്തെ ജനങ്ങളുടെ സ്ഥിതിയെന്താകും? അത്തരത്തിലുള്ള പ്രശ്നങ്ങൾ ഉയർന്നു വന്നപ്പോഴാണ് ഈ ഗവൺമെന്റ് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയെ നിയോഗിച്ചതും കേന്ദ്ര ഗവൺമെന്റിൽ ഇടപെട്ട് വനഭൂമിയും കൃഷിഭൂമിയും ജനവാസ മേഖ ലയും വേർതിരിക്കാനുള്ള ഒരു അവസരമുണ്ടാക്കിയതും. ഇവിടെ രാവിലെ ഇടതുപക്ഷത്തിന്റെ ഒരു പ്രമേയവും അതിനെ സംബന്ധിച്ച് ചർച്ചകളൊക്കെ നടന്നത് നിങ്ങൾ ശ്രദ്ധിച്ചുണ്ടാകും, തെരഞ്ഞെടുപ്പ് അടുത്തുവന്ന സാഹചര്യ ത്തിൽ, ആ വിഷയത്തിൽ എല്ലാ അംഗങ്ങളും വളരെ ശക്തമായ പ്രതിഷേധ മൊക്ക രേഖപ്പെടുത്തി. എന്നാൽ ആ പ്രതിഷേധത്തിന്റെ അവസാനം അതിന്

തിരി കത്തിക്കേണ്ട, നേതൃത്വം നൽകേണ്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗ മെന്തായിരുന്നു? മുമ്പ് പറഞ്ഞ പ്രസ്താവനയിൽ തന്നെയാണ് പ്രതിപക്ഷ നേതാവ് ഉറച്ചു നിന്നത്. എന്താണ് അദ്ദേഹം പറഞ്ഞത്? ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കണം. ഗാഡ്ഗിൽ റിപ്പോർട്ടിന് കടുപ്പം കൂടിയതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് കസ്തൂരിരംഗനെ വച്ച് ഗാഡ്ഗിലിന്റെ കടുപ്പം കുറച്ചത്. കസ്തൂരിരംഗൻ റിപ്പോർട്ട് പോലും ഇവിടത്തെ ജനജീവിതത്തിന് പ്രയാസമാ ണെന്നുള്ളതുകൊണ്ടാണ് കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരായി ഇപ്പോൾ നട പടികൾ സ്വീകരിച്ചതും അത് നടപ്പാക്കാനുള്ള ശ്രമങ്ങളിൽ നിന്നും കേന്ദ്ര ഗവൺമെന്റിനെയും ബന്ധപ്പെട്ട സമിതികളെയും പിൻവലിപ്പിച്ചതും. എനിക്ക് തോന്നിയത് അദ്ദേഹത്തിന്റെ പ്രസംഗം ആരോ മാറ്റി വച്ചുവെന്നാണ്. ഇവിടെ യെല്ലാവരും വളരെ ആവേശത്തിൽ നിൽക്കുമ്പോൾ ആ ആവേശത്തിന് തിരി കൊളുത്തേണ്ട പ്രതിപക്ഷ നേതാവ് എന്തുപ്രസംഗമാണ് പ്രസംഗിച്ചത്? ഇതിലൊന്നും ഇടതുപക്ഷത്തിന് യാതൊരു ആത്മാർത്ഥതയില്ല. രാഷ്ട്രീയ നേട്ടത്തിനുവേണ്ടി, വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ സീറ്റുകൾ ലഭിക്കാൻ വേണ്ടി ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചുവെന്നല്ലാതെ മലയോര മേഖലയിലെ പാവപ്പെട്ട ജനവിഭാഗങ്ങളോട് നിങ്ങൾക്ക് ഒരു പ്രതിബദ്ധതയുമില്ല എന്ന് തെളിയിക്കുന്നതാണ് പ്രതിപക്ഷ നേതാവിന്റെ ഇന്നത്തെ പ്രകടനമെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ നമുക്കറിയാം ആ മേഖലയിൽ ജീവിക്കുന്നവർ വളരെ വലിയ പ്രയാസത്തിലാണെന്ന്. കാട്ടുമൃഗങ്ങളുടെ ശല്യത്തെക്കുറിച്ച് ഇവിടെ ചൂണ്ടി ക്കാണിച്ചു. മൃഗങ്ങളെ മനുഷ്യരെക്കാൾ സ്നേഹിക്കുന്ന ഒരു തത്വസംഹിത

യോടും നമുക്ക് യോജിക്കാൻ കഴിയില്ല. കൃഷി നശിപ്പിക്കുന്ന ശല്യക്കാരനായ കാട്ടുപന്നിയെ വെടിവച്ചുകൊല്ലാൻ നമുക്ക് ഒരുപാട് ആലോചിക്കേണ്ടിവന്നു. അവസാനം വെടിവച്ചുകൊല്ലാൻ അനുമതി കൊടുത്തു. കാട്ടുപന്നിയെ വെടിവയ്ക്കാം പക്ഷേ, വെടിവയ്ക്കുന്നതിനുമുമ്പ് കാട്ടുപന്നി ഗർഭിണിയല്ലെന്ന് ഉറപ്പുവരുത്തണം. പിന്നെ എങ്ങനെയാണ് വെടിവയ്ക്കാൻ കഴിയുന്നത്? ശല്യക്കാരനായ, കൃഷിനശിപ്പിക്കുന്ന കാട്ടുപന്നിയെ വെടിവെയ്ക്കാം. എന്നാൽ നമ്മൾ ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ള നിയമത്തിൽ പന്നിയെ വെടിവയ്ക്കണമെങ്കിൽ പന്നി ഗർഭിണി അല്ലെന്ന് ഉറപ്പുവരുത്തണം. അപ്പോൾ അത്രയേറെ ശ്രദ്ധ മൃഗങ്ങളുടെ കാര്യത്തിൽ നമുക്കുണ്ട്. മൃഗങ്ങളെ സ്നേഹിക്കണ്ടെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, അവിടെ ജീവിക്കുന്ന മനുഷ്യരുടെ വികാരവിചാരങ്ങൾകൂടി നിയമങ്ങൾ നിർമ്മിക്കുന്നവർ, ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരെല്ലാം കാണേണ്ടതുണ്ടെന്ന് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. രാഷ്ട്രീയ കേരളത്തിന്റെ സമകാലിക സംഭവങ്ങളിലേക്കുകൂടി വന്നാൽ സി.പി.ഐ.(എം)-ന്റെ പ്ലീനത്തിന്റെ പൊല്ലാപ്പുകൾ ഇന്നും രാഷ്ട്രീയ അന്തരീക്ഷത്തിൽ കെട്ടടങ്ങിയിട്ടില്ലെന്ന് നമുക്ക് കാണാൻ സാധിച്ചു. ഇവിടെ പ്ലീനം എന്നാൽ എല്ലാ തെറ്റുകളും ഏറ്റുപറഞ്ഞു ഇനി ഞങ്ങൾ ഒരു തെറ്റും ചെയ്യില്ലായെന്ന് പ്രഖ്യാപിക്കുന്ന സമ്മേളനമാണെന്നാണ്. പാലക്കാട് ജില്ലയിൽ വച്ചാണ് പ്ലീനം നടന്നത്. സ്വാഗതസംഘത്തിന്റെ ചെയർമാനായ സഖാവ് എ. കെ. ബാലൻ പത്രസമ്മേളനം നടത്തി പറഞ്ഞത് ഞങ്ങൾക്ക് വന്നിട്ടുള്ള തെറ്റുകൾ വിലയിരുത്തി ഇനിയൊരു തെറ്റും ചെയ്യില്ലായെന്നാണ്. മുസ്ലീങ്ങൾക്കിടയിൽ തൌബ എന്ന ഏർപ്പാടുണ്ട്. അതായത്, വന്ന തെറ്റുകളിലൊക്കെ മനസ്താപം ഉണ്ടായി ഇനി എന്റെ വ്യക്തിജീവിതത്തിൽ യാതൊരുവിധ തെറ്റും ചെയ്യില്ലെന്ന് പറഞ്ഞ് പ്രതിജ്ഞ എടുക്കുകയാണ്. അതുപോലെ നമുക്കറി

യാം കുമ്പസാരത്തെകുറിച്ച്, മനുഷ്യജീവിതമാണ് തെറ്റുകൾ പറ്റിപ്പോകും കുമ്പസാര കുറ്റങ്ങൾ ഏറ്റുപറഞ്ഞ് ഇനി നല്ല മനുഷ്യരായി ജീവിക്കുകയെന്നുള്ളതാണ്. സി.പി.ഐ.(എം) ഒരു സംഘടനയെന്ന നിലയ്ക്ക് ഒരുപാട് തെറ്റുകളും അരുതായ്മകളും വന്നിട്ടുണ്ടെന്ന് സമ്മതിക്കുകയാണ് ഈ പ്ലീനത്തിലൂടെ ചെയ്തത്. ആ പ്ലീനത്തിന്റെ അവസാനഭാഗം മ്ലാനമായിപ്പോയില്ലേ. പ്ലീനത്തിന്റെ അവസാനത്തിൽ ചാക്ക് രാധാകൃഷ്ണന്റെ പരസ്യം, അതുകഴിഞ്ഞ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ദേശാഭിമാനി ഭൂമി വിൽപ്പനയുമായി ബന്ധപ്പെട്ട സംഗതികൾ, ഇതെല്ലാം അതുമായി ബന്ധപ്പെട്ട ചർച്ചകൾ രാജ്യത്ത് പൊടിപൊടിക്കുകയാണ്. ഞങ്ങൾക്കതിൽ താൽപ്പര്യമില്ല. സി.പി.ഐ.(എം)–ൽ ഉണ്ടായിരുന്നവരും സി.പി.ഐ.(എം) വിട്ടുപോയവരും തമ്മിൽ അതുസംബന്ധിച്ച് വലിയ തർക്കമാണ്. ഇ.എം.എസ്.–ന്റെ ഭൂമി വിറ്റുവാങ്ങിയ ദേശാഭിമാനിയുടെ സ്വത്തിൽ ചില കളളക്കളികൾ നടന്നുവെന്ന് പഴയ സി.പി.ഐ.(എം)–കാർ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇവിടെ, ഇന്നലത്തെ പ്രസംഗത്തിൽ രസകരമായ സംഗതികൾ കേട്ടു. 2014–ലെ ഏറ്റവും വലിയ തമാശ സഖാവ് എളമരം കരീമിന്റെ പ്രസംഗത്തിൽ നമുക്ക് കേൾക്കാൻ സാധിച്ചു. വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസും ബി.ജെ.പി.യും വരില്ലെന്നും ഞങ്ങളാണ് വരാൻ പോകുന്നതെന്നാണ് പറഞ്ഞത്. ആരാണ് ഈ ഞങ്ങൾ? ഇടതുപക്ഷം. എന്താണ് ഇടതുപക്ഷത്തിന്റെ സ്ഥിതിയെന്ന് നമുക്കെല്ലാവർക്കും അറിയാം. എന്ത് വലിയ തമാശയാണ്. കേരളം കണ്ട ഏറ്റവും വലിയ രാഷ്ട്രീയ തമാശയല്ലേ 2014–ന്റെ ആദ്യത്തിൽ നമുക്ക് കാണാൻ സാധിച്ചത്.

ശ്രീ. സാജുപോൾ: ലീഗിന് എത്ര സീറ്റ് കിട്ടും?

ശ്രീ. എൻ. ഷംസുദ്ദീൻ: ലീഗ് അത്ര വലിയ പാർട്ടിയാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ലല്ലോ. നിങ്ങൾ മനസ്സിലാക്കേണ്ട ഒരു സംഗതി, 1952-ലെ പ്രധമ പാർലമെന്റിൽ പ്രതിപക്ഷ നേതാവിന്റെ കസേരയിൽ ഇരുന്നത് സഖാവ് എ. കെ. ഗോപാലനാണെങ്കിൽ ഇന്ന് ആ പാർട്ടി എവിടെ നിൽക്കുന്നുവെന്നാണ്. ഞങ്ങൾ അന്നും ഇന്നും രണ്ടേയുള്ളൂ. ആ രണ്ട് എന്നും ഞങ്ങളോടൊപ്പ മുണ്ട് എന്നുകൂടി നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. നിങ്ങളുടെ പാർട്ടി ഇന്ത്യ യിലെ പ്രതിപക്ഷ നേതാവിന്റെ സ്ഥാനത്തിരുന്ന പാർട്ടിയാണ്. ആ പാർട്ടി അവിടെനിന്നൊക്കെ വന്ന് ഇപ്പോൾ ആം ആദ്മിയുടെ മഹത്വം പറയേണ്ടി ടത്ത് നിങ്ങൾ എത്തി. അവിടെയാണ് നിങ്ങൾ നിൽക്കുന്നത്. ശ്രീ. ജോസഫ് വാഴക്കൻ ചൂണ്ടികാണിച്ചതുപോലെ, ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ സി.പി. ഐ.(എം)-ന്റെ ദേശീയ അംഗീകാരം നഷ്ടപ്പെടും. ബംഗാളിൽനിന്ന് ഒന്നും കിട്ടാനില്ല. വല്ലതും കിട്ടണമെങ്കിൽ ഇവിടെ കിട്ടണം. അതിനാണല്ലോ ഇല്ലാത്ത സരിതാ സമരങ്ങളുമായി നിങ്ങൾ നടക്കുന്നത്. കേരളത്തിലെ ജനം പ്രബുദ്ധ മാണ്. നിങ്ങൾ അതിനെക്കുറിച്ച് ബേജാറായാൽ മതി. ലീഗിന് കൂടുതൽ സീറ്റ് ലഭിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ബേജാറാകണ്ട. പക്ഷേ ഞങ്ങളെന്നും പാർല മെന്റിൽ ഉണ്ടായിട്ടുണ്ട്. പാർലമെന്റിന്റെ രേഖകളിൽ രാജ്യത്തെ ന്യൂനപക്ഷ ങ്ങളുടെ പാർലമെന്ററി പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത പാർട്ടിയാണ് മുസ്ലീം ലീഗ്. അതിന് വിഘ്നം വരാതെ ചെയ്ത പാർട്ടിയാണെന്നുള്ളത് അഭി മാനത്തോടുകൂടി ചരിത്ര വസ്തുതയോടുകൂടി പറയാൻ സാധിക്കുമെന്ന കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ ഇനിയും പിറന്നിട്ടില്ലാത്ത മൂന്നാം മുന്നണി വരുന്നു. എന്തായിരിക്കും മൂന്നാം മുന്നണി വന്നാലുള്ള സ്ഥിതി? സി. എച്ച്. മുഹമ്മദ് കോയ സാഹിബ് പറഞ്ഞതുപോലെ കല്ല്, കരട്, കാഞ്ഞി

രക്കുറ്റി മുതൽ മുളള്, മുരട്, മൂർഖൻപാമ്പ് വരെയുള്ള ഇത്തരത്തിലുള്ള പ്രാദേശിക പ്രസ്ഥാനങ്ങളെല്ലാമുള്ള ഒരു ഗവൺമെന്റ് വന്നാൽ ഒരു കൊല്ലം തികച്ചുഭരിക്കുമോ? മുമ്പും ഇന്ത്യൻ രാഷ്ട്രീയത്തിൽ അത്തരത്തിലുള്ള പരീക്ഷണങ്ങൾ ഉണ്ടായിട്ടുണ്ടല്ലോ. ഒരു കൊല്ലം, ഒന്നരക്കൊല്ലംകൊണ്ട് വീണ്ടും ലോകസഭാ തെരഞ്ഞെടുപ്പ് വരികയും ആ ഒന്നര കൊല്ലത്തിനിടയിൽ ഒന്നോ, രണ്ടോ, മൂന്നോ പ്രധാനമന്ത്രിയെ വരെ സംഭാവന ചെയ്ത പാരമ്പര്യമാണ് ഇത്തരത്തിലുള്ള രാഷ്ട്രീയ കൂട്ടുകെട്ടുകൾക്ക് ഇന്ത്യൻ സാഹചര്യത്തിൽ മുമ്പ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് അത് ആവർത്തിക്കണമോ?

മി. ചെയർമാൻ: ശ്രീ. എൻ. ഷംസുദ്ദീൻ അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ 13 മിനിട്ടുള്ളവർ പലരും എട്ടും ഒമ്പതും മിനിറ്റ് അധികം എടുത്തിട്ടുണ്ട്. എനിക്ക് രണ്ട് മിനിറ്റ് മാത്രമേ അധികമായിട്ടുള്ളു. അങ്ങനെയുള്ള യാഥാർത്ഥ്യബോധമില്ലാത്ത ഇത്തരം വാദങ്ങൾ മതേതര വോട്ടുകൾ ഭിന്നിപ്പിക്കാനും അതുവഴി വർഗ്ഗീയ ശക്തികൾ അധികാരത്തിൽ വരാനും മാത്രമേ സഹായിക്കൂവെന്നാണ് ഞങ്ങൾക്ക് ചൂണ്ടികാണിക്കാനുള്ളത്. ഇവിടെ പ്ലീനത്തിൽ ശ്രീ. പ്രകാശ് കാരാട്ടിന്റെ പ്രസംഗം ഉണ്ടായിരുന്നു. നേതാക്കൾ വിനയാന്വിതരാകണമെന്നാണ് പ്രസംഗത്തിലെ പ്രധാനമായ ആഹ്വാനം. പത്രങ്ങളിലെല്ലാം വളരെ പ്രധാനപ്പെട്ട വാർത്തയായി അച്ചടിച്ചുവന്നു. പ്ലീനത്തിൽ മാർക്സിസ്റ്റ് പാർട്ടിയുടെ ആയിരക്കണക്കിനുവരുന്ന കേഡർമാരോട്, നേതാക്കന്മാരോട് പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറിക്ക് പാർട്ടിയുടെ അവസാന വാക്കായി പറയാനുള്ളത്, നേതാക്കൾ വിനയാന്വിതരാകണമെന്നാണ്. എന്നാൽ ആ പ്ലീനം കഴിഞ്ഞപ്പോഴാണ് വിനയത്തിന്റെ

അർത്ഥം മാറിയോയെന്ന് ഞങ്ങൾക്ക് ഒരു സംശയം. ഇന്നലെ ശ്രീ. പിണറായി വിജയൻ നടത്തിയ പത്രസമ്മേളനം നമ്മൾ കണ്ടതല്ലേ. എന്തിനാണ് പത്രക്കാരുടെ മേക്കിട്ട് കയറുന്നത്? ഇവിടെ എന്തൊക്കെ പ്രശ്നങ്ങളുണ്ടായാലും അത് ചൂണ്ടിക്കാണിക്കാനും അത് ചർച്ച ചെയ്യപ്പെടാനുമുള്ള പത്രസ്വാതന്ത്ര്യം ഈ രാജ്യത്തുണ്ടെന്നുള്ളത് മനസ്സിലാക്കണം. അതുപോലെ നമ്മുടെ ശ്രീ ഇ.പി. ജയരാജൻ സഖാവിന്റെ സമകാലിക സംഭവങ്ങളിലുണ്ടായ പ്രകടനങ്ങളൊക്കെ ശ്രീ.പ്രകാശ് കാരാട്ടിന്റെ പ്രസംഗം ഇവരുടെ ഹൃദയത്തിൽ തട്ടിയിട്ടില്ലായെന്ന് വ്യക്തമാക്കുന്നതാണ്. ഇന്നലത്തെ പ്രസംഗത്തിലും ശ്രീ. എളമരം കരീം പറഞ്ഞത്, കോഴിക്കോട് എയർപോർട്ട് വികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനെതിരായി നടന്ന സമരം തീവ്രവാദികളുടേതാണെന്നാണ്. കോഴിക്കോടുള്ള ഡി.വൈ.എഫ്.ഐ.ക്കാർ ആ പ്രസംഗം കേട്ടോയെന്ന് എനിക്കറിയില്ല. കാരണം മലപ്പുറത്തെ ഡി.വൈ.എഫ്.ഐ.ക്കാരും അവിടത്തെ എല്ലാ യുവജന സംഘടനകളും ഭൂമി നഷ്ടപ്പെടുന്നവരൊക്കെ അതിനെതിരായ പ്രതിഷേധത്തിലുണ്ട്. കുടിയിറങ്ങേണ്ടവരുടെ വേദന നമുക്ക് കാണാതിരിക്കാൻ കഴിയില്ല. അവിടെ സമരം നടക്കുന്നുണ്ട്. മലപ്പുറം ജില്ലയിലെ സി.പി.ഐ.(എം) എം.എൽ.എ.മാർ പലതവണ പോയി അഭിവാദ്യം അർപ്പിച്ചിട്ടുണ്ട്. അവരൊക്കെ തീവ്രവാദികളാണോ? അങ്ങനെയുള്ള ബ്രാൻഡുകളൊന്നും നമ്മളാരെയും ചെയ്യാതിരിക്കുകയാണ് നല്ലതെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർക്കുതന്നെ അറിയുന്നില്ലെന്ന് മുമ്പ് വളരെ പ്രസിദ്ധമായ ഒരു പ്രഖ്യാപനമുണ്ടല്ലോ? അതുപോലെയാണ് ഇന്നത്തെ സിപി.ഐ.(എം)-ന്റെ അവസ്ഥ. കേരളത്തിൽ സി.പി.ഐ(എം) കണ്ടെത്തിയത്, കേരളത്തിലെ മുസ്ലീങ്ങളുടെ ഏറ്റവും വലിയ പ്രശ്നം ഒരു വാരികയുടെ കുറവാണെന്നാണ് മനസിലാക്കിയിട്ടു

ളളത്. അതുകൊണ്ടാണ് കേരളത്തിലെ മുസ്ലീങ്ങൾക്കുവേണ്ടി 'മുഖ്യധാര' യെന്ന മാഗസിൻ തയ്യാറാക്കാൻ ഡോ.കെ. ടി. ജലീലിനെ ചുമതലപ്പെടുത്തി യിരിക്കുന്നത്. സഹോദരന്മാരെ നിങ്ങൾ മനസ്സിലാക്കേണ്ടത് ഒരു സമുദായ മെന്ന നിലയിൽ ഇത്രയേറെ വാരികകളുള്ള സമൂഹം വേറെയില്ല. ഒരുപാട് വാരികകളുണ്ട്. എന്നിട്ടും കേരളത്തിലെ മുസ്ലീങ്ങളുടെ ആകെ പ്രശ്നമെന്ന് പറയുന്നത് ഒരു വാരികയുടെ കുറവുണ്ടെന്നും അതിനായി ഡോ. കെ.ടി. ജലീ ലിനെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്. അവിടെനിന്നൊക്കെ പോയി. ഒരി ക്കൽ കെ.ഇ.എൻ. കുഞ്ഞഹമ്മദ് സ്വത്വ രാഷ്ട്രീയവുമായി കടന്നുവന്നപ്പോൾ അതിനെ വിമർശിച്ചവരാണിവർ. ഇന്ന് പട്ടികജാതി/പട്ടികവർഗ്ഗത്തിന് സി.പി. ഐ.(എം)–ൽ പ്രത്യേകമായ കമ്മിറ്റിയാണ്. എവിടെ എത്തി നിങ്ങൾ? മുസ്ലീ ങ്ങൾക്ക് സെമിനാറും വാരികയും, പിന്നെ ക്രിസ്ത്യൻ സമൂഹത്തിലേക്ക് കട ക്കാനുള്ള ശ്രമങ്ങളെക്കുറിച്ച്, ഇവിടെ ശ്രീ. പിണറായി വിജയൻ നികൃഷ്ട ജീവിയെന്ന് വിളിച്ചിടത്ത് യാതൊരു ഉളുപ്പുമില്ലാതെ പോയി അതെല്ലാം കഴിഞ്ഞ കഥകളാണെന്ന് പറയുന്നതൊക്കെ ഞങ്ങൾ കണ്ടു. മാർക്സിസ്റ്റ് പാർട്ടി ആകെ ആശയക്കുഴപ്പത്തിലാണ്. നിങ്ങൾ എന്താണ് ചെയ്യുന്നതെന്ന് തന്നെ നിങ്ങൾക്ക് അറിയുന്നില്ല. ദേശീയമായി ഒരു വലിയ തെരഞ്ഞെടുപ്പ് വരുമ്പോൾ ആ തെരഞ്ഞെടുപ്പിനെ നിങ്ങൾ ഗൗരവത്തോട് കാണുന്നില്ല. ഞാൻ എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ഇവിടെ ഐക്യ ജനാധിപത്യമു ന്നണി ഗവൺമെന്റ് കേരളത്തിന്റെ ചരിത്രത്തിൽ ഭൂരിപക്ഷം കുറഞ്ഞ ഗവൺമെന്റാണെങ്കിലും കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയേറെ നന്മകൾ ചെയ്തിട്ടുള്ള ഗവൺമെന്റുണ്ടായിട്ടില്ല. അതിനുള്ള അംഗീകാരമാണ് ഞാൻ എന്റെ പ്രസംഗത്തിന്റെ ആദ്യം പറഞ്ഞ സ്റ്റേറ്റ്സ് ഓഫ് സ്റ്റേറ്റ്. ഇന്ത്യയിലെ

സംസ്ഥാനങ്ങളുടെ വളർച്ചയെ കുറിച്ച് പഠിച്ചപ്പോൾ എല്ലാവരെയും പിന്നിലാക്കി ശ്രീ. ഉമ്മൻ ചാണ്ടിയുടെ കേരളം മുന്നിലേക്ക് വന്നത് ആ പ്രവർത്തനത്തിന്റെയും ഇവിടെ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രക്രിയകളുടെയും ഏറ്റവും വലിയ നിദർശനമാണ്. അതിന് കൂടതുൽ അലങ്കാരം ചാർത്തുന്ന, ഉത്തേജനം പകരുന്ന ഒരു നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയിട്ടുള്ളതെന്നും ആ നയപ്രഖ്യാപനത്തിന് ഇവിടെ അവതരിപ്പിച്ചിട്ടുള്ള നന്ദി പ്രമേയത്തിന് എല്ലാവിധ പിന്തുണയും പ്രഖ്യാപിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ജി. സുധാകരൻ:</u> സർ, വളരെ രൂക്ഷമായ വാദപ്രതിവാദം നടക്കുന്ന ഈ സഭയിൽ അവിചാരിതമായ ഒരു ഹിമപാതം പോലെയാണ് ഒരമ്മയുടെ ശബ്ദം നമ്മൾ ഇവിടെ കേട്ടത്. സ്വാഭാവികമായും അങ്ങനെ സംഭവിച്ചതുകൊണ്ടുമാത്രം ഞാൻ ഇതിനെപ്പറ്റി സംസാരിക്കുകയാണ്. ഇത് സംസാരിക്കാൻ മുൻകൂട്ടി ഞാൻ ഉദ്ദേശിച്ചതല്ല. സഖാവ് കെ. കെ. ലതികയുടെ രോഷ-ശോകാർദ്രമായിട്ടുള്ള പ്രസംഗം ഇവിടെ കേട്ടു. ആ പ്രസംഗത്തെ പ്രതിരോധിക്കാൻ ഭരണകക്ഷിക്ക് കഴിഞ്ഞില്ല. വളരെ കുറ്റസമ്മതത്തോടുകൂടി മുൻ ആഭ്യന്തരമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മാധ്യമത്തിലൂടെ അവരെ നേരിടാൻ ശ്രമിച്ച ശ്രീ. സണ്ണി ജോസഫ് അടക്കം ഞങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ല; ഉദ്ദേശിച്ചിട്ടില്ല എന്നുപറഞ്ഞു. ഞാൻ അവർ പറയാൻ വന്ന വിഷയത്തെപ്പറ്റി പറയാനല്ല.

"അമ്മയെ ദു:ഖത്തിലാഴ്ത്തുന്ന ലോകമേ
നിന്റെ ശാപം എന്നു തീരും"

അമ്മയെ ദു:ഖത്തിലാഴ്ത്തുന്ന ശ്രീ. ഉമ്മൻ ചാണ്ടീ, നിങ്ങൾ ഗുണം പിടിക്കാൻ പോകുന്നില്ല എന്നാണ് എനിക്ക് പറയാനുളളത്. ശ്രീ. ഉമ്മൻ ചാണ്ടി എന്ന വ്യക്തിയെയല്ല; നിങ്ങളുടെ ഗവൺമെന്റ് ഗുണം പിടിക്കാൻ പോകുന്നില്ല. അതുമാത്രമേ ഞാനിപ്പോൾ അതേപ്പറ്റി പറയുന്നുളളൂ. ‘‘മാരീചൻ മനോഹരമായൊരു പൊന്മാൻ’’ ആയി വന്ന കഥ രാമായണത്തിലുണ്ട്. അങ്ങനെ യു.ഡി.എഫ്. മനോഹരമായ ഒരു പൊന്മാനായി ഈ പ്രസംഗത്തിലൂടെ അവതരിക്കുന്നതായാണ് അവർ ധരിക്കുന്നത്. പക്ഷേ, കേരളഭൂമി വ്യാമോഹമുള്ള സീതാദേവിയല്ല. വ്യാമോഹമില്ലാത്ത സീതാദേവിയാണ്. അവളെ കാത്തുസൂക്ഷിക്കുന്ന സി.പി.ഐ.(എം), ഇടതുപക്ഷജനാധിപത്യമുന്നണി, കമ്മ്യൂണിസ്റ്റടക്കമുള്ള മുന്നണി ഏതെങ്കിലുമൊരു പൊന്മാൻ വന്നാൽ കേരളത്തെ ഉപേക്ഷിച്ച് മറ്റൊരു സംസ്ഥാനത്തുപോയി താമസിക്കുന്നവരുമല്ല. നോക്കണേ എന്ന് ഏൽപ്പിച്ചിട്ടു പോയ അനിയൻ ലക്ഷ്മണൻമാരും ഞങ്ങൾക്കില്ല. നിങ്ങളുടെ വേഷപ്പകർച്ചയിൽനിന്ന് ഈ നാടിനെ രക്ഷിക്കാൻ വേണ്ടി ഞങ്ങളെല്ലാവരും ഒരുമിച്ച് നിന്ന് ജാഗ്രതയായി ഈ കേരളഭൂമിയെ സംരക്ഷിക്കുകയാണ്. ഈ ഗവൺമെന്റിന് കുളമ്പുരോഗം ബാധിച്ചിരിക്കുകയാണ്. കുളമ്പുരോഗത്തെപ്പറ്റി ഇന്നലെ ഇവിടെ ചർച്ചയുണ്ടായിരുന്നു. കുതിരയ്ക്കുവരെ കുളമ്പുരോഗം വന്നു എന്ന് ഇവിടെ പറയുന്നതുകേട്ടു. യഥാർത്ഥത്തിൽ കുതിരയ്ക്കു മാത്രമല്ല കുളമ്പുരോഗം, മറ്റു മൃഗത്തിനെല്ലാമുണ്ട്. ആനയ്ക്കും കുളമ്പുരോഗം വന്നിരിക്കുന്നു. നേരത്തെ ഒരു വനം വകുപ്പുമന്ത്രി ഇവിടെ ഉണ്ടായിരുന്നു. മിക്കവാറും അദ്ദേഹം വനത്തിൽ തന്നെയായിരിക്കും. സഭയിൽ കാണാനില്ല. ഏതോ അന്ധകാരത്തിലേക്ക് അദ്ദേഹം പോയിരിക്കുകയാണ്. മന്ത്രിയായപ്പോഴുമില്ല; ഇപ്പോഴുമില്ല. അപ്പുറത്തായിരുന്നു, ആ ശല്യത്തെപ്പിടിച്ച്

ഇപ്പോൾ ഇപ്പുറത്താക്കിയിരിക്കുകയാണ്. ഇവിടെ ഞാൻ പറയുന്നത്, ആനയ്ക്ക് ഒരുതരം മയക്കുമരുന്ന് കുത്തിവച്ച് ഒരു ഗജപോക്കിരിയായിട്ടാണ് ഈ ആനകളെ അദ്ദേഹം ശ്രീ. ഉമ്മൻചാണ്ടിയെ ഏൽപ്പിച്ചത്. ശ്രീ. ഉമ്മൻ ചാണ്ടി അതിന് കുളമ്പുരോഗം കൂടിയാക്കി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഏൽപ്പിച്ചിരിക്കുകയാണ്. ഭരണത്തിന്റെ പുരോഗതി നിഷേധാത്മകമായിട്ടാണ്. മൃഗങ്ങൾക്കുപോലും രക്ഷയില്ല. ശ്രീ. കെ. പി. മോഹനൻ, നിങ്ങളുടെ മൃഗഡോക്ടർമാർ ഒരിടത്തും കുത്തിവയ്ക്കുന്നില്ല. ഞാൻ ഒരു കുളമ്പുരോഗ വിരുദ്ധ സമ്മേളനം ഉദ്ഘാടനം ചെയ്തപ്പോൾ കൃഷിക്കാർ പറയുന്നത് കേട്ടു. മൃഗാശുപത്രികളിൽ ഡോക്ടർമാരില്ല. പ്രൈവറ്റ് ആശുപത്രിയിൽ കൊണ്ടുപോയാൽ ധനസഹായം കിട്ടുകയില്ല. ഈ തരത്തിലുള്ള നെഗറ്റീവായ പോക്കാണ്. രാജ്യത്തിന്റെ അധ:പതനം കണ്ടിട്ട് ഇംഗ്ലീഷ് നാടകത്തിൽ ഒരു പ്രഖ്യാപനമുണ്ട് "what a fall my country man" എന്റെ നാട്ടുകാരേ എന്തൊരു അധ:പതനമാണ്. അത്ര വലിയ അധ:പതനമാണിവിടെ. ഈ നാടിനെ അധ:പതിപ്പിച്ച, ഭരണഘടനാസത്തയ്ക്ക് എതിരായി പ്രവർത്തിക്കുന്ന, കേരളം കണ്ട ഏറ്റവും വലിയ ചട്ടലംഘനം നടത്തിയ ഒരു ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ഈ നയപ്രഖ്യാപനത്തെ സമ്പൂർണ്ണമായി എതിർക്കുകയല്ലാതെ, നാടിനെ സ്നേഹിക്കുന്ന ആർക്കും എതിർക്കാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് ഞാനും ഇതിനെ എതിർക്കുന്നു. പക്ഷേ, ഇത്തവണത്തെ ഗവർണ്ണറുടെ പ്രസംഗവും നിൽപ്പും കഴിഞ്ഞ തവണത്തെപ്പോലെ ദയനീയമായിരുന്നില്ല. ഒരു അമേരിക്കൻ പട്ടാളക്കാരൻ സല്യൂട്ട് ചെയ്യാൻ നിൽക്കുന്ന പ്രൗഢഗാംഭീര്യത്തോടെ തന്നെ ഗവർണ്ണർ നിന്നു എന്നുള്ളത് ഞാൻ സമ്മതിക്കുന്നു. നല്ല ശബ്ദവുമുണ്ടായിരുന്നു.

പക്ഷേ അദ്ദേഹത്തിന്റെ തോക്കിൽനിന്നും വന്നത് വെടിയുണ്ട ആയിരുന്നില്ല, പകരം നാഥനില്ലാത്ത, ആരും ഏറ്റെടുക്കാനില്ലാത്ത ഒരിക്കലും നടക്കാത്ത അനാഥമായ കുറേ പ്രഖ്യാപനങ്ങളായിരുന്നു. ബർണാഡ് ഷായുടെ 'Arms and the Man' എന്ന പ്രസിദ്ധമായ നാടകത്തിൽ പട്ടാളക്കാർക്ക് തോക്കിന കത്ത് വെടിയുണ്ട കൊടുക്കാതെ യുദ്ധത്തിന് പറഞ്ഞയച്ച ഒരു ഭാഗമുണ്ട്. പറ ഞ്ഞയച്ചവരെ കളിയാക്കാൻ വേണ്ടി പട്ടാളക്കാർ അതിൽ ചോക്ലേറ്റ് നിറച്ച് വെടിവച്ചു. അപ്പോൾ എതിരാളികളുടെയെല്ലാം വായിൽ വെടിയുണ്ടയ്ക്കു പകരം ചോക്ലേറ്റാണ് ചെന്നത്. അതുപോലെ ഗവർണ്ണറുടെ തോക്കിൽ നിങ്ങൾ ഉണ്ടയൊന്നും കൊടുത്തില്ല; കാരണം നിങ്ങൾ ഉണ്ടയില്ലാത്ത ഗവൺമെന്റാണ ല്ലോ; ഒന്നുമില്ലല്ലോ. അതുകൊണ്ട് അദ്ദേഹത്തിന്റെ വെടിയെല്ലാം നാഥൻ അനാഥമായ പ്രഖ്യാപനങ്ങളാണ്. ഇന്നലെ ശ്രീ. എളമരം കരീം കഴിഞ്ഞ രണ്ടുമൂന്ന് പ്രസംഗങ്ങൾ എടുത്തുകൊണ്ട് ഒന്നും നടപ്പായില്ല എന്നുള്ള കാര്യം പറഞ്ഞു. ഇന്നലെ രാത്രി ഞാൻ അതെല്ലാംകൂടി കൂട്ടി നോക്കി. 2011 ജൂണിലെയും 2012-ലെയും 2013-ലെയും ഗവർണ്ണറുടെ മൂന്ന് പ്രസംഗങ്ങളിൽ 1965 പ്രഖ്യാപനങ്ങളുണ്ട്. 1965 പ്രഖ്യാപനങ്ങളിൽ ആകെ നാലോ അഞ്ചോ എണ്ണമാണ് ഇതുവരെ നടപ്പിലായത്. ബാക്കിയൊന്നും നടപ്പി ലായിട്ടില്ല. ഇപ്പോഴത്തെ പ്രസംഗത്തിൽ 54 ഖണ്ഡികകളിലായി നൂറിൽ കൂടു തൽ പ്രഖ്യാപനങ്ങളുണ്ട്. ഒന്നോ രണ്ടോ എണ്ണം ചിലപ്പോൾ നടപ്പാകും. അപ്പു റത്തുനിന്ന് പ്രസംഗിക്കുന്നവർ ഇതൊന്നും പറയാതെ വേറെ ഒരുപാട് കാര്യങ്ങളാണ് പറയുന്നത്. ഇതൊന്നും നടപ്പാക്കിയിട്ടില്ല. ഇവിടെ പ്രസം ഗിച്ച പഴയ രണ്ട് ഗവർണ്ണർമാർ ഇപ്പോൾ എവിയൊണ് ബഹുമാനപ്പെട്ട മുഖ്യ

മന്ത്രി; അങ്ങ് അവരെപ്പറ്റി അന്വേഷിക്കുന്നുണ്ടോ; ഇവിടെ നിങ്ങൾക്കുവേണ്ടി പ്രസംഗമൊക്കെ നടത്തിയവരല്ലേ; അവരിപ്പോൾ എവിടെയാണ്; ഗവർണ്ണറുടെ പ്രസംഗത്തിൽ എൽ.ഡി.എഫ്.–നെപ്പറ്റി പത്തും പതിനഞ്ചും പാരഗ്രാഫ് രാഷ്ട്രീയമൊക്കെ എഴുതിവച്ച ഗവർണ്ണമാർ എവിടെയെങ്കിലും ജീവിച്ചിരിപ്പുണ്ടോ; ഗവർണ്ണർമാരെക്കൊണ്ട് ഇത്തരം ഭരണകൂടത്തിന്റെ കൊജ്ഞാനപ്പണി എടുപ്പിക്കുന്ന കോൺഗ്രസ്സിന്റെ സമീപനം ഇത്തവണയും കണ്ടു. പക്ഷേ അദ്ദേഹം എൽ.ഡി.എഫ്. എന്നോ കമ്മ്യൂണിസ്റ്റ് എന്നോ പേര് പറഞ്ഞ് ആക്ഷേപം ഉന്നയിച്ചില്ല എന്നൊരു കാര്യം ചെയ്തു. ഒരു പാരഗ്രാഫിൽ സമരത്തിനെതിരായി പറഞ്ഞതേയുള്ളൂ. നിങ്ങൾ പറഞ്ഞുകൊടുത്താലും അത് അദ്ദേഹം എഴുതിവച്ചതുകൊണ്ട് കാര്യമില്ലെന്ന് അദ്ദേഹത്തിനു മനസ്സിലായി. നോക്കുകൂലിക്കെതിരായി ഇന്ന് കേരളം ശബ്ദിക്കുകയാണ്. നിങ്ങളും ഞങ്ങളും ഞങ്ങളുടെ പാർട്ടി സെക്രട്ടറി പിണറായി വിജയനും ഒക്കെ നോക്കുകൂലിക്കെതിരാണ്. പക്ഷേ, ഈ മന്ത്രിസഭയിൽ അഞ്ച് നോക്കുകൂലിക്കാരുണ്ട്. പണിയെടുക്കാതെ നോക്കിയിരുന്ന് ശമ്പളം വാങ്ങുന്നതാണ് നോക്കുകൂലി. ഞാൻ പേര് പറയാം. ഒന്ന്, ശ്രീ. എ. പി. അനിൽകുമാർ, ഒരു പണിയുമില്ല; മെഡിക്കൽ കോളേജ് വന്നകാര്യമാണ് പറയുന്നത്. മെഡിക്കൽകോളേജ് വന്നത് ശ്രീ. എ.പി. അനിൽകുമാർ ഉണ്ടായിട്ടൊന്നുമല്ല. ഗവൺമെന്റ് തീരുമാനിച്ചതിന്റെ ഫലമായി മെഡിക്കൽ കോളേജ് വന്നു. പക്ഷേ നിങ്ങളുടെ കാലത്ത് ഒരെണ്ണം പോലും നടപ്പാകാനും പോകുന്നില്ലെന്നുള്ളത് വേറെ കാര്യം. രണ്ട്, ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ – നിങ്ങൾക്ക് മരിക്കണമെങ്കിൽ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പോയാൽ മതി; മറ്റെങ്ങും പോകണ്ട; ഇപ്പോഴത്തെ സ്ഥിതി അതാണ്. ശ്രീമതി പി. കെ. ജയലക്ഷ്മി – സഹോദരിയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല.

ശ്രീ. അനൂപ് ജേക്കബ് – എല്ലാം നല്ല ഭംഗിയായി ചെയ്യുന്നുണ്ടോ, ശ്രീ. ഷിബു ബേബി ജോൺ – അദ്ദേഹമാണ് നോക്കുകൂലി തടയേണ്ട ആൾ. അദ്ദേഹം തന്നെ ഒരു പണിയുമെടുക്കാതെ നോക്കുകൂലി വാങ്ങുകയാണ്. നിഷേധിക്കാൻ കഴിയുമോ; വേറെ ചിലരുടെ പേരുകൾ കൂടി ചേർക്കാമെങ്കിലും ഇത്രത്തോളം വരാത്തതുകൊണ്ട് ഞാൻ പറയുന്നില്ല.. ഞാൻ ഇതൊക്കെ വ്യക്തിപരമായി പറയുന്നതല്ല; നന്നായി പ്രവർത്തിക്കൂ; ഒരു ദിവസമെങ്കിലും മന്ത്രിമാരായി കസേരയിൽ ഇരുന്ന് അന്തസ്സായി പ്രവർത്തിക്കൂ. നയങ്ങളെ എതിർക്കാം. നാട്ടിൽ എന്തെങ്കിലുമൊക്കെ ചെയ്യണ്ടേ. ഒരു എം.എൽ.എ. എന്നുള്ള നിലയിൽ ഈ പറഞ്ഞവരിൽനിന്ന് ഒരു ഗുണവും എന്റെ മണ്ഡലത്തിലോ ജില്ലയിലോ ഉണ്ടാകാത്തതുകൊണ്ടാണ് ഞാനിത് പറയുന്നത്. മറ്റു ജില്ലകളിലും അങ്ങനെ തന്നെയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പിന്നെ, പാർട്ട് ടൈം മന്ത്രിമാർ – അത് അവരുടെ മാത്രം കുറ്റമല്ല; ശ്രീ. ഉമ്മൻ ചാണ്ടി അവരിൽ പലരേയും പാർട്ട് ടൈം ആക്കിയിരിക്കുകയാണ്. പ്രവർത്തനംകൊണ്ട് ശ്രീ. കെ. പി. മോഹനൻ പാർട്ട് ടൈം ആണ്. ശ്രീ. കെ. പി. മോഹനന്റെ കാർഷികബന്ധമൊന്നും ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ അദ്ദേഹത്തിന് അതനുസരിച്ച് ഭരിക്കാൻ കഴിയുന്നില്ല. ശ്രീ. സി. എൻ. ബാലകൃഷ്ണനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ഒപ്പിട്ടുകൊടുക്കുകയാണ് അദ്ദേഹം. ഞാൻ കുറ്റപ്പെടുത്തുകയല്ല. ഞാൻ അന്ന് ഡിസ്ക്കഷനിലും പറഞ്ഞു. ശ്രീ. എം. ചന്ദ്രൻ കഴിഞ്ഞ ദിവസം ഇവിടെ അവതരിപ്പിച്ചതുപോലെ അങ്ങയുടെ വകുപ്പിൽ നമ്മൾ രണ്ടുപേരും എതിർക്കുന്ന, എല്ലാപേരും എതിർക്കുന്ന ഒരുപാട് കാര്യങ്ങൾ ചെയ്യിക്കുകയാണ്. പലതും അങ്ങ് അറിയുന്നില്ല. അതുപോലെതന്നെയാണ് ശ്രീ. മഞ്ഞളാംകുഴി അലി – അങ്ങയുടെ കുറ്റമല്ല. അദ്ദേഹം മിടുക്കനാണ് പക്ഷേ അദ്ദേഹത്തിന് വകുപ്പുകളൊന്നും

ചെയ്യാനില്ല. പാർട്ട് ടൈം മാത്രമേയുള്ളൂ. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് – അതൊക്കെ അദ്ദേഹത്തിന്റെ കിങ്കരൻമാർ ചെയ്തുകൊള്ളും. ശ്രീ. പി. ജെ. ജോസഫ് – പകുതി സമയം കയ്യുംപൊക്കി നിൽക്കും. ബാക്കി സമയം ഇവിടെ മിക്കവാറും കാണാനില്ല. ഫുൾ ടൈം മന്ത്രിമാർ പത്തുപേരുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. കെ.എം. മാണി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. അടൂർ പ്രകാശ്, ശ്രീ. പി.കെ. അബ്ദു റബ്ബ്, ശ്രീ. കെ. ബാബു, ഡോ. എം.കെ. മുനീർ, ശ്രീ. കെ.സി. ജോസഫ് എന്നിവർ ഫുൾടൈം മന്ത്രിമാരാണ്. അതിൽ ഓരോരുത്തരുടെയും പെർഫോമൻസിനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. ഇപ്പോൾ പുതിയതായി ഇരുപത്തിയൊന്നാമത്തെ മിനിസ്റ്റർ വന്നു; Our great new minister; എന്റെ സുഹൃത്ത്, ഈ മന്ത്രി സഭയിൽ ഏറ്റവും സുന്ദരമായ മുഖം – ശ്രീ. രമേശ് ചെന്നിത്തല. ഈ സഭയിലെ മാത്രമല്ല ഹരിപ്പാടിന്റെ ഏറ്റവും സുന്ദരമായ മുഖം. അതിനൊന്നും ഒരു കുഴപ്പവുമില്ല. പക്ഷേ, മണ്ഡലികളെ സൂക്ഷിക്കണം. ഞാൻ ശ്രീ. ഉമ്മൻ ചാണ്ടിയോടു പറഞ്ഞതാണ്; അദ്ദേഹം സൂക്ഷിച്ചില്ല. സ്വന്തം ആഫീസിൽ അല്ലയോ വൈറ്റ് കോളർ കമ്മ്യൂണിസത്തിന്റെ അപ്പോസ്തലൻമാർ വസിക്കുന്നത്; സരിതാ കേസ് ആരും പറയുന്നില്ല എന്നാണ് പത്രക്കാർ പറയുന്നത്. ഞങ്ങൾ ഒരുപാട് പറയുന്നുണ്ടെന്നാണ് ഇന്നലെവരെ പറഞ്ഞത്. ഇപ്പോൾ പറയുന്നു ഒന്നും പറയുന്നില്ലായെന്ന്. ഞങ്ങളൊക്കെ പറഞ്ഞിട്ടുണ്ട്. മണ്ഡലികളുടെ നേതാവാണ് നിങ്ങൾ. നിങ്ങളുടെ താഴെയുള്ളവരെല്ലാം കുശ്മാണ്ഡൻമാരാണ്. നിങ്ങളുടെ നോമിനീസ് മുഴുവൻ കുശ്മാണ്ഡൻമാരാണ്. അവർക്ക് നിങ്ങളോട് യാതൊരു കൂറുമില്ല; കാര്യം സാധിക്കാനാണ്; കഴിവുള്ളവർ ഒന്നോരണ്ടോ പേർ ഉണ്ടോ

എന്നു സംശയമാണ്. അതാണ് എനിക്ക് പറയാനുള്ളത്. ആലപ്പുഴ ജില്ലയിൽ മാത്രം നിങ്ങളുടെ കീഴിൽ ആയിരത്തിൽപ്പരം മണ്ഡലികളുണ്ട്. ഒരു പഞ്ചായത്തിൽ പത്തും പതിനഞ്ചും എണ്ണമുണ്ട്. ഞാൻ പറയുന്നത് സത്യമാണോയെന്ന് അറിയാവുന്ന ഒരേഒരാൾ അല്ലെങ്കിൽ അപൂർവ്വം ചിലയാളുകളിൽ ഒരാൾ ശ്രീ. രമേശ് ചെന്നിത്തല തന്നെയാണ്. അങ്ങ് ഈ കസേരയിൽ അല്ലല്ലോ ഇരിക്കേണ്ടത്, ഞങ്ങളുടെ കൂടെ പ്രതിപക്ഷത്താണ് ഇരുന്നത്. താങ്കൾ അങ്ങോട്ട് പോകുമ്പോൾ ഒരു വാക്ക് ഞങ്ങളോട് പറയണ്ടേ? അങ്ങോട്ട് പോകുകയില്ലന്നല്ലേ അങ്ങ് പറഞ്ഞത്? താങ്കൾ ആ കസേരയിലിരിക്കണമെന്നാണ്...... ഉമ്മൻ ചാണ്ടി സാറിനോട് ഞങ്ങൾക്ക് വിരോധമില്ലെന്ന് മാത്രമല്ല ഈ ഗവൺമെന്റ് വരുന്നിടംവരെ അപ്പുറത്തുള്ളവരിൽ ഞാൻ ഏറ്റവും കൂടുതൽ ബഹുമാനിച്ചവരിൽ മുമ്പനാണ് ശ്രീ. ഉമ്മൻ ചാണ്ടി. ഈ ഗവൺമെന്റ് വന്നതിനുശേഷം എനിക്ക് ആ രാഷ്ട്രീയ ബഹുമാനമില്ല. ഇന്നുവരെ ഞാൻ അദ്ദേഹത്തിന്റെ ഓഫീസിൽ പോയിട്ടില്ല. സി.എം.ന്റെ ഓഫീസിൽ ഞാൻ ഇന്നുവരെ പോയിട്ടില്ല; ഇനിയുള്ള കാലം പോകുകയുമില്ല. അങ്ങോട്ട് പോകാൻ കഴിയില്ല. അങ്ങനെയുള്ള കാര്യങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല.

വ്യക്തിപരമായി എം.എൽ.എ. ആയ എന്നോട് കാണിച്ചതൊന്നും എനിക്ക് പ്രശ്നമല്ല. അങ്ങ് ആ കസേരയിൽ ഇരുന്നത് ഞങ്ങൾക്കൊന്നും കിട്ടാൻവേണ്ടിയല്ല. അങ്ങ് പോവില്ല, പോവില്ല എന്ന് പറയുകയും അവസാനം ഒപ്പമിരുന്ന ശ്രീ. തേറമ്പിൽ രാമകൃഷ്ണനോടും പുറകിലിരുന്ന ശ്രീ. സി. കെ.

നാണുവിനോടും പറയാതെ പോവുകയും ചെയ്തു. അപ്പോൾപിന്നെ നിങ്ങളുടെ സുഹൃത്തായിട്ടുള്ള എന്നോട് പറയാതെ, നിങ്ങൾ കെ.എസ്.യു.വിന്റെ പ്രസിഡന്റും ഞാൻ എതിർ പ്രസിഡന്റുമായി കായംകുളത്തു നിന്ന് ഓർഡിനറി ബസിൽ കയറി ചന്ദനത്തോപ്പ് ഐ.ടി.ഐ.-യിൽ പ്രസംഗിക്കാൻ പോയത് ഓർമ്മയുണ്ടോ? നിങ്ങൾക്ക് എനിക്കും അന്ന് പ്രായം വളരെ കുറവായിരുന്നു. എന്നാലും ഞാൻ നിങ്ങളേക്കാൾ സീനിയറായിരുന്നു. അതുകൊണ്ട് നിങ്ങൾ ഈ കസേരയിൽ ഇരിക്കണമെന്നല്ല ജനങ്ങൾ ആഗ്രഹിച്ചത്. പക്ഷേ, ഈ കസേരയിൽ നിങ്ങളെ ഇരുത്തിയത് ഭാവിയിൽ ഒരു കസേരയും കിട്ടാതിരിക്കാൻ വേണ്ടിയാണ്. ഭാവിയിൽ ഒരു കസേരയിലും ഇരിക്കാൻ പറ്റാത്തപോലെ കൈകാര്യം ചെയ്യപ്പെടാൻ പോവുകയാണ്, സൂക്ഷിച്ചോളൂ. ആഭ്യന്തര മന്ത്രിസ്ഥാനം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനിൽനിന്നും എടുത്തുമാറ്റിയതിന് അദ്ദേഹം വിഷമിക്കുന്നതെന്തിനാണ്? അദ്ദേഹത്തിന്റെ കുരിശ് ഇതോടെ അവസാനിച്ചു. കണ്ണൂരും കാസർഗോഡും കോഴിക്കോടുമൊക്കെ എന്തൊക്കെയാണ് അദ്ദേഹത്തെക്കൊണ്ട് ചെയ്യിപ്പിച്ചത്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ കീഴിൽ നല്ലൊരു കസേരയിലാണ് ഇരിക്കുന്നതെന്നുള്ള ധാരണയൊന്നും വേണ്ട. ശ്രീ. ഉമ്മൻ ചാണ്ടി വലിയ സൂത്രക്കാരനും ബുദ്ധിമാനുമാണെന്നുള്ള കാര്യം ആലോചിക്കണം. ആ ബുദ്ധി നേരായവിധത്തിൽ പ്രയോഗിച്ചാൽ നാടിന് ഗുണമുണ്ടാകും, എന്നാൽ ഇപ്പോൾ ആ ബുദ്ധി ദോഷമായി പ്രയോഗിക്കുന്നതുകൊണ്ട് ഗുണമുണ്ടാകുന്നില്ല. ഏക് ദിൻ കാ സുൽത്താൻ - ഒരു ഗവൺമെന്റിൽ രണ്ടുവർഷക്കാലം, രണ്ടു വർഷക്കാലമെന്ന് ഞാൻ പറയുന്നെങ്കിലും അതിനിടയിൽ എന്തും സംഭവിക്കാം. കാരണം, എങ്കിലും പരമാവധി ഇനി രണ്ട്-രണ്ടര വർഷക്കാലമാണല്ലോ ഉള്ളത്. അതുകൊണ്ട് സുൽത്താനാകാൻ ശ്രമിക്കുകയോ

ആരംഭശൂരത്വം കാട്ടുകയോ ചെയ്യരുത്. കാരണം, ഇന്നലെ മംഗളം പത്രത്തിൽ ശ്രീ. രമേശ് ചെന്നിത്തല കേരളത്തിലെ കോഞ്ചെരിവാൾ ആകാൻ പോകുന്നുവെന്ന തലക്കെട്ടോടുകൂടിയ വാർത്ത വായിക്കാനിടയായി. എങ്കിൽപിന്നെ ശ്രീ. രമേശ് ചെന്നിത്തലയുടെ കഥ കഴിഞ്ഞതുതന്നെ. ഇങ്ങനെയൊക്കെയുള്ള വ്യാമോഹങ്ങളും ആരംഭശൂരത്വവുമൊക്കെ ഉണ്ടെന്നുള്ളതാണ്. അരവിന്ദ് കെജ്‌രിവാളിന് അന്ന് തുടങ്ങിയിരിക്കുന്ന ലൂസ് മോഷൻ ഇതുവരെ അവസാനിച്ചിട്ടില്ല. അയാൾക്ക് വയറിളക്കമായിരുന്നുവെന്ന് പത്രങ്ങൾ റിപ്പോർട്ട് ചെയ്തില്ലേ. ആ വയറിളക്കം ഇപ്പോഴും തീർന്നിട്ടില്ല. ബദലിനെപ്പറ്റി പറയുകയാണെങ്കിൽ, ഒരുപാട് അത്ഭുതങ്ങൾ ഡൽഹിയെപ്പറ്റി പറഞ്ഞാൽ ഞാൻ അംഗീകരിക്കുകയില്ല. അതിന്റെ താത്വികവശം ഞങ്ങൾ അംഗീകരിച്ചു, ഞങ്ങൾക്കതിൽ സന്തോഷമുണ്ട്. ബി.ജെ.പി.യും കോൺഗ്രസ്സും മാറിമാറി ഭരിച്ച കാലത്തുണ്ടായ കൊള്ളരുതായ്മയെപ്പറ്റിയൊന്നും പറയുന്നില്ല. ഞങ്ങൾ അവിടെയില്ലല്ലോ, 1600 വോട്ട് ഞങ്ങൾക്ക് അവിടെ എങ്ങനെ കിട്ടി. ഞങ്ങൾ അവിടെ അധികാരത്തിലില്ലല്ലോ; അപ്പോൾ ബദൽ എന്നുപറഞ്ഞാൽ പറഞ്ഞാൽ കോൺഗ്രസും ബി.ജെ.പി.യും മാറിമാറി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഇടതുപക്ഷമോ സുപ്രധാന പ്രാദേശിക പാർട്ടിയോ ഇല്ലെങ്കിൽ അവിടെ പുതിയൊരു ബദൽ വരും. അങ്ങനെയൊരു ബദൽ വന്നതാണ്. ബദൽ ഒരു പുതിയ കാര്യമാണോ; ഇവിടെ യു.ഡി.എഫ്.ന് ബദൽ എൽ.ഡി.എഫ്. ഇല്ലേ, തമിഴ്നാട്ടിൽ ഡി.എം.കെ. – അണ്ണാ ഡി.എം.കെ., തെലുങ്ക്ദേശം ഇല്ലെ. ഇപ്പോൾ ആന്ധ്രാപ്രദേശിൽ വേറൊരു പാർട്ടി ഉണ്ടായല്ലോ; സമാജ് വാദി പാർട്ടിയും ബി.എസ്.പി.യുമില്ലേ? അതുപോലെ തന്നെ ബീഹാറിൽ നിധീഷ്കുമാറിന്റെയും ലാലുപ്രസാദ് യാദവിന്റെ പാർട്ടിയില്ലെ, അവിടെയൊക്കെ

ബദൽ ഉണ്ട്; അപ്പോൾ ബദൽ എന്നത് പുതിയൊരു കാര്യമാണോ? അവിടെയൊരു കെജ്രിവാളിന് ചാൻസുണ്ടോ; ഇല്ല. ഇവിടെ വരുന്ന പ്രശ്നം ഈ രണ്ടുപാർട്ടികൾക്കും ബദലായി മറ്റൊരു പാർട്ടിവന്നു. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ, ജന്മി-ബൂർഷ്വാ ഭരണകൂടമാകുന്ന ക്രൂരമായ സംവിധാനത്തെ തൂക്കാനൊരു ചൂലുകൊണ്ട് വെട്ടിക്കളയുമെന്നൊക്കെ പറയുന്നത് സോഷ്യലിസ്റ്റ് വിപ്ലവം നടക്കുന്നതിനുമുമ്പുള്ള ഉട്ടോപ്യൻ സോഷ്യലിസ്റ്റുകാരുടെ ചിന്താഗതിയാണ്. ഇതിനെയൊക്കെ മാർക്സും ഏംഗൽസും നന്നായി വിശകലം ചെയ്യുന്നുണ്ട്. ശ്രീ. സി.പി. മുഹമ്മദും, ശ്രീ. കെ. എൻ. എ. ഖാദറും ശ്രീ. ടി. എ. അഹമ്മദ് കബീറിനെയും പോലുള്ളവർ അതൊക്കെ വായിച്ചു നോക്കണം. ഇതൊന്നും പുതിയൊരു കാര്യമൊന്നുമല്ല. അതുകൊണ്ട് കെജ്രിവാളിന് എല്ലാവിധ നന്മയും നേരുന്നു. ആരോഗ്യ വകുപ്പിനെക്കുറിച്ച് പറയുകയാണെങ്കിൽ ഇന്ന് ആരോഗ്യ കേരളം മരണ കേരളമാണ്. ഇന്ന് ആരോഗ്യ കിരണമുണ്ടോ; മരണ കിരണമല്ലേ? എന്റെ നിയോജക മണ്ഡലത്തിലെ ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ഭാഗമായ എസ്.ഡി. കോളേജിലെ പ്രിൻസിപ്പൽ, പ്രശസ്തനായ റിട്ടയേർഡ് മാത്തമാറ്റിഷ്യൻ ഡി. ഗോപാലകൃഷ്ണപിള്ള, തകഴിയിലെ പ്രശസ്തനായ കോൺഗ്രസ് നേതാവ് പ്രഭാകര പിള്ള ചേട്ടന്റെ ജ്യേഷ്ഠനാണ്. അദ്ദേഹം 05-01-2014-ന് എന്നെ വീട്ടിൽ വിളിച്ചുവരുത്തിയിട്ട് എന്നോട് പറയുകയാണ്. ഡയബറ്റീസും കൊളസ്ട്രോളും ഹാർട്ട് പ്രോബ്ലവുമൊക്കെയുള്ള അദ്ദേഹത്തിന് പെട്ടെന്ന് അസുഖം വന്നു മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി. അവിടെ ഒബ്സർവേഷനിൽ കിടത്തി. അഞ്ച് മിനിറ്റ് കഴിഞ്ഞ് ഒരാൾവന്ന് അദ്ദേഹത്തോട് ഇവിടെ സ്ഥിരമായി കിടക്കാൻ പറ്റില്ലെന്നും താഴെക്കിടക്കണമെന്നും

പറഞ്ഞു. അദ്ദേഹത്തിന്റെ മകൻ ഒരു ഡേക്ടറാണ്. നിലത്തുകിടക്കാൻ പറ്റി ല്ലെന്നു പറഞ്ഞു. കാരണം, താഴെകിടന്നാൽ അദ്ദേഹം മരിച്ചുപോകും. കുറച്ചു സമയത്തെ കോലാഹലങ്ങൾക്കുശേഷം അദ്ദേഹത്തെ അവിടെ തന്നെ കിട ത്തി. പിന്നീട് അദ്ദേഹത്തിന്റ എക്സ്റേ എടുത്തു. വാർഡ് കിട്ടാത്തതു കൊണ്ട് ഒബ്സർവേഷനിൽ തന്നെ കിടത്തി. ഹൃദയസംബന്ധമായ അസുഖ മുള്ളതുകൊണ്ട് മുകളിലത്തെ നിലയിലേക്കാണ് പോകേണ്ടത്. പക്ഷേ അവി ടേക്ക് പോകാൻ സാധിക്കില്ല. തുടർന്ന് ഡോക്ടർ വന്നു, എക്സറേ പരിശോ ധിച്ചപ്പോൾ ഒൻപത് വയസ്സുള്ള കുട്ടിയുടെ എക്സറേയാണ് അദ്ദേഹത്തിന് കൊടുത്തിരിക്കുന്നത്. ഈ വിഷയം പറയാൻ വേണ്ടിയാണ് എന്നെ വിളിച്ച ത്. ഒൻപത് വയസ്സുള്ള കുട്ടിയുടെ എക്സറേ ഏതാണ്ട് 75 വയസ്സുള്ള അദ്ദേ ഹത്തിന്റേതെന്ന് പറഞ്ഞ് കൊടുത്തിരിക്കുകയാണ്. ഡോക്ടർ ഞെട്ടിപ്പോയി. ഡോക്ടർ പറഞ്ഞു ഇതല്ല എക്സറേ, അവിടെപ്പോയി അന്വേഷിച്ചപ്പോൾ ഗോപാലകൃഷ്ണ പിള്ളയുടെ എക്സറേ കാണാനില്ല. പിന്നീട് എക്സറേ വെള്ളത്തിലിട്ടിരിക്കുന്നതായി കാണാൻ സാധിച്ചു. അതായത് കഴുകുന്ന വെള്ളത്തിലല്ല, വേസ്റ്റ് വാട്ടറിൽ ഇട്ടിരിക്കുന്നതായി കാണാൻ കഴിഞ്ഞു. എന്തായാലും രണ്ടാഴ്ച അദ്ദേഹം ആശുപത്രിയിൽ കിടന്നു. ഇക്കാര്യം ആരോഗ്യവകുപ്പുമന്ത്രിക്ക് നിഷേധിക്കാൻ കഴിയുമോ; ഇക്കാര്യം അന്വേഷി ക്കാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ; ഇതുസംബന്ധിച്ച് എത്ര കത്തുകളാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് നൽകിയത്. ഇന്ന് രാവിലെ എനി ക്കൊരു ഫാക്സ് മെസേജ് ലഭിച്ചു. ചേർത്തല ആശുപത്രിയിലെ ആറാം വാർഡിൽ സുജാമോൾ എന്നൊരു യുവതി പ്രസവാനന്തരം മരണപ്പെട്ടു. ആദ്യത്തെ പ്രസവമാണ്. അവരുടെ ഭർത്താവ് ബിജുമോനാണ് പരാതി

നൽകിയിരിക്കുന്നത്. ഒരു നീലമഷി അതിന്റെ ഹൃദയത്തിൽ പടർന്നതാണ് മരണകാരണമായി പറയുന്നത്. ഈ നീലമഷി എങ്ങനെ കടന്നുവെന്ന് അന്വേഷിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? തകഴിയിൽ ഒരു കുഞ്ഞിന്റെ കയ്യിൽ കുത്തിവയ്ക്കുന്നതിനുപകരം വായിൽ കുത്തിവച്ചു. പുറക്കാടൊരു സ്ത്രീ പ്രസവം കഴിഞ്ഞ് വീട്ടിൽ പോയി ബാത്ത് റൂമിൽ ഇരുന്നപ്പോൾ ഇരുമ്പുകമ്പിയും തുണിയും ഇറങ്ങിവരികയാണ്. മറ്റൊരു കേസ്, പ്രസവമുറിയിൽ കിടന്ന യുവതി പ്രസവിക്കുന്നതിനുമുമ്പുതന്നെ താഴെവീണ് മരിച്ചു. ഇത്തരത്തിലുള്ള എത്ര കേസുകൾ വേണം. അതുകൊണ്ട് മരിക്കേണ്ടവർ ശ്രീ. ശിവകുമാറിന്റെ കീഴിലുള്ള ആലപ്പുഴ മെഡിക്കൽ കോളേജിലേക്ക് പോവുക. ശവകുമാറെന്ന് പേര് മാറ്റിയിടാനൊന്നുള്ള അധികാരം എനിക്കില്ല. പക്ഷേ, അദ്ദേഹത്തിന്റെ കീഴിലുള്ള ആശുപത്രികൾ ശവങ്ങളുടെ കുടീരമായിരിക്കുകയാണ്. ഇവിടെ ന്യൂ ജനറേഷനെപ്പറ്റിയും ഇതൊരു ന്യൂജനറേഷൻ നയപ്രഖ്യാപനമാണെന്നുമൊക്കെ പല അംഗങ്ങളും പറയുകയുണ്ടായി. ഞാൻ അപ്പോഴും ഇപ്പോഴും ആ പ്രസ്താവനയെ എതിർക്കുകയാണ്. നിങ്ങളുടെ അത്തരം പ്രയോഗം ശരിയല്ല. എല്ലാവരും ശക്തമായ പ്രസംഗം നടത്തി, ഓരോരുത്തരുടെയും അഭിപ്രായം പറഞ്ഞു. അതിനോടൊന്നും അഭിപ്രായവ്യത്യാസമില്ല. പക്ഷേ, ന്യൂ ജനറേഷൻ എന്നുപറഞ്ഞാൽ എന്താണെന്നുള്ളതുപോലും വ്യക്തമാക്കപ്പെട്ടിട്ടില്ല. ഒരു ജനറേഷനുവേണ്ടിമാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുവേണ്ടിയാണ് ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗം നടത്തുന്നത്. നിങ്ങൾ പറയുന്ന രീതിയിലല്ല ന്യൂജനറേഷനെ വ്യാഖ്യാനിക്കേണ്ടത്. ആദിമനുഷ്യൻ കുരങ്ങന്മാരെപ്പോലെ ജീവിച്ചുവെങ്കിൽ ഇപ്പോൾ കുരങ്ങന്മാരെപ്പോലെയാണോ ജീവിക്കുന്നത്. പലവിധത്തിലുള്ള പരിവർത്തനത്തിലൂടെ ഇന്നു കാണുന്ന മനുഷ്യർ രൂപപ്പെട്ടു. എത്രയോ മഹാന്മാരും എത്രയോ മഹത്തായ

വിപ്ലവങ്ങളും എത്രയോ സാംസ്കാരിക പരിണാമങ്ങളുമാണ് ഈ പരിവർത്തനത്തിന് സഹായിച്ചിട്ടുള്ളത്. വോൾട്ടയറും റൂസോയും മൊണ്ടേസ്ക്യൂവും ന്യൂജനറേഷനുവേണ്ടിയാണ് വാദിച്ചത്. ന്യൂജനറേഷനെന്നുപറഞ്ഞാൽ തുണിയില്ലാതെ അഴിഞ്ഞാടുന്ന ചില പ്രത്യേകതരം സിനിമയിലേതുപോലെയല്ല. ന്യൂ ജനറേഷനെന്നുപറഞ്ഞാൽ എന്താണ്, പുതിയ തലമുറ. ഞങ്ങളെല്ലാവരും ഒരു കാലത്ത് പുതിയ തലമുറയായിരുന്നില്ലേ. ആരാണ് പുതിയ തലമുറയല്ലാതിരുന്നത്. ഇപ്പോൾ ന്യൂ ജനറേഷനെന്നുപറഞ്ഞാൽ അതിൽ നല്ലതല്ലാത്തൊരർത്ഥം കൂടിയുണ്ടെന്ന് നമ്മൾ മനസ്സിലാക്കണം; ന്യൂജനറേഷനെന്ന വാക്കുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കിയതെന്ന് വ്യക്തമായില്ല. മാർക്സിന്റെ കവിത ന്യൂജനറേഷനുവേണ്ടി ഞാൻ ഇവിടെ ഉദ്ധരിക്കുകയാണ്. –

"എനിക്കുവേണ്ട ശാന്തം സ്വച്ഛ ജീവിതം,
ഭൂമി നടുക്കും കൊടുങ്കാറ്റിൻ കരുത്താണെൻ ആത്മാവിൽ,
എന്റെ ജീവിതം സംഘഷങ്ങളാൽ നിറയട്ടേ
ഉന്നതമാകും മഹാലക്ഷ്യം വന്നണഞ്ഞിടാൻ"

ഈ സന്ദേശം ന്യൂജനറേഷനിൽ നിങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഞങ്ങൾ ഉൾപ്പെടുത്തുന്നു. അതല്ല. ഇപ്പോഴത്തെ ന്യൂജനറേഷൻ. എന്റെ ജീവിതം സംഘർഷങ്ങളാൽ നിറഞ്ഞതാണെന്നാണ് മാർക്സ് പറഞ്ഞത്. ചാരുകസേരയിൽ കിടന്ന് എനിക്കിത്ര ആനയുണ്ട്, ഇത്രകാറുണ്ട് ഇത്ര സമ്പത്തുണ്ട് എന്നല്ല യുവാക്കൾ പറയേണ്ടത്. ശ്രീ. ടി. വി. രാജേഷ് ഇവിടെ രോഷാകുലനായി പ്രസംഗിച്ചില്ലേ, അതാണ് ന്യൂജനറേഷന്റെ പ്രസംഗം. എന്റെ ജീവിതം സംഘർഷങ്ങളാൽ നിറയണം, എന്തിന്യ ഉന്നതമാകും മഹാ

ലക്ഷ്യം നേടുന്നതിനുവേണ്ടിയെന്നാണ് അദ്ദേഹം പറയുന്നത്. എല്ലാ മഹാന്മാരും അങ്ങനെയാണ്. സ്വാതന്ത്ര്യസമര കാലത്തെ ഒരു പാട്ടുണ്ടായിരുന്നല്ലോ;

'ധീരധീരമുയരട്ടെ ഭാരതപൊൻദേവിതൻ തൃപ്പതാകകൾ,

അത് ന്യൂജനറേഷൻ പാടേണ്ട ഒരു പാട്ടാണ്.

ഫ്രഞ്ച് വിപ്ലവം കാണാൻ വേർഡ്സ്വർത്ത് പോയി, അദ്ദേഹം ഫ്രെഞ്ച് വിപ്ലവം കണ്ടപ്പോൾ ആവേശനായി എഴുതുകയാണ്.

"Bliss was in the dawn to be alive

and to be young was very heaven

France standing on the top of golden hours

and human match us even born again"

ഇതൊക്കെയാണ് ന്യൂ ജനറേഷനെന്നുപറഞ്ഞാൽ നമ്മൾ പറയേണ്ടത്. അല്ലാതെ ഇതുപോലെ ഗുണമില്ലാത്തൊരു പ്രസംഗത്തിൽ വേറെന്തോ ന്യൂജനറേഷനാണ്, ഇപ്പോഴത്തെ ഐ.ടി.ക്കാരൊക്കെ ഇതിലേയ്ക്ക് വരികയാണെന്നൊക്കെ പറഞ്ഞാൽ ശരിയാകുമോ........

വൈലോപ്പിള്ളി പറഞ്ഞില്ലേ;

'ചോര തുടിക്കും ചെറുകൈകളേ, പേറുക വന്നീ പന്തങ്ങൾ

പന്തങ്ങൾ തീ പന്തങ്ങൾ, പൊന്തിവരും തീ പന്തങ്ങൾ' – അതാണ് പുതിയ തലമുറ. അങ്ങനെയല്ല നിങ്ങൾ പറഞ്ഞത്. നിങ്ങൾ പറഞ്ഞത്, പാന്റുമൊക്കെ താഴ്ത്തിയിട്ട്, ഒരുമാതിരി ഇങ്ങനെ നടക്കുന്ന കുറെ ആൾക്കാരുണ്ടല്ലോ; കുറെ ചെറുപ്പക്കാർ.... അവരെയൊക്കെ നന്നാക്കി എടുക്കാനാ

ണല്ലോ നമ്മൾ രാഷ്ട്രീയക്കാരുള്ളത്, അല്ലാതെ അവരെ വഷളാക്കാൻ വേണ്ടിയല്ല. അതുകൊണ്ട് വളരെ ഭാവനാസമ്പന്നനായിട്ടുള്ള അങ്ങ്,..... അങ്ങയുടെ ആ പ്രയോഗം ശരിയല്ല. മാത്രമല്ല, അങ്ങ് പ്രസംഗിച്ചത് സാധാരണ പ്രസംഗമല്ല. സ്റ്റാറ്റ്യൂട്ടറിയായി ഗവൺമെന്റിനുവേണ്ടി പ്രസംഗിക്കുമ്പോൾ നിങ്ങൾ ഏതെങ്കിലും ഒരു വിഭാഗത്തിന് മാത്രമായി അങ്ങനെ പറഞ്ഞത് ശരിയല്ല, അത് ഭരണഘടനാപരമല്ല എന്ന് ഞാൻ പറഞ്ഞത് അതുകൊണ്ട് മാത്രമാണ്.

മി. ചെയർമാൻ: ലാസ്റ്റ് പോയിന്റ്

ശ്രീ. ജി. സുധാകരൻ: ധാരാളം കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്. ഈ ഒരു പോയിന്റ് എനിക്ക് പറഞ്ഞേ പറ്റൂ. ഞങ്ങളുടെ നേതാവ് ശ്രീ. എം.എ. ബേബി ഇവിടെ പറഞ്ഞതിന്റെ കണ്ടിന്യുവേഷൻ ഞാൻ പറയുകയാണ്. നിങ്ങളുടെ കോൺഗ്രസ്സ് വളരെ ഭയങ്കരമാണ്, സി.പി.എം., സി.പി.ഐ. മോശമാണ്. ഞങ്ങൾ കോൺഗ്രസ്സ് മോശമാണെന്ന് പറഞ്ഞിട്ടില്ല. ഞാൻ വളരെ കാര്യമായി പേപ്പറുകൾ നോക്കി തയ്യാറാക്കിയ കണക്കാണ് ഇത്. ഇതുവരെയുള്ള 52 ലോക്സഭാ ഇലക്ഷനുകൾ എടുത്താൽ, 15 തവണയിൽ 10 തവണയും കോൺഗ്രസ്സിനാണ് ഏറ്റവും കൂടുതൽ സീറ്റ് കിട്ടിയിട്ടുള്ളത്. പക്ഷേ 10 തവണയേ കിട്ടിയുള്ളൂ. 5 തവണ കിട്ടിയിട്ടില്ല. നാലോ അഞ്ചോ തവണ ബി.ജെ.പി.ക്ക് സീറ്റ് കിട്ടിയിട്ടുണ്ട്, ഒരുതവണ ജനതാ പാർട്ടിക്ക് കിട്ടിയിട്ടുണ്ട്. ഇതാണ് അതിന്റെ സമ്പ്രദായം എന്നുപറയുന്നത്. കോൺഗ്രസ്സിന് ഒരിക്കലും 50 ശതമാനം വോട്ട് കിട്ടിയില്ല. 1984–ൽ 514 സീറ്റിൽ കോൺഗ്രസ്സ് മത്സരിച്ചപ്പോൾ 404 സീറ്റിൽ ജയിച്ചു. നിങ്ങൾക്ക് 49.1 ശതമാനം വോട്ട് കിട്ടി. സീറ്റ് 79.6% കിട്ടി. നെഹ്റുവിന്റെ കാലത്തുപോലും നിങ്ങൾക്ക് 75 ശതമാനം സീറ്റ്

കിട്ടിയപ്പോൾ നിങ്ങൾക്ക് പരമാവധി കിട്ടിയ വോട്ട് 47.8 ആണ്. ബി.ജെ.പി.യുടെ കാര്യം പറയേണ്ട. ബി.ജെ.പി. ക്ക് അതിനൊക്കെ താഴെ യാണ്. ഇപ്പോൾ 18 ശതമാനമാണെന്ന് ശ്രീ. എം.എ. ബേബി പറഞ്ഞു. നിങ്ങൾ രണ്ടുപേരും കൂടി കൂടിയാലും 50 ശതമാനമില്ല. ഇത് നിങ്ങൾ ചർച്ച ചെയ്യേണ്ട കാര്യമല്ലേ? ഞങ്ങൾക്ക് ഇപ്പോൾ രണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിക്കും കൂടി 7 ശതമാനത്തോളമുണ്ട്. അതുകൊണ്ട് കോൺഗ്രസ്സോ ബി.ജെ.പി. യോ അധികാരത്തിൽ വരുമെന്ന് കരുതരുത്. 'കോൺജെരിവാൾ' ഒന്നും വരാൻ പോകുന്നില്ല. കോൺജെരിവാളന്മാരൊന്നും വരില്ല. കോൺജെരിവാൾ ചില പ്പോൾ ഞങ്ങളുടെ മുന്നണിയിൽ വന്നേയ്ക്കാം. ഞാൻ അതിനെപ്പറ്റി രാഷ്ട്രീയമായി പറയുകയല്ല. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഇവിടെ അധികാരത്തിൽ വരുമെന്ന് ഞാൻ പറയുകയല്ല പക്ഷേ, സാദ്ധ്യ തയൊന്നും തള്ളിക്കളയരുത്. ഓരോ സ്റ്റേറ്റിലെയും കോൺഗ്രസ്സ് വിരുദ്ധ ബി.ജെ.പി. വിരുദ്ധ പാർട്ടികൾ നിങ്ങളുടെ വ്യാമോഹത്തിൽ വീഴുന്നില്ലെങ്കിൽ പിന്നെയുള്ള ചാൻസ് അതല്ലേ; അതിനുവേണ്ടി ഞങ്ങൾ പരിശ്രമിക്കില്ലേ? ഞാൻ പറയുകയാണ്, ഇവിടെ സഖാവ് ബേബി പറഞ്ഞപോലെ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയമാണ് പറഞ്ഞത്. എന്താണ് പറഞ്ഞത്? ഞങ്ങളൊരിക്കലും ബി.ജെ.പി.യെ സഹായിക്കില്ല. ബി.ജെ.പി.ക്ക് ഒരു സീറ്റ് കിട്ടാൻ ഞങ്ങൾ സഹായിക്കില്ല. ബി.ജെ.പി. അധികാരത്തിൽ വരാനും ഞങ്ങൾ സഹായിക്കി ല്ല. പക്ഷേ നിങ്ങളാണ് മോഡിയെ കയറൂരി വിട്ടത്. ജൂതന്മാരെ വംശവിച്ഛേ ദനം ചെയ്ത ഹിറ്റ്ലറുടെ അനുയായികളെ ന്യൂറംബെർഗിൽ ഒരു കോടതി സ്ഥാപിച്ച് ഐക്യരാഷ്ട്രസഭ ട്രയൽ ചെയ്ത് ശിക്ഷിച്ചതുപോലെ ജീവപര്യന്തം തടവിൽ കിടന്ന് മരിക്കേണ്ട മോഡിയെ കയറൂരി വിടുന്നത്

നിങ്ങളാണ്. നിങ്ങൾ കയറൂരി വിട്ട മോഡിയെ നിങ്ങൾ പ്രതിസ്ഥാനത്ത് നിർത്തിക്കൊണ്ട് അദ്ദേഹത്തിന്റെ പേരിൽ വോട്ട് ചോദിക്കുകയാണ്. നിങ്ങൾക്ക് ഒരിക്കലും രാഷ്ട്രീയമായ വസ്തുതകളെ കാണാൻ കഴിയുന്നില്ല. നിങ്ങൾക്ക് സി.പി.എം.–ന്റെയും സി.പി.ഐ.–യുടെയും ഓഫീസുകളുടെ പടിവാതിൽക്കൽ വരേണ്ടിവരും. നിങ്ങൾ കണ്ടോളൂ. എന്തിനാണെന്ന് മാത്രം ഞാൻ പറയുന്നില്ല. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെ ഒരു ഡോക്ടർ പരിശോധിച്ചപ്പോൾ അദ്ദേഹത്തിന് യുവാവിന്റെ ആരോഗ്യാവസ്ഥയാണെന്ന് പറഞ്ഞെന്നാണ് റിപ്പോർട്ട് കണ്ടത്. ശ്രീ. ജി. സുധാകരൻ പറഞ്ഞ ആലപ്പുഴയിലെ ഡോക്ടറാണോ അദ്ദേഹത്തെ പരിശോധിച്ചതെന്ന് എനിക്ക് ന്യായമായും സംശയമുണ്ട്. ഇവിടെ പ്രതിപക്ഷ ബഞ്ചുകളിൽ നിന്ന് വന്ന മുഴുവൻ പ്രസംഗങ്ങളിലും മാണിസാറ് കൊള്ളാം, ഉമ്മൻചാണ്ടി മോശമാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനങ്ങളിലൊക്കെ മുസ്ലീംലീഗിനെ ശക്തമായി ആക്രമിച്ച ആളുകളൊക്കെ ആകെ ബാലഗോകുലത്തിന്റെ ഒരു മീറ്റിംഗിൽ സമദാനി പോയതൊഴികെ ബാക്കിയൊന്നും മുസ്ലീംലീഗിന് മോശമായി കണ്ടില്ല. വച്ച വെള്ളമങ്ങ് വാങ്ങിവച്ചേരെ, ഈ പൂതി നടക്കില്ലായെന്ന് നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ...........ആരും കയ്യടിക്കേണ്ട. നിങ്ങൾ കേൾക്കാനും നിങ്ങൾ മനസ്സിലാക്കാനുമാണ് ഞാൻ പറഞ്ഞത്. കയ്യടിക്കുവേണ്ടിയല്ല ശ്രീരാമകൃഷ്ണാ ഞാൻ പറഞ്ഞത്. ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ മനുഷ്യാവകാശ ലംഘനം നടത്തിയെന്ന്

പറഞ്ഞു. തളർന്ന് കിടക്കുന്ന രണ്ട് കുട്ടികളെ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ കൊണ്ടുപോയതാണ് കുറ്റം; 8 വർഷമായി അവർ തളർന്ന് കിടക്കുകയാണ്. അദ്ദേഹത്തിന്റെ തൊട്ടടുത്ത നിയോജകമണ്ഡലത്തിലെ കുട്ടികളാണ്. 5 കൊല്ലം മന്ത്രിയായിരുന്നല്ലോ; ഒന്ന് പോയി നോക്കാമായിരുന്നില്ലേ? അദ്ദേഹത്തിന്റെ സുഹൃത്ത് ശ്രീ. രാജു എബ്രഹാമല്ലേ അവിടത്തെ എം.എൽ.എ. ഒരു പ്രാവശ്യംപോലും ഒന്നുപോയി നോക്കിയില്ലല്ലോ? എന്നിട്ട് ഇപ്പോൾ ഇവിടെ വന്ന് മനുഷ്യാവകാശ ലംഘനമാണെന്ന് പറയാൻ നാണമില്ലല്ലോ എന്ന് ഞാൻ ചോദിക്കുകയാണ്. ഇവിടെ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ഈ ആളുകൾക്ക് ദുരിതാശ്വാസനിധിയിൽ നിന്ന് സംഭാവന കൊടുക്കുക മാത്രമല്ല, ചികിത്സാ സഹായം കൊടുക്കുക മാത്രമല്ല ചെയ്യുന്നത്. അതിന് ജനസമ്പർക്ക പരിപാടിയിൽ പോകേണ്ട കാര്യമില്ല. നിങ്ങളും ഞങ്ങളും എല്ലാം നിയമസഭയ്ക്കുള്ളിലും മുഖ്യമന്ത്രിയുടെ ഓഫീസിലും മുഖ്യമന്ത്രിയെ കാണുന്നിടത്തെല്ലാം വച്ച് അപേക്ഷകൾ കൊടുക്കാറുണ്ട്. ഒരു രോഗിയേയും അദ്ദേഹം കാണണമെന്ന് ആവശ്യപ്പെടാറില്ല. നഷ്ട പരിഹാരം കിട്ടാറുണ്ട്. കഴിഞ്ഞ ഒരു മുഖ്യമന്ത്രി ഉണ്ടായിരുന്നല്ലോ? നിങ്ങളും ഞങ്ങളും അദ്ദേഹത്തിന്റെ അടുക്കൽ ഒരു അപേക്ഷയും സാധാരണഗതിയിൽ കൊടുക്കാറില്ലല്ലോ? കൊടുത്താൽ ആറും ഏഴും മാസം കഴിഞ്ഞ് അഞ്ഞൂറോ അറുന്നൂറോ രൂപയായിരുന്നല്ലോ കിട്ടിക്കൊണ്ടിരുന്നത്. ഇവിടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ ധന സഹായം കിട്ടുന്നതിന് ആർക്കും ഒരു പരാതിയില്ലല്ലോ; എല്ലാവർക്കും കിട്ടുന്നുണ്ടല്ലോ? അതിനെ ആക്ഷേപിക്കാതിരിക്കുക. ആ ഒരു മാന്യതയെങ്കിലും നിങ്ങൾ കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഞാൻ ആദ്യം അക്കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചിട്ട് ബാക്കി കാര്യങ്ങളിലേയ്ക്ക്

കടക്കാം. ശ്രീ. എം. എ. ബേബിയും ശ്രീ. മുല്ലക്കര രത്നാകരനും പ്രസംഗിച്ചപ്പോൾ ആറന്മുള വിമാനത്താവളത്തെക്കുറിച്ച് പ്രസംഗിച്ചു. ശ്രീ. ആർ. രാജേഷ് അവിടെ വന്ന് ജാഥ നടത്തുന്നതും റാലി നടത്തുന്നതും എനിക്ക് മനസ്സിലാക്കാം. രാജേഷിന് ഇക്കാര്യങ്ങൾ അറിയില്ല. അദ്ദേഹം നടത്തട്ടെ. പക്ഷേ മുല്ലക്കര രത്നാകരൻ ഇവിടെ പറയുന്നത് എനിക്ക് തെറ്റുപറ്റി. ബേബിയും പറയുന്നു തെറ്റ് പറ്റി. ഒരു നല്ല ക്രിസ്ത്യാനി രാത്രിയിൽ പ്രാർത്ഥന നടത്തുമ്പോൾ എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ എന്ന് എല്ലാ ദിവസവും പറയുന്നതുപോലെ ഇപ്പോൾ ആറന്മുള വിമാനത്താവളത്തെക്കുറിച്ച് എല്ലാ സ്ഥലത്തും ചെന്ന് എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ എന്ന് പ്രസംഗിക്കേണ്ട ഗതികേടിൽ നിങ്ങൾ എങ്ങനെ എത്തി? ഇപ്പോൾ ചടയമംഗലത്തേക്കാൾ ഏറ്റവും കൂടുതൽ പ്രാവശ്യം ആറന്മുളയിൽ വന്ന് പ്രസംഗിക്കുന്നത് ശ്രീ. മുല്ലക്കര രത്നാകരനാണ്. കഴിഞ്ഞ ദിവസം ശ്രീ. എം. എ. ബേബിയും മുല്ലക്കരയും വരുമെന്നായിരുന്നു പറഞ്ഞിരുന്നത്. പക്ഷേ വന്നത് ഡോ. തോമസ് ഐസക്കാണ്. ഡോക്ടറെ, ഒരു പരിസ്ഥിതി വാദിയുടെ കാപട്യമൊന്നും അങ്ങേയ്ക്കില്ലല്ലോ? അങ്ങ് അവിടെ വരരുതായിരുന്നു. അങ്ങ് എന്തിനാണ് വന്നത്; വികസനത്തിന്റെ കാര്യത്തിൽ വളരെ പോസിറ്റീവായിട്ടുള്ള നിലപാടെടുക്കുന്ന ഒരാളല്ലേ അങ്ങ്; അങ്ങ് എന്തിനാണ് അവിടെ വന്നത്; ഇത് ഒരു സുപ്രഭാതത്തിലെടുത്ത തീരുമാനമാണോ? കാബിനറ്റിലെടുത്ത തീരുമാനം അറിഞ്ഞില്ലെന്ന് മുല്ലക്കര രത്നാകരൻ ആറന്മുളയിൽ വന്നപ്പോൾ പ്രസംഗിച്ചു. ഇതെടുത്തപ്പോൾ അദ്ദേഹത്തിന് ഒരു ചെറിയ മയക്കം. 08–09–2010–ലെടുത്ത കാബിനറ്റ് തീരുമാനത്തിന്റെ കാബിനറ്റ് നോട്ട് അദ്ദേഹം വായിച്ചുകാണണമല്ലോ; എന്റെ സുഹൃത്ത് ശ്രീ. ജി. സുധാകരനും വായിച്ചുകാണണമല്ലോ; ശ്രീ. എം.എ. ബേബിയും വായിച്ചുകാണുമല്ലോ?

കാബിനറ്റ് നോട്ട് – A Greenfield Airport at Aranmula in Pathanamthitta District is an environment friendly public purpose project spreading over an area of 500 acres involving an investment of Rs. 2000 crores..... എന്നാണ് എൻവയോൺമെന്റ് ഫ്രണ്ട്‌ലി അല്ലാതായത്? അധികാരം പോയപ്പോൾ. അധികാരമുള്ളപ്പോൾ എൻവയോൺമെന്റ് ഫ്രണ്ട്‌ലി, അധികാരം പോകുമ്പോൾ പരിസ്ഥിതി ആഘാതം ഏറ്റവും കൂടുതൽ ഏൽപ്പിക്കുന്നത്. എന്നിട്ട് അതിനകത്ത് പറഞ്ഞിരിക്കുന്നു,

The promoters have requested the following sanctions:

1. NOC for the green field airport;
2. Exemption from the Ceiling Law for holding excess lands;
3. Exemption from Kerala Paddy and Wetland Conservation Act, 2008 for conservation of wetlands;

ശ്രീ. എം. എ. ബേബി, ഞങ്ങൾ ഇത് കൊടുത്തില്ല. കൊടുക്കും, കൊടുക്കാനിരിക്കുന്നതേയുള്ളു. അങ്ങ് പറയുന്ന 8 നിയമ ലംഘനങ്ങളുടെ ഒരു കൂടാരമാണെന്ന് പറഞ്ഞ ഈ നോട്ട് കേൾക്കുക. നോട്ടിന്റെ അവസാനം, All the clearances are permissible within the ambit of the existing laws as it involves genuine public interest and improves the infrastructural facilities of the State and thereby opening new vistas for trade, commerce and tourism activities adding significantly to State’s exchequer. It is worthwhile to note that our economic policy lays

emphasis on such projects as the present one can boost the infrastructure of the Sate. എന്നിട്ട് അവസാനം പറഞ്ഞിരിക്കുന്നു, സാക്ഷാൽ എയർപോർട്ടിന്റെ മന്ത്രി ആരായിരുന്നു? ശ്രീ. വി. എസ്. അച്ചുതാനന്ദൻ. ........this file also may be circulated to Hon'ble Chief Minister for orders whether the matter may be placed before the Council for granting in principle clearance for this project. എന്നിട്ട് മുഖ്യമന്ത്രിക്ക് കൊടുത്തു. മുഖ്യമന്ത്രിയുടെ ഓഫീസ് സ്വീകരിച്ചു. ക്യാബിനറ്റിൽ വച്ചു. ഇത് അപ്രൂവ് ചെയ്തു. അന്നേരം ശ്രീ. മുല്ലക്കര രത്നാകരനൊന്ന് മയങ്ങിപ്പോയി. അദ്ദേഹം കണ്ടതേയില്ല, അറിഞ്ഞതേയില്ല. ശ്രീ. മുല്ലക്കര രത്നാകരന് ഒരു മയക്കം ഉണ്ടായാൽ എനിക്ക് മനസ്സിലാക്കാം പക്ഷേ, മൂന്ന് പ്രാവശ്യം ഇത് ക്യാബനറ്റിൽ വന്നു, മൂന്ന് പ്രാവശ്യവും ശ്രീ. മുല്ലക്കര രത്നാകരൻ മയങ്ങിയോ? മൂന്ന് പ്രാവശ്യവും ശ്രീ. എം. എ. ബേബിക്ക് ഇന്നത്തെ ഈ ആകുലത തോന്നിയില്ല. എന്തുകൊണ്ട് തോന്നിയില്ല? ഇത് ഒന്നാമതായി വന്നത്, 14-09-2009 ൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ, സിവിൽ ഏവിയേഷൻ മിനിസ്ട്രി കേരള ചീഫ് സെക്രട്ടറിക്ക് കത്ത് കൊടുക്കുകയാണ്. കേരള ചീഫ് സെക്രട്ടറിയോട് ഫീസിബിലിറ്റിയുണ്ടോയെന്ന് ചോദിക്കുന്നു. അഫർമേറ്റീവായിട്ട് മറുപടി പോകുന്നു. അതിനുശേഷം 15-10-2009-ൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ടീം ഈ സ്ഥലം വിസിറ്റ് ചെയ്യുന്നു. എന്നിട്ട് ഇപ്പോൾ ഇതൊന്നും അറിഞ്ഞില്ല. ഇതിന കത്ത് പത്തുശതമാനം ഓഹരി പണം മുടക്കാതെ കേരള ഗവൺമെന്റ് എടുത്തത് വളരെ വലിയ മഹാപാതകമായിപ്പോയെന്നാണ് ശ്രീ. എം. എ.

ബേബി പറയുന്നത്. ശ്രീ. എം. എ. ബേബി, 02–11–2009–ൽ കിൻഫ്രയുടെ 51 –ാമത്തെ ബോർഡ് മീറ്റിംഗിൽ മൂന്നുശതമാനം ഓഹരി എടുക്കാൻ തീരുമാനിച്ചു. അന്ന് മൂന്നുശതമാനം ഓഹരിയെടുക്കാൻ തീരുമാനിച്ചത് നല്ലത്, ഇന്ന് പത്തുശതമാനം ഓഹരി എടുക്കാൻ തീരുമാനിച്ചത് മോശമെന്നല്ലേ അങ്ങ് പറയുന്നത്? ഒരു കാര്യം കൂടിയുണ്ട്, നാലാം വാർഷികം ആഘോഷിക്കണ്ടേ? ശ്രീ. ജി. സുധാകരൻ, നാലാം വാർഷികത്തിലെ പ്രോജക്ടുകളുടെ എണ്ണം ഒന്നെടുക്കണം. എണ്ണമെടുത്താൽ എന്തൊക്കെ നടപ്പിലായില്ലായെന്ന് നോക്കുന്നതിനേക്കാൾ എളുപ്പം എന്തൊക്കെ നടപ്പിലായിയെന്ന് നോക്കുന്നതാണ്. അഞ്ച് എണ്ണത്തിൽ കൂടുതലൊന്നും നടപ്പിലായില്ല. ഞാൻ അതിലേയ്ക്കല്ല വന്നത്. സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വരുന്ന ഒരു വർഷത്തെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ മന്ത്രിസഭായോഗം അംഗീകരിക്കുകയും ഒന്നാമത് പരാമർശിച്ച ഉത്തരവിലൂടെ പുറപ്പെടുവിക്കുകയും ചെയ്തു. ഇത് ഒരു മന്ത്രിസഭായോഗം. കൂടുതൽ പ്രോജക്ടുകൾ വന്നു. രണ്ടാമത്തെ മന്ത്രിസഭായോഗത്തിൽ വീണ്ടും ഇത് വന്നു. രണ്ട് മന്ത്രിസഭായോഗങ്ങളിലായാണ് ഈ പ്രോജക്ടുകൾ നിങ്ങൾ അംഗീകരിക്കുന്നത്. നിങ്ങൾ അംഗീകരിച്ച ഈ പ്രോജക്ടുകൾക്കകത്ത് വ്യവസായ വകുപ്പിന് രണ്ട് പ്രോജക്ടുകളാണുള്ളത്. ഒന്ന്, കുമരകം ടൂറിസ്റ്റ് റിസോർട്ട് വില്ലേജ് ആരംഭിക്കുന്നതാണ്. രണ്ട്, ഗ്രീൻ ഫീൽഡ് എയർപോർട്ട് പ്രോജക്ട് ആറന്മുളയിൽ ആരംഭിക്കുന്നതാണ്. അന്ന് ഈ പ്രോജക്ട് കൊള്ളാം ശ്രീ. ബേബി, ഇന്നിത് മോശമാണ്. അന്ന് നല്ല പ്രോജക്ടായിരുന്നു. എല്ലാവരും കയ്യടിച്ച് പാസ്സാക്കി. കൃഷി വകുപ്പിന്റെ പ്രോജക്ടുകൾക്ക് തൊട്ടുതാഴെയാണ് ഇത്.

ഇത് വായിക്കുമ്പോൾ എങ്കിലും ശ്രീ. മുല്ലക്കര രത്നാകരന് അറിയില്ലേ, അവിടെ എയർപോർട്ട് വരുമെന്ന്. അവിടെയും തീർന്നില്ല. അടുത്ത ക്യാബിനറ്റിൽ ഓരോ ജില്ലയിലും ഈ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഒന്നോ അതിലധികമോ മന്ത്രിമാരെ ചുമതലപ്പെടുത്തി. മന്ത്രിമാരെ ചുമതല പ്പെടുത്തിയപ്പോൾ പത്തനംതിട്ടയിൽ ഏത് മന്ത്രിയാണെന്ന് ഞാൻ നോക്കി, പത്തനംതിട്ട – ശ്രീ. മുല്ലക്കര രത്നാകരൻ, ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി. പാവം ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഇങ്ങോട്ടേങ്ങും വന്നിട്ടേയില്ല. ഈ പ്രോജക്ടുകളുടെ മേൽനോട്ടം വഹിക്കാൻ ഏർപ്പെടുത്തിയ ശ്രീ. മുല്ലക്കര രത്നാകരൻ മഹാത്മാഗാന്ധിയുടെ പടത്തിനുമുമ്പിലെങ്കിലും ഇത്രയും കാപട്യം കാണിക്കാൻ തയ്യാറാകരുതായിരുന്നുവെന്നാണ് നിങ്ങളോട് പറയുവാനുള്ളത്. ഇത്രയും കാപട്യം നിങ്ങൾ എന്തിന് കാണിക്കുന്നു? ഇപ്പോൾ ഇതെല്ലാം മോശമാണ്, വളരെ മോശമാണ്, വളരെ മോശമായ കാര്യമാണ്. ഡോ. ടി. എം. തോമസ് ഐസക്കേ, ഇക്കാര്യങ്ങളൊക്കെ നടക്കു മ്പോൾ അങ്ങുമുണ്ടായിരുന്നല്ലോ. അതിനുശേഷം ഇപ്പോൾ വന്നിട്ട് ഇതെല്ലാം വളരെ മോശമാണ്. .........ഞാൻ ശ്രീ. ടി. എൻ. പ്രതാപനോടും ശ്രീ. വി. ഡി. സതീശനോടും പറയും. മോശമായിപ്പോയിയെന്ന്, നമ്മളെ ഇത്രയും വെട്ടിലാ ക്കണ്ടായിരുന്നുവെന്ന് തൊട്ടടുത്തിരിക്കുന്ന ശ്രീ. എം. എ. ബേബിയോട് അങ്ങൊന്ന് പറയണം.

ശ്രീ. എം. എ. ബേബി: സർ, ഈ നിയമസഭയിലെ ഭൂരിപക്ഷം എം.എൽ.എ.–മാർ ഇത് നിയമങ്ങൾ ലംഘിച്ചുകൊണ്ടുള്ള പദ്ധതിയാണെന്ന് പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് എൽ.ഡി.എഫ്.–ന്റെ ഇതിലെ പങ്കിനെക്കുറിച്ചാണ് പറയുന്നത്. ഇതിനെ സംബന്ധിച്ച് സമഗ്രമായ ഒരു ജുഡീഷ്യൽ അന്വേഷണം

നടത്തി ആർക്കെല്ലാം ഇതിൽ ഉത്തരവാദിത്വമുണ്ട്, അവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ;

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ഒരു കാര്യം കൂടി പറയാം, നിങ്ങൾ തുടങ്ങിയെന്നുള്ളതുകൊണ്ടല്ല ഞങ്ങൾ ഇതുമായി മുന്നോട്ടു പോകുന്നത്. ഇത് പത്തനംതിട്ട ജില്ലയുടെയും മദ്ധ്യതിരുവിതാംകൂറിന്റേയും വികസനത്തിനുതകുന്ന പദ്ധതിയായതുകൊണ്ടാണ് ഞങ്ങൾ ഇതുമായി മുന്നോട്ടുപോകുന്നത്. ഞാൻ ഇപ്പോൾ പറയാൻ പോകുന്നത് ശ്രീ. എ. കെ. ബാലൻ പറഞ്ഞ കാര്യമാണ്. പത്തനംതിട്ടയിലെ യു.ഡി.എഫ്. നേതാക്കൻമാരെ ശ്രീ. രമേശ് ചെന്നിത്തല കെ.പി.സി.സി. ഓഫീസിൽ വിളിച്ചു. മുഖ്യമന്ത്രി ഉൾപ്പടെയുള്ള യു.ഡി.എഫ്.-ന്റെ നേതാക്കന്മാർ ഉണ്ടായിരുന്നു. അവിടെവച്ച് ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ചു, ഈ പദ്ധതിയുമായി മുന്നോട്ടുപോകുമെന്ന് തീരുമാനം എടുത്തു. അത് യു.ഡി.എഫ്.-ന്റെ തീരുമാനമാണ്. കോൺഗ്രസ്സിൽ ആ തീരുമാനത്തിനോട് യോജിപ്പില്ലാത്ത ആളുകളുണ്ടാവാം. സ്വതന്ത്രമായ അഭിപ്രായം പറയാം. അപ്പുറത്ത് സ്വതന്ത്രമായ അഭിപ്രായം പറഞ്ഞാൽ ശ്രീ. എം. എ. ബേബി, ശ്രീ. എ. കെ. ബാലൻപോലും നിങ്ങളുടെ അഭിപ്രായത്തോട് യോജിക്കില്ല. അത് നിങ്ങൾ മനസ്സിലാക്കണം. പത്തനംതിട്ടയിലെ ജനങ്ങൾക്ക് ആവശ്യമുണ്ടെന്ന് ഞങ്ങൾ വെറുതെ പറയുന്നതല്ല. ഒരു പ്രോജക്ട് നടപ്പിലാക്കാൻ കേരളത്തിൽ ഹിതപരിശോധന നടത്തേണ്ട കാര്യമില്ല. അങ്ങനെ നടത്തിയാൽ ഒരു പ്രോജക്ടും നടപ്പിലാക്കാൻ പറ്റില്ല. പക്ഷേ ഇവിടെ ഹിതപരിശോധനയ്ക്കുള്ള ഒരവസരം വരുന്നു. മൂന്നുനാല് മാസങ്ങൾക്കുള്ളിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് വരികയാണ്. ഞാൻ ശ്രീ. എം. എ. ബേബിയെ വെല്ലുവിളിക്കുന്നു. ഈ എയർപോർട്ട് പ്രോജക്ടിന് എതിര് നിൽക്കുന്ന ഞങ്ങൾക്ക് വോട്ടുചെയ്യണമെന്ന് നിങ്ങൾ പറയണം.

എയർപോർട്ട് പ്രോജക്ടിന് തടസ്സം നിൽക്കുന്നത് നിങ്ങളാണ്, ഞങ്ങൾ അതിനുവേണ്ടി നിൽക്കുന്നവരാണ്, അതിനുവേണ്ടി വോട്ടു ചെയ്യണമെന്ന് പത്തനംതിട്ട ജില്ലയിൽവന്ന് ഞങ്ങൾ പറയും. നിങ്ങൾ ഈ വെല്ലുവിളിക്ക് തയ്യാറാണോ; തയ്യാറാണോ? നിങ്ങൾ ചർച്ച ചെയ്യില്ലെന്ന് മാത്രമല്ല.... ശ്രീ. എം. എ. ബേബി, നിങ്ങൾക്ക് ചർച്ച ചെയ്യാനുള്ള ആംബിയറില്ല. ഞാൻ ഇവിടെ പറയുന്നു, നിങ്ങൾക്കതിനുള്ള ആംബിയറില്ല. കുമ്മനം രാജശേഖരനും ചില ആർ.എസ്.എസ്.-കാരും നൽകുന്ന കയ്യടി കേട്ടിട്ട് നിങ്ങൾ ഈ വർത്തമാനം പറയരുത്. എൽ.ഡി.എഫ്.-ന്റെ കാലത്ത് ആറന്മുള ഏവിയേഷൻ കമ്പനിയുടെ ഓഫീസ് ഉദ്ഘാടനം നടത്തിയത് ഈ ക്യാബനറ്റിലെ ഒരു മന്ത്രിയായിരുന്നു. ബി.ജെ.പി. നേതാക്കൾ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇന്നത്തെ സമരത്തിന്റെ മുൻപന്തിയിൽ നിൽക്കുന്ന നേതാക്കൾ, കോൺഗ്രസ്സിൽ നിന്ന് ഇന്ന് സമരത്തിന്റെ മുൻപന്തിയിൽ നിൽക്കുന്ന ചില നേതാക്കൾ എന്നിവരെല്ലാം വന്നാണ് ആ ഓഫീസിന്റെ ഉദ്ഘാടനം നടത്തിയത്.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷത്തുനിന്ന് വി. ഡി. സതീശൻ, ശ്രീ. ടി. എൻ. പ്രതാപൻ എന്നൊക്കെ പറഞ്ഞു. ഞാൻ ഇതിനെക്കുറിച്ച് അഭിപ്രായം പറഞ്ഞത് ശ്രീ. സി. പി. മുഹമ്മദ് ചെയർമാനായ നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട് നിരവധി നിയമങ്ങൾ അവിടെ ലംഘിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആ നിയമങ്ങൾ ലംഘിച്ചത് ശരിയല്ലായെന്ന് ഞാൻ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ആ നിയമങ്ങളെല്ലാം ലംഘിച്ചത് എൽ.ഡി.എഫ്. ഭരണകാലത്താണ്. ഒരു സംശയവും ആ കാര്യത്തിലില്ല. ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞ ആ കാര്യത്തിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ : ഞാൻ ചോദിക്കട്ടേ വയൽ നികത്താതെയാണോ നെടുമ്പാശേരിയിൽ വിമാനത്താവളം ഉണ്ടായത്? വയൽ നികത്താതെയാണോ തൃശൂരിൽ കൺവെൻഷൻ സെന്റർ ഉണ്ടായത്? വയൽ നികത്താതയാണോ ഇവിടെ പല സ്ഥലങ്ങളിലും പല വികസന പ്രവർത്തനങ്ങളും നടക്കുന്നത്? ആറന്മുളയിൽ വയൽ നികത്തുന്നത് ഒരു വലിയ നിയമ വിരുദ്ധ സംഗതിയായി മാറുന്നു. മാറിക്കോട്ടേ. എനിക്ക് വിരോധമൊന്നുമില്ല. പക്ഷേ ഈ നികത്തൽ നടന്ന സമയത്ത് പരിസ്ഥിതിവാദികൾ എവിടെയായിരുന്നു? അന്നും നിയമസഭയ്ക്ക് പരിസ്ഥിതി കമ്മിറ്റിയുണ്ടായിരുന്നു. ഈ പരിസ്ഥിതി വാദികളൊക്കെ ഉണ്ടായിരുന്നു. അവരാരും അവിടെ വന്നില്ലല്ലോ? എതിർത്തില്ലല്ലോ? ബി.ജെ.പി. എതിർത്തില്ലല്ലോ? ഇതിന്റെ പുരോഗതി പരിശോധിക്കാൻ 9.2.2010-ൽ നിങ്ങൾ ഡർബാർ ഹാളിൽ ഉദ്യോഗസ്ഥന്മാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി. അവിടെവച്ച് എന്തെല്ലാം ക്ലിയറൻസുകളാണ് കൊടുക്കേണ്ടതെന്ന് നിങ്ങളുടെ ഉദ്യോഗസ്ഥന്മാർ ആലോചിച്ച് തീരുമാനിച്ചു. അന്നൊന്നും കുഴപ്പമില്ലായിരുന്നു. ഈ ഗവൺമെന്റ് വന്നപ്പോൾ ആകെ കുഴപ്പമാണ്. നിയമവിരുദ്ധമാണ്. ഞാൻ ചോദിക്കട്ടെ നിയമവിരുദ്ധമാണെങ്കിൽ ഗ്രീൻ ഫീൽഡ് എയർപോർട്ടിനെതിരെ സുപ്രീം കോടതിയുടെ ഗ്രീൻ ബെഞ്ചിൽ നിങ്ങളുടെ സഹപ്രവർത്തകനും സഹസമര സഹായിയുമായ കുമ്മനം രാജശേഖരൻ കേസ് കൊടുത്തു. കേസ് തള്ളിയപ്പോൾ 25,000 രൂപ പിഴ അടയ്ക്കേണ്ടി വന്നു. വീണ്ടും ഒരു കേസ് കൊടുത്തിട്ടുണ്ട്. അത് ഈ എൻവയോൺമെന്റ് ക്ലിയറൻസിന്റെ പ്രൊവിഷൻ അനുസരിച്ചാണ്. ഒരു മാസത്തിനകം അപ്പീൽ കൊടുക്കാനുള്ള പ്രൊവിഷനുണ്ട്. കൊടുത്തിരിക്കുകയാണ്. ഇവിടെ മുഖ്യമന്ത്രി എല്ലാം മറച്ചുവച്ചാണ്, ഒന്നും ചർച്ച ചെയ്യാതെ

യാണ് ക്ലിയറൻസ് കൊടുത്തതെങ്കിൽ എൻവയോൺമെന്റൽ ക്ലിയറൻസ് കൊടുത്തത് ശരിയല്ല എന്ന് ആ ബെഞ്ചിൽ പറഞ്ഞാൽ ഇത് തീരില്ലേ? പിന്നെ ഇതുമായി മുന്നോട്ടുപോകാൻ കഴിയുമോ? നിങ്ങളുടെ കൈയിലുള്ള എല്ലാ തെളിവുകളും നിങ്ങൾ അവിടെ കൊടുക്കൂ. ക്ഷേത്രത്തിന്റെ കാര്യത്തിൽ എന്തൊരു ഔത്സുക്യമുള്ള ആളുകളാണ് നിങ്ങൾ? കുമ്മനം രാജശേഖരനോ ടൊപ്പം സമരം ചെയ്യാനായി ക്ഷേത്രത്തിൽ വരുന്നത് ഡി.വൈ.എഫ്.ഐ. യുടെ നേതാക്കളാണ്. ഹൈക്കോടതിയിൽ അതിനെ സംബന്ധിച്ച് ഒരു കേസ് ഉണ്ട്. ആ കേസിന്റെ തീരുമാനം വരട്ടെ. അവിടെ വച്ച് നമുക്ക് തീരുമാനി ക്കാം. ഞങ്ങൾ ആറന്മുള എയർപോർട്ടിന് എതിരാണെന്ന് ശ്രീ. മാത്യു ടി തോമസ് തിരുവല്ലായിൽ വച്ച് പറയട്ടെ. ഞങ്ങൾ ആറന്മുള എയർപോർട്ടിന് എതിരാണെന്ന് ശ്രീ. രാജു എബ്രഹാം റാന്നിയിൽ പറയട്ടെ. ചുമ്മാതിരിക്ക് മാത്യു ടി തോമസേ, നിങ്ങൾ പത്തു പ്രാവശ്യമല്ല ഒരു പ്രാവശ്യം പോലും മിണ്ടുകയില്ല. നിങ്ങളുടെ വോട്ട് മുഴുവൻ പോകും. അതുകൊണ്ട് നിങ്ങൾ ആ വർത്തമാനം പറഞ്ഞ് ഞങ്ങളെ വിരട്ടേണ്ട. നിങ്ങൾ ഇപ്പോൾ പ്രസംഗിക്കാൻ വരുന്നത് ടൂറിസ്റ്റ് വണ്ടിയിൽ ആളുകളെയും കൊണ്ടാണ്. കാരണം ആ നാട്ടു കാർ ഇതിന് അനുകൂലമാണ്. ടൂറിസ്റ്റ് വണ്ടിയിൽ ആളുകളെയും കൊണ്ടുവ ന്നിട്ട് ഇതിനെതിരെ ഞങ്ങൾ വലിയ സമരം ചെയ്യുകയാണെന്ന് പറഞ്ഞു. നിങ്ങൾ അവിടെ ഒരു കുന്തവും ചെയ്യുന്നില്ല. അവിടെയുള്ള നിങ്ങളുടെ ഡി.വൈ.എഫ്.ഐ. നേതാക്കന്മാരും മാർസിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്ക ന്മാരും നിങ്ങളുടെ ഈ സമരത്തോട് യോജിപ്പില്ലാത്തവരാണെന്ന യാഥാർത്ഥ്യം നിങ്ങൾ തിരിച്ചറിയണം. എന്നിട്ടുവേണം നിങ്ങൾ സമരരംഗ ത്തേയ്ക്ക് വരാൻ. ഈ കാര്യത്തെ സംബന്ധിച്ച് ഇനിയും പ്രസംഗങ്ങളിൽ നിങ്ങൾ വേറെ പല കാര്യങ്ങൾ പറയും. ഞാൻ മറുപടി അന്നേരം പറഞ്ഞു

കൊള്ളാം. പക്ഷേ ഞാൻ ഒരു കാര്യം മാത്രം പറയും. ഇവിടെ നിയമസഭയുടെ പരിസ്ഥിതി സമിതി ചില കണ്ടീഷൻസ് പറഞ്ഞിട്ടുണ്ട് എന്നേയുള്ളു. ഈ പ്രോജക്ട് വേണ്ടെന്ന് ശ്രീ. മുല്ലക്കര രത്നാകരൻ അംഗമായ പരിസ്ഥിതി കമ്മിറ്റി പറഞ്ഞിട്ടില്ല. അത് മുല്ലക്കര രത്നാകരൻ ഇനി ഒന്ന് വായിക്കണം. വായിച്ച് ബാക്കിയുള്ളവരെ ഒന്ന് ബോധിപ്പിക്കണം. അതുകൊണ്ട് ആടിനെ പട്ടിയാക്കുന്ന പ്രചരണം നടത്തി മുന്നോട്ടുപോകുന്നത് ശരിയല്ല എന്നുമാത്രമാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഇവിടെ അഖിലേന്ത്യാ രാഷ്ട്രീയത്തെ സംബന്ധിച്ച് വളരെ വിശദമായി സംസാരിച്ചു. വ്യാമോഹം കൊള്ളാം. അത് മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെയാണ്. 50%-ൽ കുറവേ ബി.ജെ.പി.ക്കും കോൺഗ്രസിനും കൂടി കിട്ടിയുള്ളു. അതിനെക്കാൾ കൂടുതൽ ബാക്കിയുള്ളവരാണ്. അതിനകത്ത് ഞങ്ങളുടെ ഒന്നോ ഒന്നരയോ ശതമാനം കൂടിയുണ്ട്. അതുകൊണ്ട് ഞങ്ങളും മുതലയച്ഛനും കൂടി ഇന്ത്യാ രാജ്യം ഭരിക്കാമെന്ന വ്യാമോഹം ശ്രീ. എം.എ. ബേബി, അങ്ങ് വാങ്ങിവയ്ക്കുകയാണ് നല്ലത്. അത് വേണ്ട. അത് ഈ ഇന്ത്യയിൽ നടക്കില്ല. കാരണം നിങ്ങളുടെ മൂന്നാം മുന്നണിയുടെ കൺവീനറായിരുന്ന ചന്ദ്രബാബു നായിഡു തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ പൊങ്ങിയത് ബി.ജെ.പി.യുടെ പാളയത്തിലാണ്. അല്ലേ? ഞങ്ങൾ ബി.ജെ.പി.യുമായി മത്സരിച്ചപ്പോൾ തോറ്റിട്ടുണ്ട്. ഞങ്ങൾ വീണ്ടും ജയിച്ചിട്ടുണ്ട്. മഹാരാഷ്ട്ര പോലെയൊരു സംസ്ഥാനത്ത് ശിവസേന - ബി.ജെ.പി. സഖ്യം ഞങ്ങളെ തോൽപ്പിച്ചതാണ്. ഞങ്ങൾ അവിടെ രാഷ്ട്രീയ പ്രവർത്തനം നടത്തി തിരിച്ച് അധികാരത്തിലേയ്ക്ക് വന്നു. ഇപ്പോഴും ഞങ്ങൾ അവിടെ ഭരിക്കുന്നു. കർണാടകത്തിൽ ഞങ്ങൾ രണ്ടുപ്രാവശ്യം തോറ്റു. ഞങ്ങൾ വീണ്ടും തിരിച്ചുവന്നില്ലേ? ഹിമാചൽപ്രദേ

ശിൽ ഞങ്ങൾ തോറ്റു. ഞങ്ങൾ തിരിച്ചുവന്നില്ലേ? ഉത്തരാഖണ്ഡിൽ ഞങ്ങൾ തോറ്റു. ഞങ്ങൾ തിരിച്ചുവന്നില്ലേ? രാജസ്ഥാനിൽ ഇപ്പോൾ ഞങ്ങൾ തോറ്റു. മുമ്പ് ബി.ജെ.പി. ഭരിച്ചിരുന്ന സംസ്ഥാനത്ത് അവിടെ അവരെ തോല്പിച്ച് ഞങ്ങൾ വന്നതല്ലേ? ഡൽഹി ബി.ജെ.പി. അധികാരത്തിലിരുന്ന സംസ്ഥാന മല്ലേ? അതുകൊണ്ട് ഞങ്ങളെ അതൊന്നും പറഞ്ഞ് പേടിപ്പിക്കരുത്. പതിനഞ്ച് മുഖ്യമന്ത്രിമാർ ഇപ്പോഴും കോൺഗ്രസ് മുഖ്യമന്ത്രിമാരാണ്. ബി.ജെ.പി.ക്ക് അഞ്ച് മുഖ്യമന്ത്രിമാരെയുള്ളു. അത് കാണിച്ച് ഞങ്ങളെ വിരട്ടാൻ ഇവിടെ നിങ്ങൾ ശ്രമിക്കരുത് എന്നുമാത്രമേ ഞങ്ങൾക്ക് ഈ അവസരത്തിൽ സൂചിപ്പി ക്കാനുള്ളു. അഖിലേന്ത്യാ രാഷ്ട്രീയത്തിൽ നിങ്ങൾക്ക് സ്ഥാനമുണ്ടായി രുന്നു. നിങ്ങൾക്ക് സ്ഥാനമുണ്ടാകണമെന്നുമാണ് ഞങ്ങളുടെ ആഗ്രഹം. പക്ഷേ നിങ്ങൾക്ക് എങ്ങനെ സ്ഥാനം നഷ്ടപ്പെട്ടു എന്നുള്ളതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. ശ്രീ. ജി. സുധാകരാ, നിങ്ങൾക്ക് ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി യൂണിയൻ എത്രയോ തവണ കിട്ടിയിട്ടുണ്ട്. ഡൽഹി സമൂഹം കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്ക് എതിരൊന്നുമല്ല. പക്ഷേ എന്നിട്ടും കമ്മ്യൂ ണിസ്റ്റ് പ്രസ്ഥാനത്തിന് ഇന്ത്യൻ തലസ്ഥാനത്ത് ആയിരം വോട്ടുമാത്രമേ കിട്ടി യുള്ളുവെന്നുപറഞ്ഞാൽ കഴിഞ്ഞ കാലത്തെ നിങ്ങളുടെ രാഷ്ട്രീയ പ്രവർത്തനം ശരിയായില്ല എന്ന് നിങ്ങൾ വിളിച്ചുപറയുകയല്ലേ? നിങ്ങൾ അത് ആലോചിക്കണ്ടേ? ഇന്ത്യയുടെ ഹൃദയഭാഗത്ത് നിങ്ങൾക്ക് പിന്തുണ കിട്ടാതെ പോയത് എന്തുകൊണ്ടാണ് എന്നതിനെക്കുറിച്ച് നിങ്ങൾ എന്തു കൊണ്ട് ആലോചിക്കുന്നില്ല. നിങ്ങൾ സ്വയം നോക്കൂ. നിങ്ങളുടെ ചരിത്രം നിങ്ങൾ പരിശോധിക്കൂ. എവിടെയാണ് നിങ്ങൾക്ക് തെറ്റുപറ്റിയത് എന്നതിനെ ക്കുറിച്ച് നിങ്ങൾ ആലോചിക്കൂ. അഞ്ച് സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് നടക്കു മ്പോൾ ശ്രീ. പ്രകാശ് കാരാട്ട് ഉൾപ്പെടെയുള്ള പോളിറ്റ് ബ്യൂറോ മെമ്പേഴ്സ്

പാലക്കാട്ട് വന്നിരിക്കുകയായിരുന്നു. അപ്പോൾ ഈ അഞ്ച് സംസ്ഥാനത്തെ തെരഞ്ഞെടുപ്പും നിങ്ങളുടെ പാർട്ടിയും തമ്മിൽ എന്താണ് ബന്ധം? അതിനെക്കുറിച്ച് ആലോചിക്കാതെ, യാഥാർത്ഥ്യങ്ങൾ കാണാതെ കോൺഗ്രസിന്റെ നേരെ വിരൽചൂണ്ടിയിട്ട് കാര്യമില്ലെന്ന് ആദ്യമേ തന്നെ നിങ്ങൾ മനസ്സിലാക്കണം. ഇവിടെ അഖിലേന്ത്യാ തലത്തിൽ മോഡിയെപ്പോലെയുള്ള ഒരു ഭീകരസത്വം അധികാരത്തിലേയ്ക്ക് വരുമ്പോൾ അതിന് അനുകൂലമായ ഒരു ചെറിയ സാഹചര്യമെങ്കിലും ഉണ്ടാക്കാൻ ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ തയ്യാറാകരുത് എന്നാണ് വിനയപുരസ്സരം എനിക്ക് നിങ്ങളോട് പറയാനുള്ളത്. ഞാൻ ദീർഘമായ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ശരിയായ രീതിയിൽ പ്രവർത്തനം നടത്തുന്ന ഒരു ഗവൺമെന്റാണിത്. ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്ന ഒരു ഗവൺമെന്റാണിത്. ഞാൻ ഒരു കാര്യം മാത്രം സൂചിപ്പിക്കാം. എന്റെ നിയോജക മണ്ഡലത്തിലെ മാലക്കര സെന്റ് തോമസ് ഹോസ്പിറ്റലിൽ ഞാൻ ഒരു ദിവസം പോയിരുന്നു. അവിടെ വച്ച് വയനാട്ടിൽ നിന്നുള്ള ഒരു പെൺകുട്ടിയുടെ ഫോട്ടോ ഞാൻ കണ്ടു. മുഖം മുഴുവൻ വികൃതമാണ്. മുച്ചുണ്ട് മാത്രമല്ല, പല്ലുകൾ എഴുന്ന്, ഒരുതരത്തിലും മുഖത്ത് നോക്കാൻ കഴിയാത്ത ആ കുട്ടിയെ സോഷ്യൽ ജസ്റ്റിസ് വകുപ്പ് മാലക്കര ഹോസ്പിറ്റലിലേയ്ക്ക് അയച്ചിരിക്കുകയാണ്. ഗവൺമെന്റിന്റെ ചെലവിൽ ആ മുഖം ഓപ്പറേറ്റ് ചെയ്യാൻ അങ്ങോട്ട് അയച്ചിരിക്കുന്നു. ആ കുട്ടിയും അതിന്റെ കുടുംബവും എത്രയോ കാലമായി തീതിന്നു കഴിയുകയായിരുന്നു. ആ കുട്ടിയെ കാണുവാനും ആ കുട്ടിയുടെ മനസ് എന്തെന്ന് അറിയുവാനും ഉമ്മൻചാണ്ടിയുടെ ഗവൺമെന്റിന് മാത്രമേ സാധ്യമാകുകയുള്ളു. അതാണ് ഈ ഗവൺമെന്റ്. അത് ജനങ്ങൾ തിരിച്ചറിയുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. ഞാൻ ഈ നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ശ്രീ. ഉമ്മൻചാണ്ടി മലയാളത്തിൽ സാധാരണ നടത്തുന്ന രാഷ്ട്രീയ പ്രസംഗം ഇംഗ്ലീഷിലാക്കിയെന്ന വ്യത്യാസം മാത്രമേ ഗവർണ്ണറുടെ പ്രസംഗത്തിലുള്ളൂ. ഗവർണ്ണറെക്കൊണ്ടു നടത്തിക്കുന്ന പ്രഖ്യാപനത്തോട് യാതൊരു നീതിയും പുലർത്താത്ത സർക്കാരാണ് ഉമ്മൻചാണ്ടി സർക്കാർ. ഇന്നലെയും ഇന്നുമായി പ്രസംഗിച്ച പ്രതിപക്ഷാംഗങ്ങൾ അത് ചൂണ്ടിക്കാണിച്ചു. 2011-ൽ പ്രഖ്യാപിച്ച മാലിന്യവിമുക്ത കേരളം പദ്ധതിയുടെ സ്ഥിതിയെന്താണ്; എമർജിംഗ് കേരള എന്തായി; ഇടുക്കി പദ്ധതി എവിടെയെത്തി; കുട്ടനാട് പദ്ധതി എവിടെയെത്തി? മത്സ്യത്തൊഴിലാളികൾക്ക് 400 കോടിയുടെ സഹായം കൊടുത്തോ? 2011-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വിശപ്പ് രഹിത നഗരം പദ്ധതി ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞോ? തമിഴ്നാട്ടിൽ കുമാരി ജയലളിത അത് നടപ്പിലാക്കിയിട്ടുണ്ട്. സൗജന്യ ഉച്ചഭക്ഷണ പദ്ധതി ഇവിടെ നടപ്പിലാക്കിയോ? 2012-ൽ അതിവേഗ റെയിൽ കോറിഡോർ, നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ട് - അത് യു.ഡി.എഫിന്റെ എം.എൽ.എ.മാർക്കു മാത്രം, കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി വന്നോ?

<u>മി സ്പീക്കർ</u>: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഞാൻ ഇടപെടുകയല്ല. എം.എൽ.എ.മാരുടെ കാര്യമായതുകൊണ്ട് ഒരു കാര്യം ഞാൻ പറഞ്ഞുകൊള്ളട്ടെ, അതുമാത്രമായതുകൊണ്ടാണ്. ആസ്തിവികസന ഫണ്ട് നൽകുന്നതിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്ന ചേരിതിരിവൊന്നുമില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഇന്നലെ പ്രതിപക്ഷ എം.എൽ.എ.മാരുടെ യോഗം ചേർന്നപ്പോൾ കിട്ടിയ റിപ്പോർട്ട് മിക്ക മണ്ഡലങ്ങളിലും ഈ പദ്ധതികൾ നടന്നിട്ടില്ല എന്നാണ്.

<u>മി സ്പീക്കർ</u>: ഞാൻ മുഖ്യമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും ഇക്കാര്യം സംസാരിക്കാം. അങ്ങനെ വന്നിട്ടുണ്ടെങ്കിൽ അത് തെറ്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് ശ്രദ്ധിക്കണം, ആസ്തിവികസന ഫണ്ടുമായി ബന്ധപ്പെട്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു കാര്യം പറഞ്ഞു. ആസ്തി വികസന ഫണ്ട് – 5 കോടി രൂപ എല്ലാ എം.എൽ.എ.മാർക്കും തുല്യമാണ്. അങ്ങനെയല്ലാതെയുണ്ടെങ്കിൽ അത് അന്വേഷിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: സർ, എല്ലാ എം.എൽ.എ.മാർക്കും 5 കോടി രൂപയുണ്ട്. അതിനായി നിർദ്ദേശിച്ചിരുന്ന ചില വ്യവസ്ഥകൾക്ക് വിധേയമായി എഴുതിക്കൊടുത്തിട്ടുള്ള വർക്കുകൾക്കൊക്കെ എ.എസ്. കൊടുക്കാൻ പ്രത്യേകമായ നിർദ്ദേശം കൊടുത്തു. ഭരണകക്ഷിയിലെ എം.എൽ.എ.മാർ തന്നെ അതിന് ചില കാലതാമസങ്ങളുണ്ടാകുന്നുവെന്ന് പറഞ്ഞപ്പോൾ ധനകാര്യ വകുപ്പ് അതിനായി പ്രത്യേകമായ സംവിധാനവും ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരുതരത്തിലുള്ള വ്യത്യാസവും കാണിച്ചിട്ടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഇന്നലെ പ്രതിപക്ഷ എം.എൽ.എ.മാരുടെ യോഗം ചേർന്നപ്പോൾ വന്ന ഏറ്റവും വലിയ വിമർശനം അതാണ്. പ്രതിപക്ഷത്തുള്ള ആളുകളുടെ കാര്യം പരിശോധിച്ചാൽ രണ്ടാം വർഷത്തേത് ഒരു സ്ഥലത്തും നടന്നിട്ടില്ല. ഒന്നാം വർഷത്തേത് ചില മണ്ഡങ്ങളിൽ മാത്രമേ നടന്നിട്ടുള്ളൂ. പ്രതിപക്ഷത്തുള്ള എം.എൽ.എ.മാരുടെ വർക്ക് ടെണ്ടർ ചെയ്യാൻ തയ്യാറാകുന്നില്ല.

പാലക്കാട് ഐ.ഐ.ടി. വരുമെന്ന് പ്രഖ്യാപിച്ചതല്ലേ, അത് നടപ്പിലായോ; എട്ട് ജില്ലകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വന്നോ? അതുകൊണ്ട് ഈ ഗവൺമെന്റ് നടത്തുന്ന നയപ്രഖ്യാപനങ്ങളും ബഡ്ജറ്റ് പ്രഖ്യാപനങ്ങളുമെല്ലാം പ്രാവർത്തികമാക്കണമെന്നുള്ള യാതൊരു ഉദ്ദേശവുമില്ലാതെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിനെതിരായിക്കഴിഞ്ഞു. ഗവൺമെന്റ് ഈ ബഡ്ജറ്റ് സമ്മേളനം നേരിടുന്നതിന് മുമ്പ് മന്ത്രിസഭയിൽ ചില മാറ്റങ്ങൾ വരുത്തി. എത്ര മാറ്റം വരുത്തിയാലും ഈ ഗവൺമെന്റിന് ഏറ്റിട്ടുള്ള കറ മാറ്റിക്കളയാൻ അതുകൊണ്ടാകില്ല. ഉമ്മൻചാണ്ടി സർക്കാർ കറവ വറ്റിയ ഒരു പശുവാണ്. ഒരു കറവക്കാരനെ മാറ്റി വേറൊരു കറവക്കാരനെ കൊണ്ടുവന്നാൽ ഈ പശു പാൽ ചുരത്താൻ പോകുന്നില്ല. ആഭ്യന്തരമന്ത്രി സ്ഥാനത്തുനിന്നും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ മാറ്റി ശ്രീ. രമേശ് ചെന്നിത്തലയെ കൊണ്ടുവന്നു. ഇടതുകാലിലെ മന്ത് വലതു കാലിലേയ്ക്കായി എന്നുള്ളതല്ലാതെ എന്തു മാറ്റമാണ് ഇവിടെ വരുന്നത്? നമ്മളൊക്കെ മനസ്സിലാക്കിയിട്ടുള്ളത് കെ.പി.സി.സി. പ്രസിഡണ്ട് യഥാർത്ഥത്തിൽ മുഖ്യമന്ത്രിക്ക് മുകളിലാണെന്നാണ്. മുഖ്യമന്ത്രിയെത്തന്നെ നിയന്ത്രിക്കേണ്ട ആളാണ് കെ.പി.സി.സി. പ്രസിഡന്റ്. ഒന്നാമനായി അദ്ദേഹം അവിടെയിരിക്കുമെന്നാണ് നമ്മളൊക്കെ പ്രതീക്ഷിച്ചിരുന്നത്. ഒന്നാമനായി മന്ത്രിസഭയെ നയിക്കേണ്ടിയിരുന്ന ശ്രീ. രമേശ് ചെന്നിത്തലയെ ഇപ്പോൾ അഞ്ചാമനായി മന്ത്രിസഭയിൽ ഇരുത്താൻ സാധിച്ചത് ഉമ്മൻചാണ്ടിയുടെ ഏറ്റവും വലിയ തന്ത്രമാണെന്ന കാര്യത്തിൽ സംശയമില്ല. ഇതിനു മുമ്പും ഇതുപോലെയുള്ള തന്ത്രങ്ങൾ ഇവിടെ പ്രയോഗിച്ചിട്ടുണ്ട്.. കെ.പി.സി.സി. പ്രസിഡന്റായിരുന്ന എ. എൽ.ജേക്കബ്ബിനെ ആ സ്ഥാനത്തുനിന്നു മാറ്റി മന്ത്രിയാക്കി ശ്രീ. സി. വി. പത്മരാജനെ കെ.പി.സി.സി. പ്രസിഡന്റാക്കിയ

ചരിത്രം ഇവിടെയില്ലേ; അന്ന് യു.ഡി.എഫ്. രക്ഷപ്പെട്ടിട്ടുണ്ടോ? പക്ഷേ, ആഭ്യന്തരമന്ത്രി സ്ഥാനത്തിരുന്ന ഒരു കോൺഗ്രസ്സുകാരൻ അതേ മന്ത്രിസഭയിൽ മറ്റൊരു വകുപ്പുമന്ത്രിയായി ഇരുന്ന ചരിത്രം കേരളത്തിലെ കോൺഗ്രസ്സിനില്ല. 1985–ൽ ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീ. വയലാർ രവിയെ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരൻ, മൃഗസംരക്ഷണവും കൃഷിയും വകുപ്പുമന്ത്രിയാക്കി മാറ്റി. അതിൽ പ്രതിഷേധിച്ച് ശ്രീ. വയലാർ രവി അന്നു തന്നെ രാജിവച്ചുപോയി. ഇപ്പോൾ, ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് കൊടുത്തിരിക്കുന്നത് വനം–വന്യജീവി സംരക്ഷണ വകുപ്പാണ്. അങ്ങനെ പോലീസിനെ നോക്കിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ, ഇനി നീ കാടു ഭരിച്ചോ എന്നു പറഞ്ഞ് കാട്ടിലേയ്ക്കയയ്ക്കുകയല്ലേ ചെയ്തിരിക്കുന്നത്? 2013 ഡിസംബർ മാസം 30–ന് തിരുവനന്തപുരത്തു വന്ന ശ്രീ. എ. കെ. ആന്റണി 2014–ഓടുകൂടി യു.ഡി.എഫിന്റെ കാർമേഘം നീങ്ങുമെന്ന് പ്രഖ്യാപിച്ചു. ആരാണ് ഈ കാർമേഘം? യു.ഡി.എഫിനെ ബാധിച്ച കാർമേഘം ആഭ്യന്തര മന്ത്രിയായിരുന്നോ; യു.ഡി.എഫിനെ ബാധിച്ചിട്ടുള്ള എല്ലാ അപചയങ്ങൾക്കും കാരണം ആഭ്യന്തരമന്ത്രിസ്ഥാനത്തിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനായിരുന്നോ; ആഭ്യന്തര മന്ത്രിയെ മാറ്റിയാൽ ഈ കാർമേഘം ഒഴിയുമോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരായി ഏറ്റവും വലിയ ആക്ഷേപമുന്നയിച്ചത് ശ്രീ. പി. സി. ജോർജാണ്. ഗവൺമെന്റ് ചീഫ് വിപ്പ് ഉന്നയിച്ച ആരോപണങ്ങൾ ശരിയായതുകൊണ്ടാണോ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ മാറ്റിയത്? എന്താണ് ഇതിന്റെ യുക്തി എന്നുള്ളത് കേരളത്തിലെ ജനങ്ങൾക്ക് ഇതുവരെ മനസ്സിലായിട്ടില്ല. യു.ഡി.എഫ്–നെ ബാധിച്ചിട്ടുള്ള കുഴപ്പം ഇതുകൊണ്ട് പരിഹരിക്കപ്പെടാൻ പോകുന്നില്ലെന്നു

മാത്രമല്ല. യു.ഡി.എഫിലും കോൺഗ്രസ്സിലും സംഘർഷം മൂർച്ഛിക്കാനാണ് പോകുന്നത്. 32 മാസത്തിനിടയിൽ മൂന്ന് ആഭ്യന്തരമന്ത്രിമാരായില്ലേ; മൂന്ന് വനം മന്ത്രിമാരായില്ലേ? മൂന്നാമത്തെ സ്പോർട്സ് മന്ത്രിയാണ്, മൂന്നാമത്തെ ട്രാൻസ്പോർട്ട് മന്ത്രിയാണ്, ഇവിടെ മന്ത്രിമാർക്കൊന്നും സ്ഥിരതയില്ല. പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ വീണ്ടും മന്ത്രിമാരെ മാറ്റുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്. ഈ പ്രഖ്യാപനം വന്നതോടുകൂടി ഒരു മന്ത്രിയും ഒരു ദീർഘകാല പദ്ധതി പ്രഖ്യാപിച്ചാൽ നടപ്പാകാത്ത സ്ഥിതിയുണ്ടായി. ദീർഘകാല പദ്ധതി നടപ്പാക്കാൻ ഒരു ഉദ്യോഗസ്ഥനും ഒരു മന്ത്രിയും തയ്യാറല്ല എന്ന അവസ്ഥ വന്നു. ഉമ്മൻചാണ്ടി മന്ത്രിസഭയിൽ സ്ഥിരമായി ഒരാൾ മാത്രമേയുള്ളൂ. അത് മുഖ്യമന്ത്രി മാത്രമാണ്. ബാക്കിയുള്ളവരൊക്കെ മാസപ്പടിക്കാരാണ്. നിശ്ചിത മാസത്തേക്ക് കുറച്ചാളുകളെ മന്ത്രിയാക്കുക, അതു കഴിഞ്ഞാൽ വകുപ്പു മാറ്റുക. ഇങ്ങനെ ഭരണസ്ഥിരതയില്ലാത്ത ഒരു മന്ത്രിസഭയായി ഇത് മാറിയിരിക്കുകയാണ്. ഈ ഭരണവും അരാജകത്വവും എത്ര കാലം കേരളത്തിൽ തുടരും? മുഖ്യമന്ത്രി ഡൽഹിയിൽ പോയി തിരിച്ചു വന്നപ്പോൾ അദ്ദേഹത്തിന് വിമാനത്താവളത്തിൽ നിന്ന് തിരിച്ചുവരാൻ ഒരു കാർപോലും അയച്ചുകൊടുക്കാത്ത ഓഫീസാണ് നമ്മുടെ മുഖ്യമന്ത്രിയുടെ ഓഫീസ്. ഇതാണോ ഭരണരംഗത്തുള്ള പാടവം? ഭരണരംഗത്ത് അരാജകത്വം സംഭവിച്ചു എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. മുഖ്യമന്ത്രി പറഞ്ഞു, "എനിക്കത് ആവശ്യമില്ല, ഞാൻ കാറിലും ഓട്ടോറിക്ഷയിലും പോകും". അത് മുഖ്യമന്ത്രി പറഞ്ഞത് വ്യക്തിപരമായ കാര്യമാണ്. ഈ സംസ്ഥാനത്തെ മുഖ്യമന്ത്രിക്ക് ഇങ്ങനെയൊരു അവസ്ഥയുണ്ടായത് ഭരണത്തിന്റെ നേട്ടമായിട്ടാണോ ഈ ഗവൺമെന്റ് കൊട്ടിഘോഷിക്കുന്നത്? ഭരണമില്ലാത്ത ഒരു

അവസ്ഥയിലേയ്ക്ക് കേരളം ചെന്നെത്തിയിരിക്കുന്നു. യു.ഡി.എഫിന്റെ ഭരണത്തിൽ അരാജകത്വമുണ്ടായിരിക്കുന്നു. ഇവിടെ അപ്പുറത്തിരിക്കുന്ന ആളുകളെല്ലാം പ്രധാനമായും സംസാരിച്ച ഒരു കാര്യം ജനസമ്പർക്ക പരിപാടി നടത്തി എന്നുള്ളതാണ്. ജനസമ്പർക്ക പരിപാടി നടത്തിയതിൽ ഞങ്ങൾക്ക് എന്തോ വെപ്രാളമാണെന്നാണ് പറയുന്നത്. ഞങ്ങൾക്ക് ഒരു വെപ്രാളവുമില്ല. ഗവൺമെന്റിന്റെ ജനസമ്പർക്ക പരിപാടിയെന്നല്ല,. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെന്നാണ് ഇതിന്റെ പേരുതന്നെ. ഒരു കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയാണെങ്കിൽ ഗവൺമെന്റിന്റെ ജനസമ്പർക്ക പരിപാടി പ്രഖ്യാപിക്കുമായിരുന്നു. എല്ലാ മണ്ഡലങ്ങളിലും ഓരോ മന്ത്രിമാരെ നിയോഗിച്ച് അവിടത്തെ ജനപ്രതിനിധികളെല്ലാം കൂടിച്ചേർന്ന് ഒരു ജനസമ്പർക്ക പരിപാടി നടത്തിയാൽ ഗവൺമെന്റിന്റെ പദ്ധതികളൊക്കെ നടപ്പാക്കാൻ കഴിയുമല്ലോ. അതുപോരാതെ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി നടത്തുന്നത് പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയല്ലേ? ഇങ്ങനെയൊരു ജനസമ്പർക്ക പരിപാടി ആദ്യം നടത്തുന്നതല്ലല്ലോ; 2005-ൽ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ആദ്യം മുഖ്യമന്ത്രിയായപ്പോൾ ഇതുപോലെ നടത്തിയതല്ലേ; ഞങ്ങൾക്ക് ബേജാറുണ്ടായിട്ടുണ്ടോ? 2005-ൽ ജനസമ്പർക്ക പരിപാടി നടത്തിയപ്പോൾ, കേരളം മുഴുവൻ യു.ഡി.എഫ്-ന് ആയി എന്ന പ്രചാരവേലയായി. എന്നാൽ 2006-ൽ നിയമസഭ തെരഞ്ഞെടുപ്പു വന്നപ്പോൾ നിങ്ങൾക്ക് 40 സീറ്റ്, ഞങ്ങൾക്ക് 100 സീറ്റ്. ജനസമ്പർക്ക പരിപാടി നടത്തി സുനാമി ഫണ്ട് പോലും വകമാറ്റി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചെലവഴിച്ചിട്ടും നിങ്ങൾക്ക് ആ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടാൻ സാധിച്ചില്ല. ജനസമ്പർക്ക പരിപാടി നടത്തി കുറെ ഫണ്ട് വിതരണം ചെയ്തതുകൊണ്ടുമാത്രം ഈ സർക്കാർ

രക്ഷപ്പെടുമെന്ന് നിങ്ങൾ കരുതരുത്. ഒന്നാമത്തെ ജനസമ്പർക്ക പരിപാടിയിൽ എത്ര കോടി രൂപ കൊടുത്തുവെന്നതിന് നിയമസഭയിൽ ഉത്തരം കിട്ടിയത് 24½ കോടി രൂപ എന്നാണ്. അതിനുള്ള ചെലവ് 5½ കോടി രൂപ. രണ്ടാമത്തെ ജനസമ്പർക്ക പരിപാടിയിൽ 17 കോടി രൂപ കൊടുത്തു. ചെലവെത്രയാണെന്നുള്ള കണക്ക് ഇതുവരെ വന്നിട്ടില്ല. ചുരുങ്ങിയത് 10 കോടി രൂപയെങ്കിലും ചെലവഴിച്ചിട്ടുണ്ടാകും. കഴിഞ്ഞ കാലത്തു നടന്ന ജനസമ്പർക്കപരിപാടി പോലെയല്ല ഇത്തവണ ജനസമ്പർക്ക പരിപാടി നടന്നത്. ചില സ്ഥലങ്ങളിൽ 1500 പോലീസ്, ചില സ്ഥലങ്ങളിൽ 3500 പോലീസ്. അമേരിക്കൻ പ്രസിഡന്റിനുപോലും ഇത്ര വലിയ സംരക്ഷണമുണ്ടായിട്ടില്ല. അങ്ങനെയുള്ള സംരക്ഷണത്തോടുകൂടി ഈ പരിപാടി നടത്താൻ വേണ്ടി എത്ര കോടി രൂപയാണ് ചെലവഴിച്ചത്; ജനസമ്പർക്കത്തിന്റെ പേരിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് നിയമസഭയിൽ ചോദിച്ചാൽപോലും അതിന്റെ കണക്ക് തരുന്നുണ്ടോ?

മഹാനായ യേശുക്രിസ്തു, ദേവാലയങ്ങളിൽ നിന്ന് പരീശന്മാരെ ചാട്ടവാർ കൊണ്ട് അടിച്ച് പുറത്താക്കുകയാണ് ചെയ്തത്. പരീശന്മാർക്ക് ഒരു പ്രത്യേകതയുണ്ട്. അവർ പത്ത് ഉറുപ്പികയുടെ സഹായം ഒരാൾക്ക് കൊടുത്താൽ 100 ഉറുപ്പിക ചെലവഴിച്ച് ചെണ്ട കൊട്ടി ആഘോഷിക്കും. അങ്ങനെ ആഘോഷിക്കുന്ന പരീശന്മാരെ യേശുക്രിസ്തു പുറത്താക്കി. ഇവിടെ ചുരുങ്ങിയ ആശ്വാസം ഒരാൾക്ക് കൊടുത്താൽ അതിന്റെ പേരിൽ കോടിക്കണക്കിന് രൂപയുടെ പരസ്യം കൊടുത്ത് ആഘോഷിക്കുന്ന പരിപാടി നല്ലതാണോ? അങ്ങനെ ഒരു അഭിനവ പരീശന്റെ പണിയാണ് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ചെയ്തത്. അതിൽ നിന്ന് വ്യത്യസ്തമായി ശ്രീ. കെ. എം. മാണി പ്രവർത്തിച്ചതുകൊണ്ടാണ് ഞങ്ങൾ അദ്ദേഹത്തിന്റെ പദ്ധതിയെ അംഗീകരിച്ചത്. അല്ലാതെ ശ്രീ. കെ. എം. മാണിയെ ഇടതുപക്ഷ മുന്നണിയിലേക്ക് കൊണ്ടുവരാൻ വേണ്ടിയിട്ടല്ല. മുഖ്യമന്ത്രി 24 കോടി രൂപ വിതരണം ചെയ്തതിന് അഞ്ചര കോടി രൂപയാണ് ചെലവ്. ശ്രീ. കെ. എം. മാണി 280 കോടി രൂപ വിതരണം ചെയ്തപ്പോൾ അതിന് പ്രത്യേകിച്ച് ഒരു ചെലവും ഇല്ല. ഇങ്ങനെയുള്ള പദ്ധതികൾ എന്തുകൊണ്ട് ഗവൺമെന്റ് ആവിഷ്കരിക്കുന്നില്ല? ഇവിടെ ഞങ്ങൾ ഉന്നയിക്കുന്ന ആക്ഷേപം മുഖ്യമന്ത്രി പരിശോധിക്കണം. തളർന്നു കിടക്കുന്ന രണ്ട് കുട്ടികൾ സ്ട്രക്ച്ചറിൽപോയി മുഖ്യമന്ത്രിയെ കാണുന്നു, മുഖ്യമന്ത്രി ആശ്വാസം കൊടുക്കുന്നു, അവരെ ഗവൺമെന്റ് ദത്തെടുക്കുന്നു. ഇങ്ങനെയുള്ള ധാരാളം കുട്ടികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അങ്ങനെയുള്ള എല്ലാ കുടുംബങ്ങൾക്കും ഒരുപോലെ ആനുകൂല്യം കൊടുക്കാനുള്ള ഉത്തരവ് എന്തുകൊണ്ട് മുഖ്യമന്ത്രി പുറപ്പെടുവിക്കുന്നില്ല? ഇതാണ് എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം തമ്മിലുള്ള വ്യത്യാസം. 1980-ൽ നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായി. കയ്യൂരിലെ ഒരു പാവപ്പെട്ട കർഷകത്തൊഴിലാളി സ്ത്രീ, നായനാരുടെ അടുത്തു പോയി ഗതിയില്ല എന്നു പറഞ്ഞപ്പോൾ മുഖ്യമന്ത്രിയായ നായനാർ കേരളത്തിലെ മുഴുവൻ കർഷക തൊഴിലാളികൾക്കും പെൻഷൻ കൊടുക്കുന്ന പദ്ധതിയാണ് ആവിഷ്കരിച്ചത്. അങ്ങനെ പൊതുവായ ഒരു തീരുമാനം എടുക്കാൻ ഗവൺമെന്റിന് കഴിയണം. 1996-ൽ നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ വടകരയിലെ ഒരു ചുരുട്ടുതൊഴിലാളി നായനാരെ കാണാൻ വന്നു. അതിനു ശേഷം പാർട്ടി സെക്രട്ടേറിയറ്റിൽ നായനാർ പറഞ്ഞത് ചുരുട്ടുതൊഴിലാ

ളികൾക്ക് ഇതുവരെ ഒന്നും കൊടുത്തില്ലല്ലോ എന്നാണ്. അങ്ങനെയാണ് ചുരുട്ടുതൊഴിലാളിക്കും പെൻഷൻ നൽകിയത്. മുഖ്യമന്ത്രിയെ കാണാൻ ആളുകൾ വരുമ്പോൾ അതിൽ നിന്ന് പഠിച്ച് ഒരു പൊതുതീരുമാനമുണ്ടാക്കണം. ഉദ്യോഗസ്ഥന്മാരുടെ സ്ഥലമാറ്റം സംബന്ധിച്ച ഈ ഗവൺമെന്റിന്റെ നയം എന്നുപറയുന്നത് സ്പെഷ്യൽ ഓർഡറാണ്. മന്ത്രിമാരെ വന്നു കാണുന്നവർക്ക് സ്പെഷ്യൽ ഓർഡർ നൽകുകയാണ്. സ്ഥലംമാറ്റത്തിന് എൽ.ഡി.എഫ്. പൊതു മാനദണ്ഡമാണ് നിശ്ചയിച്ചിട്ടുള്ളത്. ഞങ്ങൾ പൊതുവായി സമൂഹത്തെ മാറ്റാൻ ശ്രമിച്ചപ്പോൾ നിങ്ങൾ വ്യക്തികൾക്ക് സഹായം കൊടുത്ത് അവരുടെ വോട്ട് ബാങ്ക് സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ഇതാണ് എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം തമ്മിലുള്ള വ്യത്യാസമെന്ന് കേരളത്തിലെ ജനങ്ങൾ ഇതിനകം തിരിച്ചറിഞ്ഞുകഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ എന്ത് പ്രഖ്യാപിച്ചാലും വിവാദങ്ങളാണ് ഉണ്ടാകുന്നത്. യു.ഡി.എഫ്. ഭരണത്തിൽ വിവാദ വ്യവസായമല്ലാതെ എന്താണുണ്ടായിട്ടുള്ളത്? മുൻമുഖ്യമന്ത്രി കെ.കരുണാകരന്റെ ഒരു പ്രതിമ വച്ചപ്പോൾപ്പോലും വിവാദമുണ്ടായ സ്റ്റേറ്റാണ് കേരളം. ഇപ്പോൾ കനകക്കുന്ന് കൊട്ടാരത്തിനു സമീപം സ്ഥാപിച്ചിരിക്കുന്നത് കെ. കരുണാകരന്റെ പ്രതിമ അല്ലെന്നാണ് ആളുകൾ പറയുന്നത്. ഇതിനെ സംബന്ധിച്ച് ഒരു പത്രത്തിൽ വന്നത്, ജനസമ്പർക്ക പരിപാടിയിൽ പരാതിയുമായി നില്ക്കുന്ന ഒരു പരാതിക്കാരനെ പോലെയാണ് കെ. കരുണാകരന്റെ പ്രതിമ എന്നാണ്. പ്രതിമ വയ്ക്കുമ്പോൾ യഥാർത്ഥ ആളിന്റെ പ്രതിമ വയ്ക്കേണ്ടേ? സി. വി. രാമൻപിള്ളയുടെ പ്രതിമ സ്ഥാപിച്ചപ്പോഴും വിവാദമുണ്ടായി. നല്ലൊരു കാര്യം ചെയ്താൽപ്പോലും വിവാദത്തിലേക്ക് എത്തിക്കുന്ന ഒരു സ്ഥിതിയുണ്ടാക്കാൻ ഈ ഗവൺമെന്റിനല്ലാതെ മറ്റേതെങ്കിലും ഗവൺമെന്റിന് സാധിക്കുമോ? ഈ ഗവൺമെന്റ് വന്ന

തിനുശേഷം സ്ത്രീ സുരക്ഷ അപകടത്തിലായില്ലേ; സ്ത്രീകൾക്ക് പുറത്തിറങ്ങാൻ കഴിയാത്ത സ്റ്റേറ്റ് ആയില്ലേ കേരളം? കൊച്ചിയിലുള്ള ഒരു വനിതാ പോലീസുകാരിക്കുപോലും സ്വതന്ത്രമായി ജോലി ചെയ്യാൻ സാധിക്കാത്ത സ്റ്റേറ്റായി കേരളം മാറി. നിർഭയാ പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് 1000 കോടി രൂപ പ്രഖ്യാപിച്ചു. അതിൽനിന്ന് ഒരു നയാപൈസപോലും കേരളത്തിനുവേണ്ടി വാങ്ങാൻ നിങ്ങൾക്ക് സാധിച്ചോ? കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ഈ പദ്ധതിയിൽ നിന്നുപോലും ആനുകൂല്യം നേടിയെടുക്കാൻ സാധിക്കാത്ത ഈ സർക്കാരാണോ സ്ത്രീകളെ സംരക്ഷിക്കാൻ പോകുന്നത്? ഇന്ന് കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം വിലക്കയറ്റമാണ്. വിലക്കയറ്റം കാരണം ജനജീവിതം ദുസ്സഹമായിരിക്കുകയാണ്. കേരളാ ഗവൺമെന്റിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് പുറത്തിറക്കുന്ന പ്രൈസ് ലിസ്റ്റ് പരിശോധിച്ചപ്പോൾ വളരെ വലിയ മാറ്റം വന്നിരിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ജയ അരിയുടെ വില 27 രൂപ ആയിരുന്നത് ഇപ്പോൾ 38 രൂപയാണ്. പച്ചരിയുടെ വില 20 രൂപ ആയിരുന്നത് ഇപ്പോൾ 27 രൂപയാണ്. വറ്റൽ മുളകിന് 70 രൂപ ആയിരുന്നത് ഇപ്പോൾ 100 രൂപയാണ്. ഈ ലിസ്റ്റ് വേണമെങ്കിൽ ഞാൻ മേശപ്പുറത്തു വയ്ക്കാം. അത്രവലിയ വിലക്കയറ്റമാണ് ഈ കാലത്ത് ഉണ്ടായിരിക്കുന്നത്. പച്ചക്കറിക്ക് തീ പിടിച്ച വിലയാണ്. മത്സ്യം, മാംസം, മുട്ട തുങ്ങി മനുഷ്യന് ആവശ്യമായിട്ടുള്ള മുഴുവൻ സാധനങ്ങൾക്കും വില വർദ്ധിച്ചു. പാചക വാതകത്തിന് സർക്കാർ തന്നെ വില വർദ്ധിപ്പിക്കുന്നു. ഗ്യാസിനും പെട്രോളിനും ഡീസലിനുമൊക്കെ വില കൂട്ടി സാധാരണക്കാരന് ജീവിക്കാൻ കഴിയാത്ത സ്റ്റേറ്റായി കേരളം മാറി.

ഇവരെ സഹായിക്കുവാൻവേണ്ടി എന്തു പദ്ധതിയാണ് ഈ ഗവൺമെന്റി നുള്ളത്? മറ്റൊരു ഗുരുതരമായ പ്രശ്നം, എ.പി.എൽ.-കാർക്ക് കിട്ടിക്കൊണ്ടി രിക്കുന്ന ഗോതമ്പ് ഈ ഗവൺമെന്റ് നിർത്തലാക്കി. വളരെയേറെ പ്രമേഹ രോഗികളുള്ള ഒരു സ്റ്റേറ്റാണ് നമ്മുടേത്. ഗോതമ്പ് ഭക്ഷണത്തെ കൂടുതൽ ആശ്രയിച്ചുവരുന്ന കേരളത്തിൽ എ.പി.എൽ. കാരുടെ ഗോതമ്പ് നിർത്തലാ ക്കിയ സർക്കാരാണിത്. ക്രിസ്തുമസ് ആഘോഷത്തിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 30,000 ടൺ അരി കേരളം എടുത്തില്ല. കേരളത്തിൽ ക്രിസ്തുമസ് കാലത്ത് എവിടെയും ക്രിസ്തുമസ് ചന്തകൾ പ്രവർത്തിക്കാത്ത സാഹച ര്യമുണ്ടായി. സ്പെഷ്യൽ പഞ്ചസാരപോലും ക്രിസ്തുമസ് കാലത്ത് കൊടുത്തില്ല. എൺപത്തിരണ്ട് ലക്ഷം കാർഡുകളുള്ള കേരളത്തിൽ 15 ലക്ഷം പേർക്കാണ് ബി.പി.എൽ. കാർഡുള്ളത്. അവർക്ക് മാത്രമായി ഗോതമ്പ് പരിമിതപ്പെടുത്തുകയും ബാക്കിയുള്ള ഗോതമ്പ് മുഴുവനുംതന്നെ സ്വകാര്യ മില്ലുകാർക്ക് കൊടുക്കുകയും ചെയ്തു. ആട്ട ഉല്പാദിപ്പിച്ച് വില്ക്കുന്ന കുത്തകകൾക്കാണ് ഇതുകൊണ്ട് ഗുണമുണ്ടായിട്ടുള്ളത്. ഇത് ആട്ട കച്ചവട ക്കാരുമായി ചേർന്ന് സർക്കാർ നടത്തിയിട്ടുള്ള ബോധപൂർവ്വമായ ഒത്തുകളി യാണ്. എ.പി.എൽ. കാർക്ക് കൊടുക്കേണ്ട ഗോതമ്പ് ഗവൺമെന്റ് നിറുത്തലാ ക്കിയത്. ഗുരുതരാമയ ഒരു പ്രശ്നമാണ്. ഇതുപോലുള്ള പ്രശ്ങ്ങൾക്കെതിരെ ജനങ്ങളെ അണിനിരത്തിക്കൊണ്ട് പോരാടുന്ന ഒരു പ്രസ്ഥാനമാണ് ഇടതു പക്ഷം. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം ഞങ്ങളൊരു ശക്ത മായ പോരാട്ടത്തിലായിരുന്നു. നിയമസഭയ്ക്കകത്ത് ഞങ്ങൾ ഉന്നയിച്ച സോളാർ കുംഭകോണം, 10000 കോടി രൂപയുടെ കുംഭകോണമാണെന്ന് ആക്ഷേപിച്ചത് ഞങ്ങളല്ല, ഗവൺമെന്റ് ചീഫ് വിപ്പാണ്. അങ്ങനെ ആരോ

പണം ഉന്നയിച്ച ചീഫ് വിപ്പിനെ ഗവൺമെന്റ് നിയോഗിച്ച ഇൻവെസ്റ്റിഗേഷൻ ടീം ചോദ്യം ചെയ്തോ; അദ്ദേഹത്തിന്റെ കയ്യിൽ തെളിവുണ്ടെന്ന് പറഞ്ഞിട്ടും ആ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം എന്താണ് ചെയ്ത്? സരിതാ നായരെ അറസ്റ്റ് ചെയ്ത് പോലീസ് കസ്റ്റഡിയിൽ വച്ചപ്പോൾ അവർ അതുമായി ബന്ധപ്പെട്ട് ഉണ്ടായ അനുഭവങ്ങളെല്ലാംവച്ച് ഒരു കുറിപ്പ് തയ്യാറാക്കി, അത് 21 പേജാണെന്നും 42 പേജാണെന്നും കേൾക്കുന്നുണ്ട്. അത് പുറത്തുവരാതിരിക്കാൻ ഒരു ഭരണകക്ഷി നേതാവ് ഇടപെട്ട് ആ കുറിപ്പ് ഇല്ലാതാക്കി. അത് പിന്നീട് മൂന്നു പേജാക്കി മാറ്റിയെന്ന ആക്ഷേപമുണ്ടായില്ലേ; ഇത് സംബന്ധിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിച്ചിട്ടുണ്ടോ? സോളാർ കേസിന്റെ അന്വേഷണം യഥാർത്ഥ രീതിയിലല്ല നടത്തിയത്. സോളാർ കേസ്സിന്റെ അന്വേഷണം ശരിയായ രീതിയിലല്ല നടന്നതെന്ന് ബഹുമാനപ്പെട്ട പുതിയ ആഭ്യന്തര വകുപ്പുമന്ത്രി ഒരു പ്രസ്താവന നടത്തിയതായി കേട്ടു. അങ്ങ് ആ കേസ് പരിശോധിക്കണം. സോളാർ കേസ് സംബന്ധിച്ച് ഉയർന്നുവന്നിരിക്കുന്ന എല്ലാ ആക്ഷേപങ്ങളും പരിശോധിച്ച് നിഷ്പക്ഷമായ രീതിയിൽ കാര്യങ്ങൾ ചെയ്യണം. 42 പേജുള്ള ഒരു നോട്ടിനെ സംബന്ധിച്ച് ചില വാർത്തകളൊക്കെ പുറത്തുവരാൻ തുടങ്ങിയിട്ടുണ്ട്. എന്താണ് ഇതിന്റെ യഥാർത്ഥ വസ്തുതയെന്ന് കേരളത്തിലെ ജനങ്ങൾ അറിയണം. ഞങ്ങൾ ആവശ്യപ്പെട്ടത് ഇതു സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം വേണമെന്നാണ്. നിയമസഭയിൽ ഈ പ്രശ്നം ഞങ്ങൾ തുടർച്ചയായി ഉന്നയിച്ചുകൊണ്ട് നിരവധി അടിയന്തര പ്രമേയങ്ങൾ കൊണ്ടുവന്നു. അന്നെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഇതിനെ സംബന്ധിച്ച് ഒരു അന്വേഷണവും ഇല്ല എന്നാണ്. അവസാനം മുഖ്യമന്ത്രി

പറഞ്ഞു, എല്ലാ അന്വേഷണങ്ങൾക്കും ശേഷം പിന്നീട് എന്തെങ്കിലും ഉണ്ടെങ്കിൽ അന്വേഷിക്കാമെന്ന്. അതുകൊണ്ടാണ് ഈ നിയമസഭ നടത്താൻ സാധിക്കാതെ ഗില്ലറ്റിൻ ചെയ്ത് പിരിയേണ്ടിവന്നത്. ഞങ്ങൾ സഭയ്ക്കകത്തും പുറത്തും സമരം ചെയ്തു. ആ സമരം ഒരു വലിയ ജനകീയ സമരമായി മാറി. ഞങ്ങൾ നിരവധി പ്രക്ഷോഭങ്ങൾ നടത്തി, സെക്രട്ടേറിയറ്റ് ഉപരോധിച്ചു.

ആ ബഹുജന സമരത്തെ നേരിടാൻ പട്ടാളത്തെ ഇറക്കി. ഇവിടെ വർഗ്ഗീയ കലാപത്തെ നേരിടാൻ ഇതിനുമുമ്പ് പട്ടാളത്തെ ഇറക്കിയിട്ടുണ്ട്. എന്നാൽ ഒരു ബഹുജന സമരത്തെ നേരിടാൻ പട്ടാളത്തെ ഇറക്കിയത് ആദ്യമായിട്ടാണ്, അതിന്റെ ബഹുമതി ഉമ്മൻചാണ്ടി സർക്കാരിനുള്ളതാണ്. പട്ടാളം വന്നിട്ടും സമരക്കാർ സെക്രട്ടേറിയറ്റ് വളഞ്ഞു. അതിനുശേഷമാണ് മുഖ്യമന്ത്രി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാമെന്നുപറഞ്ഞത്. ഞങ്ങൾ ശ്രീ. ഉമ്മൻ ചാണ്ടിയെക്കുറിച്ച് കരുതിയത് അദ്ദേഹം പറഞ്ഞാൽ അതുപോലെ പ്രവർത്തിക്കുമെന്നായിരുന്നു. സമരക്കാർ പിരിഞ്ഞുപോയതിനുശേഷം അദ്ദേഹം നിലപാട് മാറ്റിയില്ലേ; എന്റെ ഓഫീസ് അന്വേഷണപരിധിയിൽപ്പെടില്ല, ഞാൻ അന്വേഷണത്തിന് വിധേയമാകാൻ തയ്യാറല്ല എന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. മുഖ്യമന്ത്രിക്കും മുഖ്യമന്ത്രിയുടെ ഓഫീസിനും ഒന്നും മറച്ചുവയ്ക്കാനില്ലെങ്കിൽ അന്വേഷണത്തിന് വിധേയമായിക്കൂടേ? പ്രതിപക്ഷം നിയമസഭയ്ക്കകത്തും പുറത്തും ഉന്നയിച്ച ആരോപണങ്ങൾ അന്വേഷിക്കാം എന്നാണ് മുഖ്യമന്ത്രി പിന്നീട് വ്യാഖ്യാനം നൽകിയത്. ജുഡീഷ്യൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ മുഖ്യമന്ത്രിയുടേയും മുഖ്യമന്ത്രിയുടെ ഓഫീസിന്റേയും കാര്യം ഉൾപ്പെടുത്താതെ എഴുതിക്കൊടു

ത്താൽ ഇതിനെതിരെ തെളിവുമായിട്ട് ആരെങ്കിലും ചെന്നാൽ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇത് പരിശോധിക്കേണ്ട ഉത്തരവാദിത്തം എനിക്കില്ല എന്നുപറഞ്ഞ് നിരാകരിക്കാനുള്ള അവസരം ആ റിട്ടയേർഡ് ജഡ്ജിക്ക് ഉണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. സിറ്റിംഗ് ജഡ്ജിയെ കിട്ടാതെ വന്നപ്പോൾ ആ വിവരം പ്രതിപക്ഷ നേതാവുമായി ചർച്ച ചെയ്യാമായിരുന്നില്ലേ? കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചെറിയതുറ വെടിവയ്പ്പിനെക്കുറിച്ച് അന്വേഷിക്കാൻ സിറ്റിംഗ് ജഡ്ജിയെ പ്രഖ്യാപിച്ചു, ഹൈക്കോടതി തരാതെ വന്നപ്പോൾ ഇനിയെന്തുചെയ്യണമെന്ന് ഞാൻതന്നെ അന്ന് പ്രതിപക്ഷ നേതാവിനോട് ചോദിച്ചു. ജില്ലാ ജഡ്ജിയെ ചോദിക്കൂ എന്ന് അദ്ദേഹം പറഞ്ഞതനുസരിച്ച് ജില്ലാ ജഡ്ജിയെ ചോദിച്ചു, തിരുവനന്തപുരം ജില്ലാ ജഡ്ജിയെ വിട്ടുതന്നു. അങ്ങനെ ചെറിയതുറ വെടിവയ്പ്പിനെക്കുറിച്ച് സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിച്ചില്ലേ? എന്നാലിപ്പോൾ പ്രതിപക്ഷവുമായി ആലോചിക്കാതെ ഏകപക്ഷീയമായി ഒരു റിട്ടയേർഡ് ജഡ്ജിയെ പ്രഖ്യാപിച്ച് അന്വേഷണം പ്രഹസനമാക്കി മാറ്റുകയാണ് ചെയ്തിരിക്കുന്നത്. ഇതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ഞങ്ങൾ സെക്രട്ടേറിയറ്റിനുമുൻപിൽ സമരം ചെയ്തു, അവസാനം ക്ലിഫ് ഹൗസിനുമുന്നിൽ സമരം ചെയ്തു. ക്ലിഫ്ഹൗസിനു മുന്നിൽ എത്ര ദിവസം വേണമെങ്കിലും സമരം ചെയ്യാൻ ഈ പ്രസ്ഥാനത്തിന് കഴിയുമെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? പക്ഷേ, ഞങ്ങളെടുത്ത തീരുമാനം, ഈ സമരം ഇങ്ങനെ നടത്തുന്നതിനുപകരം നിയമസഭ ചേരുന്ന സന്ദർഭത്തിൽ പ്രശ്നം നിയമസഭയിൽ ഉന്നയിക്കാം എന്നാണ്. പാർലമെന്റ് തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുകയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പാണ് ഇതുസംബന്ധിച്ച് വിധിയെഴുതാൻ പോകുന്നത്. ഏറ്റവും വലിയ കോടതിയായ ജനങ്ങളുടെ കോടതിയിലേക്ക്

പോകാനാണ് ഞങ്ങൾ തീരുമാനിച്ചിട്ടുള്ളത്. ഇതെല്ലാം ജനങ്ങളിലേക്ക് എത്തിക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. അപ്പോൾ അപ്പുറത്തുള്ളവർക്ക് പരിഹാസമായി. ഉമ്മൻചാണ്ടിയെ താഴെയിറക്കുമെന്നുപറഞ്ഞ് സമരം ചെയ്തിട്ട് ആ സമരത്തിൽ ഉറച്ചുനിൽക്കാത്തതെന്താണെന്ന് ഞങ്ങളോട് ചോദിക്കുന്നത് അപ്പുറത്തുള്ള ശ്രീ. പി. സി. ജോർജാണ്. അപ്പുറത്തുള്ള ആളുകളാണ് മുഖ്യമന്ത്രി രാജിവയ്ക്കുന്നതുവരെ സമരം ചെയ്യണമെന്ന് ഞങ്ങളോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത് ശ്രീ. ഉമ്മൻ ചാണ്ടിയെ അപ്പുറത്തുള്ള ആളുകൾക്കും ഇപ്പുറത്തുള്ള ആളുകൾക്കും മടുത്തു. കേരളത്തിലെ ജനങ്ങൾ ഉമ്മൻചാണ്ടി സർക്കാരിനെ മടുത്തുകഴിഞ്ഞതുകൊണ്ടാണ് ഉമ്മൻ ചാണ്ടി രാജിവയ്ക്കുന്നതുവരെ നിങ്ങൾ എന്തുകൊണ്ട് സമരം ചെയ്തില്ല എന്ന് ജനങ്ങൾ ഞങ്ങളോട് ചോദിക്കുന്നത് ഈ സമരം ജനങ്ങളിൽനിന്ന് ഒറ്റപ്പെടുകയല്ല ചെയ്തത്. സമരം കേരളത്തിലെ ജനങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. അതുകൊണ്ട്, 2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലെ വിധിയുടെ അടിസ്ഥാനത്തിൽ ഈ സമരത്തിന്റെ വിജയം നമുക്ക് തീരുമാനിക്കാം. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പോടുകൂടി യു.ഡി.എഫ്-ഉം ഐക്യ ജനാധിപത്യ മുന്നണിയും തകരും എന്ന കാര്യത്തിൽ ഞങ്ങൾക്ക് പൂർണ്ണമായ ആത്മവിശ്വാസമുണ്ട്. ഈ മുന്നണിക്ക് ഇന്നത്തെ രീതിയിൽ തുടരാൻ സാധിക്കില്ല. അപ്പുറത്തുനിന്നും പ്രസംഗിച്ച എല്ലാവരും പറഞ്ഞു, നിങ്ങളുടെ സമരമൊക്കെ പോയില്ലേ, പങ്കാളിത്ത പെൻഷൻ സമരം പരാജയപ്പെട്ടില്ലേ എന്ന്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, പങ്കാളിത്ത പെൻഷൻ പ്രഖ്യാപിച്ച നിങ്ങൾ അത് നടപ്പിലാക്കിയോ; 2013 ഏപ്രിൽ മാസം 1-ാം തീയതിക്കുശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരിൽനിന്നും പങ്കാളിത്ത

പെൻഷൻ പ്രകാരമുള്ള പത്തുശതമാനം വിഹിതം പിടിച്ചിട്ടുണ്ടോ; ആ പത്തുശതമാനം വിഹിതം പിടിച്ചുകഴിഞ്ഞാൽ ഗവൺമെന്റും പത്തുശത മാനം അടയ്ക്കണം. ആ പണം അടയ്ക്കാനില്ലാത്തതുകൊണ്ട് ജീവനക്കാ രുടെ കയ്യിൽനിന്നും വിഹിതം പിടിച്ചില്ല. ഫലത്തിൽ പങ്കാളിത്ത പെൻഷനും, സ്റ്റാറ്റ്യൂട്ടറി പെൻഷനുമില്ലാത്ത വിഭാഗമായി കേരളത്തിലെ സർക്കാർ ജീവനക്കാരെ മാറ്റിയെടുത്തില്ലേ? എന്നിട്ട് സമരമൊക്കെ തോറ്റു പോയി,. ഇനി നിങ്ങൾക്ക് പങ്കാളിത്ത പെൻഷനുമില്ല, സ്റ്റാറ്റ്യൂട്ടറി പെൻഷനു മില്ല എന്നു പ്രഖ്യാപിച്ചില്ലേ. സമരം പരാജയപ്പെട്ടു എന്നു പ്രഖ്യാപിക്കുന്ന ഈ ഗവൺമെന്റ് ഇതിന്റെപേരിൽ പെരുമ്പറയടിക്കുന്നത് യുക്തമാണോ?

<u>മി. സ്പീക്കർ</u>: യെസ്........ പ്ലീസ് കൺക്ലൂഡ്...........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാനൊന്ന് ലളിതമായി ചോദി ക്കട്ടെ, ഞങ്ങളുടെ ഭരണകാലത്തും പ്രതിപക്ഷം സമരം ചെയ്തിട്ടുണ്ട്. സമരം ചെയ്തതിന്റെ റിക്കാർഡ്സ് മുഴുവൻ എന്റെ കൈവശമുണ്ട്. ഹർത്താൽ നടത്തിയിട്ടുണ്ട്, ശ്രീ. വി. എസ്. അച്ചുതാനന്ദൻ രാജിവയ്ക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് സമരം നടത്തിയിട്ടുണ്ട്, ശ്രീ. എം. എ. ബേബി, ശ്രീമതി ശ്രീമതി ടീച്ചർ തുടങ്ങിയവർ രാജിവയ്ക്കണമെന്നുപറഞ്ഞ് സമരം നടത്തിയിട്ടുണ്ട്. ഓരോ മന്ത്രിമാരും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിങ്ങൾ എത്രയോ സമരം നടത്തിയിട്ടുണ്ട്. എല്ലാവരെയും രാജിവയ്പിച്ചതി നുശേഷമാണോ ആ സമരങ്ങളൊക്കെ നിറുത്തിയത്? ഞങ്ങൾ അഴിമതിക്കെ തിരായ സമരമാണ് നടത്തിയത്. അഴിമതിക്കെതിരായ പോരാട്ടം ജനങ്ങളാണ് തീരുമാനിക്കപ്പെടാൻ പോകുന്നത്. ശ്രീ. അരവിന്ദ് കെജ്രിവാൾ അഴിമതിക്കെ തിരെ പോരാടി, ആ സമരത്തെ തോറ്റ സമരമായി പറഞ്ഞു. അവസാനം ഡൽഹിയിലെ ജനങ്ങൾ എന്തുചെയ്തു? അതുപോലെ ഈ സമരവും വിജ

യിച്ച സമരമായി നാളെ കേരളത്തിലെ ജനങ്ങൾ വിധിയെഴുതും എന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല.

മി. സ്പീക്കർ: പ്ലീസ്............. കൺക്ലൂഡ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എല്ലാവർക്കും അനുവദിച്ചു കൊടുത്തതുപോലെ ഒന്നുരണ്ട് മിനിറ്റ് എനിക്കും അനുവദിക്കണം. ഒരുകാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം.

മി. സ്പീക്കർ: രണ്ടല്ല, പത്ത് മിനിറ്റായി. പ്ലീസ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന എല്ലാ ആളുകളും അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ മൂഡിൽ എത്തിക്കഴിഞ്ഞു. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പ് ഇന്ത്യൻ രാഷ്ട്രീയത്തെ സംബന്ധിച്ച് നിർണ്ണായകം തന്നെയാണ്. 2004-ലെ തെരഞ്ഞെടുപ്പ് നിർണ്ണായകമായിരുന്നു. തെരഞ്ഞെടുപ്പുനടന്ന നാല് സംസ്ഥാനങ്ങളിൽ മൂന്നെണ്ണത്തിൽ ബി.ജെ.പി. ജയിച്ചതുകൊണ്ട് ഇന്ത്യ ബി.ജെ.പി. ഭരിക്കുമെന്ന് പറയാൻ കഴിയുമോ; ഇത് അസംബന്ധമായ പ്രചരണമാണ്. 2003-ലും ഈ നാല് സംസ്ഥാനങ്ങളിൽ മൂന്നിലും ബി.ജെ.പി.- ആണ് ജയിച്ചത്. അപ്പോഴാണ് ശ്രീ. അടൽ ബിഹാരി വാജ്പേയിയുടെ ഗവൺമെന്റ് ഒക്ടോബർ മാസത്തിൽ നടക്കേണ്ട പാർലമെന്റ് ഇലക്ഷൻ നേരത്തെയാക്കി, ഏപ്രിൽ-മേയ് മാസത്തിൽ നടത്തിയത്. അവർ ജയിക്കുമെന്നും ഒറ്റയ്ക്കു ഭരിക്കാമെന്നും കരുതിയിട്ടായിരുന്നു ഇലക്ഷൻ നേരത്തെ പ്രഖ്യാപിച്ചത്. പക്ഷെ 2004-ലെ ഇലക്ഷനിൽ ജനങ്ങൾ തീരുമാനിച്ചത് ബി.ജെ.പി. ഇന്ത്യ ഭരിക്കേണ്ട എന്നാണ്. അതിൽ ഇടതുപക്ഷം ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 2004-ൽ ആർ.എസ്.എസ്-നെ വീണ്ടും ഇന്ത്യ ഭരിക്കാൻ സമ്മതിക്കില്ല എന്ന് ഞങ്ങൾ

പറഞ്ഞു. ഞങ്ങൾ സ്വീകരിച്ച മതേതര നിലപാടിന് ജനങ്ങൾ നൽകിയ അംഗീകാരമായിരുന്നു കേരളത്തിലെ ഇരുപത് പാർലമെന്റ് സീറ്റിൽ പതിനെട്ടും ജനങ്ങൾ ഇടതുപക്ഷത്തിനാണ് നൽകിയത്. കോൺഗ്രസ്സ് അന്ന് മത്സരിച്ച 17 സീറ്റിലും പരാജയപ്പെട്ടു. 2004-ലെ തെരഞ്ഞെടുപ്പിൽ, ആർ. എസ്.എസ്.-നെ ഇന്ത്യ ഭരിക്കാൻ സമ്മതിക്കില്ല എന്ന് ഞങ്ങൾ ജനങ്ങൾക്ക് വാക്ക് കൊടുത്തു. അതിന്റെ ഭാഗമായിട്ടായിരുന്നു ഇലക്ഷനുശേഷം കോൺഗ്രസ്സിന് ഒറ്റയ്ക്കുഭരിക്കാൻ സാധിക്കാതെ വന്നപ്പോൾ യു.പി.എ.-ക്ക് പിന്തുണ നൽകാൻ ഇടതുപക്ഷം തീരുമാനിച്ചത്. ഞങ്ങൾക്കുള്ള 64 എം.പി.-മാരുടെ അംഗസംഖ്യ ഉപയോഗിച്ചുകൊണ്ട് ബി.ജെ.പി. ഇന്ത്യ ഭരിക്കുന്നത് തടയാൻ, ഇടതുപക്ഷം മന്ത്രിസഭയിൽ ചേരാതെതന്നെ നിലപാട് സ്വീകരിച്ചു,. ഇടതുപക്ഷം നൽകിയ പിന്തുണ ഉപയോഗിച്ച് ആർ.എസ്.എസ്.-നെ ഒറ്റപ്പെ ടുത്താൻ ശ്രമിക്കുന്നതിനുപകരം ഇടതുപക്ഷത്തെ ദുർബലമാക്കാനുള്ള വഴി കളാണ് അക്കാലത്ത് സ്വീകരിച്ചത്. അതിന്റെ അനന്തരഫലമാണ് ഇന്ത്യ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷത്തെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ദുർബലമാക്കിയാൽ എന്തുസംഭവിക്കും? അതാണ് ഇന്ന് ദേശീയ രാഷ്ട്രീയം നേരിട്ടുകൊണ്ടിരിക്കുന്ന ഈ ദുരവസ്ഥ. അതിനെ നേരിടുന്നതിനായി ഇടതു പക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിക്കൊണ്ട്, കോൺഗ്രസ്സിതര മതേതര ശക്തികളെ ഒന്നിച്ചുചേർത്തുകൊണ്ട്, മതേതര ശക്തികളുടെ ധ്രുവീകരണത്തിനുവേണ്ടി ഇടതുപക്ഷം പോരാടും. ശ്രീ. നരേന്ദ്രമോഡിയും ശ്രീ. രാഹുൽ ഗാന്ധിയുമല്ലാതെ ഒരു പുതിയ പ്രധാനമന്ത്രി 2014-ൽ ഇന്ത്യ ഭരിക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി അവതരിപ്പിക്കാൻ

17-ാം തീയതി അങ്ങുൾപ്പെടെ എല്ലാവരും ഡൽഹിയിൽ പോകുകയാണല്ലോ. പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി ശ്രീ. രാഹുൽ ഗാന്ധിയെ അവതരിപ്പിക്കേണ്ട കാര്യമെന്താണ്; ഇപ്പോൾ കോൺഗ്രസ്സ് തന്നെയല്ലേ ഇന്ത്യ ഭരിക്കുന്നത്; ഇപ്പോൾത്തന്നെ ശ്രീ. രാഹുൽ ഗാന്ധിയെ പ്രധാനമന്ത്രിയായി തീരുമാനിച്ചുകൂടേ; പ്രധാനമന്ത്രിയായി ശ്രീ. രാഹുൽ ഗാന്ധിയെ നിശ്ചയിച്ച് അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിനെ നേരിടാനുള്ള ധൈര്യം കോൺഗ്രസ്സിനില്ലാത്തതുകൊണ്ടല്ലേ ഇപ്പോൾ അദ്ദേഹത്തെ പ്രധാനമന്ത്രിയാക്കാൻ സാധിക്കാത്തത്? ഇന്ത്യൻ രാഷ്ട്രീയത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നത്തിൽ ജനങ്ങൾ ഇടതുപക്ഷത്തെയാണ് നോക്കിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയെ രക്ഷിക്കാൻ സഹായകമായ വളരെ വ്യക്തമായ രാഷ്ട്രീയ നിലപാട് ഇടതുപക്ഷം സ്വീകരിക്കും. ഈ രാജ്യം അനാഥമാകാൻ പോകുന്നില്ല. ഈ രാജ്യത്തെ ബി.ജെ.പി.-യുടെയോ കോൺഗ്രസ്സിന്റെയോ കയ്യിൽ ഏൽപ്പിക്കാൻ പോകുന്നില്ല. ഈയൊരു രാഷ്ട്രീയ മാറ്റത്തിനുവേണ്ടി കുതിക്കുമ്പോൾ കേരളം അതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കും എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദി പ്രമേയത്തെ ശക്തിപൂർവ്വം എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഓർഡർ..........ഓർഡർ.......സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജനുവരി മാസം 8-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.28-ന് പിരിഞ്ഞു.)